KOTTAYAM PUBLIC LIBRARY

Call No MOA Acc. No 20500

Author ശ്രീകൃഷ്ണ ചൈതന്യ [illegible] - സമിതി

Title [illegible]

[illegible] പാർവ്വതി അമ്മ

**BOOK To READER**

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

**CALLING URGENT ATTENTION**

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

20500

സരസകവയിത്രി

# മുതുകുളം പാർവ്വതിഅമ്മ

# ഷഷ്ടിപൂർത്ത്യുപഹാരം

സരസകവയിത്രി

# മുതുകുളം പാർവ്വതിഅമ്മ

അവർകൾക്ക്, 1964 ജനുവരി 26-ാംനു- 60 വയസ്സു
തികയുന്നതു പ്രമാണിച്ച് സംഘടിപ്പിച്ച ഷഷ്ട്യബ്ദപൂർത്തി
സമാഘോഷസമിതിയുടെ ആഭിമുഖ്യത്തിൽ സമർപ്പിച്ച

# സ്നേഹോപഹാരം

20500

പ്രസാധകർ

മുതുകുളം പാർവ്വതിഅമ്മ
ഷഷ്ട്യബ്ദപൂർത്ത്യാഘോഷസമിതി
മുതുകുളം.

M04

MUTHUKULAM PARVATHY AMMA
*Shashtyabdapoorthyupahara Grandham*

First Impression, January 1964

*Copies 1000*

Printed at S. T. R., Quilon

*Published by*
SHASHTYABDAPOORTHYAGHOSHA SAMITHI

Price Rs. 3-50

*Copy Right*
Reserved by

**Muthukulam Parvathy Amma**
*Inchakkal*
MUTHUKULAM SOUTH, P. O.
KERALA.

# മുതുകുളം പാർവ്വതിഅമ്മ ഷഷ്ട്യബ്ദപൂർത്തി

## ആഘോഷസമിതി

മുതുകുളം.

സ്വാഗതസംഘാദ്ധ്യക്ഷൻ:

പുതുശ്ശേരി രാമചന്ദ്രൻ

പ്രവർത്തകസമിതി

അദ്ധ്യക്ഷൻ:

എം. കെ. ഹേമചന്ദ്രൻ

ഉപാദ്ധ്യക്ഷന്മാർ:

പി. കെ. ശ്രീധരൻനായർ

എൻ. ബാലകൃഷ്ണക്കുറുപ്പ്

ഏ. ആർ. കൃഷ്ണപിള്ള

കാര്യദർശിമാർ:

കെ. ദാമോദരൻ

എ. എഫ്. ഹമീദ്

(മുനി: ചെയർമാൻ, കായംകുളം)

മുതുകുളം ഗംഗാധരൻപിള്ള

ഖജാൻജി:

എൻ. പത്മനാഭപിള്ള

സംയോജകന്മാർ:

വട്ടക്കാട്ടു ഗോപാലക്കുറുപ്പ്

(സമ്മേളനം)

കെ. സുകുമാരപിള്ള

സോമൻ

(പ്രചരണം)

എസ്സ്. കൃഷ്ണപിള്ള

കെ. അയ്യപ്പൻപിള്ള

(കലാപരിപാടികൾ)

എൻ. പുരുഷോത്തമൻ

കെ. വി. ഗോപാലകൃഷ്ണൻ

കെ. കൃഷ്ണപിള്ള

(സ്വീകരണം)



## ഉള്ളടക്കം

ആശംസകൾ.

ശ്രീ പട്ടംതാണുപിള്ള
മിസ്സസ് പട്ടംതാണുപിള്ള
മന്നത്തു പത്മനാഭൻ
കെ. പി. കേശവമേനോൻ
കെ. അയ്യപ്പൻ
ശൂരനാട്ടു കുഞ്ഞൻപിള്ള
നിർമ്മലാനന്ദയോഗി
സ്വാമി നിജാനന്ദ
ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്ട്
സ്വാമി സദാനന്ദ സരസ്വതി
ലളിതാംബിക അന്തർജ്ജനം
ഡോ: എം. ശ്രീനിവാസൻ

ആമുഖം

| | |
|---|---|
| കേരളമീര: | മഹാകവി വെണ്ണിക്കുളം |
| ഭാവുകംനേരുന്നു | കടത്തനാട്ടു മാധവിയമ്മ |
| മുതുകുളം പാർവ്വതിഅമ്മ | പുത്തേഴത്തുരാമമേനോൻ |
| ഉത്തമകലോപാസിക | എൻ. ഗോപാലപിള്ള |
| ശ്രീനാരായണഭക്ത | സ്വാമി ശ്രീനാരായണതീർത്ഥർ |
| കല്യാണം, മംഗളം, ശുഭം | സിസ്ററർ മേരിബനീഞ്ഞ സി. ഡി. |
| പരിണതപ്രജ്ഞ | കെ. ദാമോദരൻ ബി. എ. |
| ഗാന്ധിജിയുടെ ഉത്തമശിഷ്യ | അമ്പാടികാർത്ത്യായനിഅമ്മ |
| ശാരിക | പാലാ |
| കവനജീവിതം | സുകുമാർ അഴീക്കോട്ട് |
| കേരളത്തിലെ പൂങ്കുയിൽ | എൻ. പി. ചെല്ലപ്പൻനായർ |
| സാഹിതീഭക്ത | കുത്താട്ടുകുളം മേരിജോൺ |
| സരസ കവയിത്രി | എം. പി. അപ്പൻ |
| നിത്യഭാസുരകവിതകളുടെ നിറകുടം | പൊൻകുന്നം ദാമോദരൻ |
| മലയാളത്തിൻെറ മാനം–രക്ഷിക്കുന്ന കവയിത്രി | കുററിപ്പുഴ പരമേശ്വരൻ |

| | |
|---|---|
| ഒരു സഹപ്രവർത്തകൻെറ അനുസ്മരണം | കെ. പരമേശ്വരപ്പണിക്കർ |
| മാതൃകാധ്യാപിക | എൻ. ആർ. കൃഷ്ണൻ |
| ഒരനുസ്മരണം | ഡാ. വേലുക്കുട്ടി അരയൻ |
| മംഗളാഞ്ജലി | ടി. എസ്സ്. പൊന്നമ്മ |
| പ്രകൃതിയുടെ ചിത്രശാല | സി. പി. ശ്രീധരൻ |
| വ്യക്തിമുദ്ര | ധർമ്മരത്നം ചെല്ലപ്പൻപിള്ള |
| പാടുനീ കുയിലേ | മുട്ടത്തുസുധ |
| പൊരുതി മുന്നേറിയ കവയിത്രി | സുകുമാരൻ പൊററക്കാട്ട് |
| മലർവാടിയിലെ തപസ്സ് | മുതുകുളം ഗംഗാധരൻപിള്ള |
| പാർവ്വതിഅമ്മസ്സാറിൻെറ ബാലകവിതകൾ | ചേപ്പാട്ട് ഭാസ്കരൻനായർ |
| പാവനനാമം വെൽവൂ | സി. കൃഷ്ണൻനായർ |
| അനുസ്മരണം | പ്രൊഫസ്സർ ചന്ദ്രശേഖരൻ |
| പട്ടനാരോട് ഒരു പട്ടനാരുതന്നെ | കെ. വി. ദേവ് |
| സാഹിത്യസവ്യസാചിത | കെ. കെ. വാദ്ധ്യാർ |
| എൻെറ കുഞ്ഞമ്മ | എൻ. സുകുമാരൻ |
| നിമിഷകവയിത്രി | മിസ്സിസ്സ്. പി. കെ. കുഞ്ഞ് |
| എൻെറ ഗുരുനാഥ | പാവുമ്പാ പത്മനാഭൻ |
| അനുഗൃഹീത കവയിത്രി | ഡാ. കുമാരൻ മുട്ടം |
| അശാനുചേർന്ന ശിഷ്യ | എം. ഒ. ജോസഫ് നെടുംകുന്നം |
| മതചിന്തക | ഇടമറുക് |
| ആശംസകൾ | നല്ലമുട്ടം പത്മനാഭപിള്ള |
| ” | ഏററുമാനൂർ എം. എസ്സ്. കുമാരൻനായർ |
| നല്ലപ്പച്ചി | ടി. എസ്സ്. പൊന്നമ്മ |
| നിറവേററട്ടെ ശതാഭിഷേകയജ്ഞം | അയിത്തൂർ സി. മാധവൻപിള്ള |
| പാർവ്വതിയമ്മയുടെ ജീവചരിത്രം | എൻ. രാഘവൻ (മഹോപാദ്ധ്യായ) |

SECRETARY TO THE PRESIDENT OF INDIA,
RASHTRAPATHI, BHAVAN,
NEW DELHI-4.

भारत के राष्ट्रपति का सचिव,
राष्ट्रपति भवन
नई दिल्ली-४

No.F.9(3)-G/64.

January 24, 1964.

Dear Madam,

The President sends you his best wishes on your 60th birthday.

Yours faithfully,

( Sd. )

( S. Dutt )

Shrimati Muthukulam Parvathy Amma,
P.O. Muthukulam.

# ആശംസകൾ

PUNJAB GOVERNOR'S CAMP
CALICUT
JANUARY 15, 1964

ശ്രീമതി ലേഡീവിദ്വാൻ മുതുകുളം പാർവ്വതിഅമ്മ ഒരു പണ്ഡിതയായ കവയിത്രി എന്ന നിലയിൽ ഇതിനകംതന്നെ പ്രശസ്തി ആർജ്ജിച്ചു കഴിഞ്ഞിട്ടുണ്ട്. അവരുടെ ഷഷ്ട്യബ്ദപൂർത്തി മഹോത്സവം സമുചിതമാംവണ്ണം കൊണ്ടാടുന്നതിന് കേരളീയർ ഒരുമ്പെടുന്നതു് ഏററവും സമുചിതം തന്നെയാണ്. അവർ ഇനിയും ദീർഘകാലം ജീവിച്ചിരുന്ന് ഈദൃശമായ പ്രവർത്തനങ്ങൾ തുടർന്നു പോകുന്നതിന് ഈശ്വരൻ കടാക്ഷിക്കട്ടെ.

(ഒപ്പ്)
പട്ടം എ. താണുപിള്ള
ഗവർണർ, പഞ്ചാബ്.

SHMT. PONNAMMA THANU PILLAI

RAJ BHAVAN
CHANDIGARH
15-1-1964

എന്റെ പ്രിയപ്പെട്ട പാർവ്വതിഅമ്മേ!

ബ്രഹ്മചര്യവ്രതം കൊണ്ടു് വിശുദ്ധവും ഈശ്വരാർപ്പണബുദ്ധികൊണ്ടു് വിശിഷ്ടവും നൈസർഗ്ഗികമായ കവനകലാപാടവംകൊണ്ടു് ധന്യവും ആക്കിത്തീർത്ത താങ്കളുടെ അറുപതാം വയസ്സു തികയുന്ന ഈ ശുഭാവസരം സമുചിതമാംവണ്ണം ആഘോഷിക്കുന്നതിന് സഹൃദയലോകം അണിഞ്ഞൊരുങ്ങുന്ന ഈ അവസരത്തിൽ എന്റെ ഹൃദയംഗമമായ ആശംസകൾ അറിയിക്കുകയും താങ്കളുടെ അഭംഗുരമായ ആയുരാരോഗ്യങ്ങൾക്കായി ജഗദീശ്വരനോടു് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം,
കെ. പൊന്നമ്മ (ഒപ്പ്)

മന്നത്തു പത്മനാഭൻ
ചങ്ങനാശ്ശേരി

തിരുവനന്തപുരം
20-12-'63

ശ്രീമതി മുതുകുളം പാർവ്വതിഅമ്മ അവർകൾക്ക്.

നിങ്ങൾ ഇതിനുമുമ്പയച്ച എഴുത്തുകളും മിനിഞ്ഞാന്നയച്ച എഴുത്തും കിട്ടി. നിങ്ങളുടെ ഷഷ്ടിപൂർത്തി സംബന്ധിച്ച കാര്യങ്ങളിൽ പങ്കുകൊണ്ടു സഹായിക്കേണ്ടതു് എൻെറ കർത്തവ്യമാണെന്നറിയാം. ഇതുവരെ ഒന്നും ചെയ്യാൻ കഴിയാതെ പോയതിൽ വ്യസനിക്കുന്നു. എൻെറ ഇപ്പോഴത്തെ ശരീരസ്ഥിതിക്കു് അടിയന്തിരത്തിൽ പങ്കുകൊള്ളാൻ വരാൻ സാദ്ധ്യമല്ലെന്നറിയാമല്ലൊ. ഇതൊന്നുകൊണ്ടും നാം തമ്മിലുള്ള ദീർഘകാലസ്നേഹത്തിനു കുറവുവന്നിട്ടുണ്ടെന്നുള്ള ചിന്താഗതിപോലും ഉണ്ടാകരുതെന്നപേക്ഷിക്കുന്നു.

നിങ്ങൾ മലയാളഭാഷയ്ക്കും സമുദായങ്ങൾക്കുംവേണ്ടി ചെയ്തിട്ടുള്ള വിജയപ്രദവും സ്തുത്യർഹവുമായ സേവനത്തെ ഒരുകാലത്തും ആരും മറക്കുകയില്ല. ഹിന്ദുമതാഭിമാനിയായ നിങ്ങൾ അതിൻെറ സംസ്കാരത്തെ സ്വജീവിതംകൊണ്ടു മററുള്ളവക്കു കാണിച്ചുകൊടുത്തിട്ടുള്ള ഒരു മഹതിയാണെന്നു് ഞാൻ എപ്പോഴും ഓർക്കാറുണ്ടു്. കണ്ണിനു വേണ്ട സുഖമില്ലാത്തതുകൊണ്ടു് എഴുത്തും പ്രസംഗവും സഞ്ചാരവും വളരെ കുറച്ചിട്ടുണ്ടു്. അതുകൊണ്ടാണു് ഒരു ചെറിയ ലേഖനംപോലും എഴുതി അയയ്ക്കാതിരുന്നതു് എന്നുള്ള വസ്തുത ധരിക്കുമെന്നു വിശ്വസിക്കുന്നു.

നിങ്ങളുടെ ഷഷ്ടിപൂർത്തിമഹോത്സവം ഭംഗിയിലും മംഗളമായും നടക്കാൻ ഇടയാകട്ടെ എന്നും, നിങ്ങൾ ആയുരാരോഗ്യത്തോടുകൂടി ദീർഘകാലം സസുഖം ജീവിച്ചിരിക്കാൻ ജഗദീശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ എന്നും പ്രാർത്ഥിക്കുന്നു. നിങ്ങൾക്കു് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

വിനീതവിധേയൻ, മന്നത്തു പത്മനാഭൻ.

കെ. പി. കേശവമേനോൻ
മാതൃഭൂമി

കോഴിക്കോട്ട്
20–12–'63.

ഷഷ്ടിപൂർത്തി

മുത്തുകുളം പാർവ്വതിഅമ്മയുടെ ഷഷ്ടിപൂർത്തിയാണെന്നു കേട്ടപ്പോൾ എനിക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല. അവരുടെ പ്രസന്നവദനവും സംഭാഷണശൈലിയിലുള്ള ഒഴുക്കും ധൃതിപ്പെട്ടുള്ള നടത്തവും ഒരിക്കലും ആ വയസ്സ് തോന്നിപ്പിക്കുകയില്ല. പാർവ്വതിഅമ്മയുടെ സഹജമായ കഴിവിനെ പ്രകടിപ്പിക്കുന്നതിൽ അവരുടെ വിനയം പലപ്പോഴും തടസ്സമായി നില്ക്കുന്നില്ലേ എന്നു സംശയം തോന്നാറുണ്ട്. വളരെക്കാലം അദ്ധ്യാപനവൃത്തി നിർവ്വഹിച്ചതിന്നുശേഷം അവർ പെൻഷൻ പററിപ്പിരിഞ്ഞതു് ഈയിടെയാണ്. എന്നാൽ ഒരദ്ധ്യാപികയുടെ നിലയിലല്ല കവയിത്രിയുടെ നിലയിലാണവർ പ്രസിദ്ധിയാർജ്ജിച്ചതു്. പദ്യത്തിലും ഗദ്യത്തിലും അവർ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. നല്ലൊരു ശൈലിയും അവൎക്ക് സ്വാധീനമാണ്. എഴുതുമ്പോൾ മാത്രമല്ല പ്രസംഗിക്കുമ്പോഴും സരളവും ലളിതവുമായ ഭാഷയാണവർ ഉപയോഗിക്കുക.

ഞാൻ കേരളസാഹിത്യ അക്കാദമിയുടെ വർക്കിങ്ങ് പ്രസിഡണ്ടായിരുന്ന കാലത്താണ് പാർവ്വതിയമ്മയുമായി പരിചയപ്പെട്ടുവാനിടയായതു്. അക്കാദമിയുടെ കാൎയ്യങ്ങളിലും പ്രവൎത്തനങ്ങളിലും അവർ അത്യന്തം താല്പൎയ്യം പ്രദർശിപ്പിച്ചിരുന്നു. അക്കാദമിയുടെ എല്ലാ യോഗങ്ങളിലും അവർ തെററാതെ പങ്കെടുക്കും. അഭിപ്രായങ്ങൾ തുറന്നു പറയുകയും ചെയ്യും. താരതമ്യേന നിസ്സാരമാണെന്നു മററുള്ളവൎക്ക് തോന്നുന്ന കാൎയ്യങ്ങൾ അവരെ വേദനപ്പെടുത്തിയേക്കാം. എങ്കിലും പാൎവ്വതിഅമ്മ ഒരിക്കലും ക്ഷോഭിച്ചു കണ്ടിട്ടില്ല. അക്കാദമിയുടെ ആരംഭംമുതലേ അവരൊരു മെമ്പറായിരുന്നു. അതു് ഇന്നും തുടൎന്നു വരുന്നുണ്ട്.

അറുപതു വയസ്സു കഴിഞ്ഞതുകൊണ്ട് വാൎദ്ധക്യം ബാധിച്ചുവെന്നൎത്ഥമില്ല. താനുദ്ദേശിച്ച സാഹിത്യസേവനം നിൎവ്വഹി

ക്കാനായി വേണ്ടിവന്നാൽ പാർവ്വതിയമ്മ വാൎദ്ധക്യത്തോട് മാറിനില്ക്കാൻ സവിനയം അപേക്ഷിക്കാനും മതി. അദ്ധ്യാപനജോലിയിൽനിന്ന് മോചനം കിട്ടിയ സ്ഥിതിക്ക് അവരിനി മുഴുവൻ സമയവും സാഹിത്യ നിൎമ്മാണത്തിന്നായി വിനിയോഗിക്കുമെന്നും, അങ്ങനെ പരിപക്വമായ അവരുടെ പ്രതിഭയിൽനിന്നു പല ഉത്തമ കൃതികളും കൈരളിക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കയും അവൎക്ക് സകല മംഗളങ്ങളും ആശംസിക്കയും ചെയ്യുന്നു.

---

കെ. അയ്യപ്പൻ.

എറണാകുളം
12-1-'64

## മലയാളനഭസ്സിലെ പൊലിയാത്ത താരം

ഷഷ്ടിപൂർത്തികഴിഞ്ഞുള്ള
കവയിത്രിക്ക മേലിലും
കവനോദാരവർഷങ്ങ-
ളേറെ നേരുന്നു കൈരളി.

മലയാളനഭസ്സിങ്കൽ
തെളിയും താരകങ്ങളിൽ
മനോജ്ഞമായൊന്നു നിന്നു
മിന്നും മുതുകുളാഭിധം.

അതിൻെറരശ്മിയും നോക്കി
പഠിക്കും താരവേദികൾ
അതിന്നും കൃപ്പുകൈയേകും
താരകാരാധകം ജനം.

ശൂരനാട്ട് കുഞ്ഞൻപിള്ള തിരുവനന്തപുരം
15-4-'63

## 'കവയിത്രികളുടെ മുൻപന്തിയിൽ'

സുപ്രസിദ്ധ കവയിത്രിയായ ശ്രീമതി മുതുകുളം പാർവ്വതി അമ്മയുടെ ഷഷ്ടിപൂർത്തി സമുചിതമായി ആഘോഷിക്കുവാൻ നാട്ടുകാർ തീരുമാനിച്ചിരിക്കുന്നവിവരം അറിഞ്ഞു സന്തോഷിക്കുന്നു. ദീർഘകാലമായി സാഹിത്യത്തിന്ന് അനവധി വിശിഷ്ട സംഭാവനകൾ ചെയ്തുപോരുന്ന ഈ മാന്യയോട്ട് മലയാളികൾക്കു തോന്നിയിട്ടുള്ള സവിശേഷമായ ബഹുമാനാദരങ്ങൾ പ്രകടിപ്പിക്കുവാൻ തക്ക ഒരു സന്ദർഭമാണിത്. ഉദയപ്രഭ (കവിതാസമാഹാരം) അശ്രുകുടീരം, മാതൃവിലാപം (ഖണ്ഡകാവ്യങ്ങൾ) ഭുവനദീപിക, അഹല്യ (ഗദ്യനാടകങ്ങൾ) എന്നിവയ്ക്കു പുറമെ ലൈററ് ഓഫ് ഏഷ്യയുടെ വിവർത്തനമായ ശ്രീബുദ്ധചരിതം ഉത്തരാർദ്ധം (6 മുതൽ 9 വരെ കാണ്ഡങ്ങൾ) ഭഗവദ്ഗീതാവിവർത്തനം മുതലായ മികച്ച കൃതികൾ ഈ മഹതി നമുക്കു സംഭാവനചെയ്തിട്ടുണ്ട്.

ഭഗവദ്ഗീതാ വിവർത്തനം വായിച്ചതോടുകൂടി ശ്രീമതി പാർവ്വതിഅമ്മയുടെ മററു കൃതികൾ കണ്ട് ഉണ്ടായിട്ടുള്ള മതിപ്പ് ബഹുഗുണം വർദ്ധിക്കയാണ് ചെയ്തത്. ഗീതയെപ്പോലെ മറെറാരുകൃതി എനിക്ക് ഓർമ്മിക്കാൻ കഴിയുന്നില്ല. ജീവിതത്തെ ഇത്ര കണ്ടു ചിന്താദീപ്തിയിൽ പ്രകാശിപ്പിക്കാൻ കഴിഞ്ഞ വേറൊരു കൃതിയും ഇല്ലെന്നാണ് തോന്നുന്നത്. ഗീതയുടെ അന്യാദൃശമഹത്വം എത്രയെത്ര ചിന്തകന്മാരെയും കവികളെയും വ്യാഖ്യാതാക്കളേയും വിവർത്തകരേയും ആകർഷിച്ചിട്ടില്ല? നിരണത്തു മാധവപ്പണിക്കർതൊട്ട് എത്രയോ മഹാത്മാക്കൾ ഗീതയെ മലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുമുണ്ട്. അവയിൽ പലതും ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ നമുക്കു വലിയ മുതൽക്കൂട്ടുകളാണ്. ശ്രീമതി പാർവ്വതി അമ്മയുടെ ഗീതാവിവർത്തനം നിശ്ചയമായും വിലപ്പെട്ട വിവർത്തനങ്ങളിലൊന്നാണെന്നു നിസ്സംശയം പറയാവുന്നതാണ്. കിളിപ്പാട്ടു വൃത്തത്തിലുള്ള ഈ വിവർത്തനം മലയാളികൾക്കു പ്രത്യേകമായും രുചിക്കുമെന്നുള്ളതിനു സംശയ

മില്ല. കഴിയുന്നതും മൂലകൃതിയുടെ ആശയം ചോൎന്നുപോകാതെ മനോഹരമായ ഭാഷയിൽ പ്രകാശിപ്പിക്കാൻ ശ്രീമതി പാൎവ്വതി അമ്മ യത്നിച്ചു വിജയിച്ചിട്ടുണ്ടു്.

കവിതയിലും ഗദ്യത്തിലും ഒരുപോലെ പ്രാഗത്ഭ്യം പ്രദൎശിപ്പിച്ചിട്ടുള്ള ശ്രീമതി പാൎവ്വതിഅമ്മ മലയാളസാഹിത്യത്തിൽ ശാശ്വതപ്രതിഷ്ഠ അർഹിക്കുന്നു. അവരുടെ സാഹിത്യ പരിശ്രമങ്ങളിൽ വലിയ അഭിമാനമുള്ള കൂട്ടത്തിലാണു് ഞാൻ. അവരുടെ മാതൃവിലാപം ഖണ്ഡകാവ്യം വിശേഷിച്ചും എന്റെ ഹൃദയത്തെ അലിയിച്ചിട്ടുണ്ടു്. ശ്രീമതി പാൎവ്വതിഅമ്മ അനുഗ്രഹസിദ്ധികൊണ്ടും അഭ്യാസയോഗം കൊണ്ടും മലയാളത്തിലെ "കവയിത്രികളുടെ മുൻപന്തിയി"ൽ പ്രശോഭിക്കുന്ന ഒരു മാന്യയാണു്. അവൎക്കു് ഷഷ്ട്യബ്ദപൂൎത്തി ആഘോഷിക്കുന്ന ഈ ശുഭാവസരത്തിൽ ഞാൻ ഹൃദയംഗമമായ അഭിനന്ദനങ്ങളും ആശംസകളും അറിയിച്ചു കൊള്ളുന്നു. തുടൎന്നു ബഹുകാലം ഭാഷാ ഭഗവതിയെ പരിസേവനം ചെയ്യാൻ ദീർഘായുരാരോഗ്യഭാഗ്യങ്ങൾ ഈ മാന്യകവയിത്രിക്കു് ഉണ്ടാകട്ടെ!! എന്നു പ്രാൎത്ഥിക്കുന്നു.

---

നിമ്മലാനന്ദയോഗി
ആ.ന.മമഹാസഭാ പ്രസിഡൻറ്

സിദ്ധാശ്രമം, ആലത്തൂർ
1–1–'64

## മഹിളമാക്കൊരു മാതൃക

ലേഡീവിദ്വാൻ ശ്രീമതി മുതുകുളം പാവ്വതിഅമ്മയുടെ ഷഷ്ടിപൂത്തി ഈ ജനുവരി 26–ാനു- ആഘോഷിക്കുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്നറിഞ്ഞതിൽ അത്യന്തം സന്തോഷിക്കുന്നു. ഷഷ്ടിപൂത്തി യഥോചിതം ആഘോഷിക്കുവാനും, അതു സംബന്ധിച്ചുകൂടുന്ന സഹൃദയസാഹിത്യസുഹൃദ്സദസ്സിൽവച്ചു് ഒരു ഉപഹാരം സമപ്പിക്കുവാനുമുള്ള തീരുമാനം സ്വാഗതാഹമാണു്.

പൗരാണികകാലത്തു് അനേകം മഹതികൾ ഇന്ത്യയുടെ അന്തഃശക്തിയെ പുനരുജ്ജീവിപ്പിച്ചു. ആധുനികയുഗത്തിൽ അത്തരം സംസ്കാരശില്പികളായ മഹിളകളിൽ ഒരു മാന്യസ്ഥാനമാണു് ശ്രീമതി പാവ്വതിഅമ്മയ്ക്കുള്ളതു്.

ഭാഷാപരവും സാഹിത്യപരവുമായ തൻെറ നൈസഗ്ഗിക കഴിവിനെ ആ കവയിത്രി ലോകയോഗക്ഷേമത്തിനും അതുവഴി തൻെറ ആത്മീയമായ ഉന്നതിക്കും വിനിയോഗിച്ചുവരുന്നുവെന്നുള്ളതു് മററുള്ളവരിൽനിന്നു് എടുത്തു പറയത്തക്ക ഒരു വിശിഷ്ട ഗുണമായി കാണാൻ കഴിയും.

മഹിളാലോകത്തു് ഇത്രയും ധന്യതയും മാന്യതയും നേടിയ മഹതികൾ അധികമുണ്ടെന്നു തോന്നുന്നില്ല. ശ്രീ. പാവ്വതിഅമ്മയുടെ സാഹിത്യസംഭാവനകൾ—ശ്രീബുദ്ധചരിതവും, മീരയും, ഭഗവദ്ഗീതാപരിഭാഷയും—എക്കാലത്തും കേരളഭാഷയുടെ മഹാസമ്പത്തായി ആദരിക്കപ്പെടും. ഭഗവദ്ഗീതയെപ്പോലെ പ്രൗഢമായ ഒരു ആദ്ധ്യാത്മിക ഗ്രന്ഥത്തെ, സാമാന്യ ജനങ്ങൾക്കു കൂടി എളുപ്പത്തിൽ ഗ്രഹിക്കത്തക്കവണ്ണം ഏററവും ലളിതമായും ഭംഗിയായും ശ്രീ പാവ്വതിഅമ്മ വിവത്തനംചെയ്തമാതിരി മറേറതെങ്കിലും കവയിത്രി ചെയ്തിട്ടുണ്ടോയെന്നു സംശയമാണു്. അദ്ധ്യാത്മസാഹിത്യവ്യവസായത്തിൽ അനന്യമനസ്കയായി മറെറാരംഗനയും ഇത്രയധികം വ്യാപരിച്ചിട്ടുണ്ടെന്നും തോന്നുന്നില്ല.

ഭൗതികജീവിതത്തിൻെറ പരിഷ്ക്കാരപ്പകിട്ടിൽ മനംമയങ്ങി മാഴ്കിക്കഴിയുന്ന മഹിളാലോകത്തിന്ന് ആത്മീയപ്രചോദനവും പ്രകാശവും നേടുവാൻ ഉന്നതാശയസമ്പന്നകളായ മഹിളാമണികളുടെ സേവനങ്ങൾ അത്യാവശ്യമായ ഈ കാലഘട്ടത്തിൽ ശ്രീമതി പാർവ്വതിഅമ്മ ത്യാഗസന്നദ്ധതയോടും സേവനൌത്സുക്യത്തോടുംകൂടി രംഗപ്രവേശം ചെയ്തിരിക്കയാണ്. നമ്മുടെ സാഹിത്യത്തെ ആത്മീയാടിസ്ഥാനത്തിന്മേൽ പരിപോഷിപ്പിച്ച് മഹത്തായ സാഹിത്യസേവനവും ആത്മീയസേവനവും ഒരേസമയത്തു് അവർ അനുഷ്ഠിച്ചുവരുന്നതു് ആക്കും സന്തോഷകരമാണ്.

നിസ്തുലമായ സാഹിത്യസേവനത്തിലൂടെ ശ്രീ. പാർവ്വതി അമ്മ ഇന്നു് കേരളീയക്കെല്ലാം സുപരിചിതയും ആരാദ്ധ്യയുമായിത്തീൎന്നിരിക്കുന്നു. ആത്മധൎമ്മത്തെ മുറുകെപ്പിടിച്ചുകൊണ്ടു് അചഞ്ചലചിത്തതയോടും, ധിഷണാവൈഭവത്തോടും, കൎമ്മകുശലതയോടുംകൂടി ആ അംഗനാരത്നം അനവരതം പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു. കാവ്യരസാമൃതം പകൎന്നുതരുന്ന ആ കൃതികൾ ജീവിതസംശുദ്ധിയെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രചോദനവും നൽകുന്നു. ചെറുപ്പംമുതൽക്കുതന്നെ സാഹിത്യസേവനംകൊണ്ടു് കൈരളിയെ വന്ദിച്ചും ആനന്ദാത്മകചിത്പ്രകാശകശക്തിയിൽ ധ്യാനത്താൽ വാൎദ്ധക്യത്തിൽ മനംലയിപ്പിച്ചു ആനന്ദിച്ചും വരുന്ന ആ പുണ്യശ്ലോകയ്ക്കു് ഷഷ്ടിപൂൎത്തി തികയുന്ന ഈയവസരത്തിൽ എന്തൊന്നാണ് വിശേഷിച്ചു നേരേണ്ടതു്!

നിങ്ങളുടെ സ്തുത്യൎഹമായ സേവനത്തിന്ന് വിജയം ആശംസിക്കുകയും ആ പാവനചരിതയ്ക്കു് "മഹിളമാൎക്കൊരു മാതൃകയായ് മുദാ മഹിയിൽ വാഴക ഭൂരിസുഖംചിരം" എന്നു് ആനന്ദാശംസകൾ അൎപ്പിക്കുകയും ചെയ്യുന്നു.

സ്വാമി നിജാനന്ദ,
ജനറൽ സെക്രട്ടറി
ശ്രീനാരായണധർമ്മസംഘം ട്രസ്റ്റ്

ശിവഗിരിമഠം
27-11-'63

ഓം

ശ്രീനാരായണപരമഗുരവേ നമഃ.

## ധർമ്മപ്രബോധിനി

സുപ്രസിദ്ധ കവയിത്രിയും സാഹിത്യഅക്കാദമി അംഗവുമായ ശ്രീമതി മുതുകുളം പാർവ്വതിഅമ്മയുടെ ഷഷ്ട്യബ്ദപൂർത്തി വരുന്ന ജനുവരി 26-ാംനു ആഡംബരപൂർവ്വം ആഘോഷിക്കുവാൻ സുഹൃല്ലോകം തീരുമാനിച്ചിരിക്കുന്ന വിവരം അറിഞ്ഞു് ഞങ്ങൾ വളരെ സന്തോഷിക്കുകയും ശ്രീമതിപാർവ്വതിഅമ്മയ്ക്കു് സർവ്വമംഗളങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

ശ്രീനാരായണഗുരുദേവൻെറ സവിശേഷമായ അനുഗ്രഹം ലഭിക്കുവാൻ ഭാഗ്യംസിദ്ധിച്ച ഒരു ശ്രീനാരായണഭക്തയാണു് ശ്രീമതി പാർവ്വതിഅമ്മ. ഇന്നു് ഭാഷാസാഹിത്യലോകത്തിൽ, സാംസ്കാരികമണ്ഡലത്തിൽ, കേരളീയ വനിതാലോകത്തിൽതന്നെ സമുന്നതമായ ഒരു സ്ഥാനമാണു് പാർവ്വതിഅമ്മ കരസ്ഥമാക്കിയിരിക്കുന്നതു്. അതിൻെറ അടിസ്ഥാനം ഗുരുദേവൻെറ അനുഗ്രഹവിശേഷമാണെന്നുള്ളതു് പരമാർത്ഥംമാത്രമാണു്. ഈ സംഗതി ഗുരുദേവഭക്തജനങ്ങൾക്കു് പ്രത്യേകിച്ചും അഭിമാനജനകമാണു്.

ശ്രീനാരായണധർമ്മപരമായ സേവനം പാർവ്വതിഅമ്മയുടെ ജീവിതവ്രതമാണു്. വിനീതയായ ഈ വിദുഷി എഴുതീട്ടുള്ള ഗ്രന്ഥങ്ങളും കവിതകളും ധർമ്മമാർഗ്ഗപ്രബോധകങ്ങളാണെന്നുതന്നെ കാണാവുന്നതാണു്. ശ്രീനാരായണഗുരുദേവനെപ്പററിയും ശ്രീബുദ്ധദേവനെപ്പററിയും ശ്രീമദ് ഭഗവദ്ഗീതയെപ്പററിയും രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ ഇക്കാര്യത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നവതന്നെയാണെന്നു പറയേണ്ടതില്ലല്ലോ. പ്രസംഗങ്ങൾ മുഖേനയും ഈ മഹതി ധർമ്മപ്രചരണം ചെയ്തുകൊണ്ടിരിക്കയാണു്. കൂടാതെ ശിവഗിരിമഠത്തിലെ തീർത്ഥാടന ബ്രഹ്മവിദ്യാമന്ദിരക്കമ്മിററികളിലും അംഗമായിരുന്നു വേണ്ട ചുമതലകളും നിർവ്വഹിച്ചു പോരുന്നുണ്ടു്.

ഇപ്രകാരം സാഹിത്യ-സാംസ്കാരികമണ്ഡലങ്ങളിൽ പ്രശംസനീയമായ സേവനം ചെയ്തുകൊണ്ടു് ശ്രീനാരായണധർമ്മസേവനം ജീവിതവ്രതമാക്കിക്കൊണ്ടു് ധന്യമായി ജീവിതം നയിച്ചുവരുന്ന ശ്രീമതി പാർവ്വതിഅമ്മയ്ക്കു് അഭംഗുരമായ ആരോഗ്യവും ദീർഘായുസ്സും പ്രദാനംചെയ്യുവാൻ ഗുരുദേവൻ—സർവ്വേശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ!

---

ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്

തിരുവനന്തപുരം
15-11-'63

ശ്രീമതി പാർവ്വതിഅമ്മയുടെ ഷഷ്ട്യബ്ദപൂർത്തി ആഘോഷിക്കുന്നുവെന്നറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഇതേവരെയെന്നപോലെ മേലിലും സാഹിത്യസേവനം നടത്താൻ അവർക്ക് കഴിവും സൗകര്യവുമുണ്ടാകട്ടെയെന്നു ഞാൻ ആശിക്കുന്നു.

---

തിരുവനന്തപുരം
14-1-64

സ്വാമി സദാനന്ദസരസ്വതി മഹാരാജ്

## ആദർശസമ്പന്നയായ കവയിത്രി

സാമുദായിക നവോത്ഥാനത്തിൻെറ പൊൻപുലരിയിൽ പിറവി എടുത്തിട്ടുള്ള നിരവധി മഹാകവികളുടെയും കവയിത്രികളുടെയും പരമ്പരയിൽ വിപ്ലവാത്മകമായ അഭിചിന്തനത്തിൻെറ പ്രതീകമെന്നോണം കേരള സാഹിത്യനഭോമണ്ഡലത്തിൽ പരിലസിക്കുന്ന ആദശ്സമ്പന്നയായ ഒരു കവയിത്രിയാണു ശ്രീമതി മുതുകുളം പാവ്വതിഅമ്മ. സമത്വദശ്നവും സമുദായസഹവത്തിത്വവും വിവിധ മതസഹിഷ്ണുതയും അനുസ്യൂതമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒരു തൂലികയാണു പ്രസ്തുത കവയിത്രിയുടേതെന്ന് അവരുടെ ഗദ്യപദ്യാത്മകങ്ങളായഎല്ലാ ഉത്കൃഷ്ടകൃതികളും ഒരുപോലെ തെളിയിക്കുന്നു. നൂററാണ്ടുകളായി മനുഷ്യമസ്തിഷ്കങ്ങളിൽ കട്ടപിടിച്ചുകിടക്കുന്ന അത്ഥശൂന്യമായ ജാതിഭിന്നതകളെ—മതഭിന്നതകളെ—നിസ്സങ്കോചം തട്ടിത്തകത്തുകൊണ്ടു് മാനവസമുദായത്തെ മുഴുവൻ 'ഒരു ചരടിലിണക്കിക്കോത്ത പുഷ്പങ്ങളെപ്പോലെ ഏകീകരിക്കാൻ ശ്രീമതി മുതുകുളം പാവ്വതിഅമ്മ പ്രബോധജനകങ്ങളായ പ്രസംഗപരമ്പരകളാലും ഉത്തേജകങ്ങളായ സ്വന്തം കാവ്യതല്ലജങ്ങളാലും അനവരതം പ്രയത്നിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയും ഒരു നൂററാണ്ടുകാലം, ഈ കവയിത്രി ഭാവനാമോഹനമായ മഹനീയകൃതികളാൽ കേരള സാഹിത്യ നഭോമണ്ഡലത്തെ പ്രകാശപൂണ്ണമാക്കുവാനും, ജാതിമതചിന്തകൾക്കതീതമായ നിലയിൽ തൻെറ തൂലിക ചലിപ്പിച്ച് സമത്വസുന്ദരവും, ത്യാഗസുരഭിലവും ലോകസേവന മനോജ്ഞവുമായ ഒരു ജീവിതം നയിക്കുന്നതിനു് കേരളജനതയ്ക്കു മാഗ്ഗദർശനം നല്കുവാനും ഇടവരട്ടെയെന്നു് ഈ ഷഷ്ട്യബ്ദപൂത്തി സുദിനത്തിൽ ജഗന്നിയന്താവിനോടു പ്രാത്ഥിക്കുകയും സകല മംഗളങ്ങളും ആകൈതവം ആശംസിക്കയും ചെയ്യുന്നു.

---

## "അഭിമാനതാരം"

ലളിതാംബിക അന്തർജ്ജനം.

സ്വന്തം പ്രയത്നംകൊണ്ടും അസുലഭമായ വാസനാവിശേഷംകൊണ്ടും ഉയൎന്നുവന്ന് സാഹിത്യലോകത്തും സാമൂഹ്യരംഗത്തും സുവിദിതമായ സ്ഥാനം നേടിയ ശ്രീമതി മുതുകുളം പാൎവ്വതിഅമ്മയെ എത്ര അഭിനന്ദിച്ചാൽ മതിയാവും. എത്ര ആശംസിച്ചാൽ മതിയാവും! അന്ധകാരാവൃതമായ ഒരു കാലത്തിൽനിന്ന് ഉദയപ്രഭ പൊഴിച്ചെത്തിയ താരംപോലെ ആ സഹോദരി അന്നുവന്നു. കേരളസ്ത്രീകളുടെ അഭിമാനതാരമായി ഇന്ന് ഷഷ്ട്യബ്ദപൂൎത്തി ആഘോഷിക്കയുമാണല്ലൊ. ഈ എളിയ സഹോദരിയുടെ അകംനിറഞ്ഞ മംഗളാശംസകൾ സ്വീകരിച്ചാലും!!

നേരുന്നു ഞാൻ, തവ വയസ്സിനു പൂൎണ്ണരശ്മി-
പൂരംനിറഞ്ഞു നിറമേറിയ പൗൎണ്ണിമാവിൽ
നേരിട്ടനല്പസുഖസമ്പദമായ കാവ്യ-
ത്തേരിൽ തിരഞ്ഞിനി വരുന്ന ശതാഭിഷേകം.

വരട്ടെ; ഭാഗ്യങ്ങൾസമസ്തമെന്നും
വരിഷ്ഠകല്യാണിനിയായിടട്ടെ;
പ്രകൃഷ്ടജന്മാന്തരഭാവുകത്താൽ
കവിതാകീൎത്തിപ്രഭയേറിടട്ടെ!

Dr. എം. ശ്രീനിവാസൻ M. A. Ph. D.
പ്രിൻസിപ്പാൾ, ശ്രീനാരായണകോളേജ്

കഴിഞ്ഞ നാല്പതുവർഷങ്ങളായി കേരളത്തിലെ സാഹിത്യ സാംസ്കാരിക മണ്ഡലങ്ങളിൽ മുഴങ്ങിക്കേൾക്കാറുള്ള ഒരു നാമധേയമാണ് ശ്രീമതി മുതുകുളം പാർവ്വതിയമ്മയുടേതു്. ഞാനൊരു സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്തു് ആ മഹതിയുടെ ആവേശഭരിതമായ പ്രസംഗങ്ങൾകേട്ടു് അത്ഭുതപ്പെട്ടിട്ടുണ്ടു്. കവയിത്രി എന്നതിനു പുറമേ, ഒരു പ്രസംഗക, മാതൃകാദ്ധ്യാപിക, സാമൂഹ്യപ്രവർത്തക എന്നീ നിലകളിലെല്ലാം ശ്രീമതി പാർവ്വതിയമ്മ കേരളത്തിലെ പൊതുജീവിതത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചു കഴിഞ്ഞിരിക്കുന്നു വിദ്യാഭ്യാസ സൗകര്യങ്ങൾ ഇന്നത്തേപ്പോലെ സുലഭമല്ലാതിരുന്ന ഒരുകാലത്തു് ഒരു ഭാഷാവിദുഷിയായി, സാഹിത്യകാരിയായി, നിസ്തന്ദ്രമായ സാധന കൊണ്ടു് കവിതാരംഗത്തു ഒരു സ്ഥാനം നേടിയെടുക്കുവാൻ ഒരു വനിതയ്ക്കു സാധിച്ചുവെന്നതു് അത്ര നിസ്സാരമായ ഒരു സംഗതിയല്ലതന്നെ. ഇങ്ങിനെ എത്ര വനിതകളുണ്ടു് കേരളത്തിൽ?

ശ്രീമതി മുതുകുളം പാർവ്വതിയമ്മയ്ക്കു് അറുപതു വയസ്സു പൂർത്തിയാകുന്ന സുദിനത്തിൽ കേരളത്തിലെ സഹൃദയലോകത്തോടൊപ്പം ചേർന്നു് അവരെ അനുമോദിക്കുവാനും അവർക്കു് ആയുരാരോഗ്യങ്ങൾ നേരാനും എനിക്കാഹ്ലാദമാണുള്ളതു്. ജീവിതത്തിന്റെ ഉത്തരാർദ്ധത്തിലും ആ സാഹിതീ സപര്യ നിരങ്കുശം തുടരാൻ ജഗദീശ്വരൻ അവരെ അനുഗ്രഹിക്കട്ടെ!

കൊല്ലം — സ്നേഹാദരപൂർവ്വം,
20-1-64. — Dr. എം. ശ്രീനിവാസൻ.

# ആമുഖം

നാല്പതിൽപരം സംവത്സരത്തെ സാഹിതീസപര്യ കൊണ്ടു്, കേരളീയ സഹൃദയലോകത്തിനു് സുപരിചിതയാണു് ശ്രീമതി മുതുകുളം പാർവ്വതിഅമ്മ. ഇന്നത്തെപ്പോലെ വിദ്യാഭ്യാസ സൌകര്യങ്ങൾ ഇല്ലാതിരുന്ന ഒരു കാലത്തു് ഭാഷാപാണ്ഡിത്യം നേടി, അനുസ്യൂതമായ കാവ്യസാധനകൊണ്ടു് മലയാളസാഹിത്യവേദിയിൽ സുസ്ഥിരമായ ഒരു സ്ഥാനം കൈവശപ്പെടുത്തിയ ഒരു വനിത എന്ന നിലയിൽ ശ്രീമതി പാർവ്വതിഅമ്മ സർവ്വഥാ അനുമോദനം അർഹിക്കുന്നു. അങ്ങനെ അധികം വനിതകൾ നമുക്കില്ലല്ലോ! ആ മഹതിയുടെ ഷഷ്ട്യബ്ദപൂർത്തി ആഘോഷിക്കുന്ന ഈ ശുഭമുഹൂർത്തത്തിൽ അവരുമായി അടുത്തു പരിചയിക്കുവാനിടവന്നിട്ടുള്ള ചില മഹദ് വ്യക്തികളുടെ ലഘുപഠനങ്ങളും, ഓർമ്മക്കുറിപ്പുകളും, കാവ്യനിരീക്ഷണങ്ങളും ഉൾക്കൊള്ളുന്ന ഈ സ്നേഹോപഹാരം അവർക്കു് സമർപ്പിക്കാൻ സാധിച്ചതിൽ ഞങ്ങൾക്കു് അനല്പമായ ചാരിതാർത്ഥ്യമുണ്ടു്. സുപ്രസിദ്ധയായ ഈ കവയിത്രിയുടെ ജീവിതത്തെപ്പററിയും, കാവ്യജീവിതത്തിന്റെ അനുസ്യൂതമായ ദശാപരിണാമങ്ങളെക്കുറിച്ചുമുള്ള ഒരു സാമാന്യവിജ്ഞാനം ഈ വിനീതോപഹാരത്തിൽ നിന്നു ലഭിക്കുമെന്നാണു് ഞങ്ങളുടെ പ്രതീക്ഷ.

ഈ ഉപഹാരഗ്രന്ഥത്തിൽ ചേർക്കാൻ, തികച്ചും അർഹതയുള്ള ചില ലേഖനങ്ങൾ, താമസിച്ചു ലഭിച്ചതുകൊണ്ടു് ഇതിലുൾപ്പെടുത്തുവാൻ കഴിയാഞ്ഞതിൽ ഞങ്ങൾ നിർവ്യാജം ഖേദിക്കുന്നു; തൽക്കർത്താക്കൾ സദയം ക്ഷമിക്കണമെന്നു് ഞങ്ങൾ അപേക്ഷിക്കുന്നു. ശ്രീമതി പാർവതിഅമ്മയുടെ ബഹുമുഖമായ പ്രവ

ത്തനമേഖലകളിലേക്ക് വെളിച്ചം വീശുവാൻ കുറേയെങ്കിലും ഈ സമാഹാരഗ്രന്ഥത്തിന് കഴിയുമെങ്കിൽ ഞങ്ങൾ ചരിതാർത്ഥരായി.

ഋതുക്കളുടെ ഭാവഭേദങ്ങൾ പരിഗണിക്കാതെ, കൈരളിയുടെ മലർവനികയിൽ തപസ്സിരുന്ന് ലളിതസംഗീതമുതിർക്കുന്ന "കേരളത്തിലെ പൂങ്കുയി"ലിന് ഈ ഗ്രന്ഥം ബഹുമാനപുരസ്സരം ഞങ്ങൾ സമർപ്പിക്കുന്നു.

ഷഷ്ട്യബ്ദപൂർത്ത്യാഘോഷക്കമ്മററി.

മുതുകുളം
26-1-1964.

# കേരളമീര

മഹാകവി
വെണ്ണിക്കുളം, ഗോപാലക്കുറുപ്പ്.

മതിതെളിഞ്ഞേവരുമാദരിക്കും
സുദിനമാണിന്നെൻെറ കേരളത്തിൽ
മലയാളസാഹിതീ കുന്തളത്തിൽ
പലപല സൽക്കാവ്യപുഷ്പമാല്യം,
അണിയിച്ച മഞ്ജുളശീലയായോ-
രനുപമവാസനാ ശാലിനിയെ
മുതുകുളം പാർവ്വതിയമ്മയെന്ന
വിദുഷിയാം പുത്രിയെ—നോക്കി നോക്കി
അകമഴിഞ്ഞാനന്ദ തുന്ദിലയായ്
ഭൃഗുരാമമേദിനി നില്പയല്ലി?
നവനവാഹ്ലാദ വിധാത്രിയാകും
കവയിത്രിമാരുടെ മൗലിരത്നം
അറുപതാം ജന്മനാൾ പിന്നിടുമ്പോൾ
നെറുകയിൽ ചുംബിപ്പൂ ജന്മദാത്രി.

ഹരിപദദാസിയാം മീരയെപ്പോ-
ലനുപമജീവിത ശുദ്ധിയോടെ
പുകളാൻ വെല്ലമാറാക നീണാൾ
മഹിളാകുലോജ്ജ്വലചിത്രകമേ!

## ഭാവുകം നേരുന്നു!

കടത്തനാട്ടു് മാധവിഅമ്മ.

മേഘനീലദലാവലിയാലെ
കാവ്യജീവിതവല്ലി തളിൎത്തു
ആയതിൽകൊച്ചു കൊച്ചരിപ്പൂക്കൾ
ജാതകൗതുകം വന്നുകുരുത്തു
മാദകമൊരുസൗരഭം വീശി
മാതൃനാടിന്നകത്തും പുറത്തും
"നല്ലുദയപ്രഭ"യിൽ കുളിൎത്തു
ഫുല്ല "കൎമ്മഫലം" ഭുജിച്ചാൎത്തു
ശ്രീല "ഗാനാഞ്ജലി"യിൽഭുവന
ദീപികപോലെനിന്നുതെളിഞ്ഞു
"മീര"യിൽക്കൂടെ നന്നായ് വളൎന്നു
"ശ്രീനാരായണ"മാൎഗ്ഗം നുകൎന്നു
"ശ്രീബുദ്ധൻെറ ചരിതങ്ങൾ" പാടി
"മാതൃലോലവിലാപ"ത്തിലാടി
എങ്ങുമെങ്ങും വളൎന്നുവിടൎന്നു
സുന്ദരസുഖസ്വപ്നശതങ്ങൾ
ഭാവഗംഭീരമാകും "ഭഗവൽ-
ഗീതാ"വൎത്തനത്തോളമുയൎന്നു!
താവകീന കവിതാലതിക
ജീവിതത്തിന്നരുപതിലെത്തി
ഭാവുകം നേൎന്നുകൊള്ളുന്നു ഞങ്ങൾ
സോദരി, നൂറിലെത്തിവിരിയാൻ
ഭാവുകംനേൎന്നു കൊള്ളുന്നു ഞങ്ങൾ
ഭാവിസുന്ദരസ്വപ്നമായ് മാററാൻ
ഭാവുകം നേൎന്നുകൊള്ളുന്നു ഞങ്ങൾ
ജീവിതം, പൂജാപുഷ്പമായ് തീരാൻ.

# മുത്തുകുളം പാൎവ്വതിഅമ്മ

സാഹിത്യകുശലൻ, പുത്തേഴത്തു രാമമേനോൻ.

ശ്രീമതി മുത്തുകുളം പാൎവ്വതിഅമ്മയുടെ ഷഷ്ടിപൂൎത്തി, പല തുകൊണ്ടും പരമപ്രാധാന്യമർഹിക്കുന്ന ഒരു മഹോത്സവമാണു്. ഒരു കവയിത്രിയുടെ ഷഷ്ടിപൂൎത്തിയുത്സവം കേരളം ഇതിനു മുൻപു കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല. പ്രത്യേകിച്ചും പണ്ടത്തെ നിലയിൽ "ദൂരസ്ഥ"യായിരിക്കേണ്ട വനിതാരത്നത്തിൻെറ ഷഷ്ടിപൂൎത്തിയാഘോഷം! അന്തൎജ്ജനങ്ങളും ബഹിൎജ്ജനങ്ങളും. നമ്പൂരാരും, നായന്മാരും, നസ്രാണികളും, |മുസൽമാൻമാരും ഒത്തുചേൎന്നു് ആഘോഷിക്കുന്ന ഒരു ഷഷ്ടിപൂൎത്തി കേരളത്തിൽ ഉണ്ടാകുമെന്നു് അതിനെ കടലിൽനിന്നു് പൊന്തിച്ചെടുത്തു, പുണ്യാഹപൂൎവ്വം പൂണൂൽക്കാൎക്കു് പങ്കിട്ടുകൊടുത്ത ശ്രീപരശുരാമൻപോലും, അഞ്ചാത്മാവിലും കരുതിയിരിക്കാൻ കാരണമില്ല. പഠിപ്പും, പാണ്ഡിത്യവും, പഠിപ്പിക്കുന്നതിനുള്ള പ്രാപ്തിയും, പഠിപ്പിക്കപ്പെട്ടവരുടെ സമ്പത്തും, ശക്തിയും, വ്യക്തിത്വവും, ഒരു അറുപതു് കൊല്ലത്തെ 'വിദഗ്ദ്ധമാ'യ 'ചാണപ്പണി' കൊണ്ടിത്രയും തെളിഞ്ഞു്, പ്രസിദ്ധിയും പ്രസാദവും സിദ്ധിച്ചിട്ടുള്ള ഒരു സ്ത്രീരത്നം, കേരളത്തിൽ വേറെ ആരുണ്ടു്? മുത്തുകുളം എന്ന പ്രദേശത്തിൻെറ പേരിനുള്ള അഖിലകേരള പ്രശസ്തിയുടെ നിദാനം, ഈ ശ്രീപാൎവ്വതിയല്ലാതെ മററാരാണു്? എല്ലാവരുംകൂടി പറഞ്ഞു പററിച്ചതായിരിക്കണം, അവൎക്കു് വയസ്സു് അറുപതായി എന്ന അപരാധം? എന്തോ സൗകൎയ്യം കരുതി അദ്ധ്യാപികയുടെ പ്രവൃത്തിയിൽനിന്നു പിരിഞ്ഞു പോന്ന സംഗതി, അവൎക്കു്. ആ അപരാധം പറഞ്ഞു പരത്തുവാനും, ഇന്നത്തെ ശൈലിയിൽ അതിൽനിന്നു 'മുതലെടുക്കുവാനും' സഹായകമാകയും ചെയ്തിരിക്കണം.

ഏതാണ്ടൊരിരുപതുകൊല്ലങ്ങൾക്കു മുമ്പു, ഞാനൊരിക്കൽ, വൎക്കലയിലെ ശ്രീനാരായണ ജയന്തിയാഘോഷങ്ങൾക്കു ക്ഷണിക്കപ്പെട്ട കാലത്തു്, ആ മഹോത്സവത്തിലെ മഞ്ഞവസ്ത്ര

ധാരികളായ തീൎത്ഥാടകരുടെ തിക്കും തിരക്കും നോക്കിക്കൊണ്ടു ങ്ങനെ ആ പുണ്യപ്രദേശം ചുററിനടന്നു കാണുമ്പോൾ അവിടെ, പാവനമായ സമാധിമണ്ഡപത്തിന്നു സമീപ ത്തൊരു വിജനമൂലയിലുണ്ടൊരു സ്ത്രീ. അരോഗദൃഢഗാത്രയും ദ്രൗപദിയെപ്പോലെ 'കൃഷ്ണ'യുമായ ഒരു തന്റേടക്കാരത്തി, ഇളം വെയിലത്തു് സ്വന്തം അധരങ്ങളെ മാത്രം അറിയിക്കു മാറു് നാമോച്ചാരണത്തിൽ നിമഗ്നയായി ബ്രഹ്മത്തെ ദൂരത്തു ദർശിച്ചുകൊണ്ടു്, നിശ്ചേഷ്ടയായി, നീലോല്പലനേത്രങ്ങളെ അൎദ്ധനിമീലിതങ്ങളാക്കിക്കൊണ്ടു, നീണ്ടു നിവൎന്നു സുഖാസന ത്തിൽ വൎത്തിക്കുന്നു! അതെന്നെ അത്ഭുതപ്പെടുത്തി! ആൾ ആരെന്നു ഞാൻ അന്വേഷിച്ചു. 'മുതുകുളം പാർവ്വതിഅമ്മ' എന്നറിഞ്ഞു് ഞാൻ കൂടുതൽ ആശ്ചൎയ്യഭരിതനായി, നിസ്സ ങ്കോചം ഞാൻ അടുത്തു ചെന്നു. ആ പേർ എനിക്കു സുപരി ചിതമായിരുന്നതുകൊണ്ടും ആ നാമത്തിന്റെ രൂപത്തെ കണ്ടു തിലുള്ള സന്തോഷാധിക്യംകൊണ്ടും ആ അപരിചിതയെ ക്രമേ ണ പരിചിതയാക്കുവാനുള്ള ആഗ്രഹംകൊണ്ടുമാണു് ഞാനന്നു് ആ ചെയ്യരുതാത്തതു ചെയ്തതു്. എന്റെ വഴികാട്ടി ആ ധ്യാന നിരതയുടെ മുമ്പിലെത്തി എന്റെ പേരുച്ചരിച്ചു കഴിഞ്ഞപ്പോ ഴേക്കും, സാക്ഷാത് ശ്രീ പരമേശ്വരൻ പ്രത്യക്ഷപ്പെട്ടാലത്തെ ആഹ്ലാദ സമാധാനത്തോടുകൂടി— എന്നു ഞാൻ ധരിച്ചു— എണീററുനില്ക്കുകയും കൂപ്പുകൈയ്കളാകുന്ന താമരമൊട്ടുകളോ ടുകൂടി അവരെന്നെ ആദരപൂൎവ്വം അഭിവാദ്യം ചെയ്കയും ചെയ്തു. അവരുടെ ചരിത്രങ്ങളെല്ലാം—എനിക്കറിയേണ്ടവ---അവർ വിസ്തരിച്ചു പറഞ്ഞു. അന്നു് അവൎക്കു നിരാഹാര വ്രതമാ ണെന്നും, അതു കൊല്ലംതോറുമുള്ള പതിവാണെന്നും അവർ എന്നെ അറിയിച്ചു. ഒരു തമോമയ ഗോളത്തിന്നു ചുററും പെട്ടെന്നു് ഒരു പ്രകാശവലയമുണ്ടായാലെന്നപോലെ, ഒരു സാത്വിക തേജസ്സു്, അവൎക്കൊരു പ്രഭാമണ്ഡലം ചാൎത്തി യതായി എനിക്കുതോന്നി. എന്റെ ജോലികഴിഞ്ഞു് പി റേറന്നു പ്രഭാതത്തിൽതന്നെ, മഠാദ്ധ്യക്ഷനായ ശ്രീ ശങ്ക രാനന്ദസ്വാമികളെ നമസ്കരിച്ചു സമ്മതംവാങ്ങി, ഞാൻ തിരി ച്ചുപോന്നു. ശ്രീപാൎവ്വതി ആ ശങ്കരസന്നിധിയിൽ കുറേക്കൂടി താമസിക്കുന്നു എന്നാണു പറഞ്ഞതു്.

അങ്ങനെയാണ് ശ്രീ മുതുകുളം പാർവ്വതി അമ്മയെ നാമത്തിൽക്കൂടി രൂപത്തിലെത്തി കണ്ടറിഞ്ഞതു്. മുമ്പേതന്നെ അവരുടെ ചില കവിതകൾ ഞാൻ വായിച്ചിരുന്നു. ആളെ അറിഞ്ഞപ്പോൾ ആ കൃതികളിൽ ഒരു പ്രത്യേകരസവും, ഇതരകൃതികൾ വായിക്കാനുള്ള തിടുക്കവുമുണ്ടായി. അതിനു ശേഷം, അവർ എഴുതീട്ടുള്ള മിക്കവാറും എല്ലാകവിതകളും ഞാൻ കണ്ടിട്ടുണ്ടായിരിക്കുമെന്നാണെന്റെ വിശ്വാസം. ഒരു സ്നേഹിതയുടെ കൈയ്യേററപ്പാടുകൾ എന്ന ഔത്സുക്യത്തോടുകൂടിയാണ് ഞാനന്നു മുതൽ അവരുടെ കൃതികളെ സമീപിക്കയും സമീക്ഷിക്കയും ചെയ്തിട്ടുള്ളതു്.

യാദൃച്ഛികമെങ്കിലും പരസ്പരം വളരെ ആഹ്ലാദപ്രദമായിരുന്ന ആ പരിചയപ്പെടലിന്നു ശേഷം പലസ്ഥലത്തുവച്ചും ഞങ്ങൾ തമ്മിൽ കണ്ടുമുട്ടുകയും അല്ലാത്തപ്പോൾ അത്യാവശ്യം എഴുത്തുകുത്തുകൾ മൂലം ആ പരിചയത്തിന്റെ നൂലു മുറിയാതെ സൂക്ഷിക്കുകയും ചെയ്തുപോന്നിട്ടുണ്ടു്.

അങ്ങനെയിരിക്കെയാണ്, പാർവ്വതിഅമ്മ ഒന്നാമത്തെ കേരളസാഹിത്യ അക്കാദമിയുടെ അംഗങ്ങളിൽ ഒരാളായി, എന്നോടൊപ്പം നാമനിർദ്ദേശം ചെയ്യപ്പെട്ടതു്. അവിടുത്തെ സഹവർത്തിത്വം, ഞങ്ങൾ തമ്മിലുണ്ടായിരുന്ന സ്നേഹാദരങ്ങളെ വർദ്ധിപ്പിക്കയും, വിലപ്പെടുത്തുകയും ചെയ്തു. അഞ്ചുകൊല്ലത്തിനുശേഷം പുതിയതായി രൂപംകൊണ്ട രണ്ടാമത്തെ അക്കാദമിയിലും—അതാണിന്നു നിലവിലുള്ളതു--അവരെ അംഗമായിക്കണ്ടപ്പോൾ ഞാൻ അത്യന്തം അത്ഭുതപ്പെട്ടു, അധികാരികളുടെ ഉചിതജ്ഞത ഇത്രക്കു വരുമോ എന്നോർത്തു. പക്ഷെ ആ അത്ഭുതത്തിന്റെയും അധികാരികളുടെ ഔചിത്യബോധത്തോടുണ്ടായിരുന്ന ആദരവിന്റെയും ശക്തി നന്നേ കുറഞ്ഞുപോയി, രണ്ടാം അക്കാദമിയുടെ അദ്ധ്യക്ഷസ്ഥാനം അവിചാരിതമായും അനർഹമായും ഈയുള്ളവനിൽ സംക്രമിക്കപ്പെട്ടപ്പോൾ. അതുപോകട്ടെ, ഏതായാലും അതോടുകൂടി ഞങ്ങൾ പരിചിതർ മാത്രമല്ലാതെ പരമമിത്രങ്ങൾ തന്നെ ആയിത്തീർന്നു. ഒന്നു രണ്ടു തവണ അവർ എന്റെ വസതിയിൽ വരികയും എന്റെ എളിയ ആതിഥ്യം സ്വീകരിക്കയും ചെയ്തിട്ടുണ്ടു്.

അങ്ങനെയൊക്കെയുള്ള ഒരു സ്നേഹിതയുടെ--കവയിത്രിയുടെ ഭക്തപ്രാവൃത്തിയുടെ--അക്കാദമി അംഗത്തിൻെറ--ഷഷ്ടിപൂർത്തിയാഘോഷമെന്നും, ഉപഹാരഗ്രന്ഥമെന്നും, അതിലേക്ക് എൻെറയും ഒരു സംഭാവനയെന്നും അറിവുകിട്ടിയപ്പോൾ എന്തെഴുതണം, എങ്ങനെ എഴുതണം എന്നുള്ള സംശയം എനിക്കൊരു വിഷമപ്രശ്നമായിത്തീൎന്നു. എഴുതാഞ്ഞാൽ അവൎക്കെന്തുതോന്നും. എഴുതിയാൽ മററുള്ളവൎക്കെന്തുതോന്നും. എന്തെഴുതിയാലാണ് എനിക്കൊന്നും തോന്നാതിരിക്കുക എന്ന ഒരു തുശ്ശ്ചലക്ഷ്യത്ത് എന്നെ അല്പസമയത്തേക്ക് അസ്വസ്ഥനാക്കി.

അതിന്നു മുമ്പു മരിക്കാഞ്ഞതുകൊണ്ടുമാത്രം ഷഷ്ടിപൂർത്തിയിലെത്തിയവരെത്രയോ ഉണ്ട്. അതിൽ അവരുടെ മിടുക്ക് എന്താണെന്നുണ്ടെങ്കിൽ, അവർ അതിന്നു മുമ്പ് ആത്മഹത്യ ചെയ്തില്ല--ഒരു സമയം ശ്രമിച്ചിരിക്കാമെങ്കിലും-- എന്നതു മാത്രമാകുന്നു. മക്കളും ബന്ധുക്കളുമുണ്ടായാൽ, അവരുടെ ഷഷ്ടിപൂർത്തി അവൎക്കൊരുത്സവവുമായേക്കാം. എന്നാൽ അതിൽ ബഹുജനങ്ങൾക്കു കാൎയ്യവുമില്ല. കൈകാൎയ്യവുമില്ല. മുതുകുളത്തിൻെറ ഷഷ്ടിപൂർത്തി അങ്ങനെയുള്ളതല്ല. അവൎക്കു മക്കളും പ്രബലരായ ബന്ധുക്കളുമില്ല. അവർ മരിക്കാതെ ജീവിക്കയുമല്ല ചെയ്തതു്. ഇടവും വലവും മേലും കീഴും നിറഞ്ഞു കിടന്ന തടസ്സങ്ങളെ ധീരതയോടെ തരണംചെയ്തു നിന്നേടത്തു നിന്നുകൊണ്ടുതന്നെ, സ്വന്തം പ്രയത്നത്താൽ ഉത്സാഹത്താൽ--സഹിഷ്ണുതയാൽ--കീൎത്തിപൂരത്തെ, കേരളമൊട്ടുക്കു പരത്തിയ പരമസാത്വികയായ ഒരു കന്യകാ പ്രകാണ്ഡമാകുന്നു ഇന്നത്തെ ഈ ഷഷ്ടിപൂർത്തിക്കാരി. ഉന്മേഷത്തോടും ഉത്സാഹത്തോടും കൂടി സഹജങ്ങളായ സിദ്ധികളെ വളൎത്തുക; എന്നാൽ ആദ്യമൊക്കെ നിരാശയും നിരവധി പരാജയങ്ങളുംതന്നെ സംഭവിച്ചാലും.

"നഹികല്യാണകൃത് കശ്ചിൽ
ദുൎഗ്ഗതിം താത! ഗച്ഛതി"

എന്ന ഗീതയിലെ മഹാവാക്യമനുസരിച്ച്, പരമമായ വിജയത്തിൻെറ വിശുദ്ധമായ വെൺകൊററക്കുട തലയ്ക്കുമീതേ

എങ്ങനെയെങ്കിലും വന്നുചേരാതിരിക്കയില്ല എന്നു് മുത്തുകുള ത്തിൻെറ ചരിത്രം തെളിയിക്കുന്നു. പ്രസവിച്ചിട്ടില്ലെങ്കിലും അവർ ഇന്നു സ്നേഹോദരമൂർത്തികളായ അനേകായിരം ശിഷ്യ പരമ്പരകളുടെ പ്രിയപ്പെട്ട മാതാവാകുന്നു.

നശ്വരമായ താമസശരീരം ഷഷ്ടിപൂർത്തിയിലേക്കു് എത്തിയാലും അനശ്വരമായ കീർത്തിധാവള്യം അതിനെ ആവ രണം ചെയ്തുകഴിഞ്ഞിരിക്കുന്നു. നാട്ടുകാരാണു് വീട്ടുകാരല്ല തന്നെ ഷഷ്ടിപൂർത്തിയാഘോഷത്തിന്നു കോപ്പുകൂട്ടുന്നതു്. ജാതി മതവർഗ്ഗ വ്യത്യാസം കൂടാതെ രാമചന്ദ്രനും ഹേമചന്ദ്രനും ഹമീദും ദാമോദരനും കുറപ്പും പിള്ളയും ഗംഗാധരൻ തന്നെയും ശ്രീപാർവ്വതിയുടെ ഷഷ്ടിപൂർത്തിയാഘോഷിക്കുവാൻ അഹമഹമികയാ മുമ്പോട്ടു പുറപ്പെട്ടിരിക്കുന്നു. സാത്വികമായ ജീവിതത്താലും, കലാസുന്ദരങ്ങളായ ചിന്തകളാലും ഷഷ്ടി പൂർത്തിയിലും ആരോഗ്യവും ദൃഢഗാത്രത്വവും നിലനിന്നുപോ രുന്ന ഈ ബഹുമാന്യ, അവരുടെ ശതാബ്ധിയാഘോഷിക്ക പ്പെടുന്നതിന്നും അവരുടെ ആരാധകൎക്കു് അവസരം നൽകു മാറാകട്ടെ! എന്നു സംശയം കൂടാതെ ആരും ആശംസിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നതായിരിക്കും. ഈയുള്ളവൻ അവരുടെ മുൻപന്തിയിൽ തന്നെ നില്ക്കുവാൻ ആഗ്രഹിക്കുന്നു.

മുത്തുകുളം പാർവ്വതി അമ്മയുടെ കവിതകളുടെ ഒരു നീണ്ട നിരൂപണമോ വിമർശനമോ ഒന്നും ഈ ഘട്ടത്തിൽ ആവശ്യ മുണ്ടെന്നുതോന്നുന്നില്ല. "ലില്ലി പുഷ്പത്തിൽ ചായംതേച്ചു് മോടിപ്പെടുത്തേണ്ട" ആവശ്യമില്ല. പനിനീർപുഷ്പത്തിൻെറ കടക്കൽ മുള്ളുണ്ടെന്നു പറഞ്ഞു കുററപ്പെടുത്തുന്നതും അനാവ ശ്യമാണു്. എന്നാൽ പഴയ പഠിപ്പിലും രീതിയിലും ആദർശ ത്തിലും വളൎന്നും പ്രവർത്തിച്ചും പോന്നിട്ടുള്ള 'അബല'യായ ഈ കവയിത്രി, ആവശ്യംപോലെ ആ ചട്ടക്കൂട്ടു പൊട്ടിച്ചും പുറത്തു കടന്നു ദൃശ്യപ്രപഞ്ചത്തെയും അദൃശ്യശക്തിക്കൊപ്പം ആസ്വാദി ക്കയും ആവിഷ്കരിക്കയും ചെയ്തിട്ടുള്ളതാകുന്നു. അവരുടെ ഗീതാവിവർത്തനം അവരുടെ ശക്തിസ്വാധീനങ്ങളുടെയും തത്വ ചിന്താ നിപുണതയുടെയും പ്രത്യക്ഷലക്ഷ്യമാകുന്നു. ഖണ്ഡക വിത, ഗദ്യനാടകം, ലഘുനോവൽ, ജീവചരിത്രം, ഉപന്യാസം, കഥാവിവർത്തനം എന്നിങ്ങനെ പലവഴികളിൽ കൂടിയും അവർ സധീരം സഞ്ചരിക്കയും സസുഖം മടങ്ങിയെത്തുകയും ചെയ്തി

ട്ടുണ്ട്. മീര എന്ന ഖണ്ഡകാവ്യത്തിന്റെ അവതാരികയിൽ ശ്രീ. കെ. ആർ. കൃഷ്ണപിള്ള A. B. B. L. എഴുതിയിരിക്കുന്നു. "ദോഷപ്രഖ്യാപനവൈമുഖ്യം മൂലം ആത്മവഞ്ചനയൊന്നും ചെയ്യാതെ അക്കാര്യം സാധിക്കാമെന്നു കണ്ടതിൽ ഏററവും സന്തോഷിക്കുന്നു". പന്ത്രണ്ടുകൊല്ലം മുമ്പു ചെയ്യതാണ് ആ പ്രസ്താവം. അവ്യാജമനോജ്ഞമെന്ന് അദ്ദേഹം തികച്ചും അവിടെ അഭിപ്രായപ്പെട്ടിട്ടുണ്ട്. ശ്രീ മുതുകുളം മഹാകവി കുമാരനാശാന്റെ ഒരു വിനീതശിഷ്യയാണെന്ന് ഉള്ളൂർ കാൽ നൂററാണ്ടിനു മുമ്പുതന്നെ പ്രശംസിച്ചിട്ടുണ്ട്. അവരുടെ കാവ്യതല്ലജങ്ങൾ ആ അഭിപ്രായത്തെ ദൃഢീകരിക്കുന്നുമുണ്ട്. ഒരു വിദ്യാർത്ഥിനിയായിരുന്ന കാലത്തുതന്നെ കവിതയും ലേഖനമെഴുത്തും പ്രസംഗവുമായി സാഹിത്യരംഗത്തു പ്രവേശിച്ച ഒരു ദേവതയാണവർ എന്ന് കൊല്ലം ജി. ശങ്കരപ്പിള്ള പറഞ്ഞിട്ടുള്ളതു് കഴിഞ്ഞകൊല്ലത്തിലാണ്. ദീർഘകാലത്തെ അദ്ധ്യാപനഫലമായി വിദ്യാർത്ഥികളുടെ മനഃശാസ്ത്രം ശരിക്കു മനസ്സിലാക്കീട്ടുള്ള ഒരു അപൂർവവ്യക്തിക്രുടിയാണ് മുതുകുളം പാർവ്വതിഅമ്മ. അവരുടെ പലകൃതികളും പാഠപുസ്തകങ്ങളായി സ്വീകരിച്ചും അവരെ വീണ്ടും വീണ്ടും സാഹിത്യ അക്കാദമിയിലെ അംഗമായി നിശ്ചയിച്ചും, ഇന്നത്തെ ജനകീയസർക്കാരും പാർവ്വതി അമ്മയുടെ യോഗ്യതകളേയും അർഹതകളെയും ആദരിച്ചിട്ടുള്ളതാകുന്നു. "ചൊല്ലേറും കവിതയ്ക്കുമാത്രമിവരാളല്ലെന്നു വന്നീടുമോ" എന്നു പണ്ടു സ്ത്രീകളേക്കുറിച്ചു സംശയിച്ച സുഭദ്രാഹരണനാടകത്തിന്റെ ഗ്രന്ഥകർത്ത്രി ഇന്നുണ്ടായിരുന്നെങ്കിൽ സ്ത്രീകളുടെ കവിതപത്തേക്കുറിച്ച് അത്ഭുതപ്പെടുകയും അവർക്കു വയ്യാത്തതൊന്നുമില്ലെന്നുകണ്ട് ഇന്നത്തെ ഐ. എ. എസ്സുകാരായ സ്ത്രീകളോടൊപ്പം കൈയ്കൊട്ടിക്കളിക്കയും ചെയ്യുമായിരുന്നു.

ലേഡീവിദ്വാൻ ശ്രീമതി മുതുകുളം പാർവ്വതിഅമ്മ അവർകൾക്ക് അവരുടെ ഷഷ്ടിപൂർത്തിയവസരത്തിൽ, സ്നേഹാദരപുരസ്സരം ഞാൻ ദീർഘായുസ്സും പൂർണ്ണാരോഗ്യവും പൂർവാധികം സാഹിത്യപരിശ്രമങ്ങളും ആശംസിച്ചുകൊള്ളുന്നു.

# ഉത്തമ കലോപാസിക

എൻ. ഗോപാലപിള്ള

കേരളീയ വനിതകൾക്കു് ഏതു പ്രവൎത്തനമണ്ഡലത്തിലും പ്രശോഭിക്കാൻ കഴിയുമെന്നു തെളിഞ്ഞുകഴിഞ്ഞിരിക്കയാണു്. സംഗീതത്തിൽ, സാഹിത്യത്തിൽ, അദ്ധ്യാപനകലയിൽ, വൈദ്യശാസ്ത്രത്തിൽ, വാസ്തുവിദ്യയിൽ, അഭിഭാഷകരംഗത്തിൽ, നിയമസഭയിൽ, മന്ത്രിസഭയിൽ എന്നുവേണ്ട എവിടെ നോക്കിയാലും മുന്നണിയിൽ മിന്നുന്ന എത്രയോ മലയാളിമഹിളകളെക്കാണാൻ കഴിയും. വീരപ്രസൂവായ കേരളത്തിനു് ഇതു തികച്ചും അഭിമാനഹേതുകംതന്നെ.

സാഹിത്യമണ്ഡലത്തിൽ പ്രവൎത്തിക്കുന്ന കേരളീയ വിദുഷികളുടെ സംഖ്യ അത്ര പരിമിതമെന്നു പറഞ്ഞുകൂട. എങ്കിലും നിരന്തരവും നിസ്തന്ദ്രവുമായി വാഗ്ദേവതയെ ഉപാസിക്കുന്നവർ വളരെയുണ്ടോ എന്നു സംശയമാണു്. കലാശാലാജീവിതത്തോടുകൂടി കലാശിക്കുകയാണു് പല വനിതകളുടെയും കാവ്യകലാപരിശ്രമം. ചിലർ ഗൃഹസ്ഥാശ്രമപ്രവേശത്തോടുകൂടി സാഹിത്യത്തോടു യാത്രപറഞ്ഞു പിരിയുന്നു. അപൂൎവ്വം ചില സുകൃതിനികൾ അനുസ്യൂതമായി സാഹിതിയെ പൂജിച്ചുപോരുന്നില്ലെന്നില്ല. അങ്ങനെയുള്ള വിദുഷികളിൽ പ്രഥമഗണനീയയാണു് ശ്രീമതി മുതുകുളം പാൎവ്വതിഅമ്മ. കഴിഞ്ഞ മൂന്നു പന്തീരാണ്ടിലധികം കാലമായി അവർ കലാദേവതയെ ഉപാസിച്ചുവരികയാണു്. സാഹിത്യത്തിന്റെ വിവിധ സരണികളിൽ അവർ പ്രവൎത്തിച്ചിട്ടുണ്ടു്. അതിന്റെ ഫലമായി നമുക്കു കൈവന്നിട്ടുള്ള കലാസൃഷ്ടികൾ പ്രശംസനീയങ്ങളുമാണു്. അവയിൽ പലതും മിഡിൽസ്കൂൾക്ലാസ്സുകൾ മുതൽ കാളേജുക്ലാസ്സുകൾവരെ പാഠ്യപുസ്തകങ്ങളായിത്തീൎന്നിട്ടുണ്ടെന്നുള്ളതും പ്രത്യേകം അനുമോദനാൎഹമത്രെ.

മനുഷ്യജീവിതത്തിന്റെ ഒരു ദൎപ്പണമാണു് ശ്രീമതി പാൎവ്വതിഅമ്മയുടെ കവിതാസമുച്ചയമെന്നു് അഭിപ്രായപ്പെ

ടാൻ നാം മടിക്കേണ്ടതില്ല. ശിശുക്കളുടെ കളഭാഷണങ്ങളും യുവജനങ്ങളുടെ വിലാസചേഷ്ടകളും സമരഭൃതങ്ങളുടെ അട്ടഹാസങ്ങളും ലോകാചാൎയ്യന്മാരുടെ ധൎമ്മോപദേശങ്ങളും ഈ കവിതകളിൽ അനുഭവപ്പെടുന്നുണ്ട്.

സുഖസുഷുപ്തിയിൽ ലയിച്ചിരിക്കുന്ന ഒരു ഓമനപ്പൈതലിനോട്ട് ശ്രീമതി പാൎവ്വതിഅമ്മ ചോദിക്കുകയാണ്:

"ഒളിചൂഴും താരകപ്പൂക്കൾ തിങ്ങി-
ത്തെളിവേറും ചന്ദ്രികയോളംതല്ലും
ഉലകുടയോൻെറ പൂവാടിയിലോ
വിലസുന്നു പൈതലെ! നിദ്രയിൽ നീ."

"രാസവിലാസവിലോലം
ഭജതമുരാരേൎമ്മനോരമം രൂപം"

എന്നു ഭട്ടപാദരാൽ വൎണ്ണിതമായ രാസലീല ശ്രീമതി പാൎവ്വതി അമ്മയുടെ കവിതയ്ക്കു വിഷയീഭവിക്കുമ്പോൾ അതിന്ന് അഭിനവമായ ഒരു അഭിരാമത ഉളവാകുന്നുണ്ട്.

കാൺക:

"മുകിൽവൎണ്ണൻമദ്ധ്യേ മുരളിയൂതി നി-
ന്നകന്നു വൃത്തമായ് ചുററും
പികരവമഞ്ജുമൊഴിമാർ ഗോപിമാ-
രകംകുളിൎത്തു കൈയ്കോൎത്തു,
പരമാത്മജ്ഞാനരസം തുളുമ്പുമാ-
മുരളീനാദത്തിനൊത്തു
തരിവളതാളം മുഴക്കവേയോമൽ-
ച്ചെറുചിലങ്ക കിലുങ്ങെ
അടിമുടിയുലഞ്ഞിടയിടെത്തള-
ൎന്നുടലിൽമുത്തുപൊടിഞ്ഞും
കുടിലകുന്തളമഴിഞ്ഞുചിന്നിയും
നടനംമോടീയിലാടി"

പട്ടിണിയും പരിവട്ടവും കവിതയിൽ വരുന്നതിന്ന് ആരും ആരെയും കുററപ്പെടുത്താനില്ല. ഏതു പ്രമേയമാണ് കവി

തയ്യ്ക്ക് വിഷയമായിക്കൂടാത്തതു്? എന്നാൽ ഒന്നുണ്ടു്, കലാസൗഷ്ഠവം കളിയാടിയില്ലെങ്കിൽ എന്തിനെപ്പററി എഴുതിയാലും അതു കവിതയാവുകയില്ല. ദരിദ്രനായ ഒരു തൊഴിലാളിയുടെ കുടുംബജീവിതത്തെപ്പററി പാവ്വതിഅമ്മ ഒരു കവിത രചിച്ചിട്ടുണ്ടു്. സമസ്തകേരളസാഹിത്യപരിഷത്തിൻെറ ഒരു വാഷികസമ്മേളനത്തോടനുബന്ധിച്ചു നടന്ന കവിതാമത്സരത്തിൽ ഒന്നാംസമ്മാനത്തിനു് അർഹമായ സുവർണ്ണമുദ്ര നേടിയതാണു് അക്കവിത. ഹൃദയദ്രവീകരണചണമായ ആ കലാസൃഷ്ടിയെ ശ്ലാഘിക്കാതിരിക്കുക സാദ്ധ്യമല്ല. കൊടിയ ദാരിദ്ര്യത്തിൽ കഴിയുന്ന ഒരു കുടുംബം അത്താഴം കഴിക്കുന്നതിനെ കവയിത്രി വർണ്ണിച്ചിരിക്കുന്നതു ശ്രദ്ധേയമാണു്—;

ഉടഞ്ഞമൺചട്ടിയിലൊന്നിൽവച്ചുതാ കഞ്ഞി
കുടിപ്പൂ മൂന്നുവെറുമസ്ഥിമാത്രരാം ബാലർ
കടുത്തവിശപ്പുണ്ടെന്നാകിലും പാത്രം കിട്ടാ-
നടുത്തുനോക്കിനോക്കിയിരിപ്പൂ ഗൃഹനാഥൻ.
വിളക്കില്ലാഞ്ഞിട്ടഗ്നിയടുപ്പിൽതെളിയിച്ചും
തിളയ്ക്കും കഞ്ഞിമെല്ലെയിളക്കി ചൂടാററിയും
മരുവും കൃശശുഷ്കഗാത്രിയഗ്ഗൃഹേശ്വരി
ചൊരിയും ബാഷ്പമാണന്നുപ്പിനു പകരമായ്.
പരന്നു രുചി കഞ്ഞിക്കേകിയതെന്ന തത്വം
പെരുകുമത്യാത്തിയാലറിഞ്ഞീലാരുമപ്പോഠം.

മുതലാളിമാരെ അസഭ്യം പറയുകയല്ല, പിന്നെയോ തൊഴിലാളികളുടെ ദയാർഹമായ അവസ്ഥയെ ചിത്രീകരിച്ചു് ഹൃദയാലുക്കഠക്കു് മാനസികപരിവത്തനം വരുത്തുകയെന്നുള്ളതാണു് ഒരു ഉത്കൃഷ്ടകലാകൃത്തിൻെറ സാമൂഹ്യസേവനമെന്ന തത്വം ഈ ശ്രീമതി മനസ്സിലാക്കിയിട്ടുള്ളതു് സ്തുത്യർഹംതന്നെ.

ജീവിതത്തിൻെറ മിന്നിത്തെളിഞ്ഞ വശങ്ങഠ മാത്രമല്ല മങ്ങിയിരുണ്ട വശങ്ങളും ചിത്രണം ചെയ്യാൻ ഈ കവയിത്രിക്കു സവിശേഷമായ സാമത്ഥ്യമുണ്ടെന്നു വ്യക്തമാക്കിയിട്ടുണ്ടല്ലൊ. അതിനു മറെറാരുദാഹരണംകൂടി കാണിച്ചുകൊള്ളട്ടെ! കുരി

ശിൽ കിടക്കുന്ന യേശുഭഗവാനെപ്പററിയുള്ള ഒരു കവിതയിൽ നിന്നാണു താഴെ ഉദ്ധരിച്ചിട്ടുള്ള വരികൾ:

"പാരിലെറുമ്പിനുപോലുമുപദ്രവം
ചേരാതെജീവിച്ചൊരാർദ്രമനസ്സനെ
കാരിരുമ്പാണിയടിച്ചു പീഡിപ്പിച്ചു
പാരം പരിക്ഷീണനാക്കിയ ദുഷ്ടരെ!
എന്തുപിഴചെയ്തു നിങ്ങളോടാലോക-
ബന്ധുവാരോടെന്തുചെയ്തപരാധമായ്
അന്ധകാരത്തിലുഴന്നോരവശരാം
താന്തരെ രക്ഷിച്ചതോ പിഴചൊല്ലുവിൻ"

പ്രകൃതിയുടെ ബാഹ്യസൗന്ദര്യത്തിൽ ഭ്രമിച്ചുപോകുന്ന ഒരു സാധാരണ വ്യക്തിയല്ല ഈ കവയിത്രി. ഇക്കാണുന്ന വിശ്വത്തിനു പുറകിൽ സർവ്വനിയാമകമായ ഒരു ശക്തി പ്രവർത്തിക്കുന്നുണ്ടെന്നു് അവർ ദൃഢമായി വിശ്വസിക്കുന്നു. ആ വിശ്വാസത്തെ അവർ പ്രകാശിപ്പിച്ചിരിക്കുന്നതിലും ഒരു പുതുമയുണ്ടു്. നോക്കുക:

"അവികലജ്യോതിസ്സിനുള്ളിലുയരെയായ്
കവിയും സുഷമ വഴിഞ്ഞൊഴുകും
ഭുവനപ്രദീപമാം വാടാമലരൊന്നു
നവമായ് മണംവീശി മിന്നുന്നെന്നും"

ഇങ്ങനെ ഓരോന്നായി ചൂണ്ടിക്കാണിക്കയാണെങ്കിൽ വളരെ പറയേണ്ടിവരും. വിസ്തരഭയത്താൽ അതിനൊരുങ്ങുന്നില്ല. ആദർശ ശുദ്ധിയിലും ആശയസൗഷ്ഠവത്തിലും ആവിഷ്കരണഭംഗിയിലും ഒരുപോലെ നിഷ്കർഷം പുലർത്തുന്ന 'ഒരുത്തമ കലോപാസിക'യാണു് ശ്രീമതി പാർവ്വതിഅമ്മ എന്നു പറഞ്ഞാൽ എല്ലാമായെന്നു തോന്നുന്നു.

(പൂക്കാരിയുടെ അവതാരികയിൽനിന്നും)

ഒരു കാൽശതാബ്ദത്തിൽ കൂടുതൽ നീണ്ടുനില്ക്കുന്ന സുദൃഢമായ സൗഹാർദ്ദബന്ധമുണ്ടു് എനിക്കും മുതുകുളം പാർവ്വതിഅമ്മയ്ക്കും തമ്മിൽ. ആ മഹതിയെ പരിചയപ്പെട്ട കാലംമുതൽ അവരുടെ സാഹിത്യസിദ്ധികളെപ്പററി എനിക്കു ബഹുമാനം തോന്നിയിട്ടുണ്ടു്. നിരർഗ്ഗളനിർഗ്ഗളത്തായ വചോധാരകൊണ്ടു്

ശ്രോതാക്കളെ പുളകംകൊള്ളിക്കുന്ന ആ മഹതിയുടെ പ്രഭാഷണചാതുര്യം എന്നെ ആദ്യമേ ആകർഷിച്ചു. ഈ വചോവിലാസത്തിനു മധുരിമയേററുന്ന കവിതാവിലാസം ആ മഹതിയിൽനിന്നുദയം ചെയ്യുന്നതു കണ്ടപ്പോൾ അവരെപ്പററി എനിക്കുള്ള അഭിമാനം ഒന്നുകൂടി വികസ്വരമായി. കവിത മാത്രമല്ല, മനോഹരമായ ഒരു ഗദ്യശൈലിയും സ്വായത്തമാണ് ആ വിദുഷീരത്നത്തിനെന്നു ബോദ്ധ്യംവന്നപ്പോൾ എൻെറ അഭിമാനവും ആദരവും ഒട്ടൊരു വിസ്മയത്തിൻെറ പ്രകാശം പൂണ്ടു. മലയാളത്തിലും സംസ്കൃതത്തിലും അവക്കുള്ള വിജ്ഞാനം ഹിന്ദിയിലുള്ള വൈദുഷ്യംകൊണ്ട് പരിപോഷിതമാണ് എന്നു വീണ്ടും അറിവുണ്ടായപ്പോൾ എൻെറ അഭിമാനവും അഭിനന്ദനവും ബഹുഗുണം വദ്ധിച്ചു.

ഗദ്യമായും പദ്യമായും കഥയായും നാടകമായും എന്നു വേണ്ട, സാഹിത്യത്തിൻെറ വിവിധ ശാഖകളിൽ നിരന്തരമായി നിസ്തന്ദ്രമായി ആ മഹതി പ്രവത്തിച്ചിട്ടുണ്ട്. അങ്ങനെ കേരളഭാഷയ്ക്ക് അഭിമാനിക്കാവുന്ന സമ്പത്ത് മുതുകുളം പാവ്വതിഅമ്മയിൽനിന്നും സംസിദ്ധമായിട്ടുണ്ടെന്നുള്ളത് അവിതക്ക്യമായ ഒരു വസ്തുതയാണ്.

ഈവിധമെല്ലാം സാഹിത്യസേവനമനുഷ്ഠിച്ചിട്ടുള്ള ഒരു മഹതിയെ കേരളീയ സഹൃദയലോകം സമർഹമാംവിധം സമാദരിച്ചിട്ടുണ്ടോ എന്ന് നാം ഓരോരുത്തരും നമ്മോടുതന്നെ ചോദിക്കേണ്ടതുണ്ട്. കേരളീയർ ആ മഹതിയെ ആദരിക്കുന്നില്ലെന്നില്ല. കേരളസാഹിത്യ അക്കാദമിയുടെ ജനറൽ കൗൺസിലിലെ ഒരു പ്രമുഖാംഗമാണു പാർവ്വതിഅമ്മ. ആ സമിതിയുടെ പല ഉപസമിതികളിലും, എന്നാലും അവർ അർഹിക്കുന്ന വിധത്തിലുള്ള സമർഹണം അവക്കു സിദ്ധമായിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുകയാണ്.

ഒരു സമാധാനമുണ്ട്. ഉചിതജ്ഞതയുള്ള കാലം അവരുടെ ഗുണഗണങ്ങളെയും സേവനങ്ങളെയും ആദരിക്കും. സമാസന്നമാണ് അവരുടെ ഷഷ്ടിപൂത്തി എന്നു ഞാൻ മനസ്സിലാ

ക്കുന്നു. കേരളഭാഷാസാഹിത്യത്തിനു വേണ്ടി നിസ്വാൎത്ഥസേവനമനുഷ്ഠിച്ച ആ മഹതിയെ നാം അകമഴിഞ്ഞു് ആദരിക്കുക. അവരുടെ പുഷ്കലമായ സാഹിത്യസേവനങ്ങൾകൊണ്ടു് ചിരതരം സംഭാവിതയാകട്ടെ ഭാഷാദേവിയെന്നു നാം ആശംസിക്കുക. ആരോഗ്യ സമ്പത്തുകൊണ്ടു് സസൃഷ്ടമായ ദീൎഘായുസ്സ് പാർവ്വതിഅമ്മയെ വിജയത്തിലേക്കു നയിക്കട്ടെ എന്നു് നമുക്കു പരാശക്തിയോടു പ്രാൎത്ഥിക്കാം.

---

# ശ്രീനാരായണ ഭക്ത

സ്വാമി ശ്രീ നാരായണതീർത്ഥർ

ശ്രീമതി പാർവ്വതിയമ്മയെ ഒരു ശ്രീനാരായണ ഭക്തയായി ട്ടാണ് ഞാൻ കാണുന്നതു്. ഗുരുദേവൻെറ അനുഗ്രഹമാണ് ശ്രീ പാർവ്വതിയമ്മയുടെ ഉണർവിനും ഉയർച്ചയ്ക്കും കാരണമെന്ന് ഞാൻ വിശ്വസിക്കുന്നു. ശ്രുതിമധുരമായ ഗാനാലാപം ശ്രവി ക്കുമ്പോൾ ശിശുക്കൾക്കുണ്ടാകാറുള്ളപോലെയുള്ള ഒരാനന്ദാനു ഭൂതിയാണ് ശ്രീനാരായണനാമം കേൾക്കുമ്പോൾ പാർവ്വതിയ മ്മയ്ക്കുള്ളതു്.

"ഭാരതാരാമത്തിലെയാര്യരാം യോഗീന്ദ്രന്മാ-
രാരുമേയാരാധിക്കാൻപോരുന്ന മാഹാത്മ്യത്താൽ
പാരാകെയഭൌമമാമദ്ധ്യാത്മപ്രഭചേർത്ത
പേരെഴും യതീശ്വരനെന്നുടെ ഗുരുദേവൻ.

ഭക്തിയുടെ പാരമ്യതയിൽ പാർവ്വതിയമ്മ പാടിയ ഹൃദയ ഹാരിയായ ഈ പദ്യം അദ്ധ്യാത്മ പ്രതിഭ പരിലസിക്കുന്ന 'ഗുരു ദേവൻ' എന്ന കവിതയിലുള്ളതാണ്.

പാർവ്വതിയമ്മയുടെ ഭക്തിപ്രസരം എങ്ങിനെ ആഞ്ഞടി ക്കുന്നുവെന്നുള്ളതിന് "സമാധിഗീത"ത്തിലെ ഒരുഭാഗം ഉത്ത മോദാഹരണമാണ്.

"ധരണിതന്നിരുൾ നീക്കി-
പ്പരിണത പ്രഭവീശി
പ്പെരുമയിലുജ്ജ്വലിച്ച ദിനനായക!
കരുതുവാനരുതങ്ങുചരമ
സാഗരത്തിൽ പോയ്
മറഞ്ഞതഹോ! പൊലിഞ്ഞൊരാ
ച്ചരിതമിന്നും."

ശ്രീനാരായണ നാമം പാർവ്വതിയമ്മയുടെ നിത്യപ്രാർത്ഥന യാണ്. ഗുരുദേവനിൽ കവിഞ്ഞ ഒരു ദേവനെ പാർവ്വതിയമ്മ കാണുന്നില്ല.

കാരണം,

ഗുരുർബ്രഹ്മഗുരുർവിഷ്ണുഃ
ഗുരുർ ദേവോ മഹേശ്വരഃ
ഗുരുസ്സാക്ഷാത് പരംബ്രഹ്മ
തസ്മൈ ശ്രീഗുരവേനമഃ.

എന്ന ഗുരു ഗീതയിലെ തത്വം പൂർണ്ണമായി ബോദ്ധ്യപ്പെട്ടിരിക്കുന്നതുകൊണ്ടാണ്.

ഗുരുവിനാൽ പ്രതിഷ്ഠിക്കപ്പെട്ട വിദ്യാഭഗവതിയെപ്പററി എഴുതിയിരിക്കുന്ന "കൃതാത്ഥ ഞാൻ" എന്ന കവിതയിൽ,

"വേദവേദാന്തവേദ്യനഖിലബ്രഹ്മാണ്ഡത്തി-
ന്നാധാരഭൂതൻ പരമേഷ്ഠിതന്നാരാമത്തിൽ
ഏതു നേരവും ഗീതമാധുരി വർഷിച്ചീടും
നാദരൂപിണി! വിദ്യാദേവതേ! നമസ്കാരം."

എന്നു പാർവ്വതിയമ്മ പാടിയിരിക്കുന്നതു് തൻെറ ആത്മജ്ഞാനദീപത്തിൻെറ പൊലിയാത്തിരിയായിത്തിളങ്ങുന്നു.

പാർവ്വതിയമ്മയുടെ കവിതാരീതിയെപ്പററി പറയുകയാണെങ്കിൽ മററാക്കുമില്ലാത്ത സ്വച്ഛമായ ഒരു കവിതാ സരണി പാർവ്വതിയമ്മയ്ക്കുണ്ടു്. വിഷയങ്ങളുടെ പ്രതിപാദന വേളയിൽ വിടവടയ്ക്കുവാൻ വൃഥാ പദങ്ങൾ പ്രയോഗിക്കുന്ന സമ്പ്രദായം തീരെ പാർവ്വതിയമ്മയ്ക്കില്ല. "ജീവിതഗീതം'' എന്ന കവിതയിൽ,

"ജീവിതമാകും മഹാവാഹിനിയേതജ്ഞേയ-
സൗവർണ്ണഗിരിയിൽനിന്നുത്ഭവിച്ചീടുന്നെന്നോ
തീവ്രവേഗത്തിൽ പാഞ്ഞുകുതിച്ചേതനാദ്യന്ത
നിർവ്വാണ സമുദ്രത്തിൽവിലയമാളുന്നെന്നോ.''

എന്നു കവയിത്രി ഉൽപ്രേക്ഷിക്കുന്നതിൽ നിന്നും ആദ്ധ്യാത്മിക ജ്ഞാനപാരാവാരത്തെ മഥനം ചെയ്തെടുത്ത കഥാമൃതം തന്നെയാണ് ജീവിത ഗീതമെന്നു് തോന്നിപ്പോകുന്നു.

കൂടാതെ അവരുടെ തന്നെ തത്വഗീതയിൽ,

"ക്ഷണിക ജീവിതമൊരുചലൽചിത്രം
മനുജരോ വെറും നിഴലുകൾ
അണിയറപൊങ്ങിഝടുതി വീഴുമ്പോൾ
കനകദീപവും പൊലിയുമേ "

എന്നു പാടിയിരിക്കുന്നതിൽനിന്നും പ്രപഞ്ച രഹസ്യം തപ്പിപ്പുറക്കിയെടുത്തു നിരത്തി വയ്ക്കുവാൻ ആശാനെപ്പോലെയുള്ള ഒരു കഴിവ് പാർവ്വതിയമ്മയ്ക്കുമുണ്ടെന്നുള്ളതു് വ്യക്തമാണു്.

ഇപ്രകാരം വാസനയും പ്രതിഭയും ചേർന്ന കവയിത്രിയുടെ സാഹിത്യ സേവനം സ്തുത്യർഹമാണു്.

"ആ വിളി" എന്ന കവിതയിൽ പാർവ്വതിയമ്മ പറയുന്നു

"പ്രാണാധികപ്രിയമാന്ന സഹജരോ
പ്രാണമിത്രങ്ങളോ താതമാതാക്കളോ
കാണുകില്ലപ്പോളൊരുമിച്ചു വന്നിടാൻ
കാണിയും വൈകാതെപോകുന്നുമേവരും"

വിധിയുടെ അപ്രതിരോദ്ധ്യമായ ശാസനയുടെ മുമ്പിൽ നിസ്സഹായരായ ജീവികളെ കവയിത്രി എത്ര അനാതത്ഥമായും തന്മയത്വമായും ചിത്രീകരിച്ചിരിക്കുന്നു.

ഗുരുദേവൻ ശിവഗിരിയിൽ വിശ്രമിക്കുന്ന വേളയിൽ പാർവ്വതിയമ്മ കൂടക്കൂടെ സ്വാമിദർശനത്തിനു് വരാറുണ്ടായിരുന്നു. ഒരു ശ്രീനാരായണ ജയന്തിക്കു പാർവ്വതിയമ്മ കിളിപ്പാട്ടുരീതിയിൽ എഴുതിയ ഒരു മംഗളപത്രം ഗുരുദേവനു സമപ്പിച്ചു കവിതവായിച്ചു കേട്ട ഗുരുദേവൻ സന്തുഷ്ടനായി എഴുത്തച്ഛന്റെ കാലത്തിനുശേഷം ഇത്ര അനർഗ്ഗളമായി നിർഗ്ഗളിക്കുന്ന കിളിപ്പാട്ടു അപൂർവ്വമായിട്ടേ കേട്ടിട്ടുള്ളൂ എന്നു കല്പിച്ചു അന്നു വിലയേറിയ ഒരു പട്ടു ഗുരുദേവൻ പാർവ്വതിയമ്മയ്ക്കു നൽകി ഇങ്ങനെ ഗുരുദേവനാൽ അനുഗൃഹീതയാണു് ശ്രീ പാർവ്വതിയമ്മ. കിളിപ്പാട്ടുരീതിയിൽ പാർവ്വതിയമ്മ എഴുതുന്ന കവിതകളുടെ സാരള്യം ഒന്നു വേറെ തന്നെയാണു് ഇതിനു ഭഗവൽഗീത

യുടെ തൎജ്ജിമ സാക്ഷ്യം വഹിക്കുന്നു. അൎത്ഥത്തിനു യാതൊരനൎത്ഥവും പററാതെ പാൎവ്വതിയമ്മ കിളിപ്പാട്ടുരീതിയിലെഴുതിയ ഭഗവൽഗീതാതൎജ്ജിമ ഒരു അനശ്വരസമ്പത്താണു്. അതിലെ ഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചു് ആശംസ നീട്ടണമെന്നു വിചാരിക്കുന്നില്ല.

ശിവഗിരിയിൽ ഗുരുദേവനെ സന്ദർശിക്കുന്നതിനു വരുന്ന വേളയിൽ ഒരിക്കൽ—അന്നു ബാല്യകാലം കഴിഞ്ഞിരുന്ന പാൎവ്വതിയമ്മ ഗുരുദേവനോടു് അഭ്യൎത്ഥിക്കുകയാണു് സ്ത്രീകൾക്കു് ഒരു സന്യാസാശ്രമം (മഹിളാശ്രമം) വേണമെന്നു്.

ഗുരുദേവൻ; "എന്താ സന്യാസാശ്രമമോ കൊള്ളാമല്ലോ! പ്രവൎത്തിക്കണം എന്നു കല്പിച്ചു.

ഷഷ്ട്യബ്ദപൂൎത്തി കഴിഞ്ഞിരിക്കുന്ന ഈ വേളയിൽ ഇനി പാൎവ്വതിയമ്മ ചെയ്യേണ്ടതു് ഗുരുദേവനോടു് അന്നു് അഭ്യൎത്ഥിച്ച മഹിളാശ്രമപ്രവൎത്തനത്തിനു് തുനിഞ്ഞിറങ്ങണമെന്നുള്ളതാണു്.

അതിനു സമയമായി—കാലമായി "കൊള്ളാമല്ലോ പ്രവൎത്തിക്കണം'' എന്നുള്ള ഗുരുവചനം ഇന്നും അവശേഷിക്കുന്നു. പാൎവ്വതിയമ്മയുടെ ഇനിയുള്ള പ്രവൎത്തനം അതായിരിക്കട്ടെ. കേരളത്തിലും വെളിയിലുമുള്ള മഹതികൾ ഈ മഹിളാശ്രമസ്ഥാപനത്തിനു് അകമഴിഞ്ഞുസഹായിക്കും; അതു വിജയിക്കും. മാതൃകാപരമായ ഒരു മഹാസ്ഥാപനമായി അതു പരിലസിക്കും. ഗുരുദേവന്റെ അനുഗ്രഹാശിസ്സുകൾ ലഭിച്ച പ്രസ്തുത മഹിളാശ്രമം കേരളീയ മഹിളകളുടെ ഒരു ശാന്തിനികേതനമായി കലാശിക്കും. ഇനിയുള്ള പാൎവ്വതിഅമ്മയുടെ ജീവിതം അതിനായിരിക്കട്ടെ എന്നുള്ള ഒരാഹ്വാനംകൂടി ഈ അവസരത്തിൽ ചെയ്യുന്നു.

അനുഗൃഹീതയും അനഹങ്കാരിയുമായ ഒരു വിദുഷി, സകലവിധത്തിലും അനുകരണീയവും അനാഡംബരവുമായ പ്രശാന്ത ജീവിതം നയിക്കുന്ന ഒരു മാതൃകാദ്ധ്യാപിക, സാഹിത്യാദിസരസ കലകളാലനുഗ്രഹിക്കപ്പെട്ട ഒരു പ്രശസ്ത കവയിത്രി,

കൈരളീ ദേവിയുടെ സംസ്കാര സമ്പന്നയായ ഓമനപ്പുത്രി, സാഹിത്യ പരിഷത്തിലെയും കേരളസാഹിത്യ അക്കാദമിയിലെയും ഒരു സജീവാംഗം, സർവ്വോപരി പരിശുദ്ധ ബ്രഹ്മചാരിണിയായ ഒരു ശ്രീനാരായണ ഭക്ത എന്നീ നിലകളിൽ വിജയശ്രീലാളിതയായ ശ്രീ പാർവ്വതിയമ്മ അനന്യത്ഥനാമാവാണ്.

പാർവ്വതിയമ്മയുടെ സർവ്വതോമുഖമായ സേവനം നീണ്ടാൾ തുടരുവാൻ ആയുസ്സും ആരോഗ്യവും ആശംസിച്ചു കൊള്ളുന്നു.

---

# കല്യാണം! മംഗളം! ശുഭം!!!

സിസ്റ്റർ, മേരീബനീഞ്ജാ സി. ഡി.

അല്ലേ സോദരി പാർവ്വതിയമ്മേ,
കൊള്ളാം, ഷഷ്ടിയിലെത്തിച്ചേർന്നോ?
ഭവികാശംസകൾ പൂമഴപോലെ
കവിതയിലാക്കിയയച്ചീടുന്നേൻ.

മഞ്ജുളബകുളപ്പൂക്കളുമുണ്ടിഹ
മഞ്ജരിവേണോ മാല്യംവേണോ?
എല്ലാം തരുവേനിംഗിതമാരാ-
ഞ്ഞതല്ലോ നിമിഷം പോക്കുന്നതു ഞാൻ.

ഒരുകാലത്തു സതീർത്ഥ്യകളായി-
ച്ചിരകാലത്തേയ്ക്കുള്ളൊരു ബന്ധം
സ്ഥാപിച്ചവരാണല്ലോ നാം സഖി,
വേർപെട്ടാലും വേർപെടുകില്ല.

അന്നുപിരിഞ്ഞിട്ടിന്നോളം നാം
തമ്മിൽക്കണ്ടിട്ടില്ലെന്നാലും
വിദ്യാലയജീവിതകാലത്തേ
ഹൃദ്യാനന്ദദപൂർവ്വസ്മരണകൾ

എത്ര മനോഹരകവിതകളെഴുതാൻ
മെത്തും കൗതുകമരുളീടുന്നു.
ഇന്നും നാമൊരു സുന്ദരസരണിയി-
ലൊന്നിച്ചല്ലോയാത്ര; ചിലപ്പോൾ

തമ്മിൽ തമ്മിൽ ശബ്ദം കേൾക്കാം
തമ്മിൽക്കാണാനല്പ തടസ്സം.
പാവനമായൊരു യവനികയത്രേ
ഈവിധമെന്നെ മറച്ചീടുന്നു.

ഞാനിതിനുള്ളിലിരിക്കുകമൂലം
വാനവരോടും സംസ്സാരിക്കാം
കാററും കടലും ക്ഷോഭിച്ചാലൊരു
ചെററുമെനിക്കു പരിഭ്രമമില്ല.

ആഗമമൊന്നു പഠിച്ചാലറിയാം
ത്യാഗംതന്നേ നേട്ടംസുദൃഢം.
കൊട്ടും ഘോഷവുമുണ്ടായില്ല
ഷഷ്ടിയെനിക്കും സ്വാഭാവികമായ്

വന്നുകടന്നഥപോയീ, പുറമേ
നിന്നുവിളിച്ച സുഹൃത്തുക്കളെയും
കണ്ടില്ലവരുടെയാശംസകൾ ഞാൻ
കണ്ടൂ പലപല പത്രങ്ങളിലായ്.

സംഗതിയൊന്നും പക്ഷേ സോദരി,
നിങ്ങളറിഞ്ഞില്ലെന്നൊരു ശങ്ക
ഷഷ്ടിമഹോത്സവമാഘോഷിക്കും
പ്രേഷ്ഠ സുഹൃത്തേ പാർവ്വതിയമ്മേ,

മുത്തുകുളമതിലെത്താമരയായി-
ട്ടതിനേനല്ലൊരു പൊയ്കയുമാക്കി
ശോഭിച്ചീടുക ദീർഘായുസ്സോടു
സേവിച്ചീടുക കൈരളിയേയും!

# പരിണതപ്രജ്ഞ

കെ. ദാമോദരൻ ബി. ഏ.

ശ്രീമതി മുതുകുളം പാർവ്വതിഅമ്മയുടെ ഷഷ്ടിപൂർത്തി ഉപഹാരഗ്രന്ഥത്തിലേക്കു എന്റെ ഒരു ലേഖനം ആവശ്യപ്പെട്ടപ്പോൾ, മയ്യനാട്ടു ഇക്കാവമ്മ, മണ്ണാന്തറ പാർവ്വതിഅമ്മ, എം. കെ. കുഞ്ഞുംബെ തുടങ്ങിയ പണ്ടത്തെ ചില ഈഴവ കവയിത്രിമാരുടെ കഥകളാണു് എന്റെ ഓർമ്മയിൽ പെട്ടെന്നു് ഓടിയെത്തിയതു്. ഭാമ സമരംചെയ്തു, സുഭദ്ര തേർതെളിച്ചു, വിക്ടോറിയാ രാജ്യം ഭരിച്ചു, ഈ പരിതഃസ്ഥിതികളിൽ 'ചൊല്ലേറുംകവിതയ്ക്കുമാത്ര മിവർ' (സ്ത്രീകൾ) ആളല്ലെന്നു വന്നീടുമോ? എന്നതോട്ടയ്ക്കാട്ടു് ഇക്കാവമ്മയുടെ വെല്ലുവിളിക്കാലംമുതൽ മലയാളത്തിലെ കവയിത്രികളുടെ കവിതകളും, കഥകളും ഞാൻ സൂക്ഷിച്ചു പഠിച്ചിട്ടുണ്ടു്. അവർ ആളാവുമെന്ന നിഗമനത്തിലും സംശയരഹിതമായി ഞാൻ എത്തിയിട്ടുമുണ്ടു്.

'ബാലമനോരമ' 'ബൃഹത്മനോരമ' മുതലായ, പണ്ഡിതകേസരികളെപ്പോലും അത്ഭുതസ്തിമിതരാക്കിയ കൃതികളുടെ കർത്ത്രിയായ മനോരമത്തമ്പുരാട്ടി, ആ തമ്പുരാട്ടിക്കും മുമ്പു് ജീവിച്ചിരുന്നു് 'ചന്ദനത്തണലൂടെ മന്ദമാരുതമേററു ഇന്ദിശ പാടിവരും സുന്ദരക്കിളിപ്പെണ്ണി'നെക്കൊണ്ടു മാരൻ പാട്ടുപാടിച്ച ഇളയിടത്തു തമ്പുരാട്ടി മുതൽ ഇങ്ങോട്ടുള്ള കേരളവിദുഷികളുടേയും കവയിത്രികളുടേയും പരമ്പരയിൽ മുതുകുളം പാർവ്വതിഅമ്മയ്ക്കു കഴിഞ്ഞ നാല്പതു നാല്പത്തിയഞ്ചു കൊല്ലങ്ങൾക്കിടയിൽ ഉന്നതമായ ഒരു സ്ഥാനം സിദ്ധിച്ചിട്ടുണ്ടെന്ന കാര്യത്തിലും എനിക്കു സന്ദേഹമില്ല. ഏതാണ്ടു നാല്പത്തിയഞ്ചുകൊല്ലം മുമ്പു് പാർവ്വതിഅമ്മ ഒരു ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥിനിയായി കൊല്ലത്തു താമസിച്ചിരുന്നു. വിശാലമായ ഫാലദേശവും, ധാരാളം മുടിയും, 'ഏഴഴ'കുള്ള ശ്യാമളവർണ്ണവും ഇളകിക്കൊണ്ടിരിക്കുന്ന നീണ്ട നയനങ്ങളുമായി ഒരു 'കുമാരി' മുതുകുളത്തുകാരിയായി കൊല്ലം ഇംഗ്ലീഷ് ഹൈസ്കൂളിനു തൊട്ടടുത്തുള്ള മലയാളം ഹൈസ്കൂളിൽ പഠിക്കുന്നുണ്ടെ

ന്ന കഥ ഞാനറിയുന്നതു് ആ കുമാരിയുടെ ഉത്തമസഖിയും സതീ ത്ഥ്യയും, എൻെറ നാട്ടുകാരിയും, എൻെറ ഒരകന്ന ബന്ധുവും, ഇപ്പോൾ ഒരു പെൻഷൻഡ് ഉദ്യോഗസ്ഥയുമായ ഒരു ശ്രീ. ലക്ഷ്മിയിൽ നിന്നാണു്. അഷ്ടമുടിക്കായലിൻെറ തീരത്തു്, കവി ഹൃദയത്തെ പരമാവധി ഉത്തേജിപ്പിക്കാൻ പര്യാപ്തമായ പരിതഃ സ്ഥിതികളുടെ മദ്ധ്യത്തിൽ, തേവള്ളിയിൽ സ്ഥിതിചെയ്തിരുന്ന ഒരു മേടയിലായിരുന്നു അന്നു് ഈ പാർവ്വതിലക്ഷ്മിമാർ താമസിച്ചിരുന്നതു്. അവിടെവച്ചാണു് പിൽക്കാലത്തു് ഒരു കവയിത്രിയെന്നും, 'ഗദ്യകാരി'യെന്നും, പ്രഭാഷിണി എന്നും മററുമുള്ള നിലകളിൽ സമുന്നതമായ സ്ഥാനം സമാർജ്ജിച്ച പാർവ്വതിഅമ്മയുമായി ഞാൻ ആദ്യം പരിചയപ്പെടുന്നതു്.

അന്നുമുതൽ പാർവ്വതിഅമ്മയുടെ കവിതകൾ ഞാൻ സശ്രദ്ധം വായിച്ചിട്ടുണ്ടു്. മദ്ധ്യാഹ്നഭാസ്കരനെപ്പോലെ ജാജ്ജ്വല്യമാനമായ തേജസ്സോടുകൂടി സാഹിത്യനഭസ്സിൽ കുമാരനാശാൻ ഉയന്നു പൊങ്ങിയ കാലവുമായിരുന്നു അതു്. ആ ഗരുഡൻപക്ഷി വിശാലമായ ചിറകുകൾ വിടർത്തി വിഹായസ്സിൻെറ സാർവ്വഭൗമനായി വിഹരിച്ചു് കവികപോതങ്ങളെയെല്ലാം വിഭ്രമിപ്പിക്കുന്ന അക്കാലത്തും, ഈ കപോതികയ്ക്കു് ആ ചിറകുകൾക്കടിയിൽ അഭയം നൽകിയിരുന്നു എന്നു് എനിക്കു് നിശ്ചയമുണ്ടു്. മറേറതൊരു കവിയെക്കാളും കുമാരനാശാനാണു് പാർവ്വതിഅമ്മയ്ക്കു് ഇന്നത്തെ 'കവി രൂപം' നൽകിയതെന്നും ഞാൻ വിശ്വസിക്കുന്നു. കവിതയെ സംബന്ധിച്ചിടത്തോളം പാർവ്വതിഅമ്മ ആശാൻെറ വത്സല പുത്രിതന്നെയാണു്.

ആശാൻെറ കാലശേഷം ഈഴവരുടെ ഇടയിൽ ആരുണ്ടായിട്ടുണ്ടു് ഒരു യഥാർത്ഥ കവി? സി. പി. കേശവൻ വൈദ്യൻ, പേരൂർ എസ്സ്. മാധവൻ, കെ. കെ. രാഘവപ്പണിക്കർ മുതലായി, കവിതാങ്കുരങ്ങൾ സ്ഫുടിപ്പിച്ച ചിലരെല്ലാം ഉണ്ടായി. എങ്കിലും ആ അങ്കുരങ്ങളെല്ലാംതന്നെ, 'എന്തൊരു മായാവ്യവസ്ഥയാലോ' ഉതിർന്നുപോവുകയാണുണ്ടായതു്, എന്നാണു് എനിക്കുതോന്നുന്നതു്. എന്നാൽ ഈ കവിയശഃപ്രാർത്ഥികളെ അതിജീവിച്ചു്, പ്രതിഭാവിലാസത്തിനു കോട്ടംവരുത്താതെ, രണ്ടുപേർ

ഈഴവസമുദായത്തിൽ ഇന്നു വിജയംചെയ്യുന്നുണ്ടെന്നു ഞാൻ അഭിമാനിക്കുന്നു. ഒന്നു് എം. പി. അപ്പനും, മറേറത്തു പാവ്ർതി അമ്മയും. കൃതഘ്നമായ ഒരു സമുദായം ഒരു പ്രോത്സാഹനാഹസ്തവും അവക്കു നീട്ടുന്നില്ലെന്ന പരാതിയേ എനിക്കുള്ളൂ. ഈ സന്ദർഭത്തിൽ 'മേരികോറല്ലി' എന്ന വിഖ്യാതയായ ഗ്രന്ഥകർത്ത്രിയുടെ 'ഡലീഷിയം' എന്ന കഥയും "സോമർ സെററ്മോ"വിൻെറ 'കേക്ക്സ് അൻഡ് എയിൽ' എന്ന കഥയും ഞാൻ ഓമ്മിച്ചുപോകുന്നു. എത്ര വലിയ കവയിത്രിയോ, കാഥികയോ ആയിരുന്നാലും അവരെ വണ്ണിക്കാനും, പ്രോത്സാഹിപ്പിക്കാനും പുരുഷലോകം സന്നദ്ധമല്ലെന്ന വസ്തുത സമർത്ഥിക്കുകയാണു മേരികോറല്ലി ഡലീഷിയായിൽ ചെയ്തിരിക്കുന്നതു്. മുതുകുളം പാവ്ർതി അമ്മ ഒരു പുരുഷനായിരുന്നെങ്കിൽ അവരുടെ യശശ്ചന്ദ്രൻ ഒരു ധൂമികയിൽക്കൂടിയല്ലാതെ ഇന്നു ശോഭിക്കുമായിരുന്നു.

ഭക്തിപരവശമായ ഒരു അനുചരവൃന്ദം ഉണ്ടായിരിക്കണമെന്നും നോവലെഴുത്തുകാരേയും കവികളേയും എപ്പോഴും സാഹിത്യനഭോമണ്ഡലത്തിലെ ഉജ്ജ്വലതാരങ്ങളായി അവരെക്കൊണ്ടു പ്രശംസിപ്പിക്കണമെന്നും, അല്ലാതെ ഒരു സാഹിത്യകാരനും യശസ്സും, അത്ഥവും ലഭിക്കുന്നതല്ലെന്നുമാണു് സോമർ സെററ്മോം അദ്ദേഹത്തിൻെറ കൃതിയിൽ സ്ഥാപിക്കുന്നതു്.

ഗദ്യവും പദ്യവും ഒന്നുപോലെ വശഗതമായിട്ടുള്ള ഒരു വിദുഷിയാണു പാവ്ർതിഅമ്മ. മഹാകവി മിൽട്ടൻ പറയുംപോലെ, "യശസ്സുണ്ടാകണമെന്ന അത്യാഗ്രഹം, ഉൽകൃഷ്ടമനസ്സുകളുടെ ഏററവും കീഴ്പ്പടിയിലുള്ള ദുർബലതയാണെങ്കിൽ, ഉല്ക്കർഷേച്ഛ, പ്രഥമസ്ഥാനത്തിനർഹമായ ദുർബലതയാണെന്നു നിസ്തക്കമാകുന്നു", എന്നു്, ആവ്ബറിപ്രഭു വളരെ പ്രസിദ്ധമായ അദ്ദേഹത്തിൻെറ ഒരു ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഉൽക്കർഷേച്ഛ ഒരു ദുർബലതയാണെങ്കിൽ, ആ ദുർബലതകൊണ്ടു പാവ്ർതിഅമ്മ സവിശേഷം അനുഗൃഹീതയാണു്. ഒൻപതാംക്ലാസു ജയിച്ചു, വിദ്വാൻ പരീക്ഷ ജയിച്ചു, സംസ്കൃതവും ഹിന്ദിയും ഇംഗ്ലീഷും സ്വയം ശിക്ഷണംകൊണ്ടു വശഗമാക്കി, ഹിന്ദിയിലും, ഇംഗ്ലീഷിലും സംസ്കൃതത്തിൽനിന്നും ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തി,

സ്വന്തമായി കവിതകളെഴുതി സകലരേയും വിസ്മയിപ്പിച്ചു. ഹൈസ്കൂളിലും, കാളേജിലും, വിദ്വാൻ പരീക്ഷയ്ക്കും, സാഹിത്യവിശാരദ പരീക്ഷയ്ക്കുമൊക്കെ പാർവ്വതിഅമ്മയുടെ കൃതികൾ പാഠപുസ്തകങ്ങളായി. ഇതെല്ലാം അവക്ക് സാഹിത്യലോകത്തു ലഭിച്ചിട്ടുള്ള അംഗീകാരത്തിനു നിദൎശനമാണു്. ഒരു 'കുഗ്രാമ ജന്തു' ഈ സാമൎത്ഥ്യമൊക്കെക്കാണിച്ചു, കുമാരനാശാൻതന്നെ ഭയപ്പെട്ടു് കൈവച്ച 'പൌരസ്ത്യദീപം' പൂൎത്തിയാക്കാൻ സന്നദ്ധയായതിൽ 'അത്ഭുതാനന്ദപീയൂഷം ചൊരിയാനല്ലാതെ എന്നെപ്പോലുള്ളവൎക്കു മറെറന്തുചെയ്യാൻ കഴിയും? പാർവ്വതിഅമ്മയുടെ പാഠപുസ്തകങ്ങൾ ഭാവിതലമുറകളുടെ സംസ്കാരനിശ്രേണിയിൽ മണിവിളക്കുകളായി ശോഭിക്കാതിരിക്കയില്ല. എന്റെ സമുദായത്തിൽ ഇങ്ങനെ ഒരു സഹോദരി ഉണ്ടായതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

പാർവ്വതിഅമ്മയ്ക്കു അറുപതു വയസ്സു തികയുന്നേയുള്ളു. ഇപ്പോഴെങ്കിലും, ചിലരെങ്കിലും അവരുടെ യഥാൎത്ഥയോഗ്യത പരസ്യമായ ഒരാഘോഷംകൊണ്ടു് അംഗീകരിക്കാൻ മുന്നോട്ടു വന്നതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു. 'പരിണതപ്രജ്ഞ'യായ ആ മഹതിക്കു ഇനി ശേഷിക്കുന്ന അറുപതുകൊല്ലത്തിനിടയിൽ, വിശ്വസാഹിത്യത്തിൽ ശാശ്വതപ്രതിഷ്ഠ നേടാൻ കഴിവുണ്ടാവട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

---

# ഗാന്ധിജിയുടെ ഉത്തമശിഷ്യ

അമ്പാടി, കാർത്ത്യായനിഅമ്മ.

കേരളത്തിലെ ഒരു പ്രശസ്ത കവയിത്രി എന്ന നിലയിൽ ശ്രീമതി മുതുകുളം പാർവ്വതിഅമ്മയെപ്പററി ഞാൻ വളരെനാഠം മുമ്പുമുതൽ കേട്ടിട്ടുണ്ട്. പ്രസിദ്ധീകൃതങ്ങളായ അവരുടെ കവിതകഠം പലതും വായിച്ചിട്ടുമുണ്ട്. എന്നാൽ ഈ മഹതിയെക്കണ്ടു പരിചയപ്പെടുവാനുള്ള ഭാഗ്യം സിദ്ധിച്ചതു് അവർ കേരളസാഹിത്യഅക്കാദമിയിൽ അംഗമായിത്തീൎന്നതിനുശേഷമാണ്. ശ്രീമതി പാർവ്വതിഅമ്മയുടെ പ്രശാന്തവും പ്രസന്നവുമായ വദനത്തിൽ വാൎദ്ധക്യലക്ഷണങ്ങളൊന്നും കാണാനില്ലാത്തതിനാലായിരിക്കാം അവരുടെ ഷഷ്ട്യബ്ദപൂർത്തിയെക്കുറിച്ചുള്ള സ്മരണ മനസ്സിൽ തങ്ങി നില്ക്കാതിരുന്നതു്.

ശ്രീമതി പാർവ്വതിഅമ്മ ഒരു മാതൃകാദ്ധ്യാപികയായിരുന്നു. അനേകസഹസ്രം ശിഷ്യഗണങ്ങളുടേയും സഹപ്രവർത്തകരുടേയും ആരാധനാപാത്രമായ ഒരു ഭാഷാദ്ധ്യാപിക. 'ഒരദ്ധ്യാപകൻ എന്നും ഒരു വിദ്യാർത്ഥിയായിരിക്കണെ'മെന്നുള്ള അഭിയുക്തവചനം അവർ അക്ഷരംപ്രതി അന്വർത്ഥമാക്കിയിരുന്നു. സിലബസ്സിന്റെയും പാഠപുസ്തകങ്ങളുടെയും പരിമിത വൃത്തത്തിൽമാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു് അവശേഷിക്കുന്ന സമയം താൽക്കാലികങ്ങളായ ദൈനംദിന കൃത്യങ്ങഠംക്കു വിനിയോഗിക്കുന്ന ബഹുഭൂരിപക്ഷം അദ്ധ്യാപകരിൽനിന്നു് തുലോം വ്യത്യസ്തയായിരുന്നു ശ്രീമതി പാർവ്വതിഅമ്മ. നിത്യവൃത്തിക്കുവേണ്ടി ഏതെങ്കിലും ഒരു തൊഴിൽ സ്വീകരിക്കുകയും അതിൽ പ്രഥമശ്രദ്ധ ചെലുത്തുകയും ചെയ്യുന്നതു് സ്വാഭാവികമാണ്. എന്നാൽ മനുഷ്യജന്മത്തിനു് ഒരു പൂർണ്ണത—സാഫല്യം—കൈവരണമെങ്കിൽ ജീവിതത്തെ നാനാമുഖമായി സ്പർശിക്കുന്ന മററു പല സാംസ്കാരികരംഗങ്ങളിലും പ്രവേശിച്ചു് അനുഭവജ്ഞാനം നേടേണ്ടതു് അത്യന്താപേക്ഷിതമാണ്. ശ്രീമതി പാർവ്വതിഅമ്മ സമർത്ഥമായ അദ്ധ്യാപനം നടത്തിയിരുന്ന കാലത്തുതന്നെ അതോടൊപ്പം സദ്ഗ്രന്ഥപാരായണം

കൊണ്ടും സാമൂഹ്യസേവനങ്ങൾകൊണ്ടും സാഹിത്യപരിശ്രമങ്ങൾ മുഖേനയും അവരുടെ വിജ്ഞാനത്തിന്റെ ആഴവും പരപ്പും വർദ്ധിപ്പിച്ചുകൊണ്ടുമിരുന്നു. അതു നിമിത്തം പ്രകൃത്യാ ബുദ്ധിമതിയും ശീലവതിയുമായ അവരുടെ സ്വഭാവത്തിന് ദൃഢതയും പരിശുദ്ധിയും ലബ്ധമായി.

സദ്വിഷയങ്ങളെപ്പററി സംഭാഷണം നടത്തുകയും ഉത്കൃഷ്ടവികാരോദ്ദീപകങ്ങളായ കവിതകൾ രചിക്കുകയും ചെയ്യുന്നതിൽ പ്രത്യേകം ഔത്സുക്യമുള്ള ഒരു വ്യക്തിയാണു ശ്രീമതി പാർവ്വതിഅമ്മ. സ്വന്തം പ്രഭാഷണങ്ങളിലും കവിതകളിലും ഗ്രന്ഥങ്ങളിലും ആവിഷ്കരിക്കുന്ന ആശയങ്ങൾക്ക് അനുസൃതമായി നിയന്ത്രിക്കപ്പെട്ടതാണ് സത്വഗുണപ്രധാനമായ അവരുടെ ജീവിതചര്യ. ആഹാരകാര്യങ്ങളിൽപോലും സാത്വികശുദ്ധി പാലിക്കുന്നതിൽ അവർ അത്യധികം നിഷ്കർഷിച്ചുപോരുന്നു. അവസരോചിതമായി അഭിപ്രായങ്ങൾ മാററുന്ന സ്വഭാവം ഈ മഹതിയെ ലേശവും സ്പർശിച്ചിട്ടില്ല. വെണ്മയുള്ള ഖദർവസ്ത്രങ്ങൾ ധരിക്കുന്നതിൽ മാത്രമല്ല അവർ 'ഗാന്ധിജിയുടെ ഉത്തമശിഷ്യയായി വർത്തിക്കുന്നതു്.

"ജ്ഞാനം തപശ്ചവിനയാന്വിതമേവമാന്യം" എന്ന കവിവാക്യത്തെ വിനയസമ്പന്നയായ ഈ മഹതി പലപ്പോഴും അനുസ്മരിപ്പിക്കാറുണ്ടു്. വിദ്യാധനന്മാർക്ക് അല്പം അഹന്തയും ഔദ്ധത്യവും ഭൂഷണമാണെന്നുകൂടി ഭാവിക്കുന്ന ഈ കാലത്തു് മേൽ സൂചിപ്പിച്ച കവിവാക്യത്തിന് എത്രമാത്രം സ്ഥാനമുണ്ടെന്നറിഞ്ഞുകൂട. സാഹിത്യാദിവിഷയങ്ങളെക്കുറിച്ചു് കാര്യമാത്രപ്രസക്തമായും യുക്തിയുക്തമായും സംഭാഷണമദ്ധ്യേ ശ്രീമതി പാർവ്വതിഅമ്മ ചെയ്യാറുള്ള അഭിനന്ദനവിമർശനങ്ങൾ പൊതുരംഗങ്ങളിൽ പ്രകടമാകാതിരിക്കുന്നതിനുള്ള ഒരു കാരണം അവർക്കു സഹജമായ വിനയമാണെന്നു തോന്നാറുണ്ടു്.

ഈ മഹതിയുടെ കവിതകളെപ്പററി വിശദമായി പ്രതിപാദിക്കുന്ന പല ലേഖനങ്ങളും ഉപഹാരഗ്രന്ഥത്തിൽ കാണാനിടയുണ്ടു്. അതുകൊണ്ടു് അവയെപ്പററി സുദീർഘമായി എന്തെങ്കിലും പറയണമെന്നു ഞാൻ കരുതുന്നില്ല.

എന്നാൽ വ്യാഖ്യാനത്തിൻെറ സഹായംകൂടാതെ അഭ്യസ്ത വിദ്യരായ മലയാളികൾക്ക് എളുപ്പം അൎത്ഥം മനസ്സിലാകത്തക്ക വിധം, ലളിതകോമളമായ ശൈലിയിൽ ഭഗവദ്ഗീത കിളിപ്പാട്ടായി തൎജ്ജമചെയ്തിരിക്കുന്നതു് കേരളഭാഷയ്ക്കു് ഈ മഹതിയിൽ നിന്നു ലഭിച്ചിട്ടുള്ള അമൂല്യമായ ഒരു നേട്ടമാകുന്നു. ഗീതയിലെ ഗഹനതത്വങ്ങളെ മനസ്സിലാക്കാൻ കഴിയുന്നതിനു മുൻപുതന്നെ അതിലെ ശ്ലോകങ്ങൾ മനഃപാഠമാക്കുവാൻ ബാലികാബാലന്മാരെ പരിശീലിപ്പിക്കുന്നതു് ഒരു സാധാരണ പതിവാണു്. ശ്രീമതി പാൎവ്വതിഅമ്മയുടെ,

"പഴകും വസ്ത്രങ്ങളെക്കൈയ്‌വിട്ടു മൎത്ത്യൻ സ്വയ-
മഴകിൽ പുതുവസ്ത്രമണിയും പ്രകാരത്തിൽ
അഴിയും ദേഹങ്ങളെയകലെത്തള്ളി ദേഹി
വഴിയാംവണ്ണം നവദേഹങ്ങൾ വരിക്കുന്നു."

എന്നിങ്ങനെയുള്ള ലളിതങ്ങളായ പദ്യങ്ങൾ ചൊല്ലിക്കൊടുത്ത ശേഷം മൂലത്തിലെ,

"വാസാംസിജീൎണ്ണാനിയഥാവിഹായ
നവാനിഗൃഹ്ണാതിനരോപരാണി
തഥാശരീരാണിവിഹായജീൎണ്ണാ-
ന്യന്യാനി സംയാതി നവാനിദേഹീ."

എന്നിത്യാദി സംസ്കൃതശ്ലോകങ്ങൾ കൂടുതൽ അൎത്ഥബോധത്തോടുകൂടി കുട്ടികളെക്കൊണ്ടു ചൊല്ലിക്കാൻ സാധിക്കുമെന്നുള്ളതു് അനുഭവസിദ്ധമായ ഒരു സംഗതിയാണു്. പാണ്ഡിത്യത്തിനും പ്രതിപാദ്യവിഷയത്തെപ്പററിയുള്ള പരിജ്ഞാനത്തിനും പുറമേ, അദ്വൈതാമൃതവൎഷിണിയും ഭേദദ്വേഷിണിയുമായ ഗീതയോടുള്ള അതിരററ ഭക്ത്യാദരങ്ങളും കഠിനമായ തപശ്ചൎയ്യയും പ്രസ്തുത മഹത്കൃത്യനിൎവ്വഹണത്തിൽ ഈ വിദുഷിയെ സഹായിച്ചിട്ടുണ്ടു്. ഗീതയേയും ഗീതാമാതാവിനെ പൂജിച്ച ഗാന്ധിജിയേയും പാൎവ്വതിഅമ്മ ഒരുപോലെ ആരാധിക്കുന്നു.

ഭക്തമീരയെപ്പററി ഈ മഹതി രചിച്ചിട്ടുള്ള സരസമായ കവിത ഞാൻ വായിക്കുകയുണ്ടായി. ഒരു മഹാറാണിയായ മീര,

ലൗകികസുഖങ്ങൾ മുഴുവൻ പരിത്യജിച്ച് വൃന്ദാവനവാസിയായ വേണുഗോപാലനിൽ ആത്മൈക്യം പ്രാപിക്കുന്നതാണ് ഇതിലെ പ്രതിപാദ്യം. മീരയുടെ ഭക്തിപാരമ്യത്തെക്കുറിച്ചുള്ള വർണ്ണനകൾ ആരെയും ആകർഷിക്കുന്നവയാണ്.

'കാർമ്മുകിൽ വർണ്ണനാം വേണുഗോപാലകൻ
ചെമ്മേ മുരളിയിൽനിന്നൊഴുക്കും
തേന്മയഗീതത്തോടൊക്കുമാസ്വർഗ്ഗീയ
നിർമ്മലസംഗീതം' മേല്ക്കുമേൽ

ഉയരുന്ന സന്ദർഭത്തിൽ,

"വൃന്ദാവനവാസി നിലക്കാർവർണ്ണനെ
സുന്ദരിമീരയെപ്പൂവനത്തിൽ
അന്യൂനഭക്തിയാലാവിഷ്കരിച്ചതായ്
തോന്നിപ്പോയ്നിന്ന ജനത്തിനാകെ."

എന്നിങ്ങനെയുള്ള വരികൾ അനുവാചകരെ പുളകമണിയിക്കുന്നവയാണ്. ഇപ്രകാരം ഭക്തിരസം നിറഞ്ഞുകവിയുന്ന ഈ കവിത വായിച്ചപ്പോൾ എനിക്ക് അളവററ ആനന്ദം തോന്നാതിരുന്നില്ല. എന്നാൽ കവയിത്രിതന്നെ ഈ കവിത മുഴുവൻ അകംനിറഞ്ഞു തുളുമ്പുന്ന ഭക്തിപാരവശ്യത്തോടെ സംഗീതമാധുര്യമുള്ള രാഗത്തിൽ ചൊല്ലിക്കേട്ടപ്പോഴാണ് അതിൻെറ യഥാർത്ഥമായ ആസ്വാദ്യത എനിക്കനുഭവപ്പെട്ടത്.

ശാശ്വതമൂല്യങ്ങളുള്ള ഏതെങ്കിലും ഒരു സാഹിത്യകൃതി നിർമ്മിക്കുന്നതിനു മുൻപ് വിഷയജ്ഞാനം—സമ്പാദിക്കുന്നതോടൊപ്പം, സാംസ്കാരികമായ ഒരു മാനസിക സന്നദ്ധത സമാർജ്ജിക്കേണ്ടതാവശ്യമാണെന്ന് ആംഗ്ലേയ മഹാകവിയായ മിൽട്ടൺ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ അഭിപ്രായത്തെ അന്വർത്ഥമാക്കുന്നവയാണ് പാർവ്വതിഅമ്മയുടെ എല്ലാ കൃതികളുമെന്നു തീർത്തുപറയാവുന്നതാണ്. ശാശ്വതമൂല്യം ഉൾക്കൊള്ളാത്ത ഒററ കൃതിപോലും അവർ നിർമ്മിച്ചിട്ടില്ലെന്നുള്ളത് വെറുമൊരു പരമാർത്ഥം മാത്രമാണ്.

ശ്രീമതി പാർവ്വതിഅമ്മയുടെ സ്വതസ്സിദ്ധമായ കവിതാവാസനയിൽനിന്നു് ഭാഷയ്ക്കു് പല ഉത്തമകൃതികളും ലഭിച്ചിട്ടുണ്ടെങ്കിലും അവരുടെ രണ്ടാമത്തെ അർദ്ധായുഷ്ക്കാലം സാഹിത്യനിർമ്മാണത്തിൽ ഒരു സുവർണ്ണകാലമായിരിക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണു്. ആദർശശുദ്ധിയും അനുഭവജ്ഞാനവും വിശാലവീക്ഷണവുംകൊണ്ടു സമ്പന്നമായ ഈ മഹതിയുടെ പ്രതിഭയിൽനിന്നു് ഉത്തമസംസ്കാരസംവർദ്ധകങ്ങളായ അനേകം കാവ്യതല്ലജങ്ങൾ ഭാഷയ്ക്കു ലഭിക്കുമാറാകട്ടെ എന്നു് ആശംസിക്കുന്നതോടൊപ്പം, സാഹിത്യസേവനവും തദ്വാരാ പൊതുജനസേവനവും നിർവ്വിഘ്നം നിർവ്വഹിക്കുവാൻ പരിപൂർണ്ണമായ ആരോഗ്യവും സുവർണ്ണാവസരങ്ങളും ഭാസുരമായ ഭാവി ഈ മഹതിക്കു പ്രദാനംചെയ്യുമാറാകട്ടെ എന്നു് ഞാൻ അകൈതവം പ്രാർത്ഥിക്കയും ചെയ്യുന്നു.

---

# ശാരിക

പാലാ

വേദവേദാന്തനിർവ്വാണ-
വേരു പാരിങ്കലാഴ്ത്തിയും
തത്ത്വചിന്താപ്രകാണ്ഡത്തിൻ
തല മേലോട്ടുയർത്തിയും

ഭൗതികോൽക്കർഷ സൗഭാഗ്യ-
സ്നേഹശാഖകൾ വീശിയും
ജാതിഭേദമതാതീതം
പല്ലവങ്ങളൊരുക്കിയും

നറുതേനൊഴുക്കും വിശ്വ-
പ്രേമപുഷ്പം വിടർത്തിയും
ചാരുമന്ദാരമൊന്നുണ്ടാ--
യരുവിപ്പുറവാടിയിൽ;

അതിൻകൊമ്പിൽ പറന്നെത്തി-
പ്പാടിപണ്ടൊരു കോകിലം
അതുലം സ്നേഹഗീതങ്ങ-
ളാത്മഭാവോജ്ജ്വലം നലം!

വൃക്ഷവും കുയിലും ചേർന്നാ-
രക്ഷയോത്സവവേദിയിൽ
നടമാടി വസന്തങ്ങൾ
നാല്പതാവൃത്തി പിന്നെയും!

രാഗതാളങ്ങളുൾക്കൊണ്ട
ഭാഗധേയത്തുടിപ്പുകൾ
കേൾക്കുമാറായി നിർവ്വിഘ്നം
കേരളീയാങ്കണങ്ങളിൽ!

കൂടുകൂട്ടാതെ, തൻപക്ഷം
പാറിടുന്ന പഥങ്ങളിൽ
ശാന്തിഗാനങ്ങൾ തൂകിക്കൊ-
ണ്ടണഞ്ഞാളൊരു ശാരിക;

നാദമാധുരി നാൾതോറു-
മേറിടുന്നതു മാതിരി
നിതരാമാത്മലാവണ്യം
പകരും പുണ്യശാരികേ,

പുത്തനാം യുഗധർമ്മത്തിൻ
ഗായികേ, നിത്യ കന്യകേ,
നീ, ലസിക്കുക നീണാൾ ശ്രീ-
നാരായണവനങ്ങളിൽ!!

# കുവന്നജീവിതം

സുകുമാർ അഴിക്കോട്ട്.

സാക്ഷരതപം മാത്രമല്ല, ഉന്നതമായ കലാലയ വിദ്യാഭ്യാസവും ഏററവും പ്രചാരത്തിലെത്തിക്കഴിഞ്ഞ ഈ കാലഘട്ടത്തിൽ വായനക്കാർ കൂടിയ തോതിൽത്തന്നെ എഴുത്തുകാരുടെ എണ്ണവും പെരുത്തിട്ടുണ്ടല്ലോ. എന്നാൽ ഒരു നാലുപതിററാണ്ടിനുമുമ്പത്തെ നില ഇതായിരുന്നില്ല ഇവിടെ. വായനക്കാർ കുറവ്, എഴുത്തുകാരും ഏറെക്കുറവ്, പാരായണാഭിരുചി സംതൃപ്തിപ്പെടുത്താനുള്ള ഉപായങ്ങളും ചുരുക്കം—അങ്ങനെയായിരുന്നു മലയാളസാഹിത്യത്തിൻെറ അന്നത്തെനില. അന്നു സാധാരണഗതിയിൽ ഉന്നതശ്രേണികളിൽ നിന്നാണ് സാഹിത്യകാരന്മാരും ആസ്വാദകരും ഉണ്ടായിവന്നത്. ഈ നിലയ്ക്കൊരപവാദമായി കുമാരനാശാനും കറുപ്പനും മററും വന്നത് പുതിയൊരു യുഗത്തിൻെറ നാന്ദികുറിച്ചു.

ആ വെളിച്ചത്തിൽ സമുദായത്തിൻെറ എല്ലാവിഭാഗങ്ങളും നവോന്മേഷത്തോടെ സാഹിത്യസന്തർപ്പണത്തിന്നു വന്നുചേർന്നപ്പോഴും, മറെറാരു വിഭാഗം വേണ്ടത്ര അതിൽ പങ്കുചേരാതെ അകന്നു നില്ക്കുകയായിരുന്നു—കേരളത്തിലെ സ്ത്രീകൾ. വിജ്ഞാനപോഷണത്തിന്നു ധാരാളം ഉപായങ്ങളുള്ള ഉന്നതമേഖലകളിലെ സ്ത്രീജനങ്ങൾപോലും അതിൽ നിന്നു് വിട്ടു നിന്നവരായിരുന്നു. താണകിടയിലുള്ളവരാകട്ടെ, ശരിയ്ക്കും സാഹിത്യത്തിൽ നിന്നു തീണ്ടൽപ്പാട്ട് അകലത്തിൽതന്നെയായിരുന്നു. ഇന്ത്യയിലും കേരളത്തിലും സ്ത്രീ എന്നും പുരുഷൻെറ പുറകിലായിരുന്നുവല്ലൊ.

അന്നു് അസാധാരണമായ അഭിനിവേശത്തോടെ തൻെറ സിദ്ധികളെ സഫലമാക്കാൻ രണ്ടും കല്പിച്ചു മുന്നോട്ടുനീങ്ങിയ ഒരു മഹിളയായിരുന്നു ശ്രീമതി മുതുകുളം പാർവ്വതിഅമ്മ. അവരുടെ ഈ സാഹസികമായ ആഗമനം സാഹിത്യലോകത്തിന്നു ഒരു പുതിയ അനുഭവം പ്രദാനംചെയ്തു. വാസനയ്ക്കൊത്തുനിന്ന

പാണ്ഡിത്യത്തോടുകൂടിത്തന്നെയായിരുന്ന അവർ സാഹിതീ സാപര്യയ്ക്കു തുനിഞ്ഞിറങ്ങിയതു്. അക്കാലത്തെന്നല്ല ഇക്കാലത്തുപോലും കേരളത്തിലെ സ്ത്രീകൾ എത്രപേർ വിദ്വാൻ പരീക്ഷ പാസ്സായിട്ടുണ്ടെന്നു് ഒന്നു ചിന്തിച്ചു നോക്കാവുന്നതാണു്.

അങ്ങനെ അവർ കവിതയെഴുതുകയും സഹൃദയലോകം അതിനെ വേണ്ടവണ്ണം പ്രോത്സാഹിപ്പിക്കയും ചെയ്തു. അന്നത്തെ സാഹിത്യനായകന്മാരൊക്കെ അവരെ വർദ്ധിതോത്സാഹയാക്കുമാറുള്ള ആശംസകൾ തന്നെയാണു് നല്കിയതു്. തന്നെ പ്രോത്സാഹിപ്പിച്ചവരെ നിരാശപ്പെടുത്തുന്ന സാഹിത്യജീവിതമായിരുന്നില്ല അവർ പിന്നീടു നയിച്ചതു്. അന്നുതൊട്ടു് ഈ ഷഷ്ടിപൂർത്തിയുടെ പൂജനീയസീമവരെ അവർ നിർവഹിച്ചുപോന്ന സാഹിത്യസേവനം ആർക്കും വിസ്മരിക്കുവാനോ അവഗണിക്കുവാനോ പററാത്ത ഒന്നാണു്.

ശ്രീമതി മുതുകുളം പാർവ്വതി അമ്മയുടെ കാവ്യസമ്പത്തിൽ മുന്തി നില്ക്കുന്നവ മീര, മാതൃവിലാപം, ശ്രീ ബുദ്ധചരിതം എന്നിവയാണെന്നു് എനിക്കു തോന്നുന്നു. മീര ഖണ്ഡകാവ്യവും, മാതൃവിലാപം വിലാപകാവ്യവും, ശ്രീബുദ്ധചരിതം ആഖ്യാനകാവ്യവുമാണു്. ആശാന്റെ ഖണ്ഡകാവ്യ പാരമ്പര്യത്തിനുണ്ടായ തുടർച്ചയിലെ എണ്ണപ്പെട്ടൊരു കൃതിയാണു മീര. പ്രഖ്യാതമായ ഒരിതിവൃത്തം എടുത്തു് അതിൽ കല്പിതാംശങ്ങൾ ഔചിത്യത്തോടെ, ഇണങ്ങി അവയവങ്ങളുടെ നല്ല ഒത്തിരിപ്പോടെ നമ്മെ അതു് ആകർഷിക്കുന്നു. മാതൃവിലാപം ആകട്ടെ വിലാപകാവ്യ പ്രസ്ഥാനത്തിന്റെ തുടർച്ചയിലെ മികച്ചൊരു രചനയാണു്. 'ശ്രീബുദ്ധചരിതം' ഉത്തരഭാഗത്തിലെ കഥയാണു് പ്രസ്തരിക്കുന്നതു്. കുമാരനാശാന്റെ മാർഗ്ഗത്തോടുള്ള അനുസരണം ഇതിൽ പ്രകടമാണു്. ആശാന്റെ ബുദ്ധചരിതത്തിനു് ഒരു പൂർത്തീകരണം വേണമെന്നു് അവർക്കുതോന്നി. അതിനുവേണ്ടി ഈ കാവ്യം എഴുതിയതു് ആശാന്റെ കാവ്യപ്രസ്ഥാനത്തോടു് അവർക്കുള്ള ബഹുമാനാതിരേകത്തെ വിളിച്ചോതുന്നുണ്ടു്.

ഭഗവദ്ഗീതയ്ക്കു് പാർവ്വതിഅമ്മ ഉണ്ടാക്കിയ വിവർത്തനം പ്രത്യേകം പഠിക്കേണ്ട ഒരു കൃതിയാണു്. കാവ്യരചനാ സാമർത്ഥ്യത്തോടൊപ്പം, ചിന്താശീലവും വേദാന്തപരിചയവും സംസ്കൃതഭാഷയിൽ നല്ല വ്യുൽപത്തിയും ഉള്ളവർക്കുമാത്രം ഏറെറടുക്കാവുന്ന ഒരു കൃത്യമാണു് ഭഗവദ്ഗീതയ്ക്കു വിവർത്തനം ഉണ്ടാക്കൽ. നിരണം പണിക്കരുടെ ഭക്തപാരമ്പര്യം അനുവർത്തിക്കാൻ കേരളത്തിൽ പിന്നീടൊരാൾ വന്നതു് ശ്രീമതി പാർവ്വതിഅമ്മയത്രെ. അതു സന്തോഷകരം തന്നെ.

ശ്രീമതിപാർവ്വതിയമ്മ സാഹിത്യത്തിൽ പ്രസ്ഥാനങ്ങളൊന്നും സ്ഥാപിച്ചിട്ടില്ലായിരിക്കാം; സാഹിത്യത്തിൽ വിപ്ലവമുണ്ടാക്കുന്ന എന്തെങ്കിലും പ്രവണതയ്ക്കു് അവർ നേതൃത്വം കൊടുത്തിട്ടില്ലായിരിക്കാം. എങ്കിലും ആത്മപ്രചോദനത്തിൻെറ പേരിൽ കാവ്യമാർഗ്ഗത്തെ അനന്യമനസ്കയായി അനുധാവനം ചെയ്ത അവരുടെ സ്ഥാനം സാഹിത്യത്തിൽ എന്നും മാനനീയമായിരിക്കും. ഒരു ചെറുപൂന്തോട്ടത്തിൻെറ കാവലിനും ശുശ്രൂഷണത്തിനുമാണു് ഈശ്വരൻ അവരെ നിയോഗിച്ചതു്. ആ കൃത്യം അവർ ഭംഗിയായി നിർവഹിച്ചു. അവരുടെ കവിതകൾ അവർക്കു് രചനാവേളയിൽ എങ്ങനെ ആത്മസംതൃപ്തികരമായിരുന്നുവോ അങ്ങനെതന്നെ അവ നിർമ്മത്സരബുദ്ധികളായ സഹൃദയർക്കും സംതൃപ്തികരമായിരുന്നിട്ടുണ്ടാവും. തൻെറ കാവ്യജീവിതത്തിനു് ഇതിൽ കവിഞ്ഞൊരു നേട്ടം വേറെ അവർ ആശിക്കാനിടയില്ല.

---

# കേരളത്തിലെ പൂങ്കുയിൽ

എൻ. പി. ചെല്ലപ്പൻനായർ

ഇരുപതാംനൂററാണ്ടിൽ ഇംഗ്ലീഷുഭാഷയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളിൽവച്ച്, പ്രത്യേകിച്ച് ആഖ്യായികകളിൽവച്ച്, ഏററവും പ്രചാരമുള്ളതാണ്, മാർഗരററ് മിച്ചൽ എന്ന അമേരിക്കൽ ഗ്രന്ഥകർത്ത്രി നിർമ്മിച്ച "ഗോൺ വിത്ത് ദി വിൻഡ്". കഥാവസ്തു അത്രമാത്രം പുതുമയുള്ളതൊന്നുമല്ല. ഏതാണ്ടു ചരിത്രപരം. അമേരിക്കൻ ഐക്യനാടുകളിലെ സ്വാതന്ത്ര്യയുദ്ധം അനുസ്മരിപ്പിക്കുന്നത്. കലാപകാലത്തെ അരാജകാവസ്ഥയിൽനിന്നും ശക്തൻെറ ഉദയം. അത്രമാത്രം. പക്ഷെ, 1936-ലെ അതിൻെറ പ്രസിദ്ധീകരണത്തിനുശേഷം, അതിൻെറ അറുപതുലക്ഷംകോപ്പികൾ—വിററിട്ടുണ്ടത്രേ! ആകെക്കൂടി ആ ഒരൊററ ഗ്രന്ഥമേ അമഹതി എഴുതിയിട്ടുള്ളു. ആ ഒരൊററ ഗ്രന്ഥംമൂലം മാർഗരററ് മിച്ചൽ ഇന്നു ലോകത്തിൻെറ പൊതുസമ്പത്ത് എന്ന പദവിയിലേക്ക് ഉയന്നിരിക്കുകയാണ്.

ഭാഷാസാഹിത്യമണ്ഡലത്തിൽ ലബ്ധപ്രതിഷ്ഠയായ ശ്രീമതി മുതുകുളം പാർവ്വതിഅമ്മയുടെ 'മീര' എന്ന ഖണ്ഡകാവ്യം ആദ്യമായി വായിച്ചപ്പോൾ മാർഗരററ്മിച്ചലിനെ ഞാൻ അനുസ്മരിച്ചുപോയി. അത്രമാത്രം ഹൃദയദ്രവീകരണശക്തിയുള്ളതായി തോന്നി എനിക്ക് ആ ഖണ്ഡകാവ്യം. ഭക്തിരസപ്രധാനവും പ്രസിദ്ധവുമായ കഥ. "പുളകോദ്ഗമകാരിവചപ്രസര"മെന്ന് അഭിപ്രായപ്പെടാവുന്ന മട്ടിൽ, മധുര കോമളകാന്തപദാവലികൾകൊണ്ടുള്ള വാക്പ്രബന്ധം.

അന്യാദൃശരൂപഗുണത്താൽ അനുഗൃഹീതയും, മേവാർ റാണാ കുംഭസിംഹൻെറ ധർമ്മദാരവും ആയ മീര, കൃഷ്ണപ്രേമാധിക്യത്താൽ ലൌകികസുഖങ്ങളെല്ലാം വെടിഞ്ഞ് അങ്ങനെ കഴിയുന്നു. പല പല ഭക്തന്മാരും മീരയുടെ കീർത്തനങ്ങൾ കേൾക്കാൻ എത്തുകയായി. കൂട്ടത്തിൽ വേഷപ്രച്ഛന്നനായി ദില്ലി പാദുഷാ അക്ബറും. ഇസ്ലാംമതവിശ്വാസി ആയിരുന്നിട്ടുകൂടിയും, എല്ലാ

ശ്രേഷ്ഠമതങ്ങളിലും അനുഭാവം കൈക്കൊണ്ടിരുന്ന അക്ബർ, മീരയ്ക്കു് ഒരു രത്നമാല്യം സമ്മാനിച്ചുത്രേ! ലൌകികസുഖവിരക്തയായ—മീരയ്ക്കു് തൻെറ ആരാധനാമൂത്തിയായ ശ്രീകൃഷ്ണപരമാത്മാവിൻെറ ദിവ്യവിഗ്രഹത്തിൽ ചാത്താനല്ലാതെ എന്തിനാണു് ആ മാല. പക്ഷെ, ജനങ്ങൾ അപവാദം പറയുവാൻ തുടങ്ങി. മേവാറിലെ റാണി, ഒരു മഹമ്മദിയനിൽനിന്നും ഒരു രത്നമാല്യം വാങ്ങിയെന്നു്. മാനധനനായ കുംഭസിംഹൻ മീരയെ ബഹിഷ്കരിച്ചു.

"വേണീമൂലേവിരചിതഘനശ്യാമപിഞ്ഛാവചൂഡേ
വിദ്യുല്ലേഖാവലയിത ഇവസ്നിഗ്ധപീതാംബരേണ
മാമാലിംഗൻ മരതകമണിസ്തംഭഗംഭീരബാഹുഃ
സ്വപ്നേ ദൃഷ്ടസ്തരുണതുളസീഭൂഷണോ നീലമേഘഃ"

(തലമുടിക്കെട്ടിന്നടിയിൽ തിരുകിക്കൂട്ടിക്കെട്ടിയ പീലിത്തിരുമുടിയോടുകൂടിയവനും, സ്നിഗ്ധമായ മഞ്ഞപ്പട്ടു ധരിക്കുകയാൽ മിന്നൽപ്പിണരിനാൽ ചുററപ്പെട്ടിരിക്കുന്നുവോ എന്നു തോന്നുമാറു് സ്ഥിതിചെയ്യുന്നവനും, പച്ചക്കല്ലുതൂണുകൾക്കൊത്ത കൈകളോടുകൂടിയവനും, ഇളയതുളസീദളങ്ങളെക്കൊണ്ടുള്ള മാലയണിഞ്ഞതവനും, നീലമേഘവർണ്ണനുമായ ശ്രീകൃഷ്ണഭഗവാൻ എന്നെ ആലിംഗനം ചെയ്യുന്നതായി ഞാൻ സ്വപ്നംകണ്ടു.) എന്നു് ലീലാശുകനെപ്പോലെ വിശ്വസിക്കുന്ന മീരയ്ക്കു് അനേകനൂററാണ്ടുകൾക്കു മുൻപു്, ഗോപീജനമദ്ധ്യത്തിൽവച്ചു്, ജനങ്ങൾക്കൊക്കെയും ഉന്മാദം ഉളവാക്കിക്കൊണ്ടും, വേദങ്ങളെ ശബ്ദിപ്പിച്ചുകൊണ്ടും, വൃക്ഷങ്ങളെ കോരിത്തരിപ്പിച്ചുകൊണ്ടും, മലകളെ ദ്രവിപ്പിച്ചുകൊണ്ടും, മൃഗങ്ങളെ സ്തംഭിപ്പിച്ചുകൊണ്ടും, പശുവൃന്ദത്തെ ആനന്ദിപ്പിച്ചുകൊണ്ടും, ഗോപന്മാരെ ഭ്രമിപ്പിച്ചുകൊണ്ടും, മുനിമാരെ കൈകൂപ്പിച്ചുകൊണ്ടും, സപ്തസ്വരങ്ങളെ മുഴക്കിക്കൊണ്ടും, ഓംകാരത്തിൻെറ പൊരുളിനെ വെളിവാക്കിക്കൊണ്ടും ആ ശ്രീകൃഷ്ണൻ മുരളീനാദം ചൊരിഞ്ഞ വൃന്ദാവനമല്ലാതെ മറെറവിടമാണു് സംതൃപ്തി നൽകുന്നതു്?

മീര, യമുനാതീരത്തിലെ വൃന്ദാവനത്തിലെത്തി ഭക്തിലഹരിയിൽ മുഴുകി ഗാനാമൃതധാരയാൽ അവിടെയുള്ള സ്നിഗ്ധരസാല

ശിഖരങ്ങളിലെ പൂമൊട്ടുകൾ കണ്ടു് ഉണ്ടായ ഹർഷോദയത്താൽ അവ്യക്തമധുരമായി കൂഹൂശബ്ദം പുറപ്പെട്ടുവിക്കുന്ന കുയിലുകളെക്കൂടിയും പുളകച്ചാർത്തണിയിച്ചു.

സ്വകളത്രത്തിന്റെ വിശുദ്ധിദർശിക്കാനുള്ള അന്തർനേത്രങ്ങൾ ഇല്ലാതിരുന്നതുമൂലം ആ ദേവിയോടു് ആദ്യകാലത്തു് കക്കശമായി പെരുമാറിയ കുംഭസിംഹൻ ഒടുവിൽ പശ്ചാത്താപവിവശനായി മീരയെ കൂട്ടിച്ചുകൊണ്ടു പോകുവാൻ വൃന്ദാവനത്തിലെത്തി. ഭത്താവിനെ അനുഗമിക്കേണ്ടതു് സതീധമ്മം. പരമഭക്തയായ മീര വിടചോദിക്കുവാനായി വേണുഗോപാലന്റെ കമനീയ വിഗ്രഹത്തിനു സമീപം ഒരു പുഷ്പമാല്യവുമായണഞ്ഞു.

"കണ്ണൻ മുകിലൊളിവണ്ണൻ—കൃപാലയ—
നണ്ണാജനേത്രന്റെ പൊൽപ്പദാബ്ജങ്ങളിൽ
ധന്യയാം മീര പതിച്ചു സാഷ്ടാംഗമായ്
കണ്ണുനീർ വഷിച്ചു യാത്രചോദിച്ചു, ഹാ—"
പെട്ടെന്നൊരദ്ഭുതജ്യോതിഷ്പ്രവാഹമ—
മ്മട്ടോൽമൊഴിയ്ക്കൂഴം പൂമെയ്യിലെങ്ങുമേ
മുട്ടിയലച്ചതിൽ തേജോലഹരിയിൽ
പെട്ടുമൂർച്ഛിച്ചു, മയങ്ങീ സുകൃതിനി"
—എന്നാണു് നമ്മുടെ കവയിത്രി ആ ഭാഗം വണ്ണിക്കുന്നതു്.

ജന്മാന്തരത്തിലെ ബന്ധംനിമിത്തം, ആ തപോവനത്തിൽ മീരയുടെ മാതൃസ്ഥാനം വഹിച്ചിരുന്ന തപസ്വിനി മധുരികക്ഷേത്രത്തിനകത്തു് കടന്നുനോക്കുമ്പോൾ കാണുന്നതു്, മീരയുടെ മൃതദേഹമാണു്. ജീവാത്മാവു് പരമാത്മാവിൽ ലയിച്ചു. ദുഃഖിതനായ കുംഭസിംഹൻ ആ സ്ഥലത്തു് "അശ്രുകുടീരം" എന്നറിയപ്പെട്ടുംവിധം ഒരു മഹാമന്ദിരം പണിയിച്ചു. അങ്ങനെയാണു്, പാവ്വതിഅമ്മ മീര അവസാനിപ്പിക്കുന്നതു്.

വൃന്ദാവനത്തിൽവച്ചും മററും കേട്ട കഥകളിൽനിന്നു്, ഇന്നും ഔത്തരാഹന്മാർ, രാധയുടെ അവതാരമായി മീരയെ കാണുന്നുവെന്നു് എനിക്കു് അറിയുവാൻ കഴിഞ്ഞു.

"ത്വമസി മമ ഭൂഷണം, ത്വമസി മമ ജീവനം
ത്വമസി മമഭവജലധിരത്നം"

(നീ എൻെറ ജീവിതമാണു്, നീ എൻെറ ഭൂഷണമാണു്: സംസാരമാകുന്ന സമുദ്രത്തിലെ രത്നമാണു്, നീ എനിക്കു്.

എന്നെല്ലാം കാളിന്ദീപുളിനത്തിൽവച്ചു്, ഭഗവാനാൽ സ്തുതിക്കപ്പെട്ട രാധ—ആത്മാവു മാത്രമല്ല, മീരയുടെ ഭൗതികശരീരംകൂടി വേണുഗോപാലൻെറ വിഗ്രഹത്തിൽ വിലയംപ്രാപിച്ചു എന്നാണു്, രാജസ്ഥാനികൾ പ്രത്യേകിച്ചും വിശ്വസിക്കുന്നതു്.

പന്ത്രണ്ടു് ആൾവാരന്മാരിൽ ഒരാളും, ശ്രീരംഗത്തിനു സമീപം കാവേരിയുടെ തെക്കേക്കരയിൽ താമസിച്ചവനും, ജാതിയിൽ പാണനും, ഒരു കവിയും വൈണികനും ആയിരുന്ന ഭക്തോത്തംസം തിരുപ്പാണാൾവാർ, തൻെറ ഇഷ്ടദേവതയായ ശ്രീരംഗനാഥനിൽ, സ്വന്തം ശരീരത്തോടുകൂടി ലയിച്ചു എന്നാണു് വിശ്വസിക്കപ്പെടുന്നതു്. ജാതിയിൽ സാംബവനും, ശിവഭക്തനുമായിരുന്ന നന്തനാർ ഭൗതികശരീരത്തോടെ ചിതംബരനാഥനിൽ ലയിച്ചതായി പുരാവിത്തുകൾ പ്രസ്താവിക്കുന്നുണ്ടു്. മീരയുടെ കഥയോടു് വളരെ സാദൃശ്യമുണ്ടു്, ശ്രീകൃഷ്ണപരമാത്മാവിനെ പ്രകീർത്തിച്ചു "തിരുപ്പാവൈ" എന്നറിയപ്പെടുന്ന മുപ്പതു് "പാടലുകൾ" പാടിയ ആണ്ടാളുടെ കഥ. ഭഗവാനോടു ഐക്യം പ്രാപിക്കണമെന്നുള്ള തീവ്രമോഹമാണു്, ആ ഗാനങ്ങളിലുള്ളതു്. ശിവഭക്തനായിരുന്ന മാണിക്യവാചകരുടെ "തിരുവേമ്പാവൈ" എന്ന ഇരുപതു ഗാനതല്ലജങ്ങൾക്കു്, ശൈവന്മാരുടെ ഇടയിലുള്ള പ്രാധാന്യമുണ്ടു് തിരുപ്പാവൈയ്ക്കു് വൈഷ്ണവരുടെ ഇടയിൽ.

മധുരയിൽനിന്നു് ഉദ്ദേശം, പന്ത്രണ്ടുമൈൽ വടക്കുപടിഞ്ഞാറുള്ള ഒരു ഗ്രാമത്തിലെ വിഷ്ണുക്ഷേത്രമാണു് "അഴകർകോവിൽ." സുന്ദരരാജൻ എന്ന പേരിലും ആ വിഷ്ണു അറിയപ്പെടുന്നു. വളരെ പ്രസിദ്ധിപെററ ക്ഷേത്രം. പെരിയാൾവാർ ഒത്തു് ആ ക്ഷേത്രത്തിലെത്തിയ ആണ്ടാൾ, ആ ക്ഷേത്രസങ്കേതത്തിൽതന്നെ താമസിച്ചുകളഞ്ഞുവെന്നും, "കോതൈപ്പാട്ടുകൾ" എന്നുകൂടി അറിയപ്പെടുന്ന തൻെറ ഗാനകുസുമങ്ങൾകൊണ്ടു് ദേവനെ ആരാ

ധിച്ചു എന്നും ഭൗതികശരീരത്തോടുകൂടിത്തന്നെ ആ മഹതിയെ തന്റെ വിഗ്രഹത്തിൽ ലയിപ്പിച്ചു എന്നുമാണ്, വൈഷ്ണവഭക്തന്മാർ വിശ്വസിക്കുന്നതു്.

ഇത്രയും പ്രസ്താവിച്ചതു്, വേണുഗോപാലന്റെ വിഗ്രഹത്തിൽ പരമഭക്തയായ മീരയുടെ ആത്മാവോടൊപ്പം ശരീരവും ലയിച്ചു എന്നുള്ള സാമാന്യവിശ്വാസത്തിൽനിന്നും അല്പം വ്യതിചലിച്ചിട്ടാണെങ്കിലും, യുക്തിക്കു നിരക്കുംവിധം, മൃൺമയമായ ശരീരത്തെ വെടിഞ്ഞുകൊണ്ടു് ആത്മാവു്, പരമകാരുണികനിൽ ലയിച്ചു എന്നുള്ള പാർവ്വതിഅമ്മയുടെ കഥാഗതിയാണ്, ഔചിത്യദീക്ഷയെ സംബന്ധിച്ചിടത്തോളം കൂടുതൽ സ്വീകാര്യം, എന്നുള്ള എന്റെ അഭിപ്രായം രേഖപ്പെടുത്തുവാനാണ്. തീർച്ചയായും മീര, മലയാളസാഹിത്യത്തിനു് പാർവ്വതിഅമ്മ സമ്മാനിച്ച ഒരനർഘരത്നം തന്നെയാണ്.

ദിവംഗതയായ സരോജനീദേവിയുടെ അപദാനകോലാഹലങ്ങളെ ആസ്വദമാക്കി മുതുകുളം പാർവ്വതിഅമ്മ "ഭാരതാരാമത്തിലെ പൂങ്കുയിൽ" എന്നൊരു ഗ്രന്ഥം നിർമ്മിച്ചിട്ടുണ്ടു്. അതു വായിച്ചപ്പോൾ തോന്നി, ഉദയപ്രഭ, ഗാനാഞ്ജലി എന്നീ കവിതാസമാഹാരങ്ങളുടേയും ഭുവനദീപിക, അഹല്യ, ധർമ്മബലി എന്നീ ഗദ്യനാടകങ്ങളുടേയും ഭാരതീയവനിതകൾ എന്ന ഉപന്യാസത്തിന്റേയും, കർമ്മഫലം എന്ന ആഖ്യായികയുടേയും മീര, ശ്രീബുദ്ധചരിതം, മാതൃവിലാപം എന്നീ ലഘുകാവ്യങ്ങളുടേയും ശ്രീനാരായണമാർഗ്ഗം, സരോജനീദേവി എന്നീ ജീവചരിത്രങ്ങളുടേയും ഭാഷാ ഭഗവദ്ഗീതയുടേയും, ശ്രീചിത്തിരമഹാരാജവിജയം, രണ്ടു ദേവതകൾ തുടങ്ങിയ മററുതരം കൃതികളുടേയും—"മത്തമതമണമോലും പദ്യഗദ്യൈരനേകൈഃ എന്നു്, മഹാകവി പൂനംനമ്പൂതിരിയെപ്പററി പ്രസ്താവിച്ചതുപോലെ — ഗ്രന്ഥകർത്രിയായ ശ്രീമതി മുതുകുളം പാർവ്വതിഅമ്മ "കേരളത്തിലെ പൂങ്കുയിൽ" എന്ന ബഹുമതിക്കു് യഥാർത്ഥത്തിൽ അർഹയല്ലേ എന്നു്.

"ആ വിശ്വവന്ദ്യമമലം തവ ദിവ്യഗീത–
മാവിർമുദാ മഹിതഭാരതഭാവിവത്സർ

സർവ്വാത്മനാ മനമലിഞ്ഞിനിയേററുപാടി-
ച്ചാർവംഗി! താവകപുകൾക്കൊടി നാട്ടമെങ്ങും."

എന്നു് നമ്മുടെ കവയിത്രി സരോജിനിദേവിയെപ്പററി പാടിയതു തന്നെസംബന്ധിച്ചും ശരിയായി ഭവിക്കുമെന്നുള്ളതു് തീർച്ചയാണു്. മലയാളഭാഷയുടെ പരിമിതി ഏതാണ്ടൊരു പ്രതിബന്ധമായി നില്ക്കുന്നുണ്ടെങ്കിൽക്കൂടിയും, "ഞാൻ പക്ഷികളെപ്പോലെ അങ്ങനെ പാടുകയാണു്" എന്നു് സരോജിനീദേവി ഒരവസരത്തിൽ പ്രസ്താവിച്ചതുപോലെ, പാർവ്വതിഅമ്മ അങ്ങനെ പാടുകയാണു്. "ആ പക്ഷികളുടെ കൂജനങ്ങളുടേതുപോലെ തന്നെ ഹ്രസ്വകാലജീവിതം മാത്രമാണു്, എൻെറ പാട്ടുകൾക്കുള്ളതും" എന്നുകൂടി ആ ഭാരതത്തിൻെറ പൂങ്കുയിൽ പാടി. പക്ഷേ, മനുഷ്യഹൃദയങ്ങൾക്കു് കുളിർമയും ആനന്ദവും നൽകിക്കൊണ്ടു്, അനശ്വരഗാനങ്ങളെന്നവണ്ണം അവ തുടർന്നു് അന്തരീക്ഷത്തിൽ മന്ദ്രമധുരധ്വനി ഉതിർക്കുകയാണു്.

മുകളിൽ പറഞ്ഞതിൽ മിക്കവാറും ഗ്രന്ഥങ്ങൾ പാഠ്യപുസ്തകങ്ങളാക്കിയും, സാഹിത്യഅക്കാഡമി തുടങ്ങിയുള്ള വിശിഷ്ടസ്ഥാപനങ്ങളിൽ അംഗമാക്കിയും, പാർവ്വതിഅമ്മയെ കേരളാഗവണ്മെൻറു് ബഹുമാനിക്കുന്നു എന്നു കാണുന്നതിൽ അസ്മാദൃശന്മാക്കു് അതിയായ സന്തോഷമുണ്ടു്.

ശ്രീമതി മുതുകുളം പാർവ്വതിഅമ്മയ്ക്കു് അറുപതുവയസ്സായി എന്നു വിശ്വസിക്കുവാൻ കഴിയുന്നില്ല. അടുത്തകാലത്തു് ഒരു യോഗസ്ഥലത്തുവച്ചു് കുറേ മധുരപ്പതിനേഴുകാരികളുടെകൂടെ കണ്ടു. അവക്കു് എല്ലാവക്കുമുള്ള ചൊടിയും ചുണയും ആരോഗ്യവും നമ്മുടെ കവയിത്രിക്കുമുണ്ടു്. ആദ്യം കണ്ട നാളിലെ ആ സ്നേഹവായ്പും, ആ പുഞ്ചിരിയും. ഒരു മങ്ങലുമില്ല. വാർദ്ധക്യത്തിൻെറ ഭൃതികളായ ജരാനരകൾക്കു് അങ്ങോട്ടെത്തിനോക്കാൻ ധൈര്യമില്ല. അടുത്തകാലത്തു് ഒരു കവിതാപാരായണം കേട്ടു. ഒരു കോകിലത്തിൻെറ മധുരകൂജനം. ഒരു പ്രസംഗം കേട്ടു. പണ്ഡിതോജ്ജിതവും, സുദീർഘവുമായ ഒരു പ്രഭാഷണം. പ്രായമല്ലല്ലോ പ്രാഗത്ഭ്യത്തിൻെറ മാനദണ്ഡം.

സാഹിത്യകാരിയായ ഭാൎയ്യ, ചുരുണ്ടു നീണ്ട തൻെറ തലമുടി അഴിച്ചിട്ടു്, അതിനിടയിലൂടെ മന്ദം മന്ദം വിരലുകളോടിച്ചു് കോതുന്നതിനിടയിൽ അഭിമാനപൂൎവ്വം ഭൎത്താവിനോടു പറഞ്ഞു:—

"അവിടുന്നു് ഇങ്ങോട്ടൊന്നു് നോക്കിക്കെ, എൻെറ തലമുടിയുടെ നീളവും അതിൻെറ ചുരുളുകളും. നീണ്ടുകിടക്കുന്ന നീല ആഴി: അതിലെ കുഞ്ഞലകൾ— —"

അതു കേട്ടുകൊണ്ടിരുന്ന മകൻചെറുക്കൻ, തന്തയുടെ കഷണ്ടിത്തലയിൽ തടവിക്കൊണ്ടു് ദുഃഖസ്വരത്തിൽ പറഞ്ഞു:—

പാവം അച്ഛനു് അലകളില്ല തലയിൽ: മുഴുവൻ കടപ്പുറമാ, അല്ലേ അച്ഛാ—"

അറുപതു് വയസ്സായെന്നു് പറയുന്ന പാൎവ്വതിഅമ്മ, കോവിലിൽ ദൎശനംകഴിഞ്ഞിട്ടു് വരുന്നതുപോലെ നീലിമയാൎന്ന തലമുടി പിന്നിലേക്കു് നീട്ടിയിട്ടുകൊണ്ടു നടന്നുപോകുന്നതും, ആ പ്രായത്തിലുള്ള ആളുകൾ, വാൎദ്ധക്യത്തിൻെറ ലക്ഷണമായ കഷണ്ടിയുമായി പതുക്കെപ്പതുക്കെ നീങ്ങുന്നതും കാണുമ്പോൾ ആ ചെറുക്കൻെറ പറച്ചിൽ ഓൎത്തുപോവുകയാണു്.

ഗദ്യപദ്യകാവ്യകുസുമങ്ങളാൽ കൈരളിയെ നിത്യമെന്നവണ്ണം ആരാധിച്ചുപോരുന്ന വിദുഷീരത്നം: അസൂയയുടെ കണികപോലുമില്ലാത്ത സാഹിത്യസഖി: പൂൎവ്വസൂരികളിലും, ആധുനികകവികളിലും ഉള്ള നന്മയെ വാഴ്ത്തുവാൻ വെമ്പൽകൊള്ളുന്ന സാഹിത്യവിശാരദ—ഭാവനാസമ്പന്നയും സ്നേഹമയിയുമായ ആ ആചാൎയ്യയ്ക്കു്, എൻെറ അഭിനന്ദനവിനീതോപഹാരങ്ങൾ പ്രശ്രയപൂൎവ്വം സമൎപ്പിക്കുന്നതിനോടൊപ്പം, മനുഷ്യായുസ്സിൻെറ പൂൎവ്വാൎദ്ധം അഭികാമ്യമാംവണ്ണം പൂൎത്തിയാക്കുന്ന ആ മഹതിയെ അവശേഷിക്കുന്ന അൎദ്ധഭാഗംകൂടി ആയുരാരോഗ്യങ്ങളോടുകൂടി പൂൎത്തിയാക്കുന്നതിനു് അനുഗ്രഹിക്കേണമേ, എന്നു് ഭക്താദിഷ്ടപ്രദായനിയായ ജഗദംബികയോടു് പ്രാൎത്ഥിക്കുകയും ചെയ്യുകയാണു് ഞാൻ.

---

# സാഹിതീഭക്ത

ശ്രുത്താട്ടുകുളം മേരിജോൺ.

അഹന്തയെഴാതെ കാവ്യസരണിയിലൂടെ ചരി-
ച്ചുഴകെഴുമാശയത്തിൻ മണിമാല്യങ്ങൾ
അനുദിനമണിയിച്ചു കവിതാകാമിനിയെത്തൻ
വശഗയാക്കിയ സഖിപാർവ്വതിയമ്മ,
മണംപെറും നറുംകാവ്യമലരുകൾ കൈരളിക്കു
കണിവച്ചു വിജയിക്കുമനുഗൃഹീത,
അമലമാമാദർശങ്ങൾക്കുയിരേകിയെന്നും കാവ്യ-
വനികയിൽ വിഹരിക്കും വിനയശീല,
ലളിതമനോഹരമായകൃത്രിമമധുരമായ്
കവനചാതുരികാട്ടും കവികോകിലം,
ഉൾക്കുരുന്നിലൂറിവരും സ്നിഗ്ദ്ധഭാവനകൾക്കോരോ
മുഗ്ദ്ധരൂപംകൊടുക്കുന്ന സാഹിതീഭക്ത,
അറുപതുതികയും തൻപിറന്നാളാഘോഷിക്കുമ്പോ-
ളനുമോദിക്കുവാനിതാവരുന്നു ഞാനും.
അറുപതല്ലിനിയുമൊരറുപതു പിറന്നാൾകൾ
വരട്ടേ കൈരളിക്കതുമനുഗ്രഹംതാൻ.
കവിയെത്രവളർന്നാലും എത്ര ഷഷ്ടി തികഞ്ഞാലും
കവിതാദേവിക്കു കൊഞ്ചും കളിക്കുഞ്ഞല്ലോ.
നിജജന്മം മാതൃഭാഷയ്ക്കൂടിയറവച്ചകവി
മലനാട്ടിന്നഭിമാനഭാജനമല്ലോ.
പുൽക്കൊടിയിൽ തൂമരന്ദംതുളിപ്പിക്കും കലാകാരൻ
ചിൽപുരുഷനവിടത്തെ തൂലികത്തുമ്പിൽ
വിരിയിച്ചീടട്ടെ സഖി! വിശേഷാത്തരമധുരമാം
മകരന്ദപൂർണ്ണകാവ്യമലർക്കുലകൾ,
അവയിൽനിന്നുതിരുമൊരസുലഭപരിമളം
മലയാളക്കരയിലും മറുനാട്ടിലും
അലയടിച്ചുയരട്ടെ, സഹൃദയഹൃദയങ്ങ-
ളണിയട്ടെ പുളകത്തിൻ മുകുളമാല.!!

# സരസകവയിത്രി

എം. പി. അപ്പൻ.

കഴിഞ്ഞ നാലുദശാബ്ദത്തിലധികം കാലമായി കൈരളീദേവിയെ നിരന്തരമായും നിസ്തന്ദ്രമായും ഉപാസിച്ചുപോരുന്ന ഒരു പുണ്യശാലിനിയാണു് സരസകവയിത്രി മുതുകുളം പാർവ്വതി അമ്മ അവർകൾ. ഇത്രത്തോളം കാലം കൈരളീസേവനം നടത്തിയിട്ടുള്ള മറേറതെങ്കിലുമൊരു മഹിള ഇന്നു ജീവിച്ചിരിപ്പുള്ളതായി അറിയുന്നില്ല. ഈ ശ്രീമതിക്കു പദ്യവും ഗദ്യവും ഒരുപോലെ സ്വാധീനമാണു്. സ്വതന്ത്രകൃതിയായാലും, വിവർത്തനമായാലും ശ്രീമതി മുതുകുളത്തിൻെറ സാഹിത്യവൈദഗ്ദ്ധ്യം ഒരുപോലെ പ്രകാശിക്കും. ഭാവഗീതം, ഖണ്ഡകാവ്യം, മഹാകാവ്യം, ഉപന്യാസം, ജീവചരിത്രം, നാടകം തുടങ്ങിയ മിക്ക സാഹിത്യപ്രസ്ഥാനങ്ങളിലും അവർ പ്രവർത്തിച്ചിട്ടുണ്ടു്. എല്ലാററിലും വിജയം വരിച്ചിട്ടുമുണ്ടു്. അവരുടെ ചില കൃതികൾ സ്കൂളുകളിലും കോളേജുകളിലും പാഠ്യപുസ്തകങ്ങളായിത്തീർന്നിട്ടുള്ളതിനാൽ ആ വിധത്തിലുള്ള അംഗീകാരം കൂടി ലഭിച്ചവയാണു്. ഉള്ളൂരിനെപ്പോലെയുള്ള മഹാകവികളുടേയും, പി. കെ. നാരായണപിള്ളയെപ്പോലെയുള്ള സാഹിത്യപഞ്ചാനനന്മാരുടേയും, അപ്പൻ തമ്പുരാനെപ്പോലെയുള്ള സാഹിത്യകുശലന്മാരുടേയും, ശ്രീ. എൻ. ഗോപാലപിള്ളയെപ്പോലെയുള്ള ഉഭയകവീശ്വരന്മാരുടേയും മുക്തകണ്ഠമായ പ്രശംസ സമ്പാദിച്ചതാണു് ശ്രീമതി മുതുകുളത്തിൻെറ കവിതാശക്തി.

പ്രതിഭാശാലിനിയായ ഈ സുകൃതചരിതയ്ക്കു് അറുപതുവയസ്സു തികയുന്ന ഈ ശുഭാവസരത്തിൽ അവരുടെ കവിതാമണ്ഡലത്തിലേക്കു് ഒന്നു കണ്ണോടിക്കുന്നതു് സർവ്വഥാ സമുചിതമാണല്ലോ.

ഭാഷാവൃത്തവും സംസ്കൃതഛന്ദസ്സും പാർവ്വതിഅമ്മ അവർകൾക്കു് ഒരുപോലെ സ്വാധീനമാണെന്നു പറയാൻ മടിക്കേണ്ടതില്ല. രണ്ടിലും അവരുടെ രചനാസൗകുമാര്യം ശ്ലാഘനീയമാ

യിരിക്കുന്നു. സ്ഥാലീപുലാകന്യായേന ഓരോ ഉദാഹരണം കാണിക്കാം:—

അൻപുനിറയും വിശാലനേത്രങ്ങളാൽ
സംപ്രീതനായഹോ! തന്നെക്കടാക്ഷിച്ച
തമ്പുരാൻ തൻതിരുമാറിലപ്പൂമാല
സമ്പൂൎണ്ണഭംഗിയിൽച്ചാൎത്തി യഥാവിധി.

(മീര)

ഇളംതളിൎത്താൎത്തുകളെണ്ടുമാൎന്നു
വിളങ്ങിയെൻ കോമളവല്ലിമേന്മേൽ
വളൎന്നു പത്രാവലികൾക്കിടയ്ക്കു
തെളിഞ്ഞു പൂമൊട്ടുകളങ്ങുമിങ്ങും.

(ഉദയപ്രഭ)

വൎണ്ണനത്തിലും ശ്രീമതി പാൎവ്വതിഅമ്മയുടെ കലാപാടവം സ്തുത്യൎഹമായിത്തന്നെ ഇരിക്കുന്നു. സമാധിയിൽ മുഴുകിയ തപസ്വിനി മീരയെ അവർ വൎണ്ണിച്ചിരിക്കുന്നതു് കാൺക:—

വണ്ടിൻ നിറത്തിലിരുണ്ടു ചുരുണ്ടേററം
നീണ്ടു പനങ്കുലപോലുലയും
കണ്ടിവാർകേശം പുറകിലഴിഞ്ഞടി-
ഞ്ഞിണ്ടലാൽ ചിന്നിച്ചിതറുന്നതോ.
ചുട്ടു പഴുത്ത സുവൎണ്ണത്തിനൊക്കുന്ന
പട്ടുപൂമേനിയെ മൂടിമിന്നും
ചട്ടററസാരിതന്നഗ്രം തലയിൽനി-
ന്നിഷ്ടമില്ലാതെ വഴുതുന്നതോ,
ചിത്രശലഭങ്ങൾ ചുഴംലതാജാലം
പത്രങ്ങളാൽ നൃത്തമാടുന്നതോ,
മേൽത്തരംസൂനങ്ങൾ ദിവ്യപരിമളം
തൈത്തെന്നൽമൂലം പരത്തുന്നതോ,
യാതൊന്നുമോരാതെ ബാഹ്യനിനവററു-
ദ്വൈതഭാവങ്ങളകന്നൊഴിഞ്ഞും
പൂതസമാധിയിലാഴുമീയോഗിനി
വേദാന്തസാരം നുകരുകയാം.

(മീര)

മീരയുടെ ഏകാഗ്രത വെളിപ്പെടുത്തുന്ന ഈ വരികഠം മനോഹരമല്ലെന്നു് ആരുപറയും? ഈ സന്ദർഭത്തിൽ ജോൺകീററ്സ് എന്ന ആംഗലകവിശ്രേഷ്ഠൻെറ "Isabella" എന്ന ഖണ്ഡകാവ്യത്തിലെ,

> And she forgot the stars, the
> moon, and sun,
> And she Forgot the blue
> above the trees-"

എന്നു തുടങ്ങുന്നഭാഗവും, എഡ്വിൻ ആർണോഠംഡ് എന്ന ആംഗലകവീന്ദ്രൻെറ Light of Asia എന്ന മഹാകാവ്യത്തിലെ,

> "....    ....    noting not
> The blazing globe roll down,
> nor evening glide,
> Purple and swift, across
> the softened fields–"

എന്നു് ആരംഭിക്കുന്ന ഭാഗവും സഹൃദയരുടെ സ്മൃതിപഥത്തിൽ ഉദിക്കാതിരിക്കയില്ല. ഈ മൂന്നു കവിതാഖണ്ഡങ്ങളും താരതമ്യപ്പെടുത്തുന്നതു് രസാവഹമായ ഒരു കവിതാപഠനമായിരിക്കുമെന്നു പറഞ്ഞുകൊള്ളട്ടെ.

ഉത്കൃഷ്ടമായ ഒരു ജീവിതാദശം ചൂണ്ടിക്കാണിച്ചു് മനുഷ്യമനസ്സിനെ ഉന്നമിപ്പിക്കുകയെന്നുള്ളതു് ഒരു കലാകാരൻെറ മുഖ്യധമ്മങ്ങളിലൊന്നാണെന്നു് ശ്രീമതി പാവ്വതിഅമ്മ വിശ്വസിക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. 'എൻെറ പിച്ചി' എന്ന ഭാവഗീതം ഇതിനു മൂദ്ധാഭിഷിക്തോദാഹരണമാണു്. താൻ പിച്ചിച്ചെടിയെ വളത്തിയതെങ്ങനെയെന്നു് അവർ പറയുന്നതു കേഠംക്കുക:—

> "മുളച്ച പിച്ചിച്ചെറുതൈ രസത്താൽ
> വളത്തിഞാൻ വെള്ളമൊഴിച്ചു നിത്യം
> കുളുത്തപാലേകിയൊരമ്മ തൻെറ-
> യിളം നറും പൈതലെയെന്നപോലെ"

മുററിത്തഴച്ചു പിച്ചിച്ചെടിയെ കവയിത്രി ചിത്രീകരിച്ചിരിക്കുന്നതിങ്ങനെയാണു്.

"ക്രമേണമട്ടൊന്നു പകൻപിച്ചി-
യ്യുമോഘസൗഭാഗ്യസമൃദ്ധിതിങ്ങി
സമാഗമിക്കും നവപുഷ്പകാല-
സുമഞ്ജുകാന്തിച്ചുടവീശിമിന്നി."

താൻ വളത്തിയ വല്ലരി തന്നോടു് കൃതജ്ഞത പ്രദർശിപ്പിക്കുന്നതിനെപ്പററി അവർ എടുത്തു പറയുന്നതു് ശ്രദ്ധിക്കുക:—

"അനന്തസൗഭാഗ്യരസം ചൊരിഞ്ഞു
മനംമയക്കുന്ന സുമങ്ങളിപ്പോൾ
നനച്ചു പാലിച്ചതിനെന്നെ നോക്കി-
യനാരതം പുഞ്ചിരിതൂകിടുന്നു.

അടുത്തു ഞാൻ ചെല്ലുകിലാത്മതുഷ്ടി
തുടുത്ത പൂമൊട്ടുകളാലെകാട്ടി
പടുത്വമോടെൻ ചെടിശാഖയാട്ടി
നടിച്ചിടും നന്ദിയവാച്യമായി."

ഇത്രയും പറഞ്ഞപ്പോഴേയ്ക്കും മനുഷ്യരുടെ ഇടയിൽ കാണുന്ന കൃതഘ്നത കവയിത്രിയുടെ ഓമ്മയിൽ വരുന്നു. അവർ അറിയാതെ പറഞ്ഞു പോവുകയാണു്:—

"വിശേഷബോധം ചെറുതും പെടാത്ത
വിശുദ്ധയാം വല്ലരി! നിൻെറ തത്വം
പരോപകാരസ്മൃതിയററധൂത്ത-
നരാന്വയംകണ്ടു പഠിച്ചിടട്ടെ!"

പിച്ചിയെ അത്യുത്കൃഷ്ടമായ ഒരു ജീവിതമാതൃകയായി ചിത്രണം ചെയ്തിരിക്കുന്നതിൽ കവയിത്രി പ്രദർശിപ്പിച്ചിട്ടുള്ള കലാപാടവത്തെ ഏതു സഹൃദയനും സവ്വാത്മനാ അഭിനന്ദിക്കാതിരിക്കയില്ല. അവർ പിച്ചിയോടു് പറയുന്ന ഈ ഭാഗവും കൂടി ശ്രദ്ധിക്കുക:—

"ഇളം കുളിർക്കാററിലലഞ്ഞുലഞ്ഞു
ദളങ്ങൾതൻ മഞ്ജുളമർമ്മരത്താൽ
മിളൽപ്രമോദം ഭുവനാധിനാഥ-
വിലാസഗാനങ്ങൾ പൊഴിച്ചിട്ടും നീ;

നിതാന്തസൗരഭ്യമണച്ചെവക്ക-
മതുല്യമാം മോദമുയത്തിനിന്നും
പ്രകാമ്യമാം സേവനവൃത്തിയാൽനും
സ്വകീയജന്മം സഫലീകരിപ്പൂ!"

പിച്ചിച്ചെടി എന്ന ഭാവഗീതത്തിൻെറ അവസാനഭാഗത്തു കവയിത്രി പിച്ചിയോട്ട് പറയുന്ന വരികൾ സഹൃദയലോകം കവയിത്രിയെ നോക്കി പറയാതിരിക്കുകയില്ല. ആ ഭാഗം കേൾക്കേണ്ടേ? ഇതാ:—

"പ്രസന്നഭാവം, പരിതുഷ്ടി,യാത്മ-
വിശുദ്ധിയെന്നീഗ്ഗുണരശ്മിവീശി-
ലസിക്ക! നീ മഞ്ജുലതേ! ജഗത്തിൻ
പ്രശസ്തമാം മാതൃകയായിന്നീണാൾ."

സ്വതന്ത്രകവിതയിലെന്നപോലെ പരിഭാഷയിലും ശ്രീമതി മുത്തുകുളത്തിൻെറ സാഹിത്യകലാവൈദഗ്ദ്ധ്യം വെളിപ്പെടുന്നുണ്ടെന്ന് ആദ്യമേ പറഞ്ഞുവല്ലോ? അതിനും ഒന്നുരണ്ടു് ഉദാഹരണം കാണിക്കാം. വിരഹാത്തയായ യശോധരയെ എഡ്വിൻ ആർനോൾഡ് വർണ്ണിച്ചിരിക്കുന്നതു് ഇങ്ങനെയാണ്.

"....    ....    Her lids
were wan with tears, her
tender cheeks had thinned,

Her lips delicious curves
were drawn with grief;
The lustrous glory of her hair
[was hid-

Close-bound as widows
use, no ornament
She wove, not any jewel
clasped the cloth-
Coarse, and of mourning
white-crossed on her breast."

ഈ ഭാഗത്തെ പാർവ്വതിഅമ്മ അവർകൾ തർജ്ജമചെയ്തിരിക്കുന്നതു് ഇങ്ങനെയാണു്:—

"കണ്ണീരാൽ കൺപോളകൾനനഞ്ഞു മുററുംവിങ്ങി-
ഗ്ഗണ്ഡങ്ങളൊട്ടിത്താണു വിളറപ്രഭനീങ്ങി
പൂർണ്ണമായ്‌വളഞ്ഞുള്ള രക്തരേഖകൾമങ്ങി
വർണ്ണ്യമാം ചെഞ്ചുണ്ടൊളികുറഞ്ഞു ചുളിതിങ്ങി
തൈലലേപനമെന്യേപറന്നു പാടിടുന്ന
പേലവമുകിൽക്കുന്തൽ പിണഞ്ഞുജടയായ്‌
ശ്രീലസദ് ഭൂഷാഗണമൊന്നുമേയണിയാത്ത
കോലമോടൊരുവെറും വെൺപട്ടുമാത്രം ചാർത്തി
മാലുടലെടുത്തപോൽ മരുവുമിസ്സാദ്ധ്വിയെ
യാലോലബാഷ്പംവിനാ നോക്കുവാനാക്കും പണി."

കവിത തർജ്ജമ ചെയ്യുക എന്നതു് മണ്ണിൽ വീണ പഞ്ചസാര എടുക്കുന്നതുപോലെയാണെന്നു നന്ത്യാരുവീട്ടിൽ പരമേശ്വരൻപിള്ള പറഞ്ഞിട്ടുള്ളതായി കേട്ടിട്ടുണ്ടു്. ഒന്നുകിൽ കുറെ പഞ്ചസാര കളയേണ്ടിവരും, അല്ലെങ്കിൽ കുറെ മണ്ണുകൂടി എടുക്കേണ്ടിവരും. ഏതു തർജ്ജമയെപ്പററിയും ഇങ്ങനെ പറയാവുന്നതാണു്. ഏററക്കുറവുകൾ ഉണ്ടായിരിക്കുമെന്നേയുള്ളു. ശ്രീമതി പാർവ്വതി അമ്മയുടെ തർജ്ജമ പദാനുപദമായ തർജ്ജമയല്ലെങ്കിലും, ആകെക്കൂടി അതു നന്നായിട്ടുണ്ടെന്നു സമ്മതിക്കണം.

ലളിതകോമളമായ കവിതാഭാഗം തർജ്ജമചെയ്യുമ്പോൾ മാത്രമല്ല അത്യന്തകഠിനമായ ഉപനിഷത്തു തർജ്ജമ ചെയ്യുമ്പോഴും കവയിത്രിയുടെ കൃതഹസ്തത വെളിപ്പെടുന്നുണ്ടു്.

"വാസാംസി ജീർണ്ണാനി യഥാ വിഹായ
നവാനി ഗൃഹ്ണാതിനരോപരാണി.

തഥാ ശരീരാണി വിഹായജീർണ്ണാ-
ന്യന്യാനിസംയാതി നവാനിദേഹീ."

എന്ന ഭാഗം ഭഗവദ്ഗീതയിൽ ഉള്ള ശ്ലോകങ്ങളിൽ ഏററവും പ്രസിദ്ധി നേടിയതാണല്ലോ. അതിനെ പാർവ്വതിഅമ്മ പരിഭാഷപ്പെടുത്തിയിരിക്കുന്നതു് ഇങ്ങനെയാണ്:—

"പഴകുംവസ്ത്രങ്ങളെക്കൈവിട്ടുമർത്ത്യൻ സ്വയ-
മഴകിൽപുതുവസ്ത്രമണിയും പ്രകാശത്തിൽ
അഴിയും ഗാത്രങ്ങളെയകലെത്തള്ളി ദേഹി
വഴിയാംവണ്ണം നവദേഹങ്ങൾ വരിക്കുന്നു."

ഇവിടെ കവയിത്രി പദാനുപദതർജ്ജമ നിർവ്വഹിച്ചു് അന്യാദൃശമായ സാഹിത്യവൈദഗ്ദ്ധ്യംതന്നെ പ്രദർശിപ്പിച്ചിരിക്കുന്നു. ഭഗവദ്ഗീതയ്ക്കു കിളിപ്പാട്ടു രീതിയിൽ അനേകം തർജ്ജമകൾ ഉണ്ടായിട്ടുണ്ടെങ്കിലും അവയ്ക്കൊന്നിനും ഇല്ലാത്ത ഒരു സൂക്ഷമാവിശേഷം ശ്രീമതി മുത്തുകുളത്തിൻെറ തർജ്ജമയ്ക്കുണ്ടെന്നു നിർമ്മത്സരബുദ്ധികൾ സമ്മതിക്കാതിരിക്കയില്ല.

പാർവ്വതിഅമ്മ അവർകളുടെ ഗദ്യരീതിയെപ്പററിയും രണ്ടു വാക്കു പറയേണ്ടതുണ്ടു്. പ്രസന്നവും ലളിതവും ആയ രീതിയിൽ ഗദ്യമെഴുതാൻ അവൎക്കു് ഒരു പ്രത്യേക കഴിവുണ്ടെന്നു സമ്മതിക്കണം. ബാലലോകത്തിനു രസിക്കുന്ന കഥകൾ രചിക്കുമ്പോഴും പ്രൗഢജനങ്ങൾക്കു രുചിക്കുന്ന ഗ്രന്ഥങ്ങൾ എഴുതുമ്പോഴും, സന്ദർഭോചിതമായ ശൈലി പ്രയോഗിക്കാൻ അവർ വളരെ ശ്രദ്ധിക്കാറുണ്ടു്. സാമാന്യാധികമായ ഒരു സിദ്ധിയുണ്ടെങ്കിലല്ലാതെ ഇതു സാദ്ധ്യമല്ലെന്നു പറയേണ്ടതില്ലല്ലോ?

ഇത്രയും പറഞ്ഞതിൽ നിന്നും സാഹിത്യത്തിൻെറ വിവിധസരണികളിൽ ഒരുപോലെ പ്രവർത്തിച്ചു് വിജയം നേടിയ ഒരു അനുഗൃഹീതയാണ് ശ്രീമതി മുത്തുകുളം എന്നു തെളിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. ഗണനീയമായ പ്രോത്സാഹനമൊന്നും ഇല്ലാതിരുന്നിട്ടുകൂടി കൈരളീ സപര്യയ്ക്കുവേണ്ടി ആയുഷ്കാലം മുഴുവനും സമർപ്പിച്ച ആ പ്രതിഭാസമ്പന്ന സകല കേരളീയരുടെയും കൃതജ്ഞതാർഹമായ ബഹുമാനത്തിനു് അർഹയാണെന്നു രേഖപ്പെടുത്താൻ എനിക്കു് അത്യധികമായ സന്തോഷം ഉണ്ടു്. കൈരളീദേവിയെ പൂജിച്ചുകൊണ്ടു് ഇനിയും അറുപതുസംവത്സരംകൂടി ജീവിച്ചിരിക്കാൻ സർവ്വേശ്വരൻ അവൎക്കു സമസ്തഭാഗ്യങ്ങളും നൽകുമാറാകട്ടെ!

# നിത്യഭാസ്വരകവിതകളുടെ നിറകുടം

പൊൻകുന്നം ദാമോദരൻ

സുപ്രസിദ്ധകവയിത്രിയായ ശ്രീമതി മുതുകുളം പാർവ്വതി അമ്മയുടെ കവിതകളിലെ വ്യക്തിമുദ്ര ഒരു ദിങ്ദർശനരൂപത്തിൽ പരിശോധിക്കാനാണ് ഈ അവസരത്തിൽ ഞാൻ തുനിയുന്നത്.

സ്വാതന്ത്ര്യബോധം, സാരള്യം, ഋജുത്വം, നൈർമ്മല്യം എന്നീ സവിശേഷതകൾകൊണ്ടു വ്യക്തിമുദ്രയണിഞ്ഞ കവിതകൾ എത്രയോ ആ മഹതി രചിച്ചിട്ടുണ്ട്; കാവ്യതല്ലജങ്ങളും സംഭാവന ചെയ്തിട്ടുണ്ട്. പലതും പുതിയ വായനക്കാർ ശ്രദ്ധിക്കാൻ കഴിഞ്ഞിരിക്കില്ല. ദീർഘദീർഘങ്ങളായ മനുഷ്യജീവിതങ്ങൾ കണ്ടറിഞ്ഞ്, അലയാഴിയിൽനിന്നു മുത്തുകൾപോലെ അമൂല്യങ്ങളായ ആശയങ്ങൾകൊണ്ട് ആത്മചൈതന്യംപൂണ്ട കവിത രചിക്കുകയെന്നത് തമാശയല്ല: അഗാധമായ ഒരു തപസ്യ തന്നെയാണത്. 'നാനൃഷിഃ കവിഃ' എന്നു പറഞ്ഞതു വെറുതെയല്ല. ചിന്താവിഷ്ടയായ സീതയും, മററും ഉണ്ടായത് അത്തരം തപസ്യയുടെ ഫലമാണ്.

കേരളമഹിളമാരുടെ കൂട്ടത്തിൽ കവയിത്രികളെന്ന് ഉറപ്പിച്ചുവിളിക്കാൻ സമുചിതങ്ങളായ രണ്ടു നാമധേയങ്ങളെ ഉള്ളു എന്നു ഞാൻ പറയുന്നത് ഈ അടിസ്ഥാനത്തിലാണ്. പാർവ്വതി അമ്മയുടെ കാവ്യലോകസഞ്ചാരമണ്ഡലം വിപുലമാണ്. അവർ ദന്തഗോപുരത്തിൽനിന്നും, സഹാറാമരുഭൂമിയിൽനിന്നും, ഗ്രാമീണശാന്തിയിൽനിന്നും, പുല്ലുപുഷ്പാദികളിൽനിന്നും പഠിക്കേണ്ടതു പഠിച്ചു. കാണേണ്ടതു കണ്ടു. അങ്ങിനെ രേഖപ്പെടുത്തിയ ജീവിതാനുഭൂതികളാണ് ആദ്യംതൊട്ടിന്നുവരെയുള്ള മിക്ക കവിതാഖണ്ഡങ്ങളും. ഇഹത്തിൽനിന്നു പരത്തിലേക്കു തേജോനാളം ചൂണ്ടിനില്ക്കുന്ന മാതിരിയാണ് അവരുടെ കവിത പലതും. അതുകൊണ്ടാണ് ആ മഹതിക്ക്,

"പ്രസന്നഭാവം, പരിതുഷ്ടി, യാത്മ-
വിശുദ്ധിയെന്നീഗുണരശ്മിവീശി
ലസിക്ക നീ മഞ്ജുലതേ, ജഗത്തിൽ
പ്രശസ്തമാം മാതൃകയായി നീണാൾ"

എന്ന പാവപ്പെട്ട ഒരു പിച്ചിവള്ളിയെ ആശംസിക്കാൻ കഴിയുന്നതു്. "എൻെറ പിച്ചി" വായിച്ചാൽ അറിയാം പാർവ്വതിയമ്മയുടെ കവിത എന്താണെന്നു്. പ്രസന്നഭാവവും, പരിതുഷ്ടിയും ആത്മവിശുദ്ധിയും,—അതാണു് മുതുകുളം പാർവ്വതിഅമ്മയുടെ കവിതയ്ക്കുള്ള വ്യക്തിമുദ്രയെന്നു്, അതുപോലെതന്നെ വ്യക്തമാക്കുന്നവയാണു് അവരുടെ ഭൂരിപക്ഷം ഭാവനകളും. എൻെറ പിച്ചിയിൽക്കൂടി ജീവിതം, മഹത്തായ ജീവിതം, ആഘാതപ്രത്യാഘാതങ്ങൾകൊണ്ടു് വിഷമകരമായ മനുഷ്യജീവിതം ഉടനീളം കാണുകയാണു ചെയ്തിരിക്കുന്നതു്.

ആശാൻെറ രചനയോടു് നീതിപുലർത്തിയ അവരുടെ ഒരു തർജ്ജിമകാവ്യമാണു് ശ്രീബുദ്ധചരിതം ഉത്തരാർദ്ധം. പണ്ഡിതകേസരിയും തികഞ്ഞ മർമ്മഗ്രാഹിയുമായ ശ്രീ: എൻ. ഗോപാലപിള്ള അതിൻെറ അവതാരികയിൽ ആ സത്യം രേഖപ്പെടുത്തിയിരിക്കുന്നതു നോക്കൂ! "മഹാകവിയുടെ എല്ലാ കൃതികളോടും, സാമാന്യമായും, ശ്രീബുദ്ധചരിതത്തോടു വിശേഷിച്ചും, അവർ സമാർജ്ജിച്ചിട്ടുള്ള സന്തതസംവാദവും, തന്മയീഭാവവും പ്രസ്ഫുടമാണു്. അങ്ങിനെ ആശാൻെറ ആസ്വാദ്യമായ ശൈലീഭംഗി അവൎക്കു് ആവോളം അധീനമായിട്ടുണ്ടെന്നുള്ളതിനു് ഈ ബുദ്ധചരിതം ഉത്തരാർദ്ധം ഉത്തമദൃഷ്ടാന്തമാണു്."

തികച്ചും സത്യസന്ധമായ ഒരഭിപ്രായം!
ആ കവിതയുടെ ശാലീനത കാണിക്കാൻ ഇതാ ഒരു ഭാഗം:

'ഉത്തുംഗശൃംഗപ്പുരപ്പിലെത്തീട്ടൊരാൾ
കൃത്യമായ് കീഴ്പ്പോട്ടു നോക്കുന്നവേളയിൽ
അങ്ങധോഭാഗത്തദൃശ്യമായ് ദൂരത്തു
മങ്ങും വയലിൻ വരമ്പിൽത്തുടങ്ങീട്ടു
കാടുകൾ, മേടുകൾ, കുന്നിൻചരിവുകൾ,

മോടിപ്പകിട്ടെഴുമാരാമഭൂമികൾ,
പച്ചവിരിപ്പുപുതച്ചകേദാരങ്ങൾ
മെച്ചമേറീടുന്ന പലജലജാലങ്ങൾ,
കാൽകൾ വഴുതിത്തലചുററിവീഴുമാ-
റാകുലതാപം ചേർത്തുയരും മുനമ്പുകൾ
ക്രൂരമ്പുപോലെ പദങ്ങൾ തുളയ്ക്കുന്ന
പാറകൾതിങ്ങും വനാന്തരപാതകൾ
തള്ളിപ്പെരുകിവരുന്ന നീർച്ചാട്ടങ്ങൾ".

.... .... ... ....

അതെ, ജന്മജന്മാന്തരങ്ങളിലേക്കു പരന്നുകിടക്കുന്ന പൂർവ്വജീവിതപരമ്പരകളെ ബുദ്ധദേവൻ കാണുന്ന ഭാഗമാണതു്. അതു് അത്ര്യും അക്ലിഷ്ടമനോഹരമായി വർണ്ണിച്ചുകാണിക്കാൻ ആശാനുശേഷം പാർവ്വതിയമ്മ അനുഗ്രഹിച്ചതു തികച്ചും വിജയംവരിച്ചിരിക്കുന്നു. ആ പുസ്തകത്തിൽ ഏതുഭാഗം ഉദ്ധരിച്ചാലും മറിച്ചൊന്നു പറയാൻ സാദ്ധ്യമല്ല. അതുപോലെതന്നെ ഗീതാതർജ്ജിമയും. ഞാൻ വായിച്ചിട്ടുള്ള പല ഗീതാതർജ്ജിമകളിലുംവച്ചു് അർത്ഥപുഷ്ടലവും മനോഹരവും, വാസനാഭാസുരവുമായ തർജ്ജിമ പാർവ്വതിയമ്മയുടേതാണെന്നുറപ്പിച്ചു പറയുകയാണു്.

ഉൽക്കടമായ സ്വാതന്ത്ര്യാവേശം മുററിനിൽക്കുന്ന ഒരു ധീരവനിതയെ, പാർവ്വതിയമ്മയിൽ ദർശിക്കാൻ തികച്ചും പര്യാപ്തങ്ങളായ എത്രയോ കവിതകൾ ഉദ്ധരിക്കാൻ കഴിയും എനിക്കു്.

"അടിസ്ഥാനമെന്യേ പടുത്തുകെട്ടിയ
കരുത്തെഴും മാമൂൽ പെരുംമതിലിനെ
അടിച്ചുടയ്ക്കണം, പരമധർമ്മമാം
തടിച്ച ദണ്ഡിനാൽ നിരങ്കുശം നമ്മൾ"

"ചപലകളായുമബലകളായു-
മവമാനം നമുക്കിയററും തണ്ടപ്പേർ
നിഘണ്ടുവിൽപ്പോലും സ്ഥലംപിടിയ്ക്കായ്വാൻ
അകന്മഷം യത്നം തുടരണം നമ്മൾ"

സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി, വിശേഷിച്ചും അടിമകളുടെ അതിലും വിശേഷിച്ചു സ്ത്രീസമുദായത്തിന്റെ—സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി സിംഹികയെപ്പോലെ സംസാരിക്കുന്ന കവയിത്രിയാണു് ആ ശ്രീമതിയെന്നു് ഇതുമാതിരി എത്രയോ ഉദ്ധരണങ്ങൾ എടുക്കാനുണ്ടെന്നോ!

"കട്ടുത്ത ദുർമ്മാർഗ്ഗനികൃഷ്ടഭിത്തി-
യുടച്ചു മാമൂലുകൾ വെട്ടിനീക്കി
തടസ്സമാറാലകൾ മാററിയാകും
പട്ടുത്വമേകും പടയാളി"യായി-

ട്ടാണു് അവർ സ്വാതന്ത്ര്യത്തെ നമുക്കു പരിചയപ്പെടുത്തിത്തരുന്നതു്.

ദരിദ്രതൊഴിലാളി, നീലിയുടെ കൃതാർത്ഥത, സ്വാതന്ത്ര്യദിനത്തിലും, ആതുരാലയം, ഒരന്വേഷണം, സത്യദേവതയോടു്, എന്റെ പിച്ചി എന്നുതുടങ്ങി അനായാസകോമളങ്ങളും, ആത്മാർത്ഥതാമധുരങ്ങളുമായ നിരവധി കവിതകൾ അവരുടെ സാഹിതീമലക്കാവിൽ മണവും മധുവുമണിഞ്ഞു നില്ക്കുന്നുണ്ടു്. വാടിക്കൊഴിയാത്ത നറുമലരുകളാണവയെല്ലാംതന്നെ. ജീവിതത്തെക്കുറിച്ചു് വസ്തുനിഷ്ഠമായി അവർ ചിന്തിച്ചു നീറിത്തെളിഞ്ഞ സുവർണ്ണരേണുക്കളാണു് പല കവിതകളും. പക്ഷേ, ഒന്നുണ്ടു്: പ്രചരണത്തിന്റെ പെരുമ്പറമുഴക്കംകൊണ്ടു്, അവ അറിയപ്പെടാതെ കിടന്നുകൊള്ളുകയാണു് അവയ്ക്കു് ഇഷ്ടമെന്നു തോന്നുന്നു. കാട്ടുപൂക്കളുടെ സൗരഭ്യം നാഗരികതയുടെ ലഹരിപിടിച്ച ഗന്ധത്തെക്കാൾ പാവനവും പ്രശാന്തവും ആയിരിക്കുന്നതുപോലെ, പാർവ്വതിഅമ്മയുടെ കാവ്യലോകയാത്ര തികച്ചും ആഡംബരരഹിതമാണു്. അറിയപ്പെടാതെയിരിക്കാൻ ആഗ്രഹിക്കുന്ന വിനയത്തിന്റെയും, വിവേകത്തിന്റെയും വാസന തികഞ്ഞ, ആത്മാവിഷ്കരണമാണു് മുതുകുളം പാർവ്വതിഅമ്മയുടെ സാഹിതീസപര്യ. ഭാവകവിതയെന്നും പറഞ്ഞു് ക്ഷുദ്രചിന്തകളെ ഈരടിയിലാക്കുന്ന തമാശയല്ലവർക്കു കവിത. അതുകൊണ്ടാണു് അവർക്കു് അനുയാത്രക്കാരികൾ ഉണ്ടാകാത്തതെന്നും വന്നുകൂടായ്കയില്ല.

അവതാരികകൊണ്ടോ, ആസ്വാദനംകൊണ്ടോ വേണ്ട, അ കവിത സഹൃദയരുടെ പ്രശംസയ്ക്കും, പഠനത്തിനും വിഷയമാകാൻ. കൈരളിയുടെ ശ്രീകോവിലിൻമുമ്പാകെ കത്തിത്തിളങ്ങുന്ന കർപ്പൂരദീപങ്ങളാണു് ശ്രീ. പാർവ്വതിഅമ്മയുടെ കവനതല്ലജങ്ങൾ! മാനത്തിൽ തിളങ്ങുന്ന നക്ഷത്രങ്ങളെ മിന്നാമിനുങ്ങുകളെപ്പോലെ തോന്നുന്നതു് അകലെനിന്നുള്ള നോട്ടംകാരണമാണു്. അല്ലാതെ നക്ഷത്രങ്ങളുടെ കുററമല്ലതു്. കവിതാവിമർശനപക്ഷത്തും അ യാഥാർത്ഥ്യം ബാധകമാണു്.

---

# മലയാളത്തിന്റെ മാനം രക്ഷിക്കുന്ന കവയിത്രി

കുററിപ്പുഴ പരമേശ്വരൻ എം. എ.

ഒരു കുടുംബത്തിന്റെ അഭിമാനം അതിലെ സ്ത്രീകളുടെ ഹസ്തങ്ങളിലാണല്ലോ അർപ്പിതമായിട്ടുള്ളതു്. സാഹിത്യത്തിലും മറിച്ചല്ല പരമാർത്ഥം. ഏതു സാഹിത്യത്തിന്റെയും അഭിമാനത്തെ പൊക്കിപ്പിടിക്കുന്നതു് അതിലെ കവികളല്ല, കവയിത്രികളാണു്. മലയാളസാഹിത്യത്തിന്റെ ഇന്നത്തെ നില പരിശോധിച്ചാലും ഈ വസ്തുത വ്യക്തമാകുന്നു. ഇന്നത്തെ കവികളാരെല്ലാമാണെന്നു് ഒരു ഗണനാപ്രസംഗം നടത്തിയാൽ കനിഷ്ഠികാധിഷ്ഠിതയാകാൻ ഒരു കവയിത്രിയാണുള്ളതെന്നു് നിർമ്മത്സരബുദ്ധികൾ സമ്മതിക്കും. വാരികകളിലും മാസികകളിലും സ്ഥാനംപിടിക്കുന്നവർ ധാരാളം കണ്ടേക്കുമെങ്കിലും ഈടുള്ള കാവ്യശില്പം നിർമ്മിച്ചു് കവനകലാലോകത്തു് തലയുയർത്തിനില്ക്കുന്ന ആൾ ഒന്നേയുള്ളൂ. ആ മഹതി ശ്രീമതി മുതുകുളം പാർവ്വതിയമ്മയല്ലാതെ മററാരുമല്ല. അവരുടെ ഏററവും ആധുനികമായ ഭഗവത്ഗീതാപരിഭാഷ മതി ഇപ്പരമാർത്ഥം സുസ്ഥാപിതമാക്കാൻ. 'വായിൽ തോന്നുന്നതു് ഈരടികളാക്കി വാരികകൾക്കു് വാരിക്കെട്ടി അയക്കാൻ ഉതകുന്ന വരികൾ ശ്രീമതി പാർവ്വതിഅമ്മ എഴുതാറില്ല, എഴുതുകയുമില്ല. വാസനയാൽ പ്രേരിതയായി ഭാവനാഭാസുരമായ കൃതികൾ അവരെഴുതുന്നതു് ബോധപൂർവ്വമാണു്. അറിഞ്ഞിട്ടെഴുതാനേ അവർക്കറിയാവൂ. അറിയാതെഴുതിത്തള്ളി അറിയാമെന്നു ഭാവിക്കുന്ന വിഡ്ഢിത്തത്തിനു് ശ്രീമതി മുതുകുളം ഒരിക്കലും വിധേയ ആകാറില്ല.

ഇന്നത്തെ മലയാളസാഹിത്യത്തെ നിഷ്പക്ഷമതികളായി നിരൂപണംചെയ്യുന്നവർ ഒരുകാര്യം ചൂണ്ടിക്കാണിക്കാറുണ്ടു്; കനത്ത കൃതികളൊന്നും പുറത്തു വരുന്നില്ലെന്നുള്ളതാണതു്. അഭ്യാസവും ശിക്ഷയുമില്ലാതെ ജന്മസിദ്ധമായ വാസനയ്ക്കു് വിധേയരായിട്ടു് വല്ലതുമൊക്കെ എഴുതിത്തള്ളിവിടുന്നതാണത്രേ അതിനു

കാരണം. "അധീതിബോധാചരണപ്രചരണ"ങ്ങളുടെ ക്രമം തെററിക്കിടക്കുകയാണിന്നു്. പഠിക്കുക, അറിയുക, ആചരിക്കുക, പ്രചരിപ്പിക്കുക എന്ന ക്രമം തലകീഴ് മറിയുകയും തൽഫലമായി പ്രചരണത്തിൽ മാത്രമായി നാലു പ്രക്രിയകളും പയ്യവസാനിക്കുകയും ചെയ്യുന്ന സാഹിത്യനിമ്മാണസമ്പ്രദായമാണ് നിരൂപകന്മാരെ ഇത്തരം തീരുമാനത്തിലെത്തിക്കുന്നതു്. സാഹിത്യമെന്തെന്നും കവിതയെന്തെന്നും പഠിച്ചറിഞ്ഞു പറയുന്നവരെ പഴഞ്ചന്മാരെന്നു് മുദ്രയടിക്കയും അവരെ നൂറുശതമാനവും അവഗണിക്കുകയും ചെയ്യുന്നവരിൽനിന്നു് മലയാളത്തിൻെറ മാനം കാത്തുരക്ഷിക്കുന്ന ഒരേ ഒരാൾ ശ്രീമതി മുതുകുളമത്രേ. അപ്പൻതമ്പുരാനും സാഹിത്യപഞ്ചാനനും തലകുലുക്കി സമ്മതിച്ചിട്ടുള്ള പ്രതിഭയുടെ ഉടമാവകാശമുള്ളവർ ഇന്നു മററാരുമില്ലല്ലോ. ആശാൻെറ അപൂണ്ണമായ ശ്രീ ബുദ്ധചരിതം പൂണ്ണമാക്കാൻ കരുത്തുള്ള പുരുഷനോ സ്ത്രീയോ മററാരുണ്ടു് മലയാളത്തിൽ. അതുമാത്രമല്ല, ആ കൃതിക്ക് ശ്രീ: എൻ. ഗോപാലപിള്ളയെപ്പോലുള്ള ഒരു പണ്ഡിതകേസരിയിൽനിന്നും അംഗീകാരമുദ്ര ലഭിച്ചിട്ടുള്ള വസ്തുതകൂടി ഒരുമിച്ചോക്കുമ്പോൾ ഈ പ്രതിഭാശാലിനിയുടെ പദവിയെപ്പററി പറയേണ്ട കായ്യമേയില്ല? മലയാളസാഹിത്യത്തിൽ ഇന്നു് ഏതാണ്ടു സ്തംഭിച്ചുനില്ക്കുന്ന കവിതാമണ്ഡലം നിജ്ജീവമാകാതെ കാത്തുപോരുന്നതു് ശ്രീമതി പാവ്വതിഅമ്മയുടെ കരാവലംബം മാത്രമാണെന്നും തീത്തുപറയാം. അതുകൊണ്ടുതന്നെയാണ് അവരിന്നു മലയാളപദ്യസാഹിത്യത്തിൻെറ മാനം രക്ഷിക്കുന്ന മഹിളയായതും.

ശ്രീമതി മുതുകുളം പാവ്വതിഅമ്മയെപ്പററി സ്മരിക്കുമ്പോൾ ഭക്തകവികളെക്കുറിച്ചു് ഓമ്മിച്ചുപോകാറുണ്ടു്. ഒരത്ഥത്തിൽ ഏതു കവിയും ഒരു ഭക്തകവിയായിരിക്കും. കൈകാൎയ്യം ചെയ്യുന്ന വിഷയത്തോടു അചഞ്ചലവും ആത്മാത്ഥവുമായ ഭക്തിയുണ്ടെങ്കിലേ ഒരു കവിക്കു കവിയാകാൻ കഴിയൂ. വിഷയമേതായാലും ഭാഷയേതായാലും ചേതോവൃത്തി വിഷയസ്ഥിതയായി നിന്നില്ലെങ്കിൽ ആത്മാത്ഥതയുള്ള കാവ്യം നിമ്മിക്കുകയില്ല. ശ്രീമതി പാവ്വതിഅമ്മ ഈ അത്ഥത്തിൽ മാത്രമല്ല ഒരു ഭക്തകവയിത്രിയായിട്ടുള്ളതു്. അവരുടെ ഏതുവരികൾ വായിക്കുമ്പോഴും ഈശ്വരോന്മുഖമായ ഭക്തിയുടെ നീരൊഴുക്കു പ്രകടമായിക്കാണാം. "പരി

ണതജ്ഞാനയോഗിനി"യായ അവരുടെ 'മീര'യെപ്പോലെതന്നെ അവരും ഒരു ഭക്തമഹിളയാണു്. അതുതന്നെയായിരിക്കണം അവരുടെ വിജയരഹസ്യവും. ശിവഗിരിയിലെ പാവനപ്രാന്തങ്ങളിൽ പീതാംബരധാരിണിയായ ഒരു വനിതാവാളൻറിയർ ക്യാപ്റ്റനായിട്ടാണു് ശ്രീമതി മുത്തുകുളം പാർവ്വതിഅമ്മയെ ഈ ലേഖകൻ ആദ്യമായി കണ്ടിട്ടുള്ളതു്. ശ്രീനാരായണമാർഗ്ഗത്തിൽ ചരിക്കുന്ന ശ്രീമതി മുത്തുകുളം ഒരു ഭക്തകവയിത്രിയായതിൽ അത്ഭുതപ്പെടാനില്ല. ഭാവനയുടെ പർണ്ണകുടീരത്തിലിരുന്നു് ജീവിതധ്യാനം ചെയ്യുന്ന കവിയും ഏകാന്തതയിലിരുന്നു് ബ്രഹ്മധ്യാനൈകനിരതനായിക്കഴിയുന്ന യോഗിയും തുല്യരാണു്. ആ നിലയിൽ ശ്രീമതി പാർവ്വതിഅമ്മയും ഒരു യോഗിനിതന്നെയാകുന്നു. കൈരളീകലാക്ഷേത്രത്തിലെ കെടാവിളക്കായി അവർ എന്നുമെന്നും പ്രകാശിക്കുകതന്നെ ചെയ്യും. ഭഗവാൻ ശ്രീനാരായണൻ അവർക്കു് ആയുരാരോഗ്യൈശ്വര്യങ്ങൾ പ്രദാനം ചെയ്തനുഗ്രഹിക്കട്ടെ! എന്നു് അകമഴിഞ്ഞു പ്രാർത്ഥിക്കുന്നു.

---

# ഒരു സഹപ്രവർത്തകൻെറ അനുസ്മരണം

കെ. പരമേശ്വരപ്പണിക്കർ M. A; B. T.

സാഹിതീസപര്യ ഒരു ജീവിതമായി അംഗീകരിച്ചിട്ടുള്ള അപൂർവ്വം ചില മഹതികളിൽ ഒരാളാണ് ശ്രീമതി മുതുകുളം പാർവ്വതിയമ്മ. നിസ്തന്ദ്രമായ ഈ സാരസ്വതസപര്യയ്ക്കു് മൂന്നു പന്തീരാണ്ടിൽ കൂടുതൽ ദൈർഘ്യവുമുണ്ടു്. ശ്രീമതി പാർവ്വതിയമ്മയുടെ ജീവിതംതന്നെയാണ് അവരുടെ സുദീർഘമായ സാഹിത്യോപാസനയുടെ ക്രമാനുഗതമായ വളർച്ച.

മലയാളസാഹിത്യത്തിൽ ഗദ്യപദ്യങ്ങളിൽ ഒരുപോലെ കൃതഹസ്തരായ മഹിളാരത്നങ്ങൾ അംഗുലീപരിമിതരാണ്. എന്നാൽ ശ്രീമതി പാർവ്വതിയമ്മ പ്രസ്തുത കാര്യത്തിൽ സവ്യസാചിത്വം നേടിയ ഒരു മഹതിയാണ്. ഒരു കവയിത്രി എന്ന നിലയിൽ മുതുകുളം പാർവ്വതിയമ്മ അതിപ്രസിദ്ധിയാർജ്ജിച്ചിട്ടു കൊല്ലങ്ങൾ പലതു കഴിഞ്ഞു. ഓജസ്സും ഊർജ്ജസ്സും തികഞ്ഞ ഒരു ഗദ്യശൈലി കൊണ്ടു വ്യക്തിമുദ്രപതിപ്പിച്ചു ഗദ്യസാഹിത്യവേദിയിൽ വിരാജിക്കുന്ന ശ്രീമതിയെക്കുറിച്ചു പറയാതിരിക്കുന്നതു് ഒരു കൃത്യവിലോപമാണെന്നു തോന്നുന്നു. ആ ഗദ്യശൈലിയുടെ ഉത്തമനിദർശനങ്ങൾ അവർ എഴുതിയിട്ടുള്ള പാഠ്യപുസ്തകമായംഗീകരിച്ച ഗ്രന്ഥങ്ങളാണ്. "കർമ്മഫലം" തുടങ്ങി "രണ്ടു ദേവതകൾ"വരെയുള്ള അവ അനുവാചകലോകത്തിൻെറ വിശിഷ്യാ വിദ്യാർത്ഥിലോകത്തിൻെറ ആദരവിനു് സർവ്വഥാ പാത്രങ്ങളാണ്. സരളവും ഋജുവുമായ ആ പ്രതിപാദനം വിദ്യാർത്ഥികൾക്ക് അനുകരണാർഹമാണ്.

ശ്രീമതി പാർവ്വതിയമ്മ പഠന,പാഠന,ശ്രുതങ്ങളിൽ തല്പരയായിത്തന്നെ കഴിയുകയാണ്. മലയാളത്തിൽ അവർക്കുള്ള അഗാധപാണ്ഡിത്യം സുവിദിതമാണ്. സംസ്കൃതം, ഹിന്ദി, ഇംഗ്ലീഷ് എന്നീഭാഷകളിലും അസാമാന്യമായ വൈദുഷ്യം ഈ ശ്രീമതി

നേടിയിട്ടുണ്ട്. ഈ മൂന്നു ഭാഷകളിൽനിന്നും അവർ തർജ്ജമചെയ്തിട്ടുള്ള ഗ്രന്ഥങ്ങൾ അവരുടെ ആ ഭാഷകളിലുള്ള പ്രാവീണ്യത്തെ ഉദാഹരിക്കുന്നു. ഭാരതീയ സാഹിത്യാചാര്യന്മാരുടെ മതമനുസരിച്ചുതന്നെയാണ് പാർവ്വതിയമ്മ അവർകൾ ഗ്രന്ഥനിർമ്മാണയത്നം ചെയ്തിട്ടുള്ളതു്. നിസ്സർഗ്ഗസിദ്ധമായ പ്രതിഭയും അഗാധമായ പാണ്ഡിത്യവും അശ്രാന്തമായ പരിശ്രമവും അവരുടെ ഓരോ ഗ്രന്ഥത്തിന്റെയും പിന്നിലുണ്ടു്.

അനുവാചകലോകത്തിന്റെ മാത്രമല്ല വിപുലമായ ഒരു ശ്രോതൃലോകത്തിന്റെയും ഹൃദയത്തിൽ ലബ്ധപ്രതിഷ്ഠനേടിയ ഒരു മഹതിയാണ് ശ്രീമതി പാർവ്വതിയമ്മ. ഏതാനും കൊല്ലങ്ങൾക്ക് മുമ്പുവരെ മദ്ധ്യതിരുവിതാംകൂറിൽ നടന്നിട്ടുള്ള എല്ലാ വനിതാസമ്മേളനങ്ങൾക്കും മിക്ക സാഹിത്യസമ്മേളനങ്ങൾക്കും പാർവ്വതിയമ്മസാർ ഒരു പ്രസംഗകയായിരിക്കും. വിജ്ഞാനപ്രദവും സരസവുമാണ് ആ പ്രസംഗശൈലി. വനിതാസമ്മേളനങ്ങളിലെ പ്രസംഗങ്ങളിൽ സ്ത്രീപുരുഷസമത്വസ്ഥാപനഘട്ടങ്ങളിൽ അല്പം ആവേശക്കൂടുതലും കാണാം. ചിലപ്പോൾ പുരുഷന്മാരുടെ അപഥസഞ്ചാരങ്ങളിൽ വിരൽ ചൂണ്ടി നിശിതമായ വാങ്നാരാചപ്രയോഗങ്ങളും നടത്തിയേക്കും. ഇതൊന്നും മനഃപൂർവ്വമല്ല. ആത്മാർത്ഥതയുടെ പാരമ്യത്താലാണ്.

ഞങ്ങൾ, വിശിഷ്യ മദ്ധ്യതിരുവിതാംകൂറുകാർ കർമ്മംകൊണ്ടു് അദ്ധ്യാപികയായ പാർവ്വതിയമ്മയെ "മുതുകുളം സാർ" എന്നാണ് വിളിച്ചുവരുന്നതു്. ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം മുതലായ സ്ഥലങ്ങളിൽ ജോലിയിലിരുന്ന് ആയിരക്കണക്കിനുള്ള ശിഷ്യസഞ്ചയത്തിന്റെ ആദരപാത്രമായിത്തീർന്നിട്ടുണ്ടു് ഈ മഹതി. കുട്ടികളോടുള്ള അനുഭാവപൂർവ്വമായ പെരുമാററം ഒന്നുകൊണ്ടുതന്നെ അവർ ആ ഗുരുനാഥയെ ഒരിക്കലും വിസ്മരിക്കുകയില്ല. ക്ലാസ്സുകൾ സജീവവും ഫലപ്രദവും ആണ്. അവിടെയിരിക്കാൻ ചിലപ്പോൾ അദ്ധ്യാപകർക്കും കൊതിതോന്നിയേക്കാം. വിദ്യാർത്ഥികളുടെ സ്വഭാവരൂപവത്ക്കരണത്തിൽ ഇത്രമാത്രം ശ്രദ്ധാലുക്കളായ അദ്ധ്യാപകർ വിരളമാണ്. അച്ചടക്കവും വിനയവും കുറയുന്ന വിദ്യാർത്ഥികൾ പോലും "മുതുകുളം സാറിന്റെ"

മുമ്പിൽ "നല്ലപിള്ള"കളാകും. അഥവാ അവർ അതിന് നിർബ്ബന്ധിതരാകും.

പദവിയും പണവും മൂലം ചിലക്ക് വന്നുചേരുന്ന "തലക്കനം" ശ്രീമതി പാർവ്വതിയമ്മയ്ക്കില്ല. യഥാർത്ഥത്തിൽ ഉൽക്കർഷത്തിൻെറ ഒരു ചരിത്രമാണ് ആ ജീവിതം. എന്നാൽ ആഡംബരത്തിൻെറയോ അഹന്തയുടെയോ നേരിയ പരിവേഷംപോലും നമുക്ക് ആ മഹതിയിൽ ദർശിക്കാൻ കഴിയുകയില്ല.

"രണ്ടു ദേവത"കളിലെ നായികമാരുടെ വിശിഷ്ടഗുണങ്ങളോട് സാത്മ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു ആ ജീവിതം എന്നുതോന്നും. ഗാന്ധിജിയും ശ്രീനാരായണഗുരുദേവനും അനുഷ്ഠിച്ച ജീവിതം പാർവ്വതിഅമ്മസാറിനെ വളരെയേറെ സ്വാധീനപ്പെടുത്തിയിട്ടുണ്ട്.

മററു സാമൂഹ്യപ്രവർത്തനങ്ങളിൽ പാർവ്വതിയമ്മസാർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങളും വിലപ്പെട്ടതാണ്. രാഷ്ട്രീയപ്രവർത്തനങ്ങളിലും അടുത്തകാലത്ത് വ്യാപൃതയാകാറുണ്ട്. ചുരുക്കത്തിൽ എല്ലാ നല്ല കാര്യങ്ങളുമായി ശ്രീമതി മുതുകുളം പാർവ്വതിയമ്മയ്ക്കു ബന്ധമുണ്ട്. ഒരു ഭാഷാദ്ധ്യാപികയായിരുന്ന മുതുകുളം സാർ ഭാഷാദ്ധ്യാപകസംഘടനകളിൽ പ്രമുഖസ്ഥാനം വഹിച്ചു പ്രയോജനകരമായി പ്രവർത്തിച്ചിട്ടുള്ള വസ്തുതയും ഇവിടെ കൃതജ്ഞതാപൂർവ്വം സ്മരിച്ചു കൊള്ളട്ടെ.

ഗ്രന്ഥനിർമ്മാണം, പ്രസംഗം, അദ്ധ്യാപനം, സാമൂഹ്യപ്രവർത്തനം എന്നിവയിൽ പങ്കെടുത്ത് വിജയശ്രീലാളിതയായിത്തീർന്നിരിക്കുന്ന ശ്രീമതി മുതുകുളം പാർവ്വതിയമ്മയ്ക്ക് ഒരു സഹപ്രവർത്തകനായിരുന്ന ഞാൻ എൻെറ ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളട്ടെ.

# മാതൃകാദ്ധ്യാപിക

— എൻ. ആർ. കൃഷ്ണൻ —

(എക്സ് എം. എൽ. എ. എം. എൽ. സി.)

ഒരുകാലത്തു് കേരളം ജാതിശല്യംമൂലം "ഭ്രാന്താലയം" എന്നു് അറിയപ്പെട്ടിരുന്നു. "തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ, കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ ഒട്ടല്ലഹോ ജാതിക്കോമരങ്ങൾ" എന്ന നിലയിൽ അധഃപതിച്ച കേരളത്തെ ഉദ്ധരിക്കുവാൻ ശ്രീനാരായണഗുരുദേവൻെറ സന്ദേശവാഹകനായ ശ്രീ: സഹോദരനയ്യപ്പൻ കേരളക്കരയിൽ "ഏകജാതി" സന്ദേശകാഹളധ്വനി മുഴക്കി സഹോദരപ്രസ്ഥാനം ആരംഭിച്ചു. അതിനെ അനുകരിച്ചു് "കരപ്പുറം സഹോദരസംഘം" എന്നു് ഒരു യോഗം 1092-ൽ കരപ്പുറത്തും അസ്മാദൃശന്മാർ സ്ഥാപിക്കുകയുണ്ടായി. ഞാൻ അതിൻെറ പ്രസിഡൻറും മി: കെ. സി. കുട്ടൻ സെക്രട്ടറിയുമായിരുന്നു.

സഹോദരസംഘത്തിൻെറ പല മഹാസമ്മേളനങ്ങൾ ചേർത്തലവച്ചു് വളരെ കേമമായി കൊണ്ടാടിയിരുന്നു മഹാകവി കുമാരനാശാൻ, സഹോദരൻ ശ്രീ: അയ്യപ്പൻ, വാഗ്ഭടാനന്ദസ്വാമികൾ മുതലായ പ്രസിദ്ധപണ്ഡിതന്മാരും പ്രാസംഗികന്മാരും അതിൻെറ പല സമ്മേളനങ്ങളിലും ഭാഗഭാക്കുകളായിരുന്നു. സഹോദരസംഘത്തിൻെറ ആഭിമുഖ്യത്തിൽ കവിത, സംഗീതം, പ്രസംഗം മുതലായ വിഷയങ്ങളിൽ മത്സരമേർപ്പെടുത്തി വിജയികൾക്കു സ്വർണ്ണമെഡൽ നൽകിയിരുന്നു. അന്നൊരിക്കൽ മഹാകവി കുമാരനാശാൻെറ അദ്ധ്യക്ഷതയിൽനടന്ന മഹാസമ്മേളനത്തിലെ മത്സരത്തിനു് മുതുകുളംസ്വദേശികളായ രണ്ടു സഹോദരിമാർ പങ്കെടുത്തിരുന്നു. അവരിൽ പാർവ്വതിഅമ്മ കവിതാമത്സരത്തിലും കാർത്ത്യായനിഅമ്മ സംഗീതമത്സരത്തിലും ജേതാക്കളായി. അന്നു ഞാൻ കണ്ട പാർവ്വതിഅമ്മയാണു് കേരളസാഹിത്യഅക്കാഡമിമെമ്പർ ആയി ഇന്നു പരിശോഭിക്കുന്ന ശ്രീമതി മുതുകുളം പാർവ്വതിഅമ്മ. അന്നു് അവർ താരുണ്യത്തിലേക്കെന്നപോ

ലെതന്നെ സാഹിത്യത്തിലേക്കം കാലൂന്നിക്കഴിഞ്ഞിരുന്നതേയുള്ളൂ. മുളയിലെ അറിയാം മുളങ്കരുത്ത് എന്ന ചൊല്ലുപോലെ ശ്രീമതി പാർവ്വതിഅമ്മയിൽ അന്തർലീനമായിരുന്ന മഹദ്ഗുണങ്ങൾ അന്നുതന്നെ പാടവമുള്ള മിഴികൾക്കു കാണുവാൻ സാധിച്ചിരുന്നു.

മലയാളംസ്കൂൾ ലീവിങ്ങും ഹയറും പരീക്ഷകളിൽ വിജയം വരിച്ചശേഷം പതിനെട്ടാംവയസ്സിൽ ശ്രീമതി അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചു. അന്നു മുതൽ അൻപത്തിഅഞ്ചുവയസ്സുവരെയുള്ള ആ ദീർഘവും സ്തുത്യർഹവുമായ അദ്ധ്യാപകവൃത്തിയിൽ ഒരിക്കൽപോലും തന്റെ ശിഷ്യഗണങ്ങളുടെനേരെ ഈ മാതൃകാദ്ധ്യാപിക വടി ഉയർത്തുവാൻ ഇടവന്നിട്ടില്ലെന്നുള്ള വസ്തുത രക്ഷാധികമാരും അറിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. സ്വപരിശ്രമം കൊണ്ടു് സംസ്കൃതഭാഷയിൽ അസാമാന്യപാണ്ഡിത്യം കരസ്ഥമാക്കി എന്നല്ല രഘുവംശം, കുമാരസംഭവം, മേഘസന്ദേശം, മാഘം മുതലായ ഉന്നത സംസ്കൃതസാഹിത്യഗ്രന്ഥങ്ങൾ ശ്രീമതി ഹൃദിസ്ഥമാക്കുകയുംചെയ്തു. ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, ബംഗാളി മുതലായ ഇതരഭാഷകളിലും ശ്രീമതി സാമാന്യജ്ഞാനം കരസ്ഥമാക്കിയിട്ടുണ്ട്. മാത്രമല്ല സ്വപരിശ്രമത്താൽ മദ്രാസ്സ്യൂണിവേഴ്സിററിവക വിദ്വാൻപരീക്ഷയിൽ പ്രശസ്തനിലയിൽ വിജയം വരിക്കുകയുംചെയ്തു.

വിദ്യാർത്ഥിജീവിതകാലത്തുതന്നെ "യഥാർത്ഥജീവിതം" എന്ന ഒരു കവിത "ശാരദാ"മാസികയിൽ പ്രസിദ്ധപ്പെടുത്തുവാൻ ഇടവന്നിട്ടുണ്ട്. തുടർന്നുള്ള നിരന്തര പരിശ്രമഫലമായി ശ്രീമതി പാർവ്വതിഅമ്മ പതിനെട്ടിലേറെ ഉത്തമസാഹിത്യഗ്രന്ഥോപഹാരങ്ങൾ സാഹിതീദേവിക്കു സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ഇവയിൽ പലതും ഹൈസ്കൂൾക്ലാസ്സുകളിൽ മാത്രമല്ല കോളേജുക്ലാസ്സുകളിലും പാഠപുസ്തകങ്ങളായി ഗവമ്മെൻറു് അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. ആശാൻകവിതകളുടെ ആശയഗാംഭീര്യവും വള്ളത്തോൾ കവിതകളിലെ സാരള്യവും ഒത്തിണങ്ങിയ "മുതുകുളം കവിത" സഹൃദയക്ക് ആപാദചൂഡം ആസ്വാദ്യജനകംതന്നെ. പദ്യരചനയിലെന്നപോലെതന്നെ ഗദ്യരചനയിലും ശ്രീമതി വിജയകരമായി വിഹരിച്ചുകാണുന്നുണ്ട്.

സമസ്തകേരളസാഹിത്യപരിഷത്തിൽനിന്നു് പ്രസംഗമത്സരത്തിനും കവിതാമത്സരത്തിനും അഞ്ചുപ്രാവശ്യം ശ്രീമതി ഒന്നാം സമ്മാനമായ സുവർണ്ണമെഡൽ നേടിക്കഴിഞ്ഞു. കൂടാതെ എസ്സ്. എൻ. ഡി. പി. വാർഷികയോഗപ്രസംഗമത്സരത്തിലും സഹോദര സംഘപ്രസംഗമത്സരത്തിലും ശിവഗിരി തീർത്ഥാടനസംഘസമ്മേളനകവിതാമത്സരത്തിലും ശ്രീമതിക്കു സ്വർണ്ണമെഡലുകൾ ലഭിക്കുവാൻ ഇടയായി. സർവ്വോപരി ശ്രീനാരായണഗുരുദേവൻതന്നെ ഒരു പട്ടു സമ്മാനിച്ചു് ശ്രീമതിയെ അനുഗ്രഹിച്ചിട്ടുണ്ടു്. ഒന്നരവയസ്സിൽ പിതാവു് അന്തരിക്കയാൽ സഹോദരലാളനയിൽ വളൎന്ന ശ്രീമതി അക്ഷീണയത്നത്താലും അഖണ്ഡബ്രഹ്മചര്യംകൊണ്ടും സാത്വികജീവിതത്തിലൂടെ ഈ ഉന്നതനിലയിലെത്തിയിട്ടുള്ളതാണെന്നു് അസ്മാദൃശന്മാൎക്കു് കാണുവാൻ കഴിയും. തിരിയിൽനിന്നു കൊളുത്തിയ ചന്തംപോലെ തൻെറ അനന്തരഗാമിയായി രംഗപ്രവേശം ചെയ്യപ്പെട്ട പൊന്നുമോളാണു് "സാഹിതീസദനം പൊന്നമ്മ" എന്ന വസ്തുത ഇത്തരുണത്തിൽ സ്മരണീയമത്രെ.

മനുഷ്യജീവിതത്തിലെ അൎദ്ധപ്രായത്തിലെത്തിച്ചേൎന്ന ശ്രീമതി പാൎവ്വതിയമ്മ ഇന്നു് ഈഴവസമുദായത്തിലെന്നു മാത്രമല്ല കേരള വനിതാലോകത്തിൽതന്നെയും ഒരു ഉജ്ജ്വലതാരമായി വിളങ്ങിക്കൊണ്ടിരിക്കുന്നു. ഈ മഹതി ഇനിയും അനേകദശാ സാഹിത്യഗ്രന്ഥങ്ങളുടെ അമ്മയായി പരിശോഭിച്ചു ശതവത്സരം ഘോഷം കൊണ്ടാടുവാൻ ജഗന്നിയന്താവു് അനുഗ്രഹിക്കട്ടെ.

---

# ഒരനുസ്മരണം

ഡാക്ടർ. വേലുക്കുട്ടി അരയൻ

കൊല്ലവർഷം ആയിരത്തി ഒരുനൂറാമാണ്ടു് മേടമാസം 25, 26, 27 എന്നീ തീയതികളിൽ മുതുകുളത്തുവച്ചു് എസ്. എൻ. ഡി. പി. യോഗത്തിൻെറ 22–ാമത്തു വാർഷികസമ്മേളനം നടക്കുകയുണ്ടായി. വൈക്കം സത്യാഗ്രഹം നടന്നതിൻെറ പിറേറക്കൊല്ലമായതുകൊണ്ടു് അന്നത്തെ യോഗത്തിനു വിശേഷാൽ പ്രാധാന്യവുമുണ്ടായിരുന്നു. കേരളത്തിലെ സമുന്നതന്മാരായ സമുദായനേതാക്കളെയും, രാഷ്ട്രീയനേതാക്കളെയും സാഹിത്യകാരന്മാരെയും മററും ഒരുമിച്ചു ചേർക്കുവാൻ ആ സമ്മേളനത്തിനു സാധിച്ചിരുന്നു.

എസ്. എൻ. ഡി. പി. വിദ്യാർത്ഥിസമ്മേളനത്തിനു് ശ്രീ. എൻ. കേശവപ്പണിക്കർ ബി. ഏ.; ബി. എൽ. അദ്ധ്യക്ഷനായിരുന്നു. അധഃകൃതസമ്മേളനമാണു് രണ്ടാമത്തു നടന്നതു്. അതിൻെറ അദ്ധ്യക്ഷൻ എൻ. കുമാരൻ ബി. ഏ.; ബി. എൽ. ആയിരുന്നു. വിദ്വാൻ, കെ. പി. കറുപ്പൻ എം. എൽ. സി. യുടെ അദ്ധ്യക്ഷതയിലാണു് സഹോദരസംഘ സമ്മേളനം നടന്നതു്. ശ്രീ. പള്ളത്തുരാമൻെറ അദ്ധ്യക്ഷതയിൽ "ശ്രീകുമാരജയന്തി" സംബന്ധിച്ചുള്ള സമ്മേളനം നടത്തപ്പെട്ടു.

എസ്. എൻ. ഡി. പി. സ്ത്രീസമാജത്തിൽ അദ്ധ്യക്ഷതവഹിച്ചതു് മിസ്സിസ്. കുമാരനാശാനായിരുന്നു. കേരളകാൺഗ്രസ് കമ്മിററിയിലെ ഒരു പ്രമുഖാംഗവും അയിത്തവിരോധിയുമായിരുന്ന കുരൂർ നീലകണ്ഠൻ നമ്പൂരിപ്പാടിൻെറ അദ്ധ്യക്ഷതയിലായിരുന്നു ഹിന്ദുമഹാസഭ കൂടിയതു്. പരസ്പരസഹായസംഘം രജിസ്ത്രാർ, ആർ. വൈദ്യലിംഗംപിള്ളയുടെ അദ്ധ്യക്ഷതയിൽ സഹകരണസംഘങ്ങളെ മുൻനിറുത്തിയുള്ള ഒരു സ്പെഷ്യൽ കാൺഫറൻസും നടക്കയുണ്ടായി.

എസ്. എൻ. ഡി. പി. യോഗത്തിൻെറ അദ്ധ്യക്ഷനായി ആനയിക്കപ്പെട്ടതു് "മിതവാദി" പത്രാധിപരും തീയ്യനേതാക്കന്മാ

ലിററി മിഷ്യൻെറ ജനയിതാവും മലബാറിലെ പ്രസിദ്ധ വക്കീലും അയിരുന്ന സി. കൃഷ്ണനായിരുന്നു.

എല്ലാ വകുപ്പിലും വിദഗ്ദ്ധരായ—പ്രസിദ്ധരായ—പ്രാസംഗികരായിരുന്നു ആ സമ്മേളനങ്ങളെയെല്ലാം ഏററവും വിജയിപ്പിച്ചതു്.

സമ്മേളനസ്ഥലത്തിനു് "ഗാന്ധിനഗരം" എന്നാണു് നാമകരണം ചെയ്യപ്പെട്ടിരുന്നതു്. അതിഥിമന്ദിരത്തിനു് "സി. ആർ. ദാസ് മന്ദിരമെന്നും, അതിഥി മന്ദിരത്തിൽ നിന്നു് പന്തലിലേയ്ക്കുള്ള റോഡിനു് "മൌലാനാ മഹമ്മദാലിറോഡ്" എന്നും, പ്രധാന തെരുവുകൾക്കു് നെഹ്രുത്തെരുവു്, മാളവ്യത്തെരുവു്, കുമാരനാശാൻ തെരുവു്, ഷൌക്കത്താലിത്തെരുവു്, ജോർജ്ജ്ജോസഫ് തെരുവു്, മന്നത്തു പത്മനാഭപിള്ളത്തെരുവു്, ചങ്ങനാശേരിപരമേശ്വരൻപിള്ളത്തെരുവു്, കെ. പി. കേശവമേനോൻ തെരുവു്, ഏ. കെ. പിള്ളത്തെരുവു് എന്നിങ്ങനെയുമാണു് പേർ കൊടുത്തിരുന്നതു്.

ബെഞ്ചും, കസാലയുമൊന്നും കൂടാതെ തികച്ചും കാൺഗ്രസ് മോഡലിലാണു് പന്തലിനകത്തു സമ്മേളനസംവിധാനങ്ങൾ മോടിപിടിപ്പിച്ചിരുന്നതു്.

ഈ സമ്മേളനത്തിലെ മഹിളാവിഭാഗം സന്നദ്ധസേനയുടെ നായിക, അന്നുതന്നെ കവയിത്രിയെന്നു പ്രസിദ്ധിയാന്ന മുതുകുളം വി. പാർവ്വതിയമ്മയായിരുന്നു. അവരുടെ ചുണയും ചൊടിചൊടിപ്പും ഒരു യുവാവിലും ദൃശ്യമാകാത്തത്ര പ്രകടമായിരുന്നു. പുരുഷവാളണ്ടിയർ കോറിൻെറ ക്യാപ്ററനായ ഡാക്ടർ ഗോവിന്ദനുമായി താരതമ്യപ്പെടുത്തിക്കൊണ്ടു് ഈ ശ്രീമതിയെ മുക്തകണ്ഠം പ്രശംസിക്കയായിരുന്നു ഞങ്ങളെല്ലാം.

അവരുടെ ജോലി അവിടംകൊണ്ടു് ഒതുങ്ങിനിന്നില്ല. കുമാരജയന്തി സമ്മേളനത്തിലോ, മഹിളാ സമ്മേളനത്തിലോ എന്നെനിക്കിപ്പോൾ ഓർമ്മയില്ല. അവർ ഒരു പ്രസംഗം ചെയ്തു; ഒരു ദീർഘപ്രസംഗം! മഹാകവി കുമാരനാശാനെക്കുറിച്ചു്, അദ്ദേഹ

ത്തിൻെറ ദുരവസ്ഥയിൽ "അറ"മുള്ള ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു ചെയ്ത ആ പ്രസംഗം വളരെ നീണ്ടുപോയിട്ടും മുഴുവനായില്ല. സമയംവച്ചു പ്രസംഗിപ്പിക്കുന്നവർ നിറുത്തിച്ചു കളഞ്ഞു! ആ പ്രസംഗത്തിൽ ശ്രീമതിയുടെ വാഗ്വൈഭവം ആശയാവിഷ്കരണത്തിലുള്ള അയത്നപാടവം, നിസ്സംഗോചനില എന്നിവയെല്ലാം ശ്രോതാക്കൾ ആനന്ദത്തോടെ വീക്ഷിക്കയുണ്ടായി.

അങ്ങനെ മുപ്പത്തിയെട്ടു കൊല്ലങ്ങൾക്കു മുൻപാണ് ശ്രീമതിയുമായി എനിക്കുള്ള പ്രഥമ പരിചയം.

അതേ സമ്മേളനപ്പന്തലിൽ ഒരു സാഹിത്യ പരീക്ഷയും വിദ്യാർത്ഥികൾക്കു വേണ്ടി ഏർപ്പെടുത്തിയിരുന്നു. പള്ളത്തു രാമൻ, സി. വി. കുഞ്ഞുരാമൻ, കെ. അയ്യപ്പൻ,മൂലൂർ എസ്. പി. പണിക്കർ, മുതുകുളം വി. പാർവ്വതിയമ്മ എന്നിവരായിരുന്നു പരീക്ഷകാംഗങ്ങൾ. അങ്ങനെ സാഹിത്യരംഗത്തു വേഷമിട്ടാടുന്ന ആ കൊച്ചുപാർവ്വതിയെ സമസ്തസമ്മതയായി നിറുത്തുവാൻ മഹാകവികളായ പള്ളത്തിനും, മൂലൂരിനും സാഹിത്യനായകനായ സി. വി. യ്ക്കും, എല്ലാം കൂടിയായ സഹോദരനും സന്തുഷ്ടിയാണുണ്ടായിരുന്നതു്. കൈരളിയുടെ ഒരു സമുന്നത സേവികയായിത്തീരുമെന്നു ദീർഘദർശനം ചെയ്യുവാൻ അക്കാലത്തന്നെ അന്നു് ദിവ്യചക്ഷുസ്സു വേണമായിരുന്നില്ല; അവരുടെ കൊച്ചുകവിതകളിലൂടെ അതു് വ്യക്തമായിരുന്നു.

അധഃകൃതസമ്മേളനത്തിൻെറ സ്വാഗത സംഘാദ്ധ്യക്ഷൻ എന്ന നിലയിൽ ഞാൻ ചെയ്ത സ്വാഗതപ്രസംഗത്തിലെ ചില പ്രസക്തഭാഗങ്ങൾ, വൈകുന്നേരത്തു കൂടുന്ന സഹോദരസമ്മേളനത്തിൽ ഉദ്ധരിക്കുന്നതിനായി പണ്ഡിററു് കറുപ്പൻ ആവശ്യപ്പെട്ടിരുന്നു. ആ പ്രസംഗം കൊടുക്കുന്നതിനായി ഞാൻ അതിഥിമന്ദിരത്തിൽ അദ്ദേഹത്തിൻെറ മുറിയിൽ ചെന്നപ്പോൾ ശ്രീമതിയും അവിടെയുണ്ടായിരുന്നു. അവർ ശ്രീ. കറുപ്പനുമായി സ്വയം പരിചയപ്പെട്ടു സംസാരിച്ചുകൊണ്ടു് നിൽക്കയായിരുന്നു അവിടെ. "ഞങ്ങടെ കവയിത്രിയാണു് മാസ്റ്ററെ!" എന്നു ഞാൻ പറഞ്ഞപ്പോൾ "അതു തിരുത്തി "നമ്മുടെ" എന്നു പറയൂ വേലുക്കുട്ടി!" "എന്നു് ശ്രീ. കറുപ്പൻ പറഞ്ഞു." ശരിയാണെന്നു ഞാനും പറഞ്ഞു. അതിനുശേഷം അടുത്ത മുറിയിൽ വിശ്രമിക്കുന്ന പള്ളത്തു്

രാമനെക്കാണുന്നതിനായി ശ്രീമതി പോയി. അവർ അക്കാലത്ത് വിദ്വാൻ പരീക്ഷ പാസ്സായിരുന്നാൽ കൊള്ളാമെന്നാഗ്രഹിച്ചിരുന്നു. അക്കാലത്തു മദ്രാസിലേ ആ പരീക്ഷ ഏർപ്പെട്ടുത്തിയിരുന്നുള്ളു. തിരുവിതാംകൂറിലെ മലയാളം ഹയർ പരീക്ഷാ വിജയികളെ വിദ്വാൻ പരീക്ഷയ്ക്കു ചേർക്കണമെങ്കിൽ മദ്രാസ് ബോർഡ് അഫ് സ്റ്റഡീസിലെ ഒരു മെംബറുടെ യോഗ്യതാ സർട്ടിഫിക്കെററു് ലഭിച്ചിരിക്കണം. പണ്ഡിററു് കറുപ്പൻ അക്കാലത്തു ബോർഡ് അഫ് സ്റ്റഡീസിലെ ഒരു മെംബറായിരുന്നു. ശ്രീമതി തൻെറ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം സർട്ടിഫിക്കെററുകൊടുക്കാമെന്നു സസന്തോഷം സമ്മതിച്ചു. ശ്രീമതി പോയതിനുശേഷം ശ്രീ. കറുപ്പൻ ഈ വിവരം എന്നോടു് പറയുകയുണ്ടായി. നല്ല ഭാവിയുള്ള ഒരു കുട്ടിയാണ് പാർവ്വതിയമ്മ എന്നും എനിക്കൊരു മകളുണ്ടാവാൻ ഭാഗ്യമുണ്ടെങ്കിൽ ഞാൻ പാർവ്വതിയെന്നു പേരിടുമെന്നും ശ്രീ. കറുപ്പൻ എന്നോടു പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു. "മാസ്റ്ററുടെ പേരും അന്വർത്ഥമാകത്തക്കനിലയിൽ മുതുകുളം പാർവ്വതിയമ്മയുടെ കറുപ്പും ആ മകൾക്കുണ്ടാകണം."

മാസ്റ്റർ ചിരിച്ചു.—ഞാനും ചിരിച്ചു. (അദ്ദേഹത്തിനു അടുത്ത സന്ദർഭത്തിൽ തന്നെ ഒരു മകളുണ്ടായി. പാർവ്വതി എന്നു തന്നെ പേരുമിട്ടു് ആ കുട്ടി എം. എസ്. സി. ഡിഗ്രി സമ്പാദിച്ചശേഷം ഇപ്പോൾ അദ്ധ്യാപികയായി സേവനമനുഷ്ഠിക്കയാണ്.)

പാർവ്വതിയമ്മ ഒരു കവയിത്രിയെന്ന പേരു് അനുദിനം നിലനിറുത്തിക്കൊണ്ടുതന്നെ അദ്ധ്യാപനവൃത്തിയിലേർപ്പെടുകയും ആഗ്രഹിച്ചപോലെ വിദ്വാൻ പരീക്ഷയിൽ വിജയം നേടുകയുംചെയ്തു.

ആദ്യപരിചയത്തിനുശേഷം പലപ്പോഴും ഞങ്ങൾ തമ്മിൽ കത്തിടപാടുകൾ നടത്തിയിട്ടുണ്ടു്. പലപ്പോഴും പല ദിക്കുകളിലുംവച്ചു് ശ്രീമതിയെ സഹോദരസമേതയായി കാണ്മാനും സൌഹൃദം പകരാനും ഇടവന്നിട്ടുണ്ടു്. ഒരിക്കൽ ഞാൻ ശ്രീമതിക്കെഴുതിയ കത്തു കവിതയിലായിരുന്നു. അതിലെ ഒന്നുരണ്ടു ഭാഗങ്ങൾ ഇങ്ങനെയാണു്;

"കേരളകവയിത്രിമാരുടെമഹാറാണി!
കൈരളീമഹിളതന്നോമനച്ചെറുപുത്രി!
സാരസ്യമേറും ശുദ്ധസാഹിതീ പ്രസംഗാശാ-
പാരമ്യം പുരുഷക്കുമേകുന്ന വചസ്വിനി!
സജ്ജനസഹവാസ സുകൃതമഹാതീർത്ഥ-
മജ്ജനത്തിങ്കലുള്ള സുസ്പൃഹയതുമല്ല,
മജ്ജുലജ്ജാക്ഷീ! ലോകസേവനരതി ഭവ-
മജ്ജയിൽ പോലുമുണ്ടെന്നുള്ളതും കണ്ടേനിവൻ."

ഇതിൽ എവിടെയെങ്കിലും അറം സംഭവിച്ചോ? എന്തായാലും ശ്രീമതി ഈ അറുപതുതികഞ്ഞ സമയത്തും കുമാരിയാണ്; നിത്യകന്യകയാണ്. ലോകസേവനത്തിനുവേണ്ടി മധു നിറഞ്ഞ യൌവനം മുതൽ മധുവാന്ന വാൎദ്ധക്യംവരെ ജീവിതം ഉഴിഞ്ഞുവച്ചു!

എൻെറ ഹൃദയത്തിൽ ആ നൂറാമാണ്ടത്തെ കൊച്ചുപെൺകുട്ടിയായിട്ടാണ് ഇന്നും ശ്രീമതി പാൎവ്വതിയമ്മ നിഴലിച്ചു നിൽക്കുന്നതു്. ഇപ്പോൾ ഇതാ, അറുപതാം വയസ്സു പൂൎത്തിയായെന്നു വിളംബരം ചെയ്യുവാൻ ഒരു സഹൃദയസംഘം സന്നദ്ധമായപ്പൊഴും പാൎവതിയമ്മ അന്നത്തെ അച്ചുറുചുറുക്കുള്ള കൊച്ചുപെണ്ണുതന്നെ എനിക്ക്!

സാഹിത്യത്തറവാട്ടിലെ ഒരു മൂത്ത വലിയമ്മയാണ് ശ്രീമതി. മിഴിവുററ 15-ൽ പരം ഗ്രന്ഥങ്ങൾ നിൎമ്മിച്ചു കൈരളിയുടെ ഭണ്ഡാഗാരത്തിൽ നിക്ഷേപംവച്ച ഒരു സമ്പാദ്യക്കാരിയായ തറവാട്ടിലമ്മ!

കേരളസാഹിത്യ അക്കാദമിയിലെ അംഗത്വം നൽകി ബഹുമാനിക്കയെന്ന ഉചിതകൃത്യം സാഹിത്യനായകന്മാർ യഥാഹം അനുഷ്ഠിച്ചതു് ശ്രീമതി പാൎവ്വതിയമ്മയോടാണ്; അതു നന്ദിപൂൎവം സ്മരിച്ചേ ഒക്കൂ.

ശ്രീമതിയുടെ ഗ്രന്ഥങ്ങളിൽ പലതും കാളേജുകളിലും ഹൈസ്കൂളുകളിലും പാഠ്യപുസ്തകങ്ങളായി അംഗീകരിച്ചിട്ടുണ്ടു്. അവിരുടെ സാഹിതീസന്താനതരുവിൻെറ കൂമ്പടഞ്ഞിട്ടില്ല. അതു പൂൎവ്വാധികം പൂക്കാനും തളിക്കാനുമുള്ള വസന്തകാലമാണ് അറുപതാംവയസ്സിൻെറ പൂൎത്തീകരണത്തോടെ ആരംഭിക്കുന്നതു്.

കാലാവലോകനം ചെയ്തുകൊണ്ടുള്ള കവിതകളും അന്തസ്സുററ ഗ്രന്ഥങ്ങളും അഭ്യസൂയാൎഹമായ നിലയിൽ ഈ സാഹിത്യറാണി ഇനിയും വളരെയേറെ നമുക്കു നൽകുമാറാകട്ടെ!

---

# മംഗളാഞ്ജലി

ടി. എസ്. പൊന്നമ്മ M. A.; B. T.

താരിളം കാലണിത്തങ്കച്ചിലങ്കകൾ
പൂരിതമോദം കുണുങ്ങിച്ചിരിക്കവെ
പൊന്നിൻ തരിവളപുൽകിടും പാണികൾ
മന്നിൽ മനോജ്ഞസംഗീതം പൊഴിക്കവെ,
ഉള്ളിലുല്ലാസം പതഞ്ഞുയർന്നമ്മദം
തുള്ളിക്കളിക്കയാം കൈരളിപ്പെൺകൊടി.
തന്നിഷ്ടപുത്രിയാം "പാർവ്വതിയമ്മ"യാൾ-
ക്കിന്നുതാൻ ഷഷ്ട്യബ്ദപൂർത്തിയാമുത്സവം
ചേലെഴും താരുകൾചൂടി, മരതക
ലോലാംബരം ചാർത്തി മിന്നുംധരിത്രിയും
മംഗളപൂർണ്ണമിമ്മഞ്ജുള വാസരം
ഭംഗിയിൽകൊണ്ടാടി നില്ക്കുന്നു സസ്മിതം.
നീലനഭോതലനിർമ്മലപത്രത്തി-
ലാലസ്യഹീന, മുന്നിദ്രയായ് യാമിനി,
താരാക്ഷരങ്ങളിലെന്നും കുറിക്കുന്നു
സാരസ്യമേറിടും നിൻകാവ്യഗാഥകൾ.
ആരുതാൻ കോൾമയിർക്കൊള്ളാതെയുള്ളുനിൻ
ചാരുസാഹിത്യസരിതയിൽ മുങ്ങുവോർ?
പൂവിട്ടു പൂജിച്ചുനില്പൂ ഭവൽകാവ്യ-
ദേവതയെദ്ദിവ്യ ഭാവനാസിദ്ധികൾ.

ഉജ്ജ്വലത്താകു"മുദയപ്രഭ"തൂകി-
യിച്ചക്രവാളത്തിലാദ്യമായെത്തിനീ
പൂർവ്വജന്മാർജ്ജിത ''കർമ്മഫല''ത്തിനാ-
ലുർവ്വിക്കു ഭാവുകദാത്രിയായ്ത്തീർന്നിതേ.
നിസ്തുല "ഗാനാഞ്ജലി''യിലപഹൃത-
ചിത്തരായപ്പൊഴേ കൈരളിസേവകർ
"ശ്രീ ബുദ്ധദേവചരിതം'' ഗ്രഹിച്ചു നീ

ശ്രീല "നാരായണമാർഗ്ഗം" വരിച്ചു നീ
രാജപ്രതാപം വെടിഞ്ഞു വൃന്ദാവന
രാജനെത്തേടിയൊരബ്ഭക്ത "മീര"യിൽ
നാരീവിശുദ്ധിദർശിച്ചു നീ ഭക്തിയാം
മാരിയാലാരമ്യമാക്കി ഹൃദന്തരം.
പേരാർന്നിടും മൃഗാംബിഗത്തെ വീക്ഷിച്ചു
നേരേ "ഭുവനപ്രദീപിക"യായി നീ
പണ്ടു "ശ്രീ ചിത്രവിജയ"ത്തിൽമോദമുൾ-
ക്കൊണ്ടു നീവർണ്ണിച്ചുതൽക്കീർത്തിവൈഭവം
"മാതൃവിലാ"പത്തിൽ മാലോകർകേട്ടു നിൻ
സ്ത്രീഹൃദയത്തിന്നനുതാപരോദനം
ഭാരതപ്പൂങ്കുയിലാകും "സരോജിനി"
വീർവനിതാമണിയാ"മഹല്യ"യും
ആരാദ്ധ്യ "ദേവതമാരാ"കയാൽ മന-
താരിനാലർച്ചനം ചെയ്തുനിശ്രദ്ധയാൽ
"ധർമ്മബലി"യാൽ "കഥാമഞ്ജരി"കയാ-
ലുണ്മയിൽ "ഗീത"തൻ ഭാഷാന്തരത്തിനാൽ
മാണ്പെഴുമിമ്മലയാളമലർവനി-
തൻപദ മുദ്രയാലങ്കിതമാക്കി നീ
നമ്മനേരുന്നേനരുപതാമത്തെയി-
ജ്ജന്മദിനത്തിൽ ഭക്ത്യാദരസംയുതം.
മേലിലനേകസംവത്സരം കൈരളീ
സേവനധന്യമായ് നീളട്ടെ ജീവിതം!
ആയു,രാരോഗ്യ, കീർത്ത്യാദിയാം സൗഭാഗ്യ
രാജിസുലഭമായ്ത്തീരട്ടെ, മേല്ക്കുമേൽ!

# പ്രകൃതിയുടെ ചിത്രശാല

സി. പി. ശ്രീധരൻ

ശ്രീമതി മുതുകുളം പാർവ്വതിഅമ്മ മൂന്നു വ്യാഴവട്ടക്കാലമായി മലയാളസാഹിത്യരംഗത്തു പ്രവർത്തിച്ചുപോരുന്നതെങ്കിലും അടുത്ത കാലത്തുമാത്രമാണ് എനിക്കവരുമായി പരിചയപ്പെടാൻ അവസരം സിദ്ധിച്ചതു്. ജീവചരിത്രം, നാടകം, നോവൽ, ഉപന്യാസങ്ങൾ തുടങ്ങിയ ഗദ്യസാഹിത്യശാഖകളിൽ അവർ ഒട്ടേറെ സംഭാവന ചെയ്തിട്ടുണ്ടെങ്കിലും ഒരു കവയിത്രിയെന്ന നിലയിലാണ് അവരുടെ പ്രശസ്തിയെന്നു തോന്നുന്നു.

സാമൂഹ്യജീവിതത്തിലെ നഗ്നയാഥാർത്ഥ്യങ്ങളും കാലികങ്ങളായ നീറുന്ന പ്രശ്നങ്ങളും ശ്രീമതി പാർവ്വതിഅമ്മയെ ഒരു റിയലിസ്റ്റാക്കിത്തീർത്തു. സൌന്ദര്യദിദൃക്ഷ കവിയുടെ അന്തശ്ചോദനങ്ങളിൽ മുഖ്യമാണ്. ശ്രീമതി പാർവ്വതിഅമ്മ സൌന്ദര്യത്തെ ഉപാസിക്കുകയല്ല കവിതയിൽ; അവരുടെ ആളിക്കത്തുന്ന സൌന്ദര്യബോധം സമുദായത്തിലെ വൈകൃതങ്ങളും അവ വരുത്തിവെച്ച വൈരൂപ്യങ്ങളും കണ്ടമർഷംകൊള്ളുകയാണ്. ആ ധർമ്മരോഷം സമുദായപരിവർത്തനത്തിനുള്ള അഥവാ സൌന്ദര്യപൂർണ്ണമായ ഒരു സമുദായസൃഷ്ടിക്കുള്ള പ്രേരണ നൽകുകയാണ് ചെയ്യുന്നതു്. അതുകൊണ്ടു് താൽക്കാലികാർത്ഥത്തിൽ അവർ ലക്ഷണമൊത്ത ഒരു റിയലിസ്ററു കവിയാണെന്നു പറഞ്ഞുകൂടാ. ആദർശദീപ്തികൊണ്ടുജ്ജ്വലമാണ് അവരുടെ സങ്കല്പങ്ങൾ. റൊമാൻറിക് ഭാവനയുടെ പ്രഭാകന്ദളങ്ങൾ യഥാതഥമായ അവരുടെ വീക്ഷണഗതിയിൽ വെളിച്ചം കാട്ടുന്നുണ്ടു്.

'പൂക്കാരി' എന്ന അവരുടെ പുതിയ കവിതാസമാഹാരത്തിൽ 'ഒരു ദരിദ്രതൊഴിലാളിയുടെ കുടുംബ'ജീവിതത്തെ ഹൃദയസ്പൃക്കായി ചിത്രീകരിച്ചതു നോക്കുക.

"വിളക്കില്ലാഞ്ഞിട്ടഗ്നിയടുപ്പിൽ തെളിയിച്ചും
തിളയ്ക്കും കഞ്ഞിമെല്ലെയിളക്കിച്ചൂടാററിയും

മരുവും കൃശശ്ശൂഷ്കഗാത്രിയഗ്ഗൃഹേശ്വരി
ചൊരിയും ബാഷ്പമാണന്നപ്പിന്നുപകരമായ്"

എന്നീ ഭാഗങ്ങൾ ശ്രീമതി പാർവ്വതിഅമ്മയുടെ സ്ഥാനം എവിടെയാണെന്നു കാണിക്കുന്നു.

കവിത ജീവിതസ്പർശിയാകുന്നതു് അതുൾക്കൊള്ളുന്ന അനുഭൂതിയുടെ തീവ്രതമൂലമത്രേ. അനുഭൂതിയുടെ രക്തസ്രവണമില്ലാത്ത കവിതയ്ക്കു ജീവിതത്തിൽ വേരോട്ടം ലഭിക്കുകയില്ല. ശ്രീമതി പാർവ്വതിഅമ്മയുടെ പുരോഗമനവീക്ഷണം പ്രകടമാകുന്ന പല കവിതകളിലും ആത്മാനുഭൂതിയുടെ വികാരക്കൊഴുപ്പുകാണാം; അവ ഘോഷനുവേണ്ടി എഴുതപ്പെട്ടതല്ലെന്നു വ്യക്തം. 'ശബരിയുടെ ഭക്തി' മുതലായ കവിതകളിതിനു ദൃഷ്ടാന്തമാകുന്നു. വേദവേദാന്തങ്ങളൊന്നും പഠിയ്ക്കാതെ അനഭ്യസ്തവിദ്യയായി ഒരു കാട്ടുജാതിയിൽപിറന്ന ശബരിയുടെ ചിന്തകൾ രോമഹർഷപ്രദമായി അവർ ആവിഷ്കരിക്കുന്നു.

"മാനത്തുമുട്ടുമീമാമലച്ചാർത്തിലും
കാനനമെങ്ങും വഴിയുമഴകിലും
വാനിലെ വാർമഴവില്ലിലും കണ്ടുഞാ–
നാനന്ദരൂപിയാം സൃഷ്ടികർത്താവിനെ.

പൂവിലും പാറിപ്പറന്നു തേനുണ്ണുന്ന
പൂവൽമെയ്യിലും ശലഭനിരയിലും
കാവിലും വിണ്ണിലുമാഴിത്തിരയിലു–
മാവർണ്ണ്യമാം കരകൌശലം കണ്ടുഞാൻ"

പ്രകൃതിയുടെ പ്രതിഭാസങ്ങളുമായി താദാത്മ്യപ്പെട്ടു ജീവിക്കുന്ന ഒരു കാട്ടാളസ്ത്രീക്കു പ്രകൃതി സത്യദർശനസഹായകമായൊരു ദർപ്പണമായിത്തീർന്നു—പ്രകൃതി അവൾക്കു ജഗന്നിയന്താവിൻെറ ചിത്രശാലതന്നെ. അവയുമായുള്ള സാത്മീഭാവംകൊണ്ടു്, പ്രകൃത്യുപാസനകൊണ്ടു് ചരാചരപ്രേമംകൊണ്ടു് അക്ഷരവിദ്യ പഠിക്കാത്ത കാടച്ചാർക്കും ആത്മസായൂജ്യം, ലഭിക്കാമെന്നു 'ശബരിയുടെ ഭക്തി' വ്യക്തമാക്കുന്നു.

"സർവ്വചരാചരജാലത്തിലും സമം
സർവ്വലോകേശനെ കാണുകയാലെ ഞാൻ
നിർവൈരയായ് ദ്വന്ദ്വഭാവങ്ങൾ കൈവിട്ടു
നിർവാണപീയൂഷമാസ്വാദിക്കുന്നിഹ".

ശബരിയുടെ ഈ ചിന്ത ജാതിമതാന്ധമായ നമ്മുടെ ജീവിതത്തിൽ സമദർശനത്തിനും സാഹോദര്യത്തിനുമുള്ള പ്രേരണ ചെലുത്തുമെന്നു തീർച്ച.

'മീര' എന്ന ഖണ്ഡകാവ്യം ശ്രീമതി പാർവ്വതിഅമ്മയുടെ ഉത്തമമായ ഭക്തിയുടെയും ഉൽകൃഷ്ടമായ ധാർമ്മികലാവണ്യബോധത്തിൻെറയും നിദർശനമായെടുക്കാം. ഭാവങ്ങളിൽ അത്യുത്തമം ഭക്തിയാണ്: കവിതയുടെ ഭാവം ആത്മാവുമാണ്. എങ്കിൽ ഭക്തിഭാവോജ്ജ്വലമായ 'മീര' എന്ന ഖണ്ഡകാവ്യം മികച്ച ഒരു കാവ്യശില്പമാവാതെ തരമില്ല—അതിലുടനീളം പച്ചപിടിച്ചുനില്ക്കുന്ന അനുഭൂതിയുടെ രസനീയത ഹൃദയോജ്ജീവകമത്രെ.

അളിവർണ്ണനും ഗോപിമാരുമൊത്തുള്ള വൃന്ദാവനനൃത്തം ശ്രീമതി പാർവ്വതിഅമ്മയുടെ തൂലിക എത്ര വാസ്തവികതയോടെയാണ് ആലേഖനം ചെയ്തതെന്നു നോക്കുക.

"മുകിലിൻമനോജ്ഞപ്രകാശംപൊഴിഞ്ഞു
ശ്രീകരനീലിമതിങ്ങിവഴിഞ്ഞു
പരിമളം നിറയുമായാരാമം നീല
നിരുപമസുഷമയിൽ മുഴുകുന്നുപാരം

.... .... .... ....

.... .... .... ....

ഝടിതിമനോജ്ഞനടനംപൊലിഞ്ഞു
ഈടെഴും നീലിമയെങ്ങോമറഞ്ഞു
അകലുന്നു മധുഗീതം ഗോപിമാർദ്ദൂരെ
പുകപോലെ മറയുന്നു! മായുന്നുതീരെ

.... ... .... ....

സുമവാടിക നെട്ടവീർപ്പുകളിടവിട്ടുവിടുന്ന
യമുനയുമഴൽമൂലമലതല്ലിടുന്നു"

വികാരസാന്ദ്രതയേല്ക്കാത്ത സംഗീതക്കൊഴുപ്പുമുണ്ട് ഇക്കവിതയ്ക്ക്.

ഉദയപ്രഭ, ഗാനാഞ്ജലി, മാതൃവിലാപം മുതലായ കവിതാഗ്രന്ഥങ്ങളിൽനിന്നു ഒന്നും ഇവിടെ ഉദ്ധരിക്കാനുദ്ദേശിക്കുന്നില്ല. ശ്രീനാരായണഗുരുവിന്റെ ആദ്ധ്യാത്മികനേതൃത്വവും ആശാന്റെ കവനകലാമാർഗ്ഗവും അംഗീകരിച്ചുവളൎന്ന സതതോദ്യമശീലയായ ശ്രീമതി പാർവ്വതിഅമ്മയുടെ കൃതികളിൽ കേരളീയഹൃദയങ്ങളെ വശീകരിക്കാനുള്ള മൂല്യങ്ങളുണ്ടെന്നുള്ളതിൽ സംശയമില്ല. ഇനിയും അവരുടെ സാഹിത്യപരിശ്രമം കനപ്പെട്ട കൃതികൾ കൈരളിക്കു കാഴ്ചവയ്ക്കുമെന്നു വിശ്വസിച്ചുകൊണ്ടു നമുക്ക് അവൎക്ക് ആയുരാരോഗ്യസൌഖ്യങ്ങൾ നേരുക.

# വ്യക്തിമുദ്ര

ധർമ്മരത്നം ചെല്ലപ്പൻപിള്ള, എം. ഏ.

കേരളസാഹിത്യക്ഷേത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ സുപ്രസിദ്ധകവയിത്രിയും ഗ്രന്ഥകർത്രിയും പ്രഭാഷണകുശലയുമായ മുത്തുകുളം പാർവ്വതിഅമ്മയെ കൈരളീപൂജകർക്ക് ഞാൻ വിശേഷിച്ചു പരിചയപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ പത്തുകൊല്ലക്കാലം ഒരേ സ്കൂളിൽ ആ സഹോദരിയോടൊരുമിച്ച് അദ്ധ്യാപകവൃത്തിയിൽ ഏർപ്പെട്ടുകഴിഞ്ഞ ഒരു സാഹിത്യോപാസകനായ ഞാൻ അവരുടെ സ്മരണീയമായ ഈ ഷഷ്ടിപൂർത്തിവേളയിൽ മൗനം അവലംബിക്കുന്നതു് ശരിയല്ലല്ലോ എന്നു കരുതി അല്പം ചിലതു പറയുകയാണ്. ആഡംബരഭ്രമം ലേശം പോലുമില്ലാതെ യാതൊരാഭരണവുമണിയാതെ ശുഭ്രമായ ഖദർവസ്ത്രം മാത്രംധരിച്ച് ചന്ദനക്കുറിയും ചാർത്തി പ്രസന്നവദനയായി സ്ക്കൂളിലേയ്ക്കുവരുന്ന പാർവ്വതിഅമ്മ വിദ്യാർത്ഥികളുടെ ഇഷ്ടദേവതയാണ്; മാതൃകാഗുരുഭൂതയാണ്; സ്നേഹമയിയായ വന്ദ്യമാതാവാണ്; കലാക്ഷേത്രത്തിലെ പ്രിയപ്പെട്ട ആചാര്യയുമാണ്. ദീർഘകാലത്തെ അദ്ധ്യാപകവൃത്തിക്കിടയിൽ ഒരിക്കൽ പോലും ശിഷ്യഗണങ്ങളെ അടിച്ചിട്ടില്ലാത്ത ആ സ്നേഹസമ്പന്നയെ ശിഷ്യജനങ്ങൾ ആദരിച്ചതിൽ—ആരാധിച്ചതിൽ—അകമഴിഞ്ഞു സ്നേഹിച്ചതിൽ അത്ഭുതത്തിനു വകയില്ല. സാഹിത്യസമാജങ്ങൾ, കൈയെഴുത്തുമാസികകൾ, വിവിധരീതിയിലുള്ള കലാപരിപാടികൾ എന്നിവ മുഖേന വിദ്യാർത്ഥികളുടെ കലാവാസനകൾ വികസിപ്പിക്കാൻ ശ്രീമതി പാർവ്വതിഅമ്മ ചെയ്തിട്ടുള്ള പ്രയത്നങ്ങൾ എത്രമാത്രം സ്തുത്യർഹമെന്നു് വിവരിക്കാവുന്നതല്ല. അവരുടെ അവധിയില്ലാത്ത ശിഷ്യപരമ്പരകളിൽ സാഹിത്യാഭിരുചി അങ്കുരിപ്പിക്കാൻ ആ ഗുരുനാഥ ചെയ്ത അശ്രാന്തപരിശ്രമം ഉദ്ദേശിച്ചതിലധികം ഫലപ്രദമായി കലാശിച്ചിട്ടുണ്ടെന്നു് തീർത്തു പറയാവുന്നതാണ്. അടിയുറച്ച ദൈവവിശ്വാസവും അചഞ്ചലമായ ആദർശനിഷ്ഠയും അവരുടെ ജന്മസിദ്ധമായ ഗുണവിശേഷ

ങ്ങളാണ്. അവ വിദ്യാൎത്ഥികളിലും ആവുന്നത്ര അവർ പ്രതിഷ്ഠിപ്പിച്ചിട്ടുണ്ട്.

കാഷായമുടുക്കാത്ത ഒരു യോഗിനിയുടെ ജീവിതചൎയ്യയാണ് ശ്രീമതി പാൎവ്വതിഅമ്മ സ്വീകരിച്ചിട്ടുള്ളതെന്ന് അവരെ അടുത്തറിയുന്ന എനിക്ക് ശരിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അവരുടെ പ്രധാന കവിതകളെല്ലാം അതിന് സമുചിതമായ സാക്ഷ്യം വഹിക്കുന്നുമുണ്ട്. ക്ഷണപ്രഭാചഞ്ചലമായ ലോകഭോഗങ്ങളെ നിശ്ശേഷം വെറുക്കുന്ന പാൎവ്വതിഅമ്മ ഇരുപതാമത്തെ വയസ്സിൽ എഴുതിയ സ്വപ്നദൎശനം എന്ന കവിതയിൽ പ്രതിപാദിച്ചിരിക്കുന്നതു നോക്കുക. (ഉദയപ്രഭ)

"കണ്ടു ഞാൻ ലോകസ്ഥിതി വേണ്ടപോലെൻസഹജേ
ഇണ്ടലിൽ നിദാനമാം ഭോഗത്തിൻ ഗതികളും
ചൂണ്ടൽതൻ കൊളുത്തിങ്കൽ കുരുങ്ങും മത്സ്യത്തെപ്പോൽ
കുണ്ഠിതമാന്നു മൎത്ത്യർ സൎവ്വദാ കേഴുന്നതും
അധൎമ്മവലയിതം കലിസംകലിതമീ
വസുധതന്നിൽചിരം വാഴുകിലെന്തുസാദ്ധ്യം
ധൎമ്മവിഭ്രംശംമൂലം ദൂഷിച്ചുലോകം ധന്യ
കൎമ്മങ്ങൾ ചെയ്യുന്നോരും ചുരുങ്ങീ ധരാതലേ!
അതിനാൽ ധൎമ്മപഥേ ചരിപ്പതിനിനിമേലി–
ലതിദുഷ്കരമത്രെ ഭഗിനീ ധരിക്കുക
ധൎമ്മ്യമല്ലാത്തുള്ളൊരു ജീവിതമെന്തിനാൎയ്യേ
ശൎമ്മദായകനീശൻ ധൎമ്മരക്ഷകനല്ലേ."

അതേ കവിതയിൽതന്നെ ഈശ്വരസാന്നിദ്ധ്യത്തിൻെറ മഹിമാവിശേഷങ്ങളെ പരമഭക്തയായ പാൎവ്വതിഅമ്മ വൎണ്ണിക്കുന്നതു നോക്കുക.

"ഹാ! മഹേശാരാമത്തിലാരമ്യഗാനംതുകും
ശ്രീമയപികങ്ങളാം ഞങ്ങളാന്നിട്ടും സുഖം

അവൎണ്ണ്യമത്രേ ക്ലേശലേശത്തിൻ ഗന്ധംപോലു–
മവിടെയില്ല—സൎവ്വം പരമാനന്ദമയം.

കല്മഷഹരം കലിനാശനമനശ്വരം
ജന്മമൃത്യാദിഹീനം സൗഖ്യദം തൻപ്രദേശം
പരിശുദ്ധാത്മാക്കളാം ഭാസുരസ്വരൂപരാൽ
പരിസേവിതമാണാദിവ്യമാം സ്ഥലം ഭദ്രേ!
സമതയൊന്നല്ലാതെ മനമില്ലവിടന്യം
മമതയാക്കുമില്ലാ, സ്വാത്ഥവും ലേശമില്ലാ.
ഭൂരിപക്ഷാഭിപ്രായം ഗണിക്കയില്ലദ്ദേവൻ
ഭൂരിശുദ്ധതയൊന്നേ സവ്വജ്ഞനാദരിക്കൂ."

പ്രപഞ്ചപിതാവായ ജഗദീശ്വരൻെറ പൂങ്കാവനം കവയിത്രി നേരിട്ടുസന്ദശിച്ച പ്രതീതിയല്ലേ ഈ കവിത വായിക്കുമ്പോൾ അക്കുമുണ്ടാകുന്നതു്.

"എന്നാലുമാദ്ധ്യാത്മികനിത്യതുഷ്ടി
നന്നായ്സ്ഫുരിക്കുന്ന തദാനനത്തിൽ
തന്നിൽ സുഖം കാണുമവനെങ്ങുതൃപ്തി
മന്നിൽപെട്ടും ഭംഗുരഭോഗമൂലം."

മധുരഗീതമെന്ന ഈ കവിതയിലും ഭോഗങ്ങളുടെ ക്ഷണഭംഗുരതയെ കവയിത്രി ചൂണ്ടിക്കാണിക്കുന്നു. അതുപോലെതന്നെ മാനസാന്തരമെന്ന കവിതയിൽ,

"നശ്വരഭോഗാസക്തിവെടിഞ്ഞാരാവിൽതന്നെ-
ശാശ്വതസുഖം തേടിപ്പോയിതമ്മഹാശയൻ

എന്നും 'യഥാത്ഥത്യാഗത്തിൽ'

തുച്ഛമാം ഇരുപതുവർഷത്തെ ഭൂവാസത്താ-
ലിച്ചപലമാം ലോകസ്ഥിതിയിലിത്രമാത്രം
വൈരാഗ്യം തഴച്ചൊരു സുതനെത്താലോലിക്കാൻ-
ഭാരതഭൂവേ! ഭാഗ്യമാക്കന്യം ഭവിക്കുന്നു.

എന്നുമുള്ള വരികളും കവയിത്രിയുടെ ഭോഗവിരക്തിയെ വെളിപ്പെടുത്തുന്നു.

ശ്രീചിത്തിരമഹാരാജവിജയം, മീര, മാതൃവിലാപം, രാധ, ഉദയപ്രഭ, ഗാനാഞ്ജലി, ശ്രീബുദ്ധചരിതം, ഭഗവത്ഗീത എന്നീ

പദ്യകൃതികളും കർമ്മഫലം, ഭുവനദീപിക, ധർമ്മബലി, അഹല്യ, ശ്രീനാരായണമാർഗ്ഗം, ഭാരതീയവനിതകൾ, കഥാമഞ്ജരി, രണ്ടു ദേവതകൾ എന്നീ ഗദ്യകൃതികളും ഇതിനകം നിർമ്മിച്ചു് നിർമ്മത്സരബുദ്ധികളായ സഹൃദയന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു് പാർവ്വതിഅമ്മ പാത്രീഭൂതയായിത്തീർന്നിരിക്കയാണു്. കേരളീയജീവിതത്തിൽ വളരെയേറെ സ്വാധീനം നേടിയ കൃതികളാണു് മേൽ പറഞ്ഞവയെല്ലാംതന്നെയെങ്കിലും ഭക്തിസാഹിത്യത്തിനു വിലതീരാത്ത സംഭാവനയായിട്ടാണു് പാർവ്വതിഅമ്മ മീരയെ അവതരിപ്പിച്ചിരിക്കുന്നതു്.

എഴുത്തച്ഛൻ, ചെറുശ്ശേരി, നിരണംകവികൾ മുതലായവർ ചെയ്തുവച്ച പ്രയത്നത്തിനു മകുടം ചാർത്താൻ ശ്രീമതിക്കു സാധിച്ചിട്ടുണ്ടെന്നു് ഈ കൃതി സശ്രദ്ധം വായിച്ചിട്ടുള്ളവർക്കു് അറിയാൻ പ്രയാസമില്ല. തൻെറ ചിത്തവൃത്തിക്കും ജീവിതത്തിനും അനുരൂപമായ ഒരു ഇതിവൃത്തം സ്വീകരിച്ചു്, അത്യന്തം ഭാവനാമോഹനമായ രീതിയിലാണു് ഈ കഥ പ്രതിപാദിച്ചിരിക്കുന്നതു്.

ഭൗതികാഭിലാഷങ്ങളിൽ ഇന്ദ്രിയങ്ങളെ വ്യാപരിപ്പിച്ചു് ക്ഷണികമായ സുഖാനുഭൂതിയിൽ മുഴുകുന്ന ഭർത്താവു കുംഭസിംഹൻ സർവ്വദാ, ഭഗവദ്സേവാനിരതയായി, ഭോഗസുഖങ്ങളിൽ വിരക്തിപ്രാപിച്ച നായിക; ലോകജീവിതത്തിൻെറ നാരകീയമായ തീച്ചൂളയിൽ പുടപാകം ചെയ്തെടുത്ത ശുദ്ധസാത്വികസമ്പത്തിൻെറ ഉടമസ്ഥയത്രെ മീര. നിർമ്മലമായ ഭക്തികൊണ്ടു് ഹൃദയക്ഷേത്രത്തിൽ വൃന്ദാവനചന്ദ്രനായ വേണുഗോപാലനെ പ്രതിഷ്ഠിച്ചു് ആത്മനിർവൃതിയാസ്വദിക്കുന്ന മീരയും ഭൗതികഭോഗങ്ങളിൽ മുങ്ങിമുഴുകിക്കഴിയുന്ന രാജാവും കേവലം വിഭിന്നങ്ങളായ രണ്ടു ജീവിതചിത്രങ്ങൾ നമുക്കു് കാണിച്ചുതരുന്നു. മോഹാന്ധകാരങ്ങളുടെ അയശ്വൈര്യത്തിൽനിന്നും നിസ്തുലസ്നേഹത്തിൻെറ നിർവ്വാണക്ഷേത്രംപൂകി, നിത്യാനന്ദത്തിൻെറ ശ്രീകോവിൽ എല്ലാവർക്കുമായി തുറന്നുകൊടുക്കുന്ന ഒരു നായികയെ തൻെറ ജീവിതപ്രതീകമായി ശ്രീ: പാർവ്വതിഅമ്മ നമുക്കു സംഭാവന ചെയ്തിരിക്കുകയാണു്. ഇതാണു് കവയിത്രിയുടെ സാക്ഷാത്സ്വരൂപം.

"പത്മാസനസ്ഥയായ് ഭ്രൂമദ്ധ്യദേശത്തിൻ
പത്മനേത്രാഗ്രങ്ങൾ ചേർത്തുനിർത്തി.
പത്മാവതിയാകുമാഴിനേർവർണ്ണനെ-
യാത്മപീഠത്തിൽ പ്രതിഷ്ഠചെയ്തും
വാസ്തവഭക്തിതൻ പ്രത്യക്ഷലക്ഷ്യമായ്
ഹൃത്തടംതിങ്ങിത്തുളുമ്പിനില്ക്കും
നിസ്തുലകാരുണ്യപാവനബാഷ്പാംബു-
വോർത്തിരിയാതെ സദാപൊഴിഞ്ഞും,

ധ്യാനനിമഗ്നയായിക്കഴിയുന്ന മീരയെ വർണ്ണിച്ചിരിക്കുന്നതു്, പാർവ്വതിഅമ്മയുടെ നിത്യോപാസനാസമ്പ്രദായംതന്നെ സഹജമായ വാഗ്വിലാസത്താൽ അന്യഥാ ചിത്രീകരിക്കുക മാത്രമാണു്.

Going up all other thoughts, the whole mid-day and night worships God. Thus being worshipped day and night he reveals himself and makes his worshippers feel 'Him'.

ശ്രീ വിവേകാനന്ദൻ ഭക്തിയോഗത്തിൽ ചേർത്തിരിക്കുന്ന അഭിപ്രായം അക്ഷരംപ്രതി ശരിയാണെന്നു മീരയുടെ കഥ തെളിയിക്കുന്നു. കൃഷ്ണഭക്തയായ പാർവ്വതിഅമ്മയുടെ ആശയഗതിയും ഇതുതന്നെ.

"മനവും കണ്ണും മയക്കിടും വശ്യമാ-
മനഘനീലപ്രകാശമൊന്നക്ഷണം
തന്നുമുന്നിലലയടിക്കുന്നതാ-
യനുപമാംഗികണ്ടത്ഭുതമേലവേ,
വരിക മീരെ, വരിക വരികനിൻ
പരമഭക്തിയാൽ തുഷ്ടനായ്! ഞാനെടോ
വരികവൃന്ദാവനത്തിൽ വാണീടുവാൻ
പരിണതജ്ഞാനയോഗിനി! നിത്യവും.

പരിണതപ്രജ്ഞയായ കവയിത്രിയും ഒരു ജ്ഞാനയോഗിനി തന്നെയാണെന്നുള്ളതിനു്,

"മൃദുലനീലമുകിലൊളിവർണ്ണനെ–
ഹൃദയമദ്ധ്യത്തിൽ ചേർത്തു സംതൃപ്തയായ്
പതിവ്രതമീര ചാടി യമുനതൻ
വിദിതതീർത്ഥത്തിലാത്മൈക്യമേലുവാൻ

എന്ന വരികൾ സാക്ഷ്യം വഹിക്കുന്നു.

ആദർശവതികളായ പുരാണനായികമാരെ അതിശയിപ്പിക്കുന്ന രീതിയിലാണ് മീരയെ അവതരിപ്പിച്ചിരിക്കുന്നത്. ആശാൻെറ ചിന്താവിഷ്ടയായ സീത പ്രിയപ്പെട്ട ഭർത്താവിനെ കുറെയൊക്കെ കുററപ്പെടുത്തിയും അപലപിച്ചും പതിവ്രതാധർമ്മത്തെ അവഗണിക്കുന്നതായി രൂപാന്തരപ്പെട്ടന്നെങ്കിലും പാർവ്വതിഅമ്മയുടെ മീര പരിത്യക്താവസ്ഥയിലും ഭർത്തൃദർശനത്തിൽ അവികലമായ ഭക്തിപ്രദർശിപ്പിച്ച് ഭാരതസ്ത്രീകളുടെ ഭാവശുദ്ധിക്കു മാർഗ്ഗദർശനം നൽകുന്നു. ചിരവിരഹത്തിനുശേഷം ഭർത്താവിനെ ദർശിക്കുന്ന മീരയുടെ സ്ഥിതി കവയിത്രി വർണ്ണിച്ചിരിക്കുന്നതു നോക്കുക:—

ആദരപൂർവ്വം പിടഞ്ഞെഴുന്നേററുതൻ
നാഥനെ ജീവിതദൈവതത്തെ, ക്ഷണം
പാദപത്മങ്ങളിൽ വീണുനമസ്കരി–
ച്ചാത്തുംഗഭക്തി വെളിപ്പെടുത്തീടിനാൾ.

ശോകമോ കോപമോ താപമോ വൈരമോ
ശ്രീകരശാന്തിവഴിയും ദയിതയിൽ
ആകാംക്ഷയാർന്ന നരേന്ദ്രനു കാണുവാൻ
ഹാ! കഴിഞ്ഞീലതിലത്ഭുതസ്തബ്ധനായ്.

മനഃശ്ശാസ്ത്രവിശാരദനായ ആശാനെപ്പോലും അത്ഭുതസ്തബ്ധനാക്കുന്ന ഭാവപ്രകടനമാണ് മീരയിലൂടെ കവയിത്രി വെളിവാക്കിയിരിക്കുന്നതു്. ഉത്തമഗൃഹസ്ഥയുടെ ജീവിതത്തിനു് ഒരു രൂപംകൊടുത്തു് സ്ത്രീലോകത്തിനു് തനിക്കു നൽകാനുള്ളസന്ദേശം പാർവ്വതിഅമ്മ സുന്ദരമായി ഇവിടെ ആവിഷ്കരിച്ചിരിക്കുന്നതായി ഈ ചിത്രീകരണത്തിൽ കാണാവുന്നതാണ്.

ചാരിത്ര്യവതികളായ സ്ത്രീരത്നങ്ങളെ സംശയദൃഷ്ടിയോടുകൂടി വീക്ഷിക്കുന്ന പുരുഷന്മാരെ വേണ്ടതുപോലെ പരിഹസിക്കയും കുററപ്പെടുത്തുകയും ചെയ്യുന്നതും സാഹിത്യധർമ്മം തെററാതെ തന്നെയാണു്.

കുംഭസിംഹൻെറ പശ്ചാത്താപവർണ്ണന കേൾക്കുക:—

ഭുവനം കുളിപ്പിച്ച ചന്ദ്രികയെ-
ശിവനേ! തിമിരമായ് ഹാ! വെറുത്തു:
"മധുരസംഗീതം സമാസ്വാദിക്കാൻ
ബധിരനു സാദ്ധ്യമോ തെല്ലുപോലും
ഉദയാർക്കസൗവർണ്ണകാന്തികാണാൻ
ബത ശക്യമെന്നോ കുരുടനോക്കിൽ.

ഭക്തയായ കവയിത്രി വൃന്ദാവനത്തിൻെറ അകൃത്രിമസൗന്ദർയ്യം തുളുമ്പുന്ന പ്രകൃതിസൗഭാഗ്യം വർണ്ണിക്കുമ്പോൾ ആനന്ദസാഗരത്തിൽ മുഴുകി അറിയാതെ എഴുതിപ്പോയിട്ടുള്ള വരികളിൽ ഭഗവാൻെറ വേണുഗാനാമൃതമാണു് അനുഭവപ്പെടുന്നതു്.

"പരിസരമെങ്ങുമൊപ്പം പരിമളമഴപെയ്തു
വരിവരിയായിത്തിങ്ങിത്തെരുങ്ങിമെല്ലേ,
സരസമാംപാൽപ്പുഞ്ചിരി ചൊരിഞ്ഞുവിരിഞ്ഞുനില്പൂ
സരളസുന്ദരവർണ്ണ്യസുമനിരകൾ
കുലകുലയായിത്തൂങ്ങും പലതരം ഫലജാലം
തലകളിൽ സ്വയം താങ്ങിച്ചുമന്നു; വാനിൽ
കുളിർശാഖാഗ്രം വീശിപ്പടർന്നു പന്തലിച്ചേററു-
പ്പുളച്ചു മേളിച്ചുമേവും മഹീരുഹങ്ങൾ.
കുമുദങ്ങൾ വെൺതാമരപ്പൂമലർനിരയിവ
വിമലകൗമുദിചുററും പൊഴിച്ചുപൊന്തും
സുമഹിതസരസ്സുകളരുവികളും ചാരത്തു
സുമഞ്ജുഗാത്രിയാൾ കണ്ടു കുതുകംപൂണ്ടു
അളികൾ മുരണ്ടുമൂളി കിളികൾ പറന്നുപാറി-
യലയടിക്കും സൗരഭ്യമുയർന്നുപൊങ്ങി

വിളങ്ങുമപ്പൂങ്കാവനമൊരുമഞ്ജുകാവ്യമായി-
ട്ടളിവേണിമീരയ്ക്കുള്ളിൽ പുളകംപൂശി.
കുളിർമതിമന്ദമന്ദമുദിച്ചുയർന്നംബരത്തി-
ലിളപുതുവെണ്ണിലാവാൽ പുതച്ചുമൂടി
അളവുമന്തവുമററൊരമൃതവർഷത്തിൽമുങ്ങി-
യലിഞ്ഞൊരാസതിസർവ്വം മറന്നിതപ്പോൾ.

എന്ന വരികൾ ഉദാഹരണമാണ്. രാധ തുടങ്ങിയ ഗോപികമാർ ആത്മനാഥനായ വേണുഗോപാലനോടൊരുമിച്ച് കേളിയാടുന്ന ഭാഗത്തെക്കുറിച്ചുള്ള നിസർഗ്ഗമോഹനമായ വർണ്ണന പാർവ്വതിഅമ്മയുടെ അനിതരസാധാരണമായ കവനപാടവത്തെയും ഭക്തിപാരവശ്യത്തെയും, വെളിവാക്കുന്നു.

എന്തിനേറെ, ഗ്രന്ഥകർത്ത്രിയുടെ എല്ലാകൃതികളിലും, ലോകശാസ്ത്രകാവ്യപഠനങ്ങളിൽനിന്നു ലഭിച്ച നിപുണതയും അഭ്യാസപാടവവും ഉടനീളം പ്രകാശിച്ചുകാണാവുന്നതാണ്. ഇനിയും ഒരു നൂററാണ്ടെങ്കിലും നിസ്തന്ദ്രമായ സേവനംകൊണ്ട് മാതാവിനു മാനംകാത്ത മകളായിത്തീരാൻ സർവ്വശക്തൻ അനുഗ്രഹിക്കുമാറാകട്ടെ.

---

# പാടുന്നീ കുയിലേ!

മുട്ടത്തു സുധ.

പിച്ചവച്ചിളംമൊട്ടായ്
പാടുവാനറിയാതെ
നിച്ചലും സ്വപ്നം കണ്ടു
കൊഞ്ചിയകാലംതൊട്ടേ
ആരുടെ മധുമയ
കാകളീഗാനധ്വനി
പേർത്തുമെൻ കർണ്ണങ്ങളിൽ
പീയൂഷം പകന്നുവോ
ഏതൊരു ശബ്ദംകേട്ടെൻ
സിരകളുണർന്നുവോ
യാതൊന്നു പഠിച്ചുഞാ-
നെൻഗാനം ചിട്ടചെയ്തോ
ആ ഗീതസ്രോതസ്വിനി
കാലസാഗരതടം
ലക്ഷ്യമായ് കുതിക്കുമ്പോ-
ളുൽജീവിതമാർഗ്ഗം
പിന്നിട്ടുകടക്കുമ്പോൾ
കോൾമയിർക്കൊള്ളുമന്തർ—
നേത്രകാചത്തിൽ കാണ്മൂ
ജീവിതപ്രതിച്ഛായ.
ആ നിഴൽവഴിവിട്ടു
മാറുവാനരുതാതെ
പാടുന്നീ, കുയിലേനിൻ
കർത്തവ്യം നിറവേറ്റൂ.
"മാനവനൊരുവെറും
മൺതരിമാത്രം പക്ഷേ;
മാനനീയമാം കൃത്യം
ചെയ്താലോ മഹാമേരു.

# പൊരുതിമുന്നേറിയ കവയിത്രി

സുകുമാരൻ പൊററക്കാട്ട്.

"പാർവ്വതിക്കെവിടുന്നു-
ഗംഗതൻ പ്രവാഹംപോൽ
വാഗ്ധാടിലഭിച്ചതു-
ശിവസാന്നിദ്ധ്യത്താലോ?

കൌതുകപൂർവ്വം ഈരടികൾ വായിച്ചുശീലിച്ചുകൊണ്ടിരുന്ന കുട്ടിക്കാലത്ത് ഹൃദിസ്ഥമാക്കാനിടയായ പ്രസ്തുത വരികൾ ഒരു ശിലാരേഖപോലെ ഇന്നും മനസ്സിൽ പതിഞ്ഞുകിടക്കുന്നു. കാവ്യഭംഗിയോ, ശയ്യാഗുണമോ ഒന്നുമല്ലാ എന്നെ സംബന്ധിച്ചിടത്തോളം ആ വരികളുടെ ആകർഷണത്തിനു ഹേതു. ആർ ആരെപ്പററി എപ്പോൾ പറഞ്ഞതാണവ? അതാണെന്നു തോന്നുന്നു ആ ഈരടി മനസ്സിൽ കടന്നുവിടാതെ കൂടിയതിൻെറ കാരണം.

യശഃശരീരനായ ശ്രീ. മൂർക്കോത്തു കുമാരൻ ഏകദേശം ഒരു കാൽനൂററാണ്ടിനുമുമ്പ് ഇപ്പോൾ ആയുസ്സിൻെറ പൂർവാർദ്ധം പിന്നിട്ടുന്ന ശ്രീമതി മുതുകുളം പാർവ്വതിഅമ്മയെ അഭിവാദ്യം ചെയ്യാൻ തെരഞ്ഞെടുത്ത പദങ്ങളുടെ പൂമാലയാണാവരികൾ. പ്രസംഗവേദിയിലും സാഹിത്യവേദിയിലും ഒരുപോലെ വ്യക്തിപ്രകാശം പരത്തി പാർവ്വതിഅമ്മ പ്രത്യക്ഷപ്പെട്ട കാലഘട്ടമായിരുന്നു അത്. ചുറുചുറുക്കും വിദ്യാവൈഭവവും പ്രദർശിപ്പിച്ച ആ മഹിളയെ ഒരു മംഗളപത്രം നൽകി ബഹുമാനിക്കാൻ തലശ്ശേരിയിലെ പൌരാവലി തീരുമാനിച്ചു. ഒരു കാലത്ത് തലശ്ശേരിയിലെ മുടിചൂടാമന്നനും മലയാളത്തിലെ അജയ്യശക്തിയുമായി വർത്തിച്ച മൂർക്കോത്തു കുമാരനാണ് ഈ സംരംഭത്തിനു നേതൃത്വം നൽകിയ വ്യക്തി. സ്വയം ഒരു മംഗളപത്രം രചിച്ച് ജഗന്നാഥക്ഷേത്രപരിസരത്തിൽവെച്ച് മൂർക്കോത്തു മുതുകുളത്തിനു സമർപ്പിച്ചു.

അതിനുശേഷം പെരിയാററിലൂടെ വളരെയധികം വെള്ളം ഒലിച്ചുപോയിട്ടുണ്ട്. കേരളത്തിൻെറ രാഷ്ട്രീയരൂപം മാറി;

സാഹിത്യഭാവം പകൎന്നു. ജീവൽസാഹിത്യവും പുരോഗമനസാഹിത്യവും വന്നു് കളം തിമിൎത്താടി സമൎഹമായ വിസ്മൃതിയിൽ ലയിച്ചു. രൂപഭദ്രതാവാദത്തിന്റെ ഒലിയമിട്ടുകൾ കെട്ടടങ്ങി. ഏതു 'പരിപ്രേക്ഷ്യം' കൈക്കൊള്ളണമെന്നു നിശ്ചയമില്ലാത്ത വിഭ്രാന്തിവരെ സാഹിത്യലോകം എത്തിക്കഴിഞ്ഞിട്ടുണ്ടു്. പക്ഷേ ഇതൊന്നും തന്നെ ഏശിയിട്ടില്ലെന്നു തെളിയിച്ചുകൊണ്ടു് ആത്മസംതൃപ്തിയോടെ, തികഞ്ഞ സ്വപ്രത്യയസ്ഥൈൎയ്യത്തോടെ, പഴയപടി ആ മുതുകുളം പാൎവ്വതിഅമ്മ ഇപ്പോഴും നില്ക്കുന്നു.

പുരോഗാമികളുടെ ആദരാഞ്ജലികൾ അവൎക്കു ലഭിച്ചിട്ടില്ല; യാഥാസ്ഥിതികരുടെ പ്രകീൎത്തനങ്ങളും അവരെ വീൎപ്പുമുട്ടിച്ചില്ല. എങ്കിലും ആരുടേയും അധിക്ഷേപത്തിനു വകനൽകാതെ, എല്ലാവരുടേയും അടക്കിപ്പിടിച്ച അംഗീകാരം നേടി പ്രസ്ഥാനങ്ങളെ അതിജീവിക്കുവാനവൎക്കു കഴിഞ്ഞു. അനുദിനം മാറിക്കൊണ്ടിരിക്കുന്ന മൂല്യങ്ങളുടേതായ ഈ ലോകത്തിൽ അത്രയും നേട്ടം സാധിച്ചതുതന്നെ ഒരു ചില്ലറകാൎയ്യമല്ല.

കൂസലില്ലായ്മയാണു് മുതുകുളത്തിന്റെ വ്യക്തിമുദ്ര. സാഹിത്യത്തിലും ജീവിതത്തിലും ഒരുപോലെ ഈ സ്വഭാവവൈശിഷ്ട്യം അവർ പ്രദൎശിപ്പിക്കുന്നുണ്ടു്. അബലയെന്ന സഹാനുഭൂതിയുടെ പേരിലോ, ഭൎത്താവിന്റെ കെയ്റോഫിലോ, യാതൊരു പ്രതിഷ്ഠയും അവർ അവകാശപ്പെട്ടിട്ടില്ല. ഈ മഹതിയുടെ സാഹിതീസപൎയ്യ കൈരളിക്കു കാതലായ വല്ലതും കാണിക്കവെച്ചിട്ടുണ്ടെങ്കിൽ പൂൎണ്ണമായും അതവരുടേതാണു്. മറെറാരാൾക്കും മറെറാരു പരിഗണനയ്ക്കും അതിന്റെ രക്ഷാധികാരത്വം അവകാശപ്പെടാൻ സാദ്ധ്യമല്ല. ഇത്രയും തന്റേടത്തോടെ, പതുങ്ങിയും കൊഞ്ചിക്കുണുങ്ങിയുമല്ലാതെ, സാഹിത്യരംഗത്തേക്കു കടന്നുവന്ന മഹിളമാർ എത്രപേരുണ്ടു്?

ഭക്തമീരയെക്കുറിച്ചു് ഖണ്ഡകാവ്യവും ഭക്തഅഹല്യയെക്കുറിച്ചു് ഗദ്യനാടകവും മുതുകുളത്തിന്റെ തൂലിക മലയാളത്തിനു സമ്മാനിച്ചിട്ടുണ്ടു്. പക്ഷേ സാഹിത്യത്തിന്റെ ശ്രീകോവിലിൽ തൊഴാൻ കൈക്കൂപ്പിവന്ന ഒരാരാധികയാണെന്നു പൊതുവിൽ

തോന്നിയിട്ടില്ല. പൊരുത്തന്ന സാഹിത്യപ്പെടയാളിയുടേതാണവരുടെ ചിത്രം. മുതുകുളം പാർവ്വതിയമ്മയെ മലയാളസാഹിത്യത്തിലെ ഝാൻസീറാണിയെന്നു വിശേഷിപ്പിക്കാനാണ് ഞാൻ ഇഷ്ടപ്പെട്ടുക. ഇവരിൽ പ്രശംസനീയമായ വാഗ്ധാടിദർശിച്ച മൂക്കോത്തു വിരൽ ചൂണ്ടിയതും ഞാൻ വിഭാവനം ചെയ്ത മണ്ഡലത്തിലേയ്ക്കുതന്നെയല്ലേ? സംശയമുണ്ട്.

ശ്രീമതി മുതുകുളം പാർവ്വതിയമ്മ കുമാരനാശാൻെറ ഒരു വിനീതശിഷ്യയാണെന്ന് മഹാകവി ഉള്ളൂർ പ്രശംസിച്ചു. ആ അഭിപ്രായത്തെ ശരിവച്ചുകൊണ്ട് ഇന്നാകട്ടെ, അവർ ആശാൻെറ ഒരു പ്രൗഢശിഷ്യതന്നെ ആയിട്ടുണ്ടെന്ന് മീരയുടെ അവതാരികയിൽ പ്രഗത്ഭഗദ്യകാരനായ കെ. ആർ. കൃഷ്ണപിള്ളയും പറയുന്നു. സശ്രദ്ധമായ പഠനമർഹിക്കുന്നതാണ് ഈ വീക്ഷണം. കുമാരനാശാൻെറ ആദർശപ്രേമം പാർവ്വതിയമ്മയെ സ്വാധീനിച്ചിരിക്കാമെങ്കിലും ഉള്ളൂരിൻെറ കാവ്യശൈലിയോടല്ലേ അതിനു കൂടുതൽ ആധമർണ്യം. ഒരു പണ്ഡിതശൈലിയാണ് അവർക്ക് സ്വായത്തമായിട്ടുള്ളതെന്നു തോന്നുന്നു. പക്ഷേ ക്രിത്രിമമോ ആയാസകരമോ ആയ പണ്ഡിതശൈലി അല്ല അത്. സ്വാഭാവികമായിത്തന്നെ അത്തരമൊരു ശൈലി ഈ കവയിത്രിയെ അനുഗ്രഹിച്ചിരിക്കുകയാണ്. ഇടതടവോ ക്ലേശമോ കൂടാതെ വരികൾ പ്രവഹിക്കുന്ന ഒരു തൂലിക. സ്വല്പമെങ്കിലും ഇവരെ പരിചയപ്പെടാനിടയായ ആക്കും ഇതു് അറിയാവുന്നതാണ്. പണ്ഡിതശൈലിയെ ഒരനർഗ്ഗളപ്രവാഹമാക്കി മാററാൻ കഴിഞ്ഞതു് തീർച്ചയായും അഭിമാനകരമായ ഒരു സിദ്ധിയാകുന്നു. മുതുകുളത്തിൻെറ സാഹിതീയജീവിതത്തിലുടനീളം മിന്നിത്തിളങ്ങുന്ന രജതരേഖയും മററൊന്നല്ല.

'വനിതകളെ! യുവാക്കളെ! മുന്നോട്ടുവരിക' എന്ന് മൈതാനവേദികളിൽനിന്ന് ഉദ്ബോധനങ്ങൾ ഉയരാറുണ്ട്. സ്ഥാനമാനാദികൾ മുഴുവൻ അവർക്കൊഴിഞ്ഞു കൊടുക്കാനുള്ള വ്യഗ്രതയോടെ പഴയ തലമുറ സോൽക്കണ്ഠം കാത്തുനില്ക്കുകയാണെന്ന ഒരു ധാരണ ശ്രദ്ധാത്മാക്കളായ പലരിലും ഇതുളവാക്കാറുമുണ്ട്. പക്ഷേ മുന്നോട്ടുവന്ന വനിതകൾക്കും യുവാക്കൾക്കും എത്രത്തോ

ളും പിന്തുണയും പ്രോത്സാഹനവും ലഭിച്ചു. പള്ളിയോടടുക്കുന്തോറും അള്ളാ അകന്നു പോകുന്നതാണ് അനുഭവപ്പെട്ടുക. മുത്തുകുളം പാൎവ്വതിയമ്മയുടെ അനുഭവമണ്ഡലവും ഈ സാമാന്യവിധിക്കപവാദമല്ല. അവർ മുന്നോട്ടുവന്നതത്രയും ഓരോ ഇഞ്ചിനുവേണ്ടിയും പൊരുതിപ്പൊരുതിയായിരുന്നു. ആ പോരാട്ടത്തിന്റെ ചാരിതാൎത്ഥ്യം ആയുസ്സിന്റെ ഉത്തരാൎദ്ധത്തിലേക്കു പ്രവേശിക്കുന്ന ഈ മഹതിക്കു ആഹ്ലാദാനുഭൂതികൾ ഉൾച്ചേൎക്കുമെന്നു പ്രത്യാശിക്കട്ടെ.

---

# മലർവാടിയിലെ തപസ്സ്

മുതുകുളം ഗംഗാധരൻപിള്ള.

പ്രപഞ്ചപുരോഗതിയുടെ യാഗഭൂമിയിൽ തന്നിലെ സർഗ്ഗാത്മകശക്തിയെ അൻപതിൽപരം വത്സരമായി തപസ്സിനിരുത്തുകയും, വികാരത്തെ ഒരു ശാശ്വതസത്യമായി അംഗീകരിച്ചുകൊണ്ട് ആത്മാവിൻെറ അഗാധഹ്രദങ്ങളിൽനിന്ന് പതഞ്ഞുപൊന്തുന്ന പവിത്രമായ അനുഭൂതികളെ ആവിഷ്കരിക്കുകയും ചെയ്യുന്ന ഒരു കവയിത്രിയാണ് ശ്രീമതി മുതുകുളം പാർവ്വതിഅമ്മ. കവിതാരചന ഒരു കുട്ടിക്കളിയാണെന്ന് അവർ കരുതുന്നില്ല. ആ സിദ്ധി മനുഷ്യമനസ്സിനെ ഉദാത്തവൽക്കരിക്കാൻ ഉതകണമെന്ന് ഈ മഹതിയ്ക്ക് അഗ്രഹമുണ്ട്. ധർമ്മശാസ്ത്രത്തെ മുറുകെപ്പിടിച്ചുകൊണ്ട് ഗതാനുഗതികത്വത്തിൻെറ നടപ്പാതയിലൂടെ സഞ്ചരിച്ച് കാവ്യദേവതയുടെ കാലടികളിൽ കമനീയമായ ഒരു സ്ത്രീ ജന്മത്തെ കാഴ്ച വയ്ക്കുക; എത്ര ആയാസമേറിയതും, സാഹസികവുമായ ഒരു സപര്യയാണത്! അറുപതിലെത്തിയ ഈ കവയിത്രി അത് സാഭിമാനം സിദ്ധവൽക്കരിച്ചിരിക്കുന്നു! ഋഷിയായി ജീവിക്കുന്നതിനേക്കാൾ പ്രയാസ്സമാണല്ലോ കവിയായി ജീവിക്കുക. കാവ്യജീവിതം നയിക്കുന്നവർ മാത്രമേ ആ ഭാരം ശരിക്കും മനസ്സിലാക്കാറുമുള്ളല്ലോ, "ദ്വിത്രാ ഏവകകവയഃദ്വിത്രാണ്യേവകാവ്യാനി" എന്ന് സമാധാനിക്കാം.

മൂർത്തമായ ജീവിതത്തെ ആവിഷ്കരിക്കുന്നതിൽ, ജീവിതവീക്ഷണത്തിൽ, ഭാവോന്മീലനസാമർത്ഥ്യത്തിൽ കാവ്യാഭിവീക്ഷണത്തിൽ ഒക്കെ ഒരു കവി മറെറാരു കവിയിൽനിന്ന് വ്യതിരിക്തനായി വർത്തിയ്ക്കാറുണ്ട്. ആ പ്രത്യേകതയായിരിക്കും അയാളുടെ കാവ്യശൈലിയെ ശ്രദ്ധേയമാക്കുന്ന ഘടകങ്ങളിൽ ഒന്ന്. പല മഹാകവികളും യുഗങ്ങളുടെ അഭിനന്ദനം ആർജ്ജിക്കുന്നതിൽ ഈ അംശത്തിന് അതിയായ പ്രാധാന്യമുണ്ട്. കാളിദാസനെ മാത്രമല്ലല്ലോ നാം സ്നേഹിക്കുന്നതും പ്രകീർത്തിക്കുന്നതും. മാഘനും, ഭവഭൂതിയും, ഭാസനും, ഹോമറും, ഷേക്‌സ്പീയറും, ടോൾസ്റ്റോയിയും,

ടാഗ്രൂറും, മയാക്കോവിസ്കിയും നമ്മുടെ ആദരവിനെ പിടിച്ചുപററു ന്നില്ലേ? ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ! ഒരാളുടെ കാവ്യത്തിനോ കൃതിക്കോ ഉള്ള ഗുണമായിരിക്കുകയില്ല മറെറാരാളുടേതിനു്. ആത്മാവിഷ്കാരത്വര (Vital urge)യും വ്യത്യസ്തമായിരിക്കും. ജീവിതദർശനവും, കാവ്യാഭിവീക്ഷണവും ഒന്നായിരിക്കുകയില്ല. പ്രകൃതിയിലെ അത്ഭുതപ്രതിഭാസങ്ങളെപ്പോലും ഒരാഠം മനോഹരമായും, അപരൻ ബീഭത്സമായും കണ്ടെന്നും, പ്രതിപാദിച്ചെന്നും വരാം. സായംസന്ധ്യയെ കവിശ്രേഷ്ഠനായ ഇലിയട്ടു് ഉപമിച്ചതു് മയക്കമരുന്നു് കഴിച്ചു് പരീക്ഷണശാലയിൽ മയങ്ങിക്കിടക്കുന്ന സുന്ദരിയായ ഒരു തരുണിയോടാണല്ലോ. പ്രാചീനരും, അർവ്വാചീനരുമായ എല്ലാ കവികളുടേക്കിൽ നിന്നും എത്ര വിഭിന്നമായ സാന്ധ്യഭാവന! എല്ലാം വായിക്കുകയും എല്ലാം ആസ്വദിക്കുകയും ചെയ്യുന്ന യാഥാർത്ഥ സഹൃദയൻ തൻെറ മനസ്സിൻെറ വിവിധതലങ്ങളിലിരുത്തിയായിരിക്കുമല്ലോ തൽക്കർത്താക്കളെ താലോലിക്കുന്നതു്. എങ്കിലും ഒരാഠം മാത്രമെ കവിയായിരുന്നുള്ളൂ എന്നു് പറയാൻ വിവേകമുള്ളവർ ഇന്നോളം ഒരുമ്പെട്ടിട്ടില്ലല്ലോ.

ഇത്രയും പറഞ്ഞുവച്ചതു് ശ്രീമതി പാർവ്വതിഅമ്മയുടെ കാവ്യശൈലിയെപ്പററിയും, സാഹിത്യസേവനങ്ങളെപ്പററിയുമുള്ള ചില പണ്ഡിതമ്മന്യന്മാരുടെ മിഥ്യാധാരണകളെ ഒന്നു് മന്ദമായി സ്പർശിക്കാമെന്നു് കരുതിയാണു്; തൽക്കാലം അതു് മതിതാനും.

ഗതാനുഗതികത്വത്തെ അന്ധമായി പിൻതുടരുന്നതു് ആത്മഹത്യാപരമായ ഒരു തെററുതന്നെയാണു്. മാറിവരുന്ന പരിതസ്ഥിതികഠംക്കനുസരിച്ചു് സാഹിത്യകാരൻ ജീവിതവിമർശകനെന്നനിലയിൽ പ്രവർത്തിയ്ക്കേണ്ടതും ആവശ്യമാണു്. പക്ഷേ, പരീക്ഷണത്തിനുവേണ്ടിയുള്ള പരീക്ഷണം ഒരു മേഖലയിലും ഈ കവയിത്രി ഇഷ്ടപ്പെടുന്നില്ല. പലപ്പോഴും അതൊരു അഗ്നിപരീക്ഷണമാണെന്നും കരുതുന്നുണ്ടായിരിക്കും ആ പക്വത നേടിയ പ്രതിഭ! അതുകൊണ്ടാവാം, കുണ്ടും കുഴിയും അഴുക്കും നിറഞ്ഞ ഇടവഴിയേക്കാഠം നിമ്നോന്നതമല്ലാത്ത വെടിപ്പുള്ള രാജപാതയിലൂടെ, സാഗരത്തെ ലക്ഷ്യമാക്കി ഒഴുകുന്ന ഒരു പുഴപോലെ

പോകാൻ ഈ കവയിത്രി ഇഷ്ടപ്പെടുന്നതു്. കാവ്യാധ്വാവിലും ജീവിതത്തിലും ഇതുതന്നെ പഥ്യവും. തുളസിയിലയുടേയും, ചന്ദനത്തിൻേറയും സുഗന്ധം അലിഞ്ഞുചേൎന്ന തീൎത്ഥജലം ആത്മസംതൃപ്തിയോടെ സ്വയം പാനംചെയ്യുന്ന പ്രതീതിയാണു് മുതുകുളം പാൎവ്വതിഅമ്മയുടെ ചില കവിതകഠം എന്നിൽ ഉളവാക്കിയിട്ടുള്ളതു്. ഉദാത്തോജ്ജ്വലമായ ഒരു മണ്ഡലത്തിലേയ്ക്കു് മനുഷ്യഹൃദയത്തെ ആനയിക്കുകയാണു് സാഹിത്യത്തിൻേറ പ്രധാനലക്ഷ്യമെന്നു് തൻേറ കൃതികളിലൂടെ നമ്മെ ബോദ്ധ്യപ്പെടുത്തുന്നതിനും കവയിത്രി ശ്രമിച്ചിട്ടുണ്ടു്.

കാലം, നരംപറയുകയാണെന്നു തോന്നുന്നപോലെ അറുപതിലെത്തിയിരിക്കുന്ന ഈ അഭിവന്ദ്യയായ മഹതിയെപ്പററി അതിൻേറ പകുതി വയസ്സുപോലും ആവാത്ത ഈയുള്ളവൻ എന്തെങ്കിലും ആധികാരികമായി രേഖപ്പെടുത്താൻ അൎഹനാണോ; അല്ലേ. അല്ല. എൻേറ വിവേകം എന്നെ വിലങ്ങണിയിക്കുന്നു. എങ്കിലും പ്രപഞ്ചത്തിൻേറ മുഖത്തുനോക്കി, ആത്മാവിൽ കലവറയില്ലാതെ പറയാനും, എഴുതാനും ശീലിച്ചുപോയ എനിക്കു് പറയാനുള്ളതു പറയാതിരിക്കാൻ വയ്യ. പറഞ്ഞില്ലെങ്കിൽ—ആ വലിയ മനസ്സിനു് ഇത്തിരി വിമ്മിട്ടമെങ്കിലും തോന്നും; തീൎച്ച. ഒരു സ്ത്രീയുടെ ബഹിരന്തരജീവിതത്തെ വിലയിരുത്തുന്ന സാഹസ കൃത്യത്തിൽ നിന്നു് പ്രായവും, പരിമിതമായ ലോകപരിജ്ഞാനവും എന്നെ പിന്നാംകുടുക്കിട്ടു വലിക്കുന്നു.

ശ്രീമതി മുതുകുളം പാൎവ്വതിഅമ്മയെ ഞാൻ ആദ്യമായി പരിചയപ്പെട്ടതു് ഒരു പ്രസംഗമണ്ഡപത്തിൽ വച്ചായിരുന്നു. ആ അദ്ധ്യക്ഷ, പ്രസംഗകനായ എന്നെപ്പററി മതിപ്പോടെ സംസാരിച്ചതായിരിക്കാം പിൽക്കാലത്തു് പിൽക്കാലത്തു് എല്ലുറപ്പുള്ള സൗഹൃദം പടുത്തുയൎത്താൻ ഇടയായതെന്നു തോന്നുന്നു. സാഹിത്യരംഗത്തേയ്ക്കു് കാലെടുത്തുവച്ച അനാഗതശ്മശ്രുവായിരുന്ന എന്നെ സ്നേഹവാത്സല്യങ്ങളോടെ ആ അമ്മ നോക്കിയിരുന്നു! ആ സ്നേഹം തുടിക്കുന്ന പ്രശംസകഠം, മൂകവേദനകഠം ഉറങ്ങിക്കിടക്കുന്ന എൻേറ കുരുന്നു കരളിലേയ്ക്കു് ഒരു കുളിൎച്ചോലപോലെ ഒഴുകിവീണു! (ശ്രീകോവിലെ പുണ്യതീൎത്ഥംപോലെയും) പിന്നെ

കുറേ കൊല്ലങ്ങൾകൂടി കഴിഞ്ഞാണ് ശ്രീമതി പാൎവ്വതിഅമ്മസ്സാർ ഒരു കവിയശഃപ്രാർത്ഥിയേയും പുച്ഛിക്കാറില്ലെന്ന് ഞാൻ മനസ്സിലാക്കിയതു്. പക്ഷേ, അതിനൊക്കെ മുൻപു്, പാൎവ്വതിഅമ്മസ്സാർ മൗനവ്രതം അനുഷ്ഠിച്ചിരിക്കുന്നതിനാൽ കാണാൻ സാധിക്കാതെ ആ വീട്ടിൽനിന്നു് ഞാൻ കോപിച്ചിറങ്ങി നടന്നിട്ടുള്ള കാൎയ്യം ഇന്നും കവയിത്രിക്കു് അറിഞ്ഞുകൂടാ.

നാലുപേരുടെ മുകളിലെത്തിയ തലയെപ്പററിയെ പൊതുജനം വിമർശിക്കാറുള്ളു. തലനരച്ച സമപ്രായക്കാർ നോക്കിയിരിക്കെ, കേരളം, ഒരാളുടെ ഷഷ്ട്യബ്ദപൂൎത്തി എന്തേ ആഘോഷിക്കുന്നതു്? ഒരാൾക്കുമാത്രം എന്തേ ഉപഹാരഗ്രന്ഥം സമൎപ്പിക്കുന്നതു്? ഉത്തരമുണ്ടു്; മററുള്ളവർ, കരിഞ്ചന്ത നടത്താനും, പണം സമ്പാദിയ്ക്കാനും, മാളിക പണിയാനും, വിവാഹം ചെയ്യാനും, മക്കളെ വളൎത്താനും മററും കൃത്യാന്തരപരതന്ത്രത കാട്ടിപ്പോയപ്പോൾ ക്രാന്തദർശിയായ കവയിത്രി ജീവിതത്തിൻെറ അപ്രതിഹതമായ ആ ഒഴുക്കിൽനിന്നു് മാറി നിൎമ്മമതപത്തോടെ അതു് നോക്കിനിന്നു് തൻെറ ഹൃദയതന്ത്രികൾ ചീന്തിയെടുത്തു് വീണമീട്ടിപാടി. പുരുഷാന്തരങ്ങൾക്കും, മന്വന്തരങ്ങൾക്കും, യുഗങ്ങൾക്കും വേണ്ടിയായിരുന്നുവോ എന്നു് ഏററവും വലിയ നിരൂപകനായ 'കാലം' വിധിപറയട്ടെ.

"Art was my life and joy; and I derived from it my best strength to fight aganist evil" എന്നു് റോമയിൽറോളണ്ടു് ഒരിക്കൽ പറയുകയുണ്ടായി. പലപ്പോഴും, ഈ ഒരാശയത്തിലേയ്ക്കു് കവയിത്രി ദൃഷ്ടിപായിക്കുന്നില്ലെന്നു ഞാൻ കരുതിയിരുന്നു. എന്നാൽ, അടുത്തകാലത്തെഴുതിയ 'രാഹുവിനോടു്' എന്ന കവിതയിൽ ആ ഒരു പ്രവണത നാമ്പെടുത്തു കാണുന്നുണ്ടു്. നന്മയെ വിഴുങ്ങുന്ന രാഹുവിനോടുള്ള കവയിത്രിയുടെ ധാൎമ്മികരോഷം പതഞ്ഞുപൊന്തുന്നുണ്ടതിൽ 'വാളല്ലെൻസമരായുധം' എന്ന ജീവിതസിദ്ധാന്തമാണു് കവയിത്രിക്കുള്ളതെങ്കിലും, നീചതയോടും, ക്രൂരതയോടും പടവെട്ടുന്ന തൂലികയ്ക്കു നന്മയുടെ ശംഖനാദം ജനഹൃദയങ്ങളിലേയ്ക്കു് സംക്രമിപ്പിക്കാനാവു എന്നും തെളിയിച്ചിരിക്കുന്നു.

കാകോളം നിറച്ച ഹൃദയത്തെ ഖദറിട്ടുമൂടിയാലും, കുശുമ്പും, അഹന്തയും, വലിയഭാവവും നിറഞ്ഞ കഷണ്ടിത്തലയെ ഏതു് തൊപ്പികൊണ്ടു പൊതിഞ്ഞാലും അതിനുള്ളിലെ മനുഷ്യനെ മനസ്സിലാക്കാൻ കവയിത്രിക്കുള്ള കഴിവു് അനിതരസാധാരണമാണു്. രാജ്യത്തുള്ള പല പ്രസിദ്ധീകരണശാലകളും ഈ കവയിത്രിയുടെ നോട്ടത്തിൽ കൈയെത്താത്ത പൂവുകളാണു്! അറുപതിലെത്തിയിട്ടും ശ്രീമതി പാർവ്വതിഅമ്മയുടെ ഒരു കവിതാസമാഹാരവും യാതൊരു ബുക്കസ്റ്റാളും ഏറെറടുത്തു് പ്രസിദ്ധീകരിച്ചിട്ടില്ല!! കേരളത്തിൽ പിറന്നതോ, വളക്കൂറുററ മണ്ണുള്ള മുതുകുളത്തു് പിറന്നതോ ഈ നിർഭാഗ്യത്തിനു് കാരണം? ഇന്നലെ കയറിവന്ന കവിയശഃപ്രാർത്ഥികളുടെ കവിതാസമാഹാരങ്ങൾ തെരുതെരെ പ്രസിദ്ധീകരിച്ചു വിടുന്ന കേരളമേ! നിനക്കു ലജ്ജയില്ലേ ഇക്കാര്യത്തിൽ എന്നു ചോദിക്കാൻ തോന്നിപ്പോകുന്നു. കവിത, ഇന്നത്തെ വ്യവസായയുഗത്തിൽ നിൽക്കുകയാണെന്നും ഈ മഹതി അറിയാറില്ല. തെററിദ്ധരിക്കപ്പെടുന്ന നിഷ്കളങ്കതയ്ക്കു് ഞാനൊരു പേരു നൽകട്ടെ:—മുതുകുളം പാർവ്വതിഅമ്മ—.

എങ്കിലും, ശ്രീമതി മുതുകുളം പാർവ്വതിഅമ്മ ഒരു വിഷാദാത്മകയാണെന്നു് തോന്നുന്നില്ല. "സൃഷ്ടികർത്താവിൻെറ കൈയിൽനിന്നും ശോകാത്മകമായ ജീവിതത്തെ കൈക്കലാക്കി, പിച്ചിച്ചീന്തിക്കളഞ്ഞതിനുശേഷം നമ്മുടെ ഹൃദയാഭിലാഷങ്ങൾക്കനുസരിച്ചു് ഒരു പുതിയ ജീവിതം കെട്ടിപ്പടുക്കണ"മെന്നു പറഞ്ഞ ഉമർഖെയ്യാമിനെപ്പോലെതന്നെയാണു് ഈ കവയിത്രിയും ചിന്തിക്കാറുള്ളതു്. അതുകൊണ്ടുതന്നെ പാർവ്വതിഅമ്മ ദുഃഖത്തിൻെറ കവയിത്രിയല്ലാതായിരിക്കുന്നു; വിഷാദിക്കുവാനുള്ള സാഹചര്യങ്ങൾ ജീവിതത്തിൽ ധാരാളം ഉണ്ടായിട്ടും. ഒരുപക്ഷേ, അവരുടെ ആസ്തിക്യബോധമായിരിക്കാം വേദനയെ ആട്ടിപ്പായിച്ചതു്. അതുകൊണ്ടുതന്നെയല്ലേ ആദ്ധ്യാത്മികതത്വത്തിൻെറ ചൈതന്യവത്തായ പ്രഭാപ്രസരം പാർവ്വതിഅമ്മയുടെ മിക്ക കൃതികളിലും തിരയടിക്കുന്നതു്. ഭക്തിയെ കവിതചംകൊണ്ടു് സുരഭിലമാക്കിയിരിക്കുന്നു ഈ കവയിത്രി എന്നതിനു് സംശയമില്ല. അവരുടെ ഹൃദയംതന്നെ ഭക്ത്യുന്മുഖമാണുതാനും.

"Poetry is made out of life; belongs to life exists for life" എന്ന ഹഡ്സൺ ൻെറ അഭിപ്രായത്തോട് എത്രമാത്രം യോജിക്കുന്നുണ്ട് ശ്രീമതി പാർവ്വതിഅമ്മയുടെ കവിതകൾ എന്ന് ഇവിടെ ചർച്ചചെയ്യേണ്ടതില്ല. വികാരോൽബണമായ ജീവിതത്തെ ഏതുനിലയിൽ ഒരു കവി ഹൃദയംനോക്കിക്കാണുന്നു എന്നതിനെ ആശ്രയിച്ചാണല്ലോ അക്കാര്യം തീരുമാനിക്കേണ്ടതു്. ശ്രീമതി പാർവ്വതിഅമ്മ താൻ നടന്നുവന്ന പാതയിലൂടെ ആത്മധൈര്യത്തോടെ മുന്നോട്ടുപോകുകതന്നെചെയ്യും; പ്രലോഭനങ്ങൾക്കൊന്നും കീഴ്പ്പെട്ടുത്താനാവാതെ ഉദയപ്രഭ, ഗാനാഞ്ജലി, എന്നീ കവിതാസമാഹാരങ്ങളും, കർമ്മഫലം എന്ന ലഘുനോവലും, ഭുവനദീപിക, അഹല്യ, ധർമ്മബലി എന്നീ ഗദ്യനാടകങ്ങളും, മീര മാതൃവിലാപം, ശ്രീ ബുദ്ധചരിതം (ഉത്തരാർദ്ധം) എന്നീ കാവ്യങ്ങളും, ശ്രീ നാരായണമാർഗ്ഗം, ശ്രീ സരോജിനീദേവി, ഭാരതീയവനിതകൾ, രണ്ടു ദേവതകൾ എന്നീ ജീവചരിത്രങ്ങളും, ഉപന്യാസങ്ങളും, ശ്രദ്ധേയമായ ഭഗവദ്ഗീതാതർജ്ജമയും ഈ കവയിത്രിയുടെ സാഹിത്യസേവനത്തിൻെറ സദ്ഫലങ്ങളായി നിലകൊള്ളുന്നു. ബാലസാഹിത്യത്തിനും മഹത്തായ സേവനങ്ങൾ ചെയ്തിട്ടുണ്ട്. ഗീതാഞ്ജലിഗീതങ്ങൾ തർജ്ജമചെയ്യുകയും, മീര മുതലായ ചില നാടകങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ടെന്ന് പലർക്കും അറിഞ്ഞുകൂടാ.

ഈ ലേഖനം പാർവ്വതിഅമ്മയുടെ കൃതികളെപ്പററിയുള്ള ഒരു നിരൂപണമാകരുതെന്ന് എനിക്ക് ആശയുണ്ട്. അതിന് അർഹതയുള്ള പലരും അപ്പുറത്തുമിപ്പുറത്തുമുണ്ടുതാനും. രാഷ്ട്രീയത്തിൻെറ അതിപ്രസരം തിരയടിക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യത്വത്തിൻെറ ശബ്ദം ഉയർത്താൻ കഴിയണമെങ്കിൽ സ്വതന്ത്രമായ ഒരാത്മാവാവശ്യമാണ്. രാഷ്ട്രീയക്കാരിയായ മുതുകുളം പാർവ്വതിയമ്മയെപ്പററി ഒരക്ഷരം എഴുതുവാൻ എനിക്ക് ആവില്ല. കാരണംഅതേപ്പററി ഞാൻ അജ്ഞനാണ്. ആ അജ്ഞത അനുഗ്രഹമായും കരുതുന്നവനാണ് ഞാൻ. കാവ്യാരാധകനെന്ന നിലയിൽകവയിത്രിയുടെ കവിതകൾ വായിച്ചിട്ടുള്ള ഒരു എളിയ ഹൃദയത്തിൻെറ പ്രതികരണങ്ങളും, അറുപതിലെത്തുന്ന കേരളത്തിലെ

ആദ്യത്തെ കവയിത്രിയോടുള്ള സ്നേഹബഹുമാനാദരങ്ങളും മാത്ര മാണിതു്.

ശ്രീമതി പാർവ്വതിഅമ്മയുടെ ഷഷ്ടിപൂർത്തി ആഘോഷിക്കുന്ന ഈ വേളയിൽ ഭക്ത്യാദരപൂർവ്വം, രോമാഞ്ചങ്ങൾകൊണ്ടു് കോർത്തെടുത്ത ഒരു പൂച്ചെണ്ടു് ആ മഹത്തായ കാവ്യസപര്യയുടെ മുന്നിൽ ഞാൻ അർപ്പിക്കുകയാണു്. ഋതുക്കളുടെ ഭാവഭേദങ്ങളെ ഗണിക്കാതെ ചൂടും മഴയും മഞ്ഞുമെല്ലാമേററു് സുരഭിലമധുവാഹിയായ സൂനസഞ്ചയങ്ങളുടെ നടുവിൽനിന്നു് തപസ്സുചെയ്യുന്ന കേരളത്തിന്റെ കവയിത്രിക്കു് ദീർഘായുസ്സു നേർന്നുകൊണ്ടു് ഇതാ അകലെ മാറിനിന്നു് എന്റെ കൊച്ചു കരങ്ങൾ കൂപ്പുന്നു.

---

## പാവ്വതിഅമ്മസ്സാറിൻെറ

# ബാലകവിതകൾ

ചേപ്പാട്ടു് ഭാസ്കരൻനായർ.

അമ്പിളിയമ്മാവനെ കൈയിൽ കിട്ടുവാൻവേണ്ടി ശാഠ്യം പിടിച്ചു കരയുന്ന മണിക്കുട്ടനെ സമാധാനിപ്പിക്കുവാൻ അമ്മ ചെയ്യുന്ന കൗശലം എത്രയോ നിസ്സാരമാണു്. "ഓമനത്തിങ്കൾ കിടാവോ..." എന്നു തുടങ്ങുന്ന ആ ഗാനത്തിൻെറ നേത്ത അലകൾ അവൻെറ കാതുകളിൽ വന്നലയ്ക്കുമ്പോഴേയ്ക്കും ആ കുസൃതിക്കുട്ടൻ തന്നെത്തന്നെ മറന്നു സുഷുപ്തിയിലേക്കു് ഊർന്നിറങ്ങുകയായി. പിച്ചവയ്ക്കുന്ന കുഞ്ഞോമനകളുടെ ചുണ്ടിൽ പോലും ആദ്യമായി ഉദയം ചെയ്യുന്നതു് അമ്മയിൽ നിന്നും ലഭിക്കുന്ന താരാട്ടിൻെറ ഈരടികളാണു്. കുട്ടികളുടെ ഹൃദയത്തിൽ ആനന്ദത്തിൻെറ അലകൾ സൃഷ്ടിക്കുവാൻ ബാലകവിതകൾക്കുള്ള കഴിവു് ആരും സമ്മതിക്കാതിരിക്കില്ല. ഇളംപ്രായത്തിൽ പാട്ടുകൾ പഠിക്കുവാനും അതു് ചൊല്ലിക്കൊണ്ടു നടക്കുവാനും കുട്ടികൾ ഇഷ്ടപ്പെടാറുണ്ടു്. കുട്ടികൾക്കു മാത്രമുള്ള ഒരു സാഹിത്യശാഖ അങ്ങിനെ എല്ലാ ലോകഭാഷകളിലും ഉദയം ചെയ്യുകയുണ്ടായി.

ഇംഗ്ലീഷുഭാഷയാണു് ബാലസാഹിത്യത്തിൽ ഏററവും പുരോഗതി നേടിയിട്ടുള്ളതു്. ബാലമനശ്ശാസ്ത്രനിയമങ്ങളെ സമാദരിച്ചു് കുട്ടികൾക്കു് അറിവും ആനന്ദവും കഴിവും ഉണ്ടാക്കുക എന്ന ലക്ഷ്യമാണല്ലോ ബാലസാഹിത്യശാഖയുടെ ഉദ്ദേശ്യം. നല്ല ബാലസാഹിത്യരചയിതാവു് മുതിന്നവരുടെ ലോകത്തുനിന്നും കുട്ടികളുടെ ലോകത്തിലേക്കു് ഇറങ്ങിവരികയും അവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേരുകയും വേണം. കുട്ടികളെ ഇഷ്ടപ്പെടാത്തവർ കുട്ടികളുടെ സാഹിത്യം നിമ്മിക്കുവാൻ ഒരിക്കലും ആശിച്ചുകൂടാ. ഇംഗ്ലീഷുഭാഷയിൽ ബാലസാഹിത്യത്തിനു് 300 വഷത്തെ പഴക്കമുണ്ടെങ്കിലും കഴിഞ്ഞ 150 വർഷക്കാലം കൊണ്ടാണു് ഈ സാഹിത്യശാഖ വളന്നു പുഷ്ടി പ്രാപിച്ചിട്ടുള്ളതു്.

ബാലസാഹിത്യശാഖയിലെ ഏററവും പ്രാധാന്യമർഹി ക്കന്ന വിഭാഗമാണ് ബാലകവിതകൾ. നമുക്ക് കവികൾ ധാരാ ളമുണ്ട്; എന്നാൽ, നല്ല ബാലകവിതകൾ രചിക്കുന്നവരുടെ എണ്ണം തുലോം കുറവുമാണ്. ബാലസാഹിത്യത്തിനുള്ള ഇന്ന ത്തെ "ഡിമാൻഡ്" നേരിൽ കണ്ടുകൊണ്ട് പലരും ബാലസാ ഹിത്യകൃതികൾ രചിക്കുവാൻ ഒരുമ്പെടുകയും അതിൽ ദയനീയ മായി പരാജയപ്പെടുകയും ചെയ്യുവെന്നതു് ശ്രദ്ധേയമാണ്.

നമ്മുടെ പ്രസിദ്ധരായ ബാലസാഹിത്യ നിർമ്മാതാക്കളെ ശ്രദ്ധിക്കൂ! പലരും അദ്ധ്യാപകജീവിതം നയിക്കുന്നവരോ, നയി ച്ചവരോ ആയിരിക്കും. വളരെക്കാലം അദ്ധ്യാപികയായി ജീവിതം നയിക്കുകയും കുട്ടികളുമായി ഏററവും കൂടുതൽ ഇടപഴകുകയും ചെയ്തു നല്ല ഒരു അനുഭവസമ്പത്ത് പാർവ്വതിയമ്മസ്സാർ കരസ്ഥമാ ക്കിയിട്ടുണ്ട്. ഈ മഹതിയുടെ പല ഗ്രന്ഥങ്ങളും സ്കൂളുകളിൽ പാഠപുസ്തകങ്ങളായി തെരഞ്ഞെടുത്തതുതന്നെ കുട്ടികളുടെ മന ശാസ്ത്രം മനസ്സിലാക്കി അവക്ക് രസിക്കത്തക്കവിധത്തിൽ എന്തും പ്രതിപാദിക്കുവാനുള്ള ആ അസാധാരണമായ കഴിവുകൊണ്ടാ ണെന്നു ഞാൻ വിശ്വസിക്കുന്നു. സാറിൻെറ മിക്ക കവിതാഗ്രന്ഥ ങ്ങളും സാധാരണക്കാർക്കും കുട്ടികൾക്കും വായിച്ചുരസിക്കുവാൻ കഴിയുന്ന രീതിയിലാണ് രചിച്ചിട്ടുള്ളത്. വളരെ ലളിതമായ ശൈലിയിൽ കാര്യങ്ങൾ പറയുവാൻ സാറിനുള്ള കഴിവു് ഒന്നു പ്രത്യേകമാണ്.

പാർവ്വതിയമ്മസ്സാറിൻെറ ഏററവും പ്രസിദ്ധമായ ഒരു ബാ ലകവിതയാണ് "ഓമനപ്പൈതൽ" ഒരു പിഞ്ചുകുഞ്ഞിനെ മുന്നിൽ കാണുമ്പോൾ കവയിത്രിക്കുണ്ടാകുന്ന ആനന്ദനിർവ്വതി ഈ കവിതയിലൂടനീളം നിഴലിച്ചുകാണാം. ഗാനാത്മകത്വമുള്ള ഈ ബാലകവിത നമ്മുടെ ബാലസാഹിത്യശാഖയ്ക്കു് ഒരു മുതൽ ക്കൂട്ടാണ്. ആ പിഞ്ചോമനയെ കാണുമ്പോൾ കവയിത്രി പറ യുന്നതു കേൾക്കുക.

"കവിതവിടരുംനിൻ കണ്ണിണയിൽ
പവിഴാധരങ്ങളിൽ വാർമുടിയിൽ

അവിരതം തുള്ളിത്തുളുമ്പുമാഭ—
എവിടെനിന്നാൎജ്ജിച്ചെൻ പൈതലേനീ
കുളിരൊളിയുള്ളത്തിലാക്കമേകും
ലളിതമാം പുഞ്ചിരിപ്പൂനിലാവിൽ
കളകളം തൂകുംനിൻ കൊഞ്ചലിലു—
മളവററകാവ്യങ്ങൾ മൊട്ടിടുന്നു.”

ഉറങ്ങിക്കിടക്കുന്ന കുഞ്ഞോമനകൾ ആ ഉലകുടയോൻെറ പൂവാടിയിൽ സ്വച്ഛന്ദം വിഹരിക്കുകയാണെന്നും ദേവതമാരു പോലും ആ കുഞ്ഞിൻെറ പൂമേനിയെ തഴുകുവാനായി അണയു മെന്നുമെല്ലാം മുത്തശ്ശിമാർ പറയാറുണ്ടല്ലോ? അതാണു് ഈ വരി കളിൽ കവയിത്രി സൂചിപ്പിക്കുന്നതു്.

“ഒളിചൂഴും താരകപ്പൂക്കൾ തിങ്ങി
തെളിവേറും ചന്ദ്രികയോളംതല്ലും
ഉലകുടയോൻെറ പൂവാടിയിലോ
വിലസുന്നുപൈതലേ നിദ്രയിൽ നീ.

*　　　　*　　　　*

പുലരിതൻ സൌന്ദൎയ്യമോലുമോമൽ
കളമൊഴിമാർ കൊച്ചുദേവതമാർ
ഇളകുംപൊൽത്തേരിൽ വന്നോമനേനിൻ
തളിർമേനിപുൽകി മടങ്ങിയേക്കാം.

*　　　　*　　　　*

പരമനിൎവ്വാണത്തിൻ സ്വപ്നലോക
പരിധിയിൽപിഞ്ചു ചിറകുവീശി
സരസംപറക്കുന്ന പൈതലേനിൻ
നിരുപമശൈശവ മെത്രരമ്യം.”

കുട്ടികൾക്കു് ഉണ്ടായിരിക്കേണ്ട സത്ഗുണങ്ങൾ എന്തെല്ലാ മായിരിക്കണമെന്നും അവർ എങ്ങിനെ വളൎന്നുവരണമെന്നും അവ രോടു് ഉപദേശിക്കുകയാണു് കവയിത്രി ഈ വരികളിലൂടെ.

“വിനയം, ഗുരുത്വം, സമത്വം, വിശുദ്ധത
യനാഘമാം സുസ്ഥിര ദൈവഭക്തി

അണുജീവിയിൽപോലു മാർദ്രതയീവക-
ഗ്ഗുണപുഷ്പവാടികളാക, നിങ്ങൾ.
ജനതയ്ക്കു നിസ്തുലമാഗ്ഗതാരങ്ങളായ്
ജനനിക്കു വീരകുമാരരായി
വിനയേറും ദീനകരക്ഷകരായ് നിങ്ങ-
ളനുദിനം മിന്നി വിടൎന്നീടുക.
നിരുപമസ്നേഹത്തിൻ സൗരഭംവീശിയും
കരുണതൻ പൂന്തേൻ സദാ ചൊരിഞ്ഞും
ഇരുൾകീറും ത്തുമൃദുരശ്മികളായ് നിങ്ങൾ
വിരിയുക തേൻമലർ മൊട്ടുകളേ!"

ഒരു മുത്തശ്ശിയുടെ അഭിനന്ദനാശംസകൾപോലെ ഹൃദ്യമാണ് ഈ വരികൾ.

ബാലഭാവനകളെ സരസമായി ആവിഷ്കരിക്കുവാൻ പാൎവ്വതിയമ്മസ്സാറിനുള്ള കഴിവു് ഒന്നു പ്രത്യേകമാണ്. ഒരു കുഞ്ഞിൻെറ ദൃഷ്ടിയിൽ നിഴലിക്കുന്ന പ്രകൃതി എത്ര ആസ്വാദ്യകരമായിരിക്കും! ആ വീക്ഷണം ലളിതമോഹനമായി ആവിഷ്കരിക്കുകകൂടി ചെയ്യുമ്പോൾ അതിൻെറ മനോഹാരിത വളരെയേറെ വൎദ്ധിക്കുകയും ചെയ്യും. പൂമ്പാററ എന്ന കവിത നോക്കുക:—

"മിന്നിത്തിളങ്ങിപ്പറക്കുമഴകേ!
കണ്ണും കരളും കവരുമഴകേ!
വണ്ണപ്പകിട്ടെഴും പട്ടാടതുന്നി
നിന്നെപ്പുതപ്പിച്ചതാരു ചങ്ങാതി?
പാരംമിനുത്തനിൻ പൂഞ്ചിറകിന്മേ-
ലാരാണീ ചിത്രം വരച്ചതുചെമ്മേ
നേരിയ ചായങ്ങൾ കൂട്ടിയിണക്കി-
യാരുടെ തൂലികതീൎത്തു നിന്മേനി?"

നക്ഷത്രങ്ങളെ കാണുമ്പോൾ ആനന്ദിക്കാത്ത കുഞ്ഞുങ്ങൾ ഉണ്ടാവില്ല. പൊന്നിൻ കുമിളകൾ വിണ്ണിൻ ചുമരിൽ പതിച്ചതായി നക്ഷത്രങ്ങളെ സങ്കല്പിക്കുക! അത്യന്തം ഹൃദയഹാരിയായ ഒരു ഭാവനയല്ലേയിതു്?

"അന്തിയിൽമാനത്തു പൂത്തുവിരിയുന്ന
ചന്തം കലരും മലരുകളെ!
അന്ധകാരത്തെയകററി യവനിയിൽ
കാന്തിചൊരിയുന്ന താരങ്ങളെ!
പൊന്നിൻ കുമിളകൾ കോടാനുകോടിയാ
വിണ്ണിൻ ചുമരിൽ പതിച്ചപോലെ
എന്നെന്നുമൊന്നുപോൽ മിന്നിത്തിളങ്ങിടും
പുണ്യപ്രകാശത്തിൻ നാളങ്ങളെ!"

(വാടാമലരുകൾ)

പാർവ്വതിയമ്മസ്സാറിൻെറ മറെറാരു നല്ല ബാലകവിതയാണ് "രവിയും പൂച്ചക്കുഞ്ഞും." മഹത്തായ ഒരു സന്ദേശമാണ് ഈ ബാലകവിതയിൽകൂടി കവയിത്രി കാഴ്ചവച്ചിരിക്കുന്നതു്. മുല്ലത്തറയുടെ കോണിൽ വീണുകിടക്കുന്ന പൂക്കളുടെ പുറത്തു് ഒരു ചെറുപൂച്ച ഉറങ്ങിക്കിടക്കുന്നു. വെറും പിഞ്ചു കുട്ടിയായ രവിയ്ക്കു് പൂച്ചയെ കണ്ടപ്പോൾ ഒരു രസം തോന്നി. അവൻ ഒരു ചെറിയ വടിയെടുത്തു് പൂച്ചയെ അടിക്കുവാൻ ഓങ്ങുന്നു. ആ കുരുന്നുമനസ്സിൽ "കുഞ്ഞേ, ഒരു ജീവിയേയും നീ നോവിക്കരുതേ" എന്നു് ആരോ പറഞ്ഞതുപോലെ ഒരു തോന്നൽ. അവൻ വടി ദൂരെയെറിഞ്ഞിട്ടു് അമ്മയുടെ അടുത്തുചെന്നു ചോദിക്കുകയാണു്:—

"മുല്ലത്തറയിലുറങ്ങും പൂച്ചയെ
മെല്ലെയടിക്കാനോങ്ങുമ്പോൾ
ചൊല്ലുന്നരുതെന്നകമേയാരോ-
ചൊല്ലണമമ്മേയതാരെന്നായ്."

മകൻെറ ഈ വാക്കുകൾ കേട്ടു് അമ്മ ഒരു നിമിഷം ചിന്തിച്ചിരുന്നുപോയി. ഈശ്വരഭക്തയായ ആ അമ്മ പറയുന്നതു കേൾക്കുക.

"അരുമക്കണ്മണി! നീ പിഴചെയ്യാ-
ലരുതെന്നച്ഛൻ പറകില്ലേ
കരുമനകാണിച്ചീടുകിലല്ലോ-
ളരുതെന്നോതുകയില്ലേ? ചൊൽ.

പറയാമതു പോലഖിലപിതാവാം
കരുണാലയനാം സർവ്വേശൻ
മരുവുന്നെല്ലാം മനതാരിങ്കലു-
മൊരുപോൽ ശരിചൊന്നീടാനായ്."

ഒരു വലിയ ആശയമാണ് ഈ ലളിതമായ വരികളിലൂടെ അവതരിപ്പിച്ചിരിക്കുന്നതു്. കുട്ടികളുടെ മനസ്സിൽ തറയ്ക്കത്തക്ക രീതിയിൽതന്നെ കവയിത്രി അതു് നിർവ്വഹിച്ചിരിക്കുന്നു. ആ അമ്മ ഇങ്ങനെയാണ് ആ വാക്കുകൾ അവസാനിപ്പിച്ചിരിക്കുന്നതു്.

"അരുളാം കുഞ്ഞേ! നിന്നകതാരിൽ
മരുവിയുരച്ചതുമാദൈവം
ഒരുപിഴയെന്യേ നിവസിക്കാനാ-
ക്കരളിൻ കല്പനകേൾക്കു നീ."

കുറഞ്ഞ വാക്കുകളിൽ ആശയം പൂർണ്ണമാക്കുക എന്ന കാവ്യധർമ്മമാണ് ബാലകവിതയിൽ പ്രയോഗിക്കേണ്ടതു്. അതിനെപ്പററി നല്ല ബോധമുള്ള കവയിത്രി ഈ കാവിതാരചനയിൽ പൂർണ്ണവിജയം നേടിയിട്ടുണ്ടു്.

കവയിത്രിയുടെ പ്രസിദ്ധമായ "മാതൃവിലാപം" എന്ന കാവ്യത്തിൽ ഒരു പെൺകുട്ടിയെ അവതരിപ്പിച്ചിരിക്കുന്നതു് ശ്രദ്ധേയമായിട്ടുണ്ടു്. ഇതാണ് ആ വരികൾ:—

"കെട്ടുപാവാടയുടുത്തൊരു നീലപ്പൂ-
മ്പട്ടുജായ്ക്കുററു ധരിച്ചു ഭംഗ്യാ-
ചട്ടററമാലയും സ്വർണ്ണവളകളും
തുഷ്ടിയിൽ ചെമ്മേയണിഞ്ഞൊരുങ്ങി
പിന്നിയ കാർകൂന്തൽ തീരെയലക്ഷ്യമായ്
പിന്നിലേക്കിട്ടുനിവന്നിരുന്നു..."

(മാതൃവിലാപം—പേജ് 3)

ഒരു കൊച്ചുപെൺകുട്ടിയുടെ സജീവമായ ചിത്രം ഈ വരികളിൽ നിഴലിച്ചിട്ടുണ്ടു്. കവയിത്രിയുടെ നിരീക്ഷണപാടവം പ്രശംസനീയമത്രേ.

കേരളീയരെ സംബന്ധിച്ചിടത്തോളം സന്തോഷത്തിന്റെ ഒരു സന്താനമാണല്ലോ ഓണം. ഓണക്കാലത്തെ കേരളം കാവ്യാത്മകമായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്ന ഒരു കവിതയാണ് 'ഓണക്കിളി'

"പൂനിലാവിൽ പട്ടുടുത്തു പുഞ്ചിരിപ്പൂതൂകി
വാനിൽമിന്നുംതാരകങ്ങൾ നെയ്ത്തഹാരം ചാർത്തി
താണിടുന്ന വെള്ളിവിമാനത്തിലേറിമന്ദം
ക്ഷോണിയിൽവന്നെത്തിടുന്നു പൊന്നണിഞ്ഞൊരോണം

കാനനപ്പൂഞ്ചോലകൾ മുഴക്കിടുന്ന താളം
വേണുജാലമൊന്നുപോൽ ശ്രുതികൾമീട്ടിടുന്നു
"ഓണമെത്തി, യോണമെത്തി"യെന്നുകുയിൽക്കൂട്ടം
ഈണമാന്നു മഞ്ജുഗീതമാലപിക്കുന്നെങ്ങും."

മാരിവില്ലും, പച്ചിലക്കാട്ടും, ആകാശവുമെല്ലാം ഒന്നാംതരം ബാലകവിതകളാണ്. ബാലകവിതയ്ക്കു് ഉണ്ടായിരിക്കേണ്ട ഒഴുക്കും, ഗാനാത്മകതയുമെല്ലാം ഈ കവിതകളെയും അനുഗ്രഹിച്ചിട്ടുണ്ടു്. ചില വരികൾ നോക്കുക:—

അഴകേറുമേഴുചായങ്ങൾ ചാലി-
ച്ചുഴിവററ ഭാവനാഭംഗിപൂശി
മനവും മിഴിയും കവന്നുമിന്നും
ക്ഷണിക ലാവണ്യമേ! മാരിവില്ലേ. (മാരിവില്ല്)

നീലവാനിലുരുമ്മിയുരുമ്മി
ലോലഭംഗിചൊരിഞ്ഞുചൊരിഞ്ഞു
ചേലിൽമിന്നുമിപ്പച്ചിലക്കാട്ടി-
ലോളംവെട്ടുന്ന കാവ്യപ്രകാശം. (പച്ചിലക്കാട്ട്)

അങ്ങുവിദൂരെയായ്ക്കാണുന്നു
തുംഗമാമാകാശദേശം.
എങ്ങും പരന്നുപരന്നുകണ്ണെത്താതെ
പൊങ്ങിവിരിയുന്നദേശം.

സൂര്യചന്ദ്രന്മാരുമാടിയുലയുന്ന
താരഗണങ്ങളുമേറെ
നേരേവിടന്നുവിടന്നു കൊഴിയുന്ന
വാരഞ്ചുമാരാമദേശം. (ആകാശം)

പാർവ്വതിയമ്മസ്സാറിൻെറ പ്രസിദ്ധമായ 'താരാട്ടു്' എന്ന കവിതകൂടി എടുത്തുകാട്ടിയിട്ടു് ഈ ലേഖനം അവസാനിപ്പിക്കാം. ബാലകവിതകൾ രചിക്കുന്നതിൽ കവയിത്രിക്കുള്ള പാടവം എത്ര മാത്രമുണ്ടെന്നു് ഇതിൽനിന്നെല്ലാം തെളിഞ്ഞിട്ടുണ്ടല്ലോ? കുട്ടികളോടുള്ള പാർവ്വതിയമ്മസ്സാറിൻെറ സ്നേഹവാത്സല്യങ്ങൾ ഈ കവിതയിലും പ്രകടമാണു്. ഇതാണു് ആ കവിത:—

"ഓമനക്കുഞ്ഞേയുറങ്ങുക സൗഖ്യമാ-
യീമണിത്തൊട്ടിലിലാടിയാടി
ഓമൽക്കിനാവുകൾ താരാട്ടും നിൻമെയ്യിൽ
പൂമഴപെയ്യട്ടെ ദേവതമാർ.
മന്നിൻ പിതാവാകുമീശൻ വസിക്കുന്ന
പൊന്നൊളിചൂഴുന്ന പൂവാടിയിൽ
മിന്നും ചിറകു വിരിച്ചുപറക്കുന്ന
വർണ്ണശലഭമേ! നീയുറങ്ങു്."

കുട്ടികൾക്കുവേണ്ടി മനോഹരമായി കവിതയെഴുതുവാൻ ഈ മഹതിക്കുള്ള കഴിവു് ആരും നിഷേധിക്കുവാൻ തയ്യാറാകുമെന്നു തോന്നുന്നില്ല. പത്രമാസികകളിലായി ചിന്നിച്ചിതറിക്കിടക്കുന്ന ഈ ബാലകവിതകൾ ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചാൽ നമ്മുടെ ബാലസാഹിത്യശാഖയ്ക്കു് അതു് ഒരു ഘനപ്പെട്ട സംഭാവനയായിരിക്കും. കവയിത്രിയുടെ ശ്രദ്ധ ഈ വഴിക്കു തിരിയണമെന്നു് ഒരപേക്ഷയുണ്ടു്. കുട്ടികൾ ആ ഗ്രന്ഥത്തിനു് നല്ല സ്വീകരണം തന്നെ നൽകുമെന്നും ഈ ലേഖകനു് ഉറപ്പുണ്ടു്. മുല്ലപ്പൂക്കൾ, അമ്പിളി, മേഘങ്ങൾ, ബാലസൂര്യൻ, പൂക്കാലം, കാട്ടാറു്, അമ്മയും മകനും, കലയുടെ മിടുക്കു് തുടങ്ങിയ മനോഹരങ്ങളായ ഈ കവിതകളെല്ലാം ഒന്നിച്ചു വായിക്കുവാൻ കേരളത്തിലെ ബാലികാബാലന്മാർ ആകാംക്ഷയോടെ കാത്തിരിക്കുകയാണു്.

കേവലം പന്ത്രണ്ടാമത്തെ വയസ്സുമുതൽ ആരംഭിച്ച ആ സാഹിതീസപര്യ ഈ അറുപതാംവയസ്സിലും തുടൎന്നുകൊണ്ടേയിരിക്കുകയാണു്. ഇന്നു് മുപ്പതിലധികം ഗ്രന്ഥങ്ങളുടെ കൎത്താവാണു് ഈ മഹതി. കുട്ടികൾക്കുവേണ്ടി കവിതകൾപോലെതന്നെ ലേഖനങ്ങളും കഥകളും മററും പാൎവ്വതിയമ്മസ്സാർ രചിച്ചിട്ടുണ്ടു്.

കഴിഞ്ഞ നാല്പതിലേറെ വൎഷക്കാലമായി അനവരതം ചലിച്ചുകൊണ്ടിരിക്കുന്ന ആ തൂലികയിൽനിന്നും ഇനിയും പല കനപ്പെട്ട സംഭാവനകളും നമുക്കു പ്രതീക്ഷിക്കാം. പാൎവ്വതിയമ്മസ്സാറിൻെറ പ്രവൎത്തനങ്ങൾ കൂടുതൽ വിജയകരങ്ങളായിത്തീരട്ടെ എന്നു് അനുഗ്രഹിക്കുക! പ്രാൎത്ഥിക്കുക!! ഈ ഷഷ്ട്യബ്ദപൂൎത്തിവേളയിൽ കേരളത്തിൻെറ ഈ പ്രൗഢകവയിത്രിക്കു് ആയുസ്സും ആരോഗ്യവും ആശംസിക്കുക!

# പാവനനാമം വെൽവൂ

സി. കൃഷ്ണൻനായർ.

കൈരളിത്തറവാട്ടിൻ
പൂമുഖം പ്രസാദിച്ചു
കണ്ടനാളുകൾ—വ്യാഴ-
വട്ടങ്ങളോർക്കുന്നിന്നും...!

'ഉദയപ്രഭ'യോടൊ-
ത്തുന്മേഷമേലുംപൂക്ക-
ളുതിരും പൂന്തേനെഴും
സാഹിതീയോദ്യാനങ്ങൾ

അറിവിൻവികാസങ്ങ-
ളമ്മതൻ വാത്സല്യത്തി-
ന്നമലോപദേശങ്ങൾ-
കാവ്യസദ് സന്ദേശങ്ങൾ

ശ്രീനാരായണമാർഗ്ഗ-
ശുദ്ധിയിൽ വിരിഞ്ഞെഴും
മാനവധർമ്മാദർശം
തൂകിടും പ്രസംഗങ്ങൾ—!

എവിടെക്കളിയാടി?—
യായതിന്നരങ്ങത്രേ
കവനങ്ങളായൊരു
കവയിത്രിയെക്കാട്ടി!

ഏതു തൂലികയുടെ
വററാത്ത ചൈതന്യത്താൽ
കാതലാം 'ഗാനാഞ്ജലി'
നമുക്കർപ്പിക്കപ്പെട്ടു?

സേവനൗദാര്യത്തിൻെറ
    സംസ്കാരരൂപത്തിൻെറ;
പാവനനാമം വെൽവൂ
    'പാർവ്വതി'മാതാവിങ്കൽ

ഏതൊരു മഹൽത്തത്വം
    നാരിമാർ പാലിക്കണം
സാദരമവരോതി
    'ഭാരതീയാദർശ'ത്തിൽ.

കാഞ്ചനമണിക്കോവി-
    ലെത്രമേൽ നിർമ്മിച്ചാലും
ചഞ്ചലമിജ്ജീവിതം
    'മീര'യാൽ വെളിവാക്കി.

വന്ദ്യയക്കവയിത്രി
    ഷഷ്ടിപൂർത്തിയിൽ നന്മ-
നേർന്നിടും നാളേ, ധന്യ-
    ഭാവിതൻ പുഷ്പങ്ങളെ!

'ഭഗവൽഗീതാ'മൃതം
    ഗാനമായ് വിരചിച്ച
മഹതിക്കെന്നുമായു-
    രാരോഗ്യമാശംസിക്കൂ!!

# അനുസ്മരണം

പ്രൊഫസ്സർ ചന്ദ്രശേഖരൻ എം. ഏ.

ആഭിജാത്യം ഓളം തുളുമ്പുന്ന മുഖഭാവം; അല്പമൊന്നു സ്ഥൂലമായ ശരീരപ്രകൃതം; ചായില്യ ഇളം ചുവപ്പുകലൎന്ന കൃഷ്ണവൎണ്ണം; അനാർഭാടമാംവിധം ഖദർവസ്ത്രങ്ങൾ കൊണ്ടുള്ള ആവരണം; ശാലീനമായ പെരുമാററം—ഇത്രയുമായാൽ ഏതാണ്ടു് മുതുകുളം പാൎവ്വതി അമ്മയുടെ രേഖാചിത്രമായി. നല്ല പഠിപ്പും പറഞ്ഞു മനസ്സിലാക്കാൻ മിടുക്കുമുള്ള ഒരദ്ധ്യാപികയാണു് അവർ; വാസനയും അഭ്യാസബലവുമുള്ള ഒരു കവയിത്രിയും. ഇവയ്ക്കും അപ്പുറം ചില വ്യക്തിത്വങ്ങൾ അവൎക്കുണ്ടു്. സേവനം പാവനമാണെന്നും ജീവിതം സേവനനിരതമായിരിക്കണമെന്നുമാണു് അവരുടെ ജീവിത തത്വശാസ്ത്രം തന്നെ. അങ്ങനെ ഒരു സാമൂഹ്യപ്രവൎത്തകയായി അവർ എമ്പാടും അറിയപ്പെട്ടിരിക്കുന്നു. അതിലും ഉപരി ജീവിതത്തിലെ എല്ലാ പാരതന്ത്ര്യങ്ങളും തച്ചുതകൎക്കുവാൻ ഉത്ക്കടമായ അഭിനിവേശമുള്ള ഒരു സ്വാതന്ത്ര്യപ്രേമിയാണു് അവർ. രാഷ്ട്രീയവും സാമൂഹ്യവും സാംസ്ക്കാരികവുമായ അസമത്വങ്ങൾക്കു നേരെ ഒത്തുതീൎപ്പില്ലാത്ത ഒരു സമരമായിരുന്നു അവരുടെ ജീവിതം ഇന്നേവരെ. ഈ വിധം വൈവിധ്യം നിറഞ്ഞ വ്യക്തിത്വങ്ങളുടെ ഒരു മൂൎത്തിമത്വം അവരിൽ ആൎക്കും ദൎശിപ്പാൻ കഴിയും.

ഇരുപത്തിഅഞ്ചിൽപരം സംവത്സരങ്ങൾക്കു മുമ്പു് സംസ്കൃതസ്ക്കൂളിലെ ഒരു വിദ്യാൎത്ഥിയായിരിക്കുമ്പോഴാണു് എനിക്കു് അവരെ ആദ്യമായി കാണുവാൻ അവസരം ലഭിച്ചതു്; സ്ക്കൂളിലെ വാർഷികസമ്മേളനത്തിൽ ഒരു പ്രസംഗകയായി വന്നിരുന്നപ്പോൾ "ലേഡിവിദ്വാൻ മുതുകുളം പാൎവ്വതി അമ്മ" എന്നു പേരുകേട്ടപ്പോൾ കേൾക്കാനുള്ളതിൽ കൂടുതൽ കൗതുകം കാണ്മാൻ വേണ്ടിയായിരുന്നു പലൎക്കും. പതിവിനു വിപരീതമായി ഒട്ടധികം ആളുകൾ—വിശേഷിച്ചും സ്ത്രീകൾ—

ആ യോഗത്തിൽ തിങ്ങിക്കൂടിയിരുന്നു. അദ്ധ്യക്ഷനും വേറെ പ്രസംഗകരുമുണ്ടായിരുന്നെങ്കിലും പലരുടേയും താത്പര്യം 'ലേഡിവിദ്വാൻെറ' പ്രസംഗത്തിലായിരുന്നെന്നാണ് എൻെറ ഓർമ്മ. ഒരു കളഭാഷിണിയുടെ മൃദുലവചനങ്ങൾ പ്രതീക്ഷിച്ചിരുന്ന പലരും അന്നു നിരാശപ്പെട്ടിട്ടുണ്ടാകണം. ഈണത്തിൽ കുറെ കവിതകൾചൊല്ലി സരസമായി അർത്ഥം പറഞ്ഞുപോകുന്ന സാഹിത്യപ്രസംഗങ്ങളുടെ കാലമായിരുന്നു അത്. സാമൂഹ്യപരിവർത്തനവിഷയത്തിൽ ശ്രീനാരായണ ഗുരുവിൻേറയും കുമാരനാശാൻേറയും അനന്തരഗാമിനിയായിരുന്ന പ്രസംഗകയുടെ അന്നത്തെ പ്രഭാഷണം ഉല്ലാസത്തേക്കാൾ ഉദ്ബോധനത്തിലാണ് ഊന്നം വെച്ചിരുന്നതു്. നിലവിലുള്ള സാമുദായികാസമത്വങ്ങളേയും അനാചാരങ്ങളേയും ആവർജ്ജകമായി അവർ അവതരിപ്പിച്ചു. അവയുടെ പരിഹാസ്യതയും പരിഹാര്യതയും കവിതനിറഞ്ഞ ഭാഷയിൽ ഉള്ളിൽ തട്ടുംവിധം പറഞ്ഞുവച്ചു. കൂട്ടത്തിൽ 'ദുരവസ്ഥ'യിലും 'ചണ്ഡാലഭിക്ഷുകി'യിലും കയറി ഒരു വിനോദസഞ്ചാരം കഴിച്ചശേഷം 'ചിന്താവിഷ്ടയായ സീത'യിലൂടെ ഇറങ്ങിപ്പോരികയും ചെയ്തു. ആ പ്രസംഗധോരണിയുടെ ഉറവ ഇന്നും ഓർമ്മയിൽ നിന്ന് വററിപ്പോയിട്ടില്ല. ഇന്ന് ഒന്നു തിരിഞ്ഞുനോക്കുമ്പോൾ അന്നത്തെ ആഹ്വാനങ്ങളും ആവശ്യങ്ങളും ഏറെക്കുറെ സഫലമായിത്തീർന്നതിൽ ആ മഹതി ആനന്ദിക്കുന്നുണ്ടാവണം.

ഒരു കവയിത്രി എന്ന നിലയിലുള്ള പ്രശസ്തിയാണ് ശ്രീ: മുതുകുളം പാർവ്വതിഅമ്മയെ കൂടുതൽ സ്മരണീയയാക്കിയിട്ടുള്ളതു്. കവിത, ജീവിത ചരിത്രം, നാടകം, ചെറുകഥ, ഉപന്യാസം തുടങ്ങി സാഹിത്യത്തിൻെറ വിവിധശാഖകളിൽ ശ്രീമതി സാമർത്ഥ്യമായി സഞ്ചരിച്ചിട്ടുണ്ടു്. പാർവ്വതിഅമ്മയുടെ 'ഭക്തമീര' 'മാതൃവിലാപം' എന്നീ ഖണ്ഡകാവ്യങ്ങൾ സഹൃദയന്മാർ സവിശേഷം ശ്രദ്ധിച്ചിട്ടുള്ള കൃതികളത്രേ. കാലത്തിൻേറയും പരിതോവസ്ഥകളുടേയും ഹൃത്സ്പന്ദനങ്ങൾ മുഴങ്ങിക്കേൾക്കുന്ന അവരുടെ ചെറുകവിതാ സമാഹാരങ്ങൾ ഏതൊരനുവാചകനിലും ആശയും ആവേശവും പകരാൻ പോരുന്നവതന്നെ. ശ്രീബുദ്ധചരിതം, ശ്രീമദ്ഭഗവത്ഗീത എന്നീ പരിഭാഷകൾ

സാഹിത്യത്തിൽ അവൎക്കുള്ള സവ്യസാചിത്വം വിളംബരം ചെയ്യുന്നുണ്ട്. "ചൊല്ലേറും കവിത"യ്ക്കു ആ മഹതി "ആളാ"ണെന്നു് തെളിയിക്കാൻ ഇതിലേറെ വിസ്തരം വേണ്ടതില്ലല്ലോ!

ഏറെക്കാലം അദ്ധ്യാപികയായിരുന്ന ശ്രീ: പാൎവ്വതിഅമ്മയ്ക്കു് ഇന്നു് ഉയൎന്ന പദവികളിലിരിക്കുന്ന പലരും ശിഷ്യരായിട്ടുണ്ടാവണം. അവരുടെ ഭക്തിനിൎഭരമായ സ്മരണയുടെ ശീതളച്ഛായയിൽ ശ്രീമതിക്കു് ആവോളം ആനന്ദിപ്പാൻ വകയുണ്ട്. മക്കളില്ലാത്ത അവരുടെ 'സ്ത്രീത്വം' അവിടെ ആശാസംതൃപ്തി... ചെയ്യും. ശിഷ്യന്മാരും സുഹൃത്തുക്കളും, ആരാധകരുമായ അനവധി നല്ലയാളുകൾ അവരുടെ സേവനങ്ങളെ വിലമതിക്കാനും അവരെ ബഹുമാനിക്കാനും കേരളത്തിലുണ്ടെന്നുള്ളതിനു് നല്ല തെളിവാണല്ലോ സ്മാരകഗ്രന്ഥത്തിന്റെ പ്രകാശനവും ഷഷ്ടിപൂൎത്തി ആഘോഷങ്ങളും. ശ്രീമതിക്കു് ഇനിയും സാഹിത്യസാമൂഹ്യസേവനങ്ങൾ ചെയ്യാൻ നീണാൾ കഴിയുമാറാകട്ടെ എന്നു് ഹൃദയപൂൎവ്വം പ്രാൎത്ഥിക്കുന്നു.

---

# പട്ടനാരോട്-
# ഒരു പട്ടനാരുതന്നെ

കെ. വി. ദേവ് M. A.

സ്വന്തമായി ഒരു കാവ്യസരണിയും, ആത്മാർത്ഥമായ ഒരു കാവ്യഹൃദയവും കൈമുതലായുള്ള ഒരു കവയിത്രിയെന്ന നിലയിൽ കേരളീയക്കു സുപരിചിതയാണു് ശ്രീമതി മുതുകുളം പാർവ്വതിയമ്മ. ആ മഹതിയുടെ 60–ാം പിറന്നാൾ ആർഭാടപൂർവ്വം ആഘോഷിക്കുന്ന ഈ അവസരത്തിൽ, അവരുടെ വ്യക്തിമുദ്ര മുഴുവനും പ്രതിഫലിച്ചു കാണാവുന്ന "ശ്രീ ബുദ്ധചരിതം" (ഉത്തരാർദ്ധം) ഒരു ദിങ്മാത്രദർശനത്തിനു വിഷയമാക്കുകയാണിവിടെ.

അയത്നലളിതമായ ശൈലി, അനതിവിസ്തരമായ വർണ്ണന, അനുഭവതീവ്രത തിരളുന്ന ഭാവാവിഷ്കരണം, അവസരരുചിരമായ ജീവിത വീക്ഷണം എന്നീ ഗുണവിശേഷങ്ങൾ ഈ കൃതിയെ ആകർഷകമാക്കിയിരിക്കുന്നു. എടുത്തുപറയേണ്ട മറ്റൊരു വസ്തുതകൂടിയുണ്ടു്. ഗംഭീരസത്വനായ ഒരു മഹാകവിയുടെ അതിപ്രശസ്തമെങ്കിലും, അപൂർണ്ണമായിക്കലാശിച്ച ഒരു മഹായത്നത്തെ ആത്മവിശ്വാസത്തോടെ ഏറ്റെടുക്കാനുറച്ച ഇച്ഛാശക്തിയെ പ്രശംസിച്ചേ പറയൂ. ആ യത്നം വിജയകരമായി പരിസമാപിപ്പിക്കുവാൻ കൂടിക്കഴിഞ്ഞാലോ?—ആദരാഞ്ജലികളോടെ അതംഗീകരിക്കുകതന്നെ വേണം. അതുകൊണ്ടുതന്നെയാണു് "ശ്രീബുദ്ധചരിത" (ഉത്തരാർദ്ധം)ത്തെപ്പററി ഇവിടെ ചിന്തിച്ചുപോയതു്.

ഇതൊരു പഠനമല്ല. അവസരത്തിന്റെ ഔചിത്യം കണക്കിലെടുത്തുകൊണ്ടുള്ള ഒരാസ്വാദനമാണു്.

"ദിവ്യമാമാത്മപ്രകാശമൊടുവിലാ–
ഭവ്യചരിതൻ ഭഗവാൻ തഥാഗതൻ
തീവ്രതപസ്സാൽ സമാർജ്ജിച്ച ലോകൈക–
നിർവ്വാണദായക രമ്യപുണ്യസ്ഥലം;"

ചൂണ്ടിക്കാണിച്ചുകൊണ്ടാണു കാവ്യാരംഭം. ഒഴുക്കിൽ ഒരോടിവള്ളത്തിലെന്ന കണക്കു് ഓളം മുറിച്ചു നീങ്ങുന്ന പ്രതീതിയാണു് ഇവിടെ നമുക്കു അനുഭവപ്പെടുക. മൂന്നു കാണ്ഡങ്ങളിലായിട്ടാണു് ഉത്തരാർദ്ധം നിബന്ധിച്ചിരിക്കുന്നതു്.

"നീരാവിനിർമ്മിച്ച തൂണിൻ വരികളിൽ
നേരേ യുയരുന്നൊരു മാത്രമിന്നി, ക്ഷണം,
സപ്തവർണ്ണപ്രഭാ സമ്മേളനത്തിനാൽ
ദീപ്തമാമന്തരീക്ഷത്തിങ്കലപ്പൊഴേ,
മങ്ങിയലിയും മഴവില്ലിനൊക്കുന്നു-
ഭംഗുര ഭംഗി കലരുന്നജീവിതം;"

കണ്ടു കരൾനൊന്ത സിദ്ധാർത്ഥകുമാരന്റെ ജീവിതാനുഭവങ്ങൾ അനുഭവവേദ്യതയോടെ ഇവിടെ ആവിഷ്കരിച്ചിരിക്കുന്നു.

കുമാരനാശാന്റെ കാവ്യജീവിതത്തിൽ ശ്രീനാരായണഗുരുദേവൻ ഒരു പ്രചോദനമായിരുന്നു എന്ന വസ്തുത വിതണ്ഡാവാദങ്ങളിൽ മുങ്ങിപ്പോകുന്നതല്ലല്ലോ. ഇവിടെയും കവയിത്രിക്കു് ഗുരുദേവനോടുള്ള 'ഹൃദയൈക്യം ഈ കൃതിയിൽ ഉടനീളം പ്രസ്ഫുടമായി പ്രകാശിച്ചു കാണാം.

ആദ്ധ്യാത്മികതയുടെ പരിവേഷമിയന്ന ഈ കൃതി വിവിധ ഉപാഖ്യാനങ്ങളാൽ നവഭാവകോമളമാക്കി അവതരിപ്പിച്ചിരിക്കുകകൊണ്ടു് അനുവാചൻ ഒരിടത്തും വിരസനോ, വിമുഖനോ ആകുന്നില്ല.

ഉഗ്രവ്രതനായ മുനി തപസ്സിന്റെ മൂർദ്ധന്യത്തിൽ മൂർച്ഛിച്ചുവീഴുമ്പോൾ, അവിടെത്തുന്ന ഇടയച്ചെറുക്കൻ, വനാന്തരത്തിലൂടെ കടന്നുപോകുന്ന നർത്തകസംഘം, ഗുരുപ്രസാദത്താൽ പുത്രലാഭം നേടിയ സുജാത, തുടങ്ങി പല അനുബന്ധ കഥാപാത്രങ്ങളും ഈ കൃതിക്കു രസസമ്പുഷ്ടി പകരുന്നു. വിശേഷിച്ചു് ആ നർത്തകസംഘം. അതിൽ ഒരു നർത്തകി വൈണികനോടു പറയുന്നു.

"എന്നാലതിമാത്രമുച്ചസ്വനത്തിലോ
നന്നായ് പതിഞ്ഞോ മുറുക്കൊലാ തന്തികൾ."

ഏറെ മുറുക്കിയാൽ തന്തി പൊട്ടിപ്പോകാം. തീരെ അയഞ്ഞാൽ നാദമുയരുകയുമില്ല. ഗുരുദേവനിൽ അതൊരു പുതിയ വെളിച്ചമുയർത്തി.

വിജ്ഞരാം പണ്ഡിതന്മാരെ പലപ്പൊഴും
അജ്ഞരാം മൂഢർ പഠിപ്പിച്ചിട്ടുണ്ടു ഹാ!"

കാരണം,

ഗാത്രമാം മല്ലകിക്കേലുന്ന കമ്പികൾ
ഇത്രമുറുക്കിയതേററമബദ്ധമാം
ആർത്തരാം മർത്ത്യരെ ത്രാണനംചെയ്യുവാ-
നോർത്തുസമസ്തസുഖവും വെടിഞ്ഞ ഞാൻ;
നിത്യസംഗീതം ശ്രവിക്കാതൊരുവേള
മൃത്യുസമുദ്രത്തിൽ മുങ്ങിയെന്നുംവരാം."

വർണ്ണനകളുടെ കാര്യത്തിൽ ഒരു ധാരാളിത്തവും കാണാനില്ല. ഒരു തറവാട്ടമ്മയുടെ മിതവ്യയശീലം ശരിക്കും ഇവിടുണ്ട്. എന്നാൽ ലുബ്ധുകൊണ്ടു വന്നുക്രൂടാവുന്ന ദുർഗ്രഹതയോ, അരോചകത്വമോ അനുഭവപ്പെടുന്നുമില്ല. ഉദാഹരണങ്ങൾ എത്ര വേണമെങ്കിലും ആകാം. ഒന്നുരണ്ടു ചിത്രങ്ങൾ ഇതാ:

മഞ്ജുപ്രവാള സുമ ഫലമിശ്രമാം
രഞ്ജിതസൽപ്രഭ ചുററും ചൊരികയാൽ;
വെള്ളിയലുക്കു കലരും മഹിതമാം
നല്ല ചെമ്പൊൽപ്പട്ടു ക്രൂടാരതുല്യമായ്;
ഉല്ലസിച്ചേററമാവള്ളിക്കുടിലതി-
നുള്ളിൽത്തിളങ്ങീ ഗുരുവിൻ തിരുവുടൽ!"

ബുദ്ധദേവൻെറ ജ്ഞാനോദയ വേളയിൽ വിരോധിസത്വസങ്കുലമായ വനപ്രാന്തത്തിൻെറ ചിത്രമിതാ:—

പെൺപുലി പുത്രരെപ്പോററുമിടത്തുതാൻ
സമ്പ്രീതിപൂണ്ടു കളിച്ചു മാൻപേടകൾ...

താഴത്തുമത്സ്യങ്ങരം തുള്ളിക്കളിക്കവെ;
പാഴ്മരക്കൊമ്പിലുറങ്ങി മീൻകൊത്തികരം"

ശ്രീമതി മുതുകുളം പാവ്തിയമ്മയുടെ ജീവിതവീക്ഷണം ശാലീനമെങ്കിലും അഗാധസ്പശിയാണെന്ന വസ്തുത ഉദാഹരണങ്ങരം തെളിയിച്ചുകൊള്ളും.

ശരീരം മറന്നു തപസ്സുചെയ്യുന്ന ഗുരുദേവൻ പലപ്പോഴും മോഹാലസ്യപ്പെട്ടിരുന്നു.

"എന്നാലിടയ്ക്കുണന്നിട്ടും സമയത്തി-
ലുന്നതശാഖികലുക്കിക്കുരങ്ങുകരം;
മണ്ണിൽപ്പൊഴിക്കും മധുരഫലങ്ങളെ
തിന്നും, യമിക്കും വിശപ്പടക്കാൻ പണി."

ഇതാ മറെറാരു സന്ദഭം:—

"സ്തുത്യമാമൈക്യം വധൂവരക്കേല്പുമ-
ത്യുത്തമ ദാമ്പത്യമെത്രമനോഹരം!"

ജീവിതഗന്ധിയായ ഇത്തരം പരാമശങ്ങരം ഈ കൃതിക്കു അന്തഃശക്തി വദ്ധിപ്പിക്കുന്നുണ്ടു്. ഗഹനമായ തത്വചിന്ത കാവ്യമയമായി ചിത്രീകരിക്കാൻ കഴിയുമെന്നതിന്റെ തെളിവാണു്;

"നിമ്മലമാം മുളയ്ക്കുള്ളറയ്ക്കുള്ളിലായ്
തേന്മലരെത്രയസംഖ്യം നിഗൂഢമായ്
ഉണ്മയിൽ മങ്ങിയുറങ്ങുന്നു" എന്ന ഭാഗം സാംഖ്യദശനത്തിലെ സത്കായ്യവാദം ഇവിടെ അനുസ്മരിച്ചുപോകുന്നു.

മഴത്തുള്ളിക്കും മഹാസമുദ്രത്തിനും തമ്മിലുള്ള വീക്ഷണവൈജാത്യം കലാഭംഗിയോടെ ചിത്രീകരിക്കുന്ന ഒരു ഘട്ടമാണു സുജാത ബുദ്ധനോടു ന്യായവാദം നടത്തുന്ന സന്ദർഭം.

"കൈരവത്തിന്നകം തിങ്ങിക്കവിയുവാൻ
മാരിബിന്ദുക്കളെനല്പമാവശ്യമോ?
മാമകജീവിത സൗഖ്യമെൻ നാഥന്റെ
സീമാതിരിക്ത പ്രണയപ്രഭയിലും;

ഓമൽക്കുമാരസ്മിത ജ്യോൽസ്നയിങ്കലും
ആമഗ്നമായ് ലസിക്കുന്നു സദാ വിഭോ!..."

അവ്യാജസുന്ദരമാണു ഇവിടുത്തെ ആത്മാർത്ഥത:—

"സർ എഡ്വിൻ ആർനോൾഡിന്റെ വിശ്വവിശ്രുതമായ "Light of Asia"യുടെ അകൃത്രിമസൗന്ദര്യം മധുരകോമളമായി മലയാളഭാഷയിൽ പകർത്തുവാനുള്ള ഈ ശ്രമം സർവ്വഥാ ശ്ലാഘ്യാർഹമായിട്ടുണ്ട്" എന്ന ശ്രീ. എൻ. ഗോപാലപിള്ള സാറിന്റെ അഭിപ്രായത്തോടു വിയോജിക്കുവാൻ, ആസ്വാദനബുദ്ധിയോടെ ഈ കൃതി ഒരാവർത്തി വായിക്കുന്ന ഒരാൾക്കു കഴിയുമെന്നു തോന്നുന്നില്ല.

ജീവിതത്തിന്റെ അറുപതാമത്തെ നാഴികക്കല്ലിൽ ചവിട്ടിനിന്നു പിറകോട്ടു നോക്കുന്ന ശ്രീമതി മുതുകുളം പാർവ്വതിഅമ്മയ്ക്കു് അവരുടെ കാവ്യാദ്ധ്വാവിൽ അഭിമാനോജ്ജ്വലമായ ഒരു യശസ്തംഭമായി ശ്രീ ബുദ്ധചരിതം ഉയന്നു നിൽക്കുന്നതായി കാണാം. അതാണല്ലോ ഒരു കൃതിയുടെ ഉടമയ്ക്കു് ഉൾപ്പുളകമിയറുന്ന ഉത്തമോപഹാരവും.

# സാഹിത്യസവ്യസാചിത

കെ. കെ. വാദ്ധ്യാർ.

ആലോചിച്ചാൽ അത്ഭുതം തോന്നും—സാഹിത്യാദികലകളിൽ, സ്ത്രീകൾ ആരെയും ഒന്നാംപന്തിയിലെങ്ങും കാണാത്തതെന്താണു്? പ്രകൃതി, നരന്നു നൽകിയതു് ശക്തിയും തന്റേടവുമാണെങ്കിൽ നാരിക്കു നൽകിയതു് സൗന്ദര്യവും സാരസ്യവുമാണു്. ആ നിലയ്ക്കു്, രസപ്രധാനവും സൗന്ദര്യാവിഷ്കാരവുമായ ലളിതകലകളിൽ സ്ത്രീകൾക്കായിരിക്കേണ്ട മുൻപും വൻപും? പക്ഷേ അനുഭവം അങ്ങനെയാണോ? മററു കലകളെയും മറുനാട്ടുകളെയും തൽക്കാലം വിട്ടുകളയുക—മലയാളസാഹിത്യത്തിന്റെ കാര്യം മാത്രം നോക്കുക; ഒരു കാലഘട്ടത്തിലും ഒരു പ്രസ്ഥാനത്തിലും ഒന്നാംകിടയിൽ ഒരു മഹതിയെയും നമ്മൾ കാണുന്നില്ല. തീർത്തു തന്നെ പറയാം—മലയാളസാഹിത്യത്തിൽ സ്ത്രീകൾക്കുള്ള പങ്കു് വളരെ പരിമിതമാണു്. അക്കൂട്ടത്തിൽ പലതുകൊണ്ടും പ്രാഥമ്യവും പ്രാധാന്യവുമുള്ള നാമധേയമാണു് ശ്രീമതി മുതുകുളം പാർവ്വതിയമ്മയുടേതു്.

കവിതാമണ്ഡലത്തിൽ മാത്രം നോക്കുന്നതായാൽ പ്രഥമസ്ഥാനത്തു പറയേണ്ടതു് ബാലാമണിയമ്മയുടെ പേരാണു്. മാതൃ—ശിശുബന്ധത്തിന്റെ നാനാഭാവങ്ങളെ മധുരോദാരമായി ചിത്രീകരിക്കുന്ന, അവരുടെ, മഹിതഭാവഗീതങ്ങൾ ഭാഷയുടെ മികച്ച നേട്ടങ്ങളാണു്. ശ്രീമതി ലളിതാംബിക അന്തർജ്ജനത്തിന്റെ സംഭാവന ചെറുകഥാമണ്ഡലത്തിലാണു്. സരസ്വതിയമ്മ ചെറുകഥയിൽ പ്രാമുഖ്യേനയും നോവൽ, നാടകരംഗങ്ങളിൽ സാമാന്യമായും വിഹരിക്കുന്നു. രണ്ടു മേരീ ജോൺമാരാണു് ഇനി നമ്മുടെ ശ്രദ്ധയാകർഷിക്കുന്ന കവയിത്രികൾ. ഇതിൽ മേരിജോൺ തോട്ടം (ഇപ്പോൾ സിസ്റ്റർമേരി ബനീഞ്ജ) കവിതാരാമം തുടങ്ങിയ ചില കാവ്യസമാഹാരങ്ങൾ വഴി ഒരുവിഭാഗം ജനങ്ങളിൽ നിന്നു് അത്ഭുതാവഹമായ ആരാധനയെ ആർജ്ജിച്ചിട്ടുണ്ടു്. സുഗതകുമാരി കവിതയിലും മാധവിക്കുട്ടി ചെറുകഥയിലും വളർന്നുയർന്ന

കൊണ്ടിരിക്കുന്ന ശോഭനവാഗ്ദാനങ്ങളാണ്. ഇവിടെ വച്ചാ ണ്, പ്രകൃതവശാൽ ശ്രീ. മുതുകുളം പാർവ്വതിയമ്മയുടെ വിശിഷ്ട സേവനത്തിനു വിലയിരുത്തേണ്ടതു്.

ഇന്നോളമുള്ള മലയാളകവയിത്രികളുടെ സാഹിത്യസിദ്ധി കളെ ദിങ്മാത്രമായിട്ടെങ്കിലും നമ്മൾ പരിശോധിക്കുന്നപക്ഷം തിരുവനന്തപുരം, ഹരിപ്പാട്ട്, തൃപ്പൂണിത്തുറ, തൃശ്ശൂർ, കോഴി ക്കോട്ട്, കടത്തനാട്ട്, കോട്ടയം—ഇങ്ങനെ വ്യാപകമായ പ്രദേശ ങ്ങൾക്കു പ്രാതിനിധ്യം കാണുന്നുണ്ട്. (വൈദുഷ്യകലാകേദാരമായ കൊടുങ്ങല്ലൂർ കോവിലകം ഈ ചരിത്രത്തിൽ വരാത്തതു് എന്തോ!) സാമുദായികമായി നോക്കിയാൽ സവർണ്ണഹിന്ദുസമുദായത്തിലെ ഉന്നതകുല ജാതകളുടെ പേരുമാത്രമേ നമ്മൾ കാണുന്നുള്ളു. അഹിന്ദുസമുദായത്തിൽനിന്നു ചുരുക്കം ചിലർ വരുന്നതു് തീരെ അടുത്തകാലത്തുമാത്രമാണ്. അവർണ്ണഹിന്ദുസമുദായത്തിൽ നിന്നാ കട്ടെ, പാർവ്വതിയമ്മയുടേതല്ലാതെ മറെറാരുപേരും, അന്നുമിന്നും, കാണാനില്ല.

ഒരു സാഹിത്യകാരിയെ സമുദായത്തിൻെറ പേരിൽ ശ്ലാഘി ക്കുക "അനാരോഗ്യകരമായ ഒരു പ്രവണത"യാണ്. ഒരു വസ്തുത ചൂണ്ടിക്കാണിച്ചു എന്നതിലധികം ആ വശത്തിനു പ്രാധാന്യം കൽപ്പിക്കേണ്ടതില്ല. പ്രാചീന കവയിത്രികൾ മിക്കവരും പദ്യ രംഗത്തു മാത്രമാണു പയററിയതു്. അർവ്വാചീനകളും, പദ്യത്തി ലോ ഗദ്യത്തിലോ, രണ്ടിലൊന്നിലേ സ്ഥാനം നേടീട്ടുള്ളു. പാർവ്വ തിയമ്മയ്ക്കാകട്ടെ രണ്ടു മണ്ഡലത്തിലും തുല്യപ്രാഗൽഭ്യം കാണുന്നു. ഈ 'സാഹിത്യസവ്യസാചിത' പ്രാമുഖ്യേന പറയേണ്ടതാണ്. അതുകൊണ്ടുമായില്ല—ഈ രണ്ടു മണ്ഡലത്തിലും നാനാമുഖമായി പയററാനും അവൾക്കു കഴിഞ്ഞിട്ടുണ്ട്. ഉദയപ്രഭ, ഗാനാഞ്ജലി— രണ്ടും ഖണ്ഡകൃതി സമാഹാരം; ഭക്തമീരയുടെ ദിവ്യസമാധി, മാ തൃവിലാപം—ഇവ ഖണ്ഡകാവ്യങ്ങൾ; ശ്രീബുദ്ധചരിതം ഉത്ത രാർദ്ധം—കിളിപ്പാട്ടു രൂപത്തിലുള്ള വിവർത്തനം. ഇനി ഗദ്യത്തി ലോ? കർമ്മഫലം എന്ന ലഘുനോവൽ, ഭുവനദീപിക തുടങ്ങി മൂന്നു നാടകങ്ങൾ, ശ്രീനാരായണമാർഗ്ഗം തുടങ്ങി രണ്ടു ജീവചരി

ത്രങ്ങൾ, കഥാമഞ്ജരി എന്ന ലഘുകഥാ സമാഹാരം—അവിടെയും വിവിധരംഗങ്ങളിലാണ് വിഹാരം.

വരമൊഴിയിൽ മാത്രമല്ല വായ്മൊഴിയിലും പാർവ്വതിയമ്മയ്ക്കു് പ്രകൃഷ്ടമായ പ്രാഗൽഭ്യമുണ്ടു്. അവരുടെ പ്രഭാഷണവൈദഗ്ദ്ധ്യം പൊതുവെ പ്രശംസിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. കേരളസാഹിത്യചരിത്രകർത്താവു് പാർവ്വതിയമ്മയുടെ ഒരു പ്രസംഗകാര്യം പ്രാധാന്യേന എടുത്തു പറഞ്ഞിട്ടുണ്ടു്. മലയാളസാഹിത്യ ചരിത്രത്തിലെ മഹിളാമണ്ഡലത്തെ ആകമാനം ഒന്നു് അവലോകനം ചെയ്യുമ്പോൾ, നിർമ്മത്സരനായ ഏതു സഹൃദയനും ഒന്നു സമ്മതിക്കും—മുതുകുളം പാർവ്വതിയമ്മയുടെ സ്ഥാനം സമ്മാന്യമാണു്, സർവ്വഥാ സമുന്നതവുമാണു്.

---

# "എൻെറ കുഞ്ഞമ്മ"

എൻ. സുകുമാരൻ, ബി. എ.

കൊല്ലവഷം 1101 ധനുമാസത്തിലെ ഒരു സുപ്രഭാതം പ്രകൃതിരമണീയവും പ്രശാന്തസുന്ദരവുമായ പച്ചപുതച്ച ആ കുന്നിൻപുറം പ്രഭാതസൂര്യൻെറ കനകരശ്മി പ്രവാഹത്തിൽ പുളകച്ചാർത്തണിയുകയാണ്. വിശ്വൈകവന്ദ്യനും ജഗദ്ഗുരുവുമായ ശ്രീനാരായണപരമഹംസദേവൻെറ ദിവ്യചൈതന്യം അലയടിക്കുന്ന പ്രസ്തുത ശിവഗിരിക്കുന്നിലെ ശ്രീ ശാരദാമഠം ലക്ഷ്യമാക്കി നാനാദിക്കുകളിൽനിന്നും ജനങ്ങൾ പെരുവെള്ളം പോലെ ഒഴുകിക്കൊണ്ടിരിക്കുന്നു. സ്വാമിദശ്നത്തിനായി എത്തിച്ചേന്ന ഞങ്ങളും അന്നത്തെ ഞങ്ങളുടെ വാഹനമായിരുന്ന വലിയ കെട്ടുവള്ളത്തിൽനിന്നു് സാവധാനത്തിൽ കരയ്ക്കു് ഇറങ്ങി. അവിടെനിന്നു് ഒരു പത്തിരുപതടി മുകളിലേക്കു കയറിക്കഴിഞ്ഞപ്പോൾ ശിവഗിരിമഠത്തിൻെറ പരിസരത്തിലെ പാതയിലുള്ള ജനപ്രവാഹത്തിൽ ഞങ്ങളും മുഴുകിപ്പോയി. എനിക്കു് അന്നു കഷ്ടിച്ചു് ഏഴുവയസ്സുമാത്രം പ്രായം കാണുമെങ്കിലും കൃശഗാത്രനായ ഞാൻ ഒരഞ്ചുകാരനായി മാത്രമേ പ്രത്യക്ഷപ്പെട്ടിരിക്കയുള്ളു. വളരെവേഗം ഞങ്ങൾ മുന്നോട്ടുപോകുന്നതിനിടയ്ക്കു് റോഡിൻെറ ഇരുവശങ്ങളിലും നിരത്തിവച്ചിരുന്ന കണ്ണഞ്ചിക്കുന്ന കളിപ്പാട്ടങ്ങളിൽ ബാലനായ എൻെറ ശ്രദ്ധപതിഞ്ഞു. അല്പസമയം അവയിൽനിന്നു കണ്ണെടുക്കാതെ ഞാൻ അവിടെത്തന്നെ നിന്നുപോയി. ഉത്തരക്ഷണത്തിൽ എൻെറ കൂടെയുണ്ടായിരുന്നവരിൽ നിന്നു ഞാൻ വേർതിരിക്കപ്പെട്ടു. മററുള്ളവർ ഞാൻ ഒരുമിച്ചുണ്ടെന്നുള്ള ധാരണയിൽ കടന്നുപോയതായിരിക്കണം. മുന്നോട്ടു നോക്കിയപ്പോൾ ആരെയും കാണാനില്ല. അങ്ങനെ പരിചയമില്ലാത്ത ദിക്കിൽ ഒററയാക്കപ്പെട്ട ഞാൻ സംഭ്രമവിവശനായി പൊട്ടിക്കരയാൻ തുടങ്ങി. എൻെറ ദയനീയമായ കരച്ചിൽകണ്ടു് അലിവുതോന്നിയ ഒരു മാന്യൻ സമീപംവന്നു് "കുഞ്ഞേ, നീ ഏതാണു്? നിൻെറ വീടു് എവിടെയാണു്" എന്നു് സഹതാപപൂവം ചോദിച്ചു. ഞാൻ ഏങ്ങലടിച്ചു വിങ്ങിക്കരഞ്ഞുകൊണ്ടു് "എൻെറ കുഞ്ഞമ്മേടങ്ങത്തേതു്" എന്നു് ഉത്ത

രംകൊടുത്തു. കുഞ്ഞമ്മ സകലരാലും അറിയപ്പെട്ടുന്ന ഒരു വ്യക്തിയാകയാൽ അങ്ങനെ പറഞ്ഞാൽ ആളെ തിരിച്ചറിയുമെന്നായിരുന്നു എന്റെ ധാരണ. പക്ഷെ "എന്റെ കുഞ്ഞമ്മ"യാരെന്ന് അദ്ദേഹം എങ്ങനെ മനസ്സിലാക്കും. എങ്കിലും ദയാലുവായ ആ മാന്യൻ അനുകമ്പാകുലനായി എന്നെ സമാശ്വസിപ്പിച്ചു. "കുഞ്ഞു കരയാതിരിക്കൂ. കുഞ്ഞമ്മയിവിടെത്തന്നെവരും" അദ്ദേഹം എന്റെ അടുത്തുതന്നെനിന്നു. അല്പനിമിഷങ്ങൾക്കുള്ളിൽ അതിരുകവിഞ്ഞ സന്താപസംഭ്രമങ്ങളോടെ കുഞ്ഞമ്മയും അമ്മാവനും (കുഞ്ഞമ്മയുടെ സഹോദരൻ) ഓടിക്കിതച്ച് എന്റെ സമീപം വന്നെത്തി. അടുത്തുനിന്ന ആളിനോട് ഞാൻ പറഞ്ഞു "ഇതാ എന്റെ കുഞ്ഞമ്മ."

മുതുകുളം പാർവ്വതിയമ്മയെ വളരെ നേരത്തെതന്നെ പരിചയമുണ്ടായിരുന്ന സഹൃദയനായ ആ മാന്യൻ എന്റെ മറുപടിയെക്കുറിച്ച് കുഞ്ഞമ്മയോടും അമ്മാവനോടും പറയുകയും അവരെല്ലാംകൂടി പൊട്ടിച്ചിരിക്കയും ചെയ്തു. പക്ഷെ അവർക്ക് അതൊരു രസമായിത്തോന്നിയെങ്കിലും എന്നെ കളിയാക്കുന്ന അവരുടെ ഈ രസത്തിൽ ബാലനായ എനിക്കു വലിയ നീരസമാണുണ്ടായത്. ഒടുവിൽ എല്ലാവരും സംഭാഷണവിഷയം മാററി എന്നെ സമാശ്വസിപ്പിച്ചു സന്തുഷ്ടനാക്കി. അങ്ങനെ 'എന്റെ കുഞ്ഞമ്മ' എന്ന സംബോധനയിലെ അന്തസ്സത്ത ശ്രീനാരായണഗുരുദേവസന്നിധിയിൽ ആദ്യമായി മാറെറാലിക്കൊണ്ടു.

ഗുരുസ്വാമികളുടെ സാമീപ്യം കുഞ്ഞമ്മയ്ക്കു നേരത്തെതന്നെ ഉണ്ടായിരുന്നു. എന്നാൽ എനിക്ക് അന്ന് ആദ്യമായിട്ടാണ് സ്വാമികളെ ദർശിക്കുന്നതിനും തൃപ്പാദങ്ങളിൽ തൊട്ടുതൊഴുത് അനുഗ്രഹം വാങ്ങുന്നതിനും അവസരം ലഭിച്ചത്. സ്വാമികൾ ആശ്രമത്തിണ്ണയിൽ ആസനസ്ഥനായി ഇരുന്നുകൊണ്ട് ഏതോ ഒരു കവിതയുടെ കൈയെഴുത്തു പ്രതി അന്തേവാസികളിൽ പെട്ട ഒരു മഹാനെക്കൊണ്ടു വായിപ്പിക്കുന്നതും, വായിച്ചുകേട്ടശേഷം ചിലഭേദഗതികൾ പറഞ്ഞുകൊടുത്തു തിരുത്തിക്കുന്നതും മററും കുഞ്ഞമ്മയുടെ സമീപമിരുന്ന എനിക്കും കാണാൻ കഴിഞ്ഞു. അനന്തരം അവിടെയിരുന്ന ഞങ്ങൾക്കെല്ലാം മധുരനാരങ്ങ, മുന്തിരി

പ്പഴം, കൽക്കണ്ടം. ചെങ്കദളിപ്പഴം മുതലായവ ഗുരുദേവൻ പ്രസാദമായി സദയം നൽകിയ സ്മരണീയ സന്ദർഭവും ഇന്നത്തെപ്പോലെ ഞാൻ ഇപ്പോഴും ഓർക്കുന്നു. അങ്ങനെ ലോകൈകവന്ദ്യനായ ഗുരുസ്വാമികളെ നേരിട്ടു ദർശിക്കുന്നതിനും അനുഗ്രഹം വാങ്ങുന്നതിനും എനിക്കു ഭാഗ്യമുണ്ടായതു കുഞ്ഞമ്മമൂലമാണു്. ഗുരുസ്വാമികളുടെ പ്രത്യേകമായ പ്രീതിക്കും അനുഗ്രഹത്തിനും പാത്രീഭൂതയായ കുഞ്ഞമ്മ ഒരുത്തമ സ്വാമിഭക്തയും ശ്രീനാരായണ ധർമ്മങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്നവരിൽ അഗ്രഗണ്യയും, അധർമ്മപ്രചരണാർത്ഥം സമുദായ മദ്ധ്യത്തിൽ ഊർജ്ജിതപ്രവർത്തനം നടത്തുന്ന ഒരു വ്യക്തിയുമാണു്.

കേവലം ഒന്നരവയസ്സുമാത്രം പ്രായമുള്ളപ്പോൾ പിതാവു് അപ്രതീക്ഷിതമായി അകാലചരമമടഞ്ഞതിനാൽ മൂത്ത സഹോദരനായ ശ്രീമാൻ കെ. എൻ. നാരായണപ്പണിക്കർ അവർകളുടെ ശിക്ഷണത്തിലും നിയന്ത്രണത്തിലുമാണു് കുഞ്ഞമ്മ വളർന്നുവന്നതു്. ബാല്യം മുതൽ സകല ഗുരുഭൂതന്മാരുടെയും പ്രത്യേകമായ അനുഗ്രഹാശിസ്സുകൾക്കു് കുഞ്ഞമ്മ പാത്രീഭവിച്ചിരുന്നെന്നും, ഒരു ചെറിയ വിദ്യാർത്ഥിനിയായിരിക്കുമ്പോൾതന്നെ കവിതയെഴുതാനും പ്രസംഗിക്കാനും പാടവം നേടിയിരുന്നെന്നും എനിക്കു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്. സ്വന്തം സാഹിത്യപരിശ്രമങ്ങൾക്കു് ആദ്യമായി പ്രചോദനം ലഭിച്ചതു് പണ്ഡിതനും സഹൃദയനും ഒരു കവിയുമായിരുന്ന സഹോദരനിൽ നിന്നാണെന്നു് കുഞ്ഞമ്മ പലപ്പോഴും അഭിമാനസമേതം പ്രസ്താവിക്കാറുണ്ടു്.

ഈശ്വരഭക്തി, ഗുരുഭക്തി, സത്യം, സ്നേഹം, ജീവകാരുണ്യം, ദീനാനുകമ്പ, പരോപകാരതല്പരത, കൃത്യനിഷ്ഠ, വിനയം എന്നീ വിശിഷ്ട ഗുണങ്ങൾക്കു വിളനിലമാണു് കുഞ്ഞമ്മയെന്നു് അടുത്തറിയുന്നവർക്കു് നിഷ്പ്രയാസം മനസ്സിലാക്കുവാൻ കഴിയും. അതിഥിസൽക്കാരത്തിൽ ഇത്രമാത്രം താല്പര്യം കാണിക്കുന്നവരായി അധികമാളുകൾ ഉണ്ടായിരിക്കുമോ എന്നു് എനിക്കു സംശയമാണു്. ബ്രാഹ്മമുഹൂർത്തത്തിൽ പതിവായി ഉണർന്നു് അചഞ്ചലമായ ഭക്തിശ്രദ്ധകളോടെ ഈശ്വരഭജനം നടത്തുന്ന കുഞ്ഞമ്മ നിത്യകർമ്മങ്ങളും കുളിയും കഴിയാതെ പച്ചവെള്ളം പോലും കുടിക്കുകയില്ലെന്നു

ളളതു് നിർബ്ബന്ധനിയമമാണു്. ശുചിത്വവിഷയത്തിൽ കുഞ്ഞമ്മയ്ക്കുള്ള നിഷ്കർഷ എത്രയെന്നു പറഞ്ഞറിയിക്കാവുന്നതല്ല. യാത്രാവേളകളിൽ എത്രതന്നെ വിശന്നുവിഷമിച്ചാലും ഹോട്ടലുകളിൽ നിന്നുണ്ണുകയോ കാപ്പിക്കടകളിലെ പലഹാരങ്ങൾ ഭക്ഷിക്കുകയോ ചെയ്യാറില്ല. എത്ര ദിവസം വേണമെങ്കിലും നാരങ്ങാവെള്ളവും പഴവർഗ്ഗങ്ങളും കൊണ്ടുമാത്രം ജീവിക്കാൻ മൗനവും നിരാഹാരവ്രതവും പതിവായി ശീലിച്ചുപോരുന്ന കുഞ്ഞമ്മയ്ക്കു യാതൊരു വിഷമവുമില്ലെന്നു് അനുഭവസ്ഥർക്ക് അറിയാവുന്നതാണു്.

ചെറുപ്പം മുതൽ ഒരു പരിപൂർണ്ണ സസ്യഭുക്കായി കഴിഞ്ഞുപോരുന്ന കുഞ്ഞമ്മ, എനിക്കു് ഓർമ്മയായ കാലംതൊട്ടു് ആഭരണങ്ങൾപോലും നിശ്ശേഷം ഉപേക്ഷിച്ച നിലയിലാണു് കാണപ്പെടുന്നതു്. ശുഭ്രമായ ഖദർവസ്ത്രം മാത്രം ധരിക്കുന്ന ആഡംബരഭ്രമം തീണ്ടിട്ടുപോലുമില്ലാത്ത കുഞ്ഞമ്മ അഹിംസയിലും സത്യാന്വേഷണത്തിലും അടിയുറച്ചു വിശ്വസിക്കുന്ന ഗാന്ധിജിയുടെ വിനീതയായ ഒരു അനുഗാമിനിയും, യഥാർത്ഥ കാൺഗ്രസ്സുകാരിയുമാണു്. ഗാന്ധിജിയുടെ ചരമദിനത്തിൽ ഇന്നും പരിപൂർണ്ണമൗനവും ഉപവാസവും അനുഷ്ഠിക്കുന്ന കുഞ്ഞമ്മയ്ക്കു് ആ പുണ്യാത്മാവിനോടുള്ള അഗാധമായ ഭക്ത്യാദരങ്ങൾ എത്രയെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. അപ്രതീക്ഷിതമായി നേരിട്ട പരിതഃസ്ഥിതികളുടെ വൈപരീത്യത്താൽ സാമ്പത്തിക വൈഷമ്യം അനുഭവിക്കേണ്ടിവന്ന സ്വന്തം കുടുംബാംഗങ്ങളുടെ ഭാവിനന്മയെ ലാക്കാക്കി, ലൗകികജീവിതത്തിൽ സുപ്രധാനമായി ഏവരും കാംക്ഷിക്കുന്ന വൈവാഹികബന്ധംപോലും തൃണവദ്ഗണിച്ച ഒരു ത്യാഗസമ്പന്നകൂടിയാണു് എൻെറ കുഞ്ഞമ്മ. അഥവാ ക്ഷണപ്രഭാചഞ്ചലമായ ഭൗതികഭോഗങ്ങളെ, ബാല്യം മുതൽ വെറുത്തിരുന്ന കുഞ്ഞമ്മ, മററു സൗകര്യങ്ങൾ ലഭിച്ചിരുന്നെങ്കിൽകൂടി വിവാഹജീവിതം ഇഷ്ടപ്പെട്ടുമായിരുന്നോ എന്നുള്ള കാര്യം സംശയമാണു്. എനിക്കു് ഓർമ്മയായതിനുശേഷംതന്നെ പല നല്ല വിവാഹാലോചനകളും വന്നതു് കുഞ്ഞമ്മ നിരസിക്കയാണുണ്ടായതു്. സുപ്രസിദ്ധ സാഹിത്യകാരനും കാഴ്ചയിൽ അത്യന്തം സുഭഗനുമായിരുന്ന മഹാകവി പള്ളത്തിൻെറ വിവാഹാലോചനപോലും കുഞ്ഞമ്മ നിസ്സാരമായി തള്ളിക്കളഞ്ഞതു്, അമ്മാവനും മററു കുടുംബാംഗങ്ങൾക്കും അത്യന്തം വേദനയുണ്ടാക്കിയ ഒരു സംഭവ

മായിഇന്നും അവശേഷിക്കുകയാണ്. ഈശ്വരപൂജയ്ക്കായി ജീവിതം ബലിയർപ്പിച്ച കുഞ്ഞമ്മയുണ്ടോ ക്ഷണഭംഗുരമായ ഇഹലോകസുഖങ്ങളിൽ ആത്മനഗ്നയാകാൻ തുനിയുന്നു!

അമ്മാവൻെറ (കുഞ്ഞമ്മയുടെയും മററു രണ്ടു സഹോദരികളുടെയും ഏകസഹോദരൻെറ) നിയന്ത്രണത്തിൽ, ജനനം മുതൽ കുഞ്ഞമ്മയോടൊരുമിച്ചുതന്നെ ജീവിക്കാൻ സൗകര്യം ലഭിച്ച എനിക്ക്, കുഞ്ഞമ്മയുടെ പ്രത്യേകശിക്ഷണത്തിൽനിന്ന് പല ഗുണപാഠങ്ങളും പഠിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കവിതയെഴുതുന്നതിനും പ്രസംഗിക്കുന്നതിനുമുള്ള അഭിരുചി ഒരുപക്ഷെ എന്നിൽ ഇല്ലെന്നുമനസ്സിലാക്കിയിട്ടായിരിക്കാം, അതിലേക്കു വലിയ പ്രചോദനമൊന്നും നൽകാതിരുന്നത്. എങ്കിലും ഒരുത്തമ വിദ്യാർത്ഥിയായിത്തന്നെ ജീവിതം നയിക്കുന്നതിനും ബി. എ. ഡിഗ്രി സമ്പാദിക്കുന്നതിനും എനിക്ക് അവസരം നൽകിയതു് കുഞ്ഞമ്മയുടെ പ്രേരണയും പ്രോത്സാഹനവും മാത്രമാണെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല.

1919-ാമാണ്ടു് 18-ാമത്തെ വയസ്സിൽ മലയാളം ഹയ്യർപരീക്ഷ പാസ്സായി ഉദ്യോഗം കിട്ടിയ വാർത്തയറിഞ്ഞു് വീട്ടിൽ എല്ലാവരും സന്തുഷ്ടരായിത്തീർന്ന അവസരംമുതൽ കുഞ്ഞമ്മയെക്കുറിച്ചുള്ള ശരിയായ ഓർമ്മ എനിക്കുണ്ടു്. സ്കൂളിൽ അദ്ധ്യാപകവൃത്തിക്കു പോകുന്നതിനു പുറമേ അദ്ധ്യയനം, പ്രസംഗം, കവിതയെഴുത്തു് എന്നീ കൃത്യങ്ങളും കുഞ്ഞമ്മ മുടങ്ങാതെ അനുഷ്ഠിച്ചുപോന്നു. ഇന്നും ഒരു വിദ്യാർത്ഥിനിയും, അദ്ധ്യാപികയും, പ്രസംഗകയും, കവയിത്രിയുമായിത്തന്നെ കുഞ്ഞമ്മ ജീവിതം തുടരുന്നു. മലയാളത്തിനു പുറമേ സംസ്കൃതം, ഹിന്ദി, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകൾ വീട്ടിലിരുന്നുകൊണ്ടുതന്നെ പല ഗുരുക്കന്മാരിൽനിന്നും പഠിച്ചതായി എനിക്കറിയാം. സംസ്കൃതം പഠിച്ചതിൻെറ ഫലമായി വിദ്വാൻ പരീക്ഷ പാസ്സാകുന്നതിനും, ഹിന്ദി പഠിച്ചതിൻെറ ഫലമായി 'രാഷ്ട്രഭാഷ' പാസ്സാകുന്നതിനും ഇടയായി. ഇംഗ്ലീഷിൽ പോസ്റ്റ്സാഹിത്യവിശാരദ്, ബി. എ. പരീക്ഷയ്ക്കു് എഴുതി ഇംഗ്ലീഷ് ഒഴിച്ചു മററു വിഷയങ്ങളിൽ വിജയം വരിക്കുന്നതിനു കഴിഞ്ഞിട്ടുണ്ടു്. പരീക്ഷയിൽ ചേരുന്നതിനു വളരെ

മുൻപുതന്നെ ഇംഗ്ലീഷ്ഭാഷയിൽ ആശാസ്യമായ പരിജ്ഞാനം സമ്പാദിച്ചിരുന്നെന്നുള്ളതിനു്, എഡ്വിൻ അർനാൾഡിൻെറ Light of Asia എന്ന ഇംഗ്ലീഷ്കാവ്യത്തിൻെറ മലയാളതർജ്ജമയായ ശ്രീബുദ്ധചരിതം ഉത്തരാർദ്ധം സാക്ഷ്യംവഹിക്കുന്നുണ്ടു്. ഈ കൃതി സാഹിത്യവിശാരദ്, ശാസ്ത്രി എന്നീ ക്ലാസ്സുകളിലെ പാഠ്യപുസ്തകമായും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണു്. അങ്ങനെ ഇംഗ്ലീഷിലും ഹിന്ദിയിലും ഉള്ള സ്വാധീനംകൊണ്ടു് ഈ രണ്ടു ഭാഷകളിൽനിന്നും ഒട്ടധികം പുസ്തകങ്ങൾ ഗദ്യമായും പദ്യമായും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ കുഞ്ഞമ്മയ്ക്കു കഴിഞ്ഞിട്ടുണ്ടു്. സംസ്കൃതത്തിലുള്ള പാണ്ഡിത്യംമൂലം സംസ്കൃതത്തിലെ ഏററവും ഉത്കൃഷ്ടഗ്രന്ഥമായ ഭഗവദ്ഗീത, ഗീതയെന്ന പേരിൽ അത്യന്തം മനോഹരമായി മലയാളത്തിലേക്കു വിവർത്തനംചെയ്തു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അതു് വിദ്വാൻ പരീക്ഷയുടെ പാഠ്യപുസ്തകമായും അംഗീകരിക്കപ്പെട്ടിരിക്കയാണു്.

ഏതു കവിതയെഴുതിയാലും ഒരു സാഹിത്യരസികനായിരുന്ന അമ്മാവൻ അതു് ഈണത്തിൽ വായിച്ചു് വീട്ടിലുള്ള എല്ലാവരേയും കേൾപ്പിച്ചല്ലാതെ പരസ്യംചെയ്യുകയില്ലെന്നു് കുഞ്ഞമ്മയ്ക്കു് ഒരു നിർബന്ധമുണ്ടായിരുന്നു. അതുപോലെതന്നെ കാലാന്തരത്തിൽ, എഴുതിയിട്ടുള്ള എല്ലാ പുസ്തകങ്ങളും അച്ചടിപ്പിക്കുന്നതിനുമുൻപു് വീട്ടിലുള്ള സകലരേയും ചുററുമിരുത്തി വായിച്ചു കേൾപ്പിച്ചു് അഭിപ്രായം ആരാഞ്ഞതിനുശേഷമാണു് കുഞ്ഞമ്മ പ്രസിദ്ധീകരിച്ചിട്ടുള്ളതു്. ഇപ്രകാരം ഒരു കവയിത്രി, അദ്ധ്യാപിക, പ്രസംഗക, വിദ്യാർത്ഥിനി എന്നീ നാലു തുറകളിൽകൂടി കുഞ്ഞമ്മ ആർജ്ജിച്ച നാനാമുഖമായ വിജ്ഞാനവും സാഹിത്യപരിജ്ഞാനവും അതേപടിതന്നെ അനന്തരഗാമികൾക്കു പകർന്നുകൊണ്ടുമിരിക്കുന്നു.

കേരളക്കരയിൽ കുഞ്ഞമ്മ പ്രസംഗിക്കാൻ പോകാത്ത സമാജങ്ങളോ സ്ഥാപനങ്ങളോ ചുരുക്കമാണു്. 18-ാമത്തെ വയസ്സു മുതൽ അനേകായിരം സമ്മേളനങ്ങളിൽ പ്രസംഗകയായും അദ്ധ്യക്ഷയായും കുഞ്ഞമ്മ പങ്കുകൊണ്ടിട്ടുണ്ടു്. പക്ഷെ സഹോദരനും സഹോദരപുത്രികളിൽ ആരെങ്കിലുമൊരാളും കൂട്ടിനില്ലാതെ ഇന്നോളം തനിച്ചു മീററിങ്ങുകൾക്കു പോയിട്ടില്ല. ചിലപ്പോഴൊ

ക്കെ അമ്മാവനുപുറമേ എന്നെയും കൊണ്ടുപോയിട്ടുണ്ട്. സഹോദരൻ മരിച്ചതിനുശേഷം സഹോദരപുത്രികളിൽ ഒരാളെ സ്ഥിരമായി കൂട്ടിനു കൊണ്ടുപോക പതിവാണ്. ഒരു സ്ത്രീ എത്ര പ്രായം ചെന്നാലും ഏകയായി ദൂരയാത്ര ചെയ്യുന്നതു് ഒരിക്കലും ശരിയല്ലെന്നാണ് കുഞ്ഞമ്മയുടെ ദൃഢമായ അഭിപ്രായം. ഇന്നത്തെ ദൂഷിച്ച സ്ത്രീസ്വാതന്ത്ര്യസമ്പ്രദായത്തോടു് കുഞ്ഞമ്മയ്ക്കു് ശക്തിയായ എതിർപ്പും വെറുപ്പുമുണ്ടു്. ആദർശനിഷ്ഠയും ചാരിത്ര്യശുദ്ധിയും സ്ത്രീയുടെ അമൂല്യസമ്പത്തായിട്ടാണ് കുഞ്ഞമ്മ കരുതിപ്പോരുന്നതു്.

അനവധി സാഹിത്യമത്സരപരീക്ഷകളിൽ വിജയംവരിച്ചു് സ്വർണ്ണമെഡലുകളും മോതിരങ്ങളും മററു സമ്മാനങ്ങളും കുഞ്ഞമ്മ ആർജ്ജിച്ചിട്ടുള്ളതായി എനിക്കറിയാം. ശ്രീനാരായണഗുരുസ്വാമികളുടെ തൃക്കൈകളിൽനിന്നുപോലും വിലയേറിയ ഒരു പട്ടു് സമ്മാനമായി നേടാനുള്ള സുകൃതവും കുഞ്ഞമ്മയ്ക്കു സിദ്ധിച്ചിട്ടുണ്ടു്.

കാലക്രമത്തിൽ ഒട്ടധികം കവിതാപുസ്തകങ്ങളും ഗദ്യപുസ്തകങ്ങളും കുഞ്ഞമ്മ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. അവയിൽ പലതും മിഡിൽസ്കൂൾക്ലാസ്സുകൾ, ഹൈസ്കൂൾക്ലാസ്സുകൾ, കാളേജുക്ലാസ്സുകൾ എന്നിവയിലും ശാസ്ത്രി, സാഹിത്യവിശാരദ്, വിദ്വാൻ എന്നീക്ലാസ്സുകളിലും പാഠപുസ്തകങ്ങളായി, ബഹുമാനപ്പെട്ട ഗവമ്മേൻറിൽനിന്ന് അംഗീകരിച്ചുകഴിഞ്ഞിട്ടുമുണ്ടു്. ഈ കൊല്ലവും മൂന്നു കൃതികൾ പാഠപുസ്തകങ്ങളായിട്ടുണ്ടു്. ഇപ്രകാരം അംഗീകരിക്കപ്പെട്ട പാഠപുസ്തകങ്ങളുടെ വകയായി ലഭിച്ച പണം ഉപയോഗിച്ചു് കുഞ്ഞമ്മ സാമാന്യം നല്ല ഒരു ഭൂസ്വത്തു് സമ്പാദിക്കുകയും അതു കുടുംബാംഗങ്ങളുടെ ക്ഷേമത്തിനായി വിഭജിച്ചുകൊടുക്കയും ചെയ്തിരിക്കയാണ്. ആ നിലയിലും കുഞ്ഞമ്മ മഹത്തായ ത്യാഗമാണ് അനുഷ്ഠിച്ചിരിക്കുന്നതു്.

സാഹിത്യപരമായ സ്വന്തം കഴിവുകളെ, കുടുംബം, സമുദായം, സമൂഹം, രാഷ്ട്രം എന്നീ മണ്ഡലങ്ങളിൽ കൂടുതൽ ഉണർവുണ്ടാകുന്നതിന് കുഞ്ഞമ്മ വിനിയോഗിച്ചിട്ടുണ്ടെന്നുള്ളതു് പരക്കെ സമ്മതിക്കപ്പെടുന്ന ഒരു വസ്തുതയാണ്. ബാലസമാജങ്ങൾ, മഹിളാസമാജങ്ങൾ, വനിതാക്ലബ്ബുകൾ, മുതലായ ചെറിയ സംഘട

നകൾ നാട്ടിൻപുറങ്ങളിൽ രൂപവല്ക്കരിച്ചു്, ധാരാളം ബാലികാ ബാലന്മാക്കും യുവതീയുവാക്കന്മാക്കും അവരിൽ അന്തർലീനമായ കലാവാസനയും സാഹിത്യകൗതുകവും വികസിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ കുഞ്ഞമ്മ സൃഷ്ടിച്ചുകൊടുത്തിട്ടുണ്ടു്. വേണ്ട ഉപദേശവും നിർദ്ദേശവും കൊടുത്തു് അവരെ കലാപ്രേമികളാക്കാൻ കുഞ്ഞമ്മ അത്യദ്ധ്വാനം അനുഷ്ഠിച്ചിട്ടുമുണ്ടു്. മുപ്പതുകൊല്ലത്തെ സുദീർഘമായ അദ്ധ്യാപനവേളയ്ക്കിടയിൽ ആയിരക്കണക്കിനു ലഭിച്ച ശിഷ്യപരമ്പരകളിൽ മുഴുവൻ സഹജമായ സാഹിത്യവാസന പ്രതിഫലിപ്പിക്കാൻ കുഞ്ഞമ്മ ചെയ്ത മഹത്തായ ശ്രമം വിദ്യാത്ഥിവർഗ്ഗവും അദ്ധ്യാപകലോകവും ഒരുകാലത്തും വിസ്മരിക്കുന്നതല്ല. സ്കൂളുകളിൽ കലാപരിപാടികളും സാഹിത്യസമാജങ്ങളും കൈയെഴുത്തുമാസികകളും മററും ഏപ്പെടുത്തുന്ന വിഷയത്തിൽ എപ്പോഴും മുൻകൈ എടുത്തു പ്രവത്തിച്ചിട്ടുള്ളതു് കുഞ്ഞമ്മയാണെന്നു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്. സാംസ്കാരികവും സാന്മാഗ്ഗികവും വിജ്ഞാനപരവുമായ പ്രവണതകളെ പരിപുഷ്ടിപ്പെടുത്താൻ സവ്വദാ സഹായിച്ചുവന്നതിനാൽ അനേകായിരം വിദ്യാത്ഥികളുടെ അതിരുകവിഞ്ഞ സ്നേഹാദരങ്ങൾക്കു പാത്രീഭൂതയായ കുഞ്ഞമ്മയെ വാത്സല്യമയിയായ ഒരു മാതൃകാഗുരുഭൂതയായിട്ടാണു് അവർ അന്നും ഇന്നും കരുതിപ്പോരുന്നതു്. ദീർഘമായ അദ്ധ്യാപകവൃത്തിക്കിടയിൽ ഒരിക്കൽപോലും വടിയുപയോഗിച്ചിട്ടില്ലാത്ത കുഞ്ഞമ്മയെ സ്നേഹസമ്പന്നയായ ഒരു മാതാവിനെപ്പോലെ സകല വിദ്യാത്ഥികളും പൂജിക്കുന്നു.

ഇപ്രകാരം സാഹിതീഭക്തയായ കുഞ്ഞമ്മയെ, പാഠപുസ്തകങ്ങൾ അംഗീകരിച്ചു ബഹുമാനപ്പെട്ട ഗവമ്മെൻറും, മെമ്പർസ്ഥാനം നൽകി കേരളസാഹിത്യഅക്കാദമിയും യഥാവിധി പ്രോത്സാഹിപ്പിച്ചിരിക്കുന്നതു് അത്യന്തം അനുമോദനാർഹമത്രെ.

സാഹിത്യക്ഷേത്രത്തിൽ ഒരു കെടാവിളക്കായി പ്രശോഭിക്കുന്ന 'എൻെറ കുഞ്ഞമ്മ', കുടുംബം, സമുദായം, സമൂഹം, രാഷ്ട്രം എന്നിവയിൽ സ്വന്തം പ്രകാശരശ്മികൾ യഥാക്രമം ചൊരിഞ്ഞു് ഉജ്ജ്വലതേജസ്സോടെ എന്നെന്നും മിന്നിത്തിളങ്ങാൻ സവ്വാന്തര്യാമിയായ ജഗദീശ്വരൻ കടാക്ഷിക്കുമാറാകട്ടെ എന്നുള്ള പ്രാത്ഥനയോടുകൂടി ഈ ഷഷ്ടിപൂത്തിസ്മാരകഗ്രന്ഥത്തിൽ എൻെറ ഹൃദയംഗമമായ കൃതജ്ഞതാകുസുമാഞ്ജലികൾ ഞാൻ സാദരം അപ്പണം ചെയ്തുകൊള്ളുന്നു.

# നിമിഷകവയിത്രി

മിസിസ്സ്. പി. കെ. കുഞ്ഞു്

സുപ്രസിദ്ധ കവയിത്രിയായ ശ്രീമതി മുതുകുളം പാർവ്വതി അമ്മ എൻെറ ഒരു ആത്മസുഹൃത്താണു്. ഒരു വ്യാഴവട്ടത്തിലധികമായി ഞങ്ങൾതമ്മിൽ പരിചിതരായിട്ടു്. ശ്രീമതി പാർവ്വതിഅമ്മ കായംകുളം ഗവണ്മെൻറ് ഹൈസ്ക്കൂളിൽ അദ്ധ്യാപികയായി എൻെറ വീടിനുസമീപം താമസിച്ചുകൊണ്ടിരുന്ന കാലത്താണു ഞാൻ ആദ്യമായി അവരെ കാണുന്നതു്. അക്കാലത്തു് കായംകുളത്തു് "അഖിലഭാരത വനിതാസമാജം" എന്ന പേരിൽ ഒരു സംഘടന രൂപവല്ക്കരിക്കുകയും അതിൽ സഹപ്രവത്തകരായി ഞങ്ങൾ കഴിയുകയും ചെയ്തിട്ടുണ്ടു്. കായംകുളത്തു് ഏതു പൊതുസംരംഭങ്ങൾ വിശിഷ്യാ, സാമൂഹ്യകാര്യങ്ങൾ ഉണ്ടായാലും അതിൽ ശ്രീമതി പാർവ്വതിഅമ്മ എന്നോടൊപ്പം ഉണ്ടായിരിക്കുമെന്നുള്ളതാണു് പൊതുജനാഭിപ്രായം.

കഴിഞ്ഞ വിമോചനസമരകാലത്തു് കേരളത്തിൽ നടത്തിയ ഒട്ടനവധി യോഗങ്ങളിൽ പാർവ്വതിഅമ്മ സജീവമായി പങ്കെടുത്തിട്ടുണ്ടു്. എലക്ഷൻപ്രചരണകാലത്തു് എന്നോടൊരുമിച്ചു് ഊണുമുറക്കവുമുപേക്ഷിച്ചു് കേരളത്തിൻെറ നാനാഭാഗങ്ങളിൽ നടന്ന അനവധി സമ്മേളനങ്ങളിൽ ശ്രീമതി സന്നിഹിതയായിട്ടുണ്ടു്. അക്കാലത്തു് 'സേവ് ഇന്ത്യ' എന്നൊരു മനോഹരനാടകം ശ്രീമതി സ്വന്തമായി എഴുതി കാണികൾക്കു് പ്രചോദനം നൽകുമാറു് അഭ്യസ്തവിദ്യരായ യുവാക്കന്മാരെക്കൊണ്ടു്, നാടിൻെറ നാനാഭാഗങ്ങളിലും അഭിനയിപ്പിച്ചു വിജയം കൈവരിച്ചതു് ചരിത്രപ്രസിദ്ധമായ ഒരു വസ്തുതയാകുന്നു.

ഇപ്രകാരം പ്രസംഗം, ലേഖനം, നാടകം, കവിത എന്നീ വിവിധമാർഗ്ഗങ്ങളിലൂടെ രാജ്യരക്ഷയ്ക്കുവേണ്ടിയും കാൺഗ്രസ്സ് പാർട്ടിക്കുവേണ്ടിയും ശ്രീമതി മുതുകുളം പാർവ്വതിഅമ്മ ചെയ്തിട്ടുള്ള മഹത്തായ സേവനം അവിസ്മരണീയമാണു്.

എന്നാൽ എനിക്കു് അവരെക്കുറിച്ചു് അതിരുകവിഞ്ഞ മതിപ്പു തോന്നാനിടയാക്കിയിട്ടുള്ള സംഗതികളിൽ പ്രധാനമായതു് അവരുടെ നിമിഷകവിതാനിർമ്മാണത്തിലുള്ള അസാധാരണമായ പാടവമാണു്. കവിതയെഴുതുന്ന ധാരാളംപേരെ ഞാൻ കണ്ടിട്ടുണ്ടു്. പരിചയപ്പെട്ടിട്ടുണ്ടു്. എന്നാൽ പറയുന്നനിമിഷത്തിൽ നിർദ്ദേശിക്കുന്ന വിഷയത്തെക്കുറിച്ചു് ഇരുന്ന ഇരുപ്പിൽത്തന്നെ മനോഹരമായ കവിത നിർമ്മിക്കാൻ ശ്രീമതിയെപ്പോലെ കഴിവുള്ളവർ അധികമുണ്ടോ എന്നുള്ള കാര്യം എനിക്കു സംശയമാണു്.വനിതാസമ്മേളനങ്ങൾക്കും സ്കൂൾവാർഷികങ്ങൾക്കും മററു പൊതുയോഗങ്ങൾക്കും പലപ്പോഴും അതിഥിയായി വന്നുചേരുന്ന ശ്രീമതി പാർവ്വതിഅമ്മയെ അവസാനമുഹൂർത്തത്തിൽപ്പോലും പിടിച്ചിരുത്തി അനവധി കവിതകൾ ഞാൻ എഴുതിച്ചിട്ടുണ്ടു്. സ്വാഗതഗാനങ്ങൾ, മംഗളഗാനങ്ങൾ, തിരുവാതിരപ്പാട്ടുകൾ, നൃത്തഗീതങ്ങൾ എന്നിങ്ങനെ ഒട്ടധികം സുന്ദരഗീതങ്ങൾ എന്റെ ആവശ്യപ്രകാരം അവർ നിമിഷത്തിനുള്ളിൽ എഴുതിത്തന്നിട്ടുണ്ടു്. ചില പ്രത്യേകസന്ദർഭങ്ങളിൽ ഞങ്ങൾ ഒരുമിച്ചു പ്ലാററുഫോറത്തിൽ ഇരിക്കുമ്പോൾ 'സാറെ' ഇന്നത്തെ വിശിഷ്ടഅതിഥിയെക്കുറിച്ചു് ഒരു പാട്ടെഴുതി സദസ്സിൽ ചൊല്ലിക്കണമല്ലൊ' എന്നു ഞാൻ പറയുന്നതായാൽ കഷ്ടിച്ചു് അഞ്ചോ പത്തോ മിനിട്ടിനുള്ളിൽ തന്നെ കവിത രചിച്ചു് അവർ സദസ്യരെ കേൾപ്പിച്ചിട്ടുള്ളതു് എനിക്കു് അനുഭവമുള്ള സംഗതിയാണു്.

സമീപകാലത്തു് തിരുവനന്തപുരത്തുവച്ചു ഞങ്ങൾ തമ്മിൽ കാണുവാനിടയായി. സന്ദർഭവശാൽ ശ്രീമതി പാർവ്വതിഅമ്മയോടു് "സാറിനു് എത്ര വയസ്സായി" എന്നു ഞാൻ ചോദിച്ചപ്പോൾ "അടുത്ത വർഷത്തിലാണു് അറുപതുതികയുന്നതു്" എന്നു പറഞ്ഞതുകേട്ടു ഞാൻ അത്ഭുതപ്പെടുകയും ഏതായാലും ഷഷ്ടിപൂർത്തി കെങ്കേമമായി ആഘോഷിക്കണമെന്നു നിർദ്ദേശിക്കയും ചെയ്തു. ഇപ്പോഴത്തെ ആഘോഷപരിപാടികളുടെ വിവരങ്ങൾ അറിഞ്ഞപ്പോൾ, ഒരു കൊല്ലത്തിനു മുൻപുതന്നെ ആദ്യമായി അക്കാര്യം സൂചിപ്പിച്ചതു ഞാനാണല്ലോ എന്നോർത്തു് എനിക്കു ചാരിതാർത്ഥ്യം തോന്നാതിരുന്നില്ല.

ഇരുപത്തെട്ടുകാരിയുടെ ചുറുചുറുക്കും തന്റേടവുമുള്ള ശ്രീമതി പാർവ്വതിഅമ്മ ഒരു സാഹിത്യകാരിമാത്രമല്ല, വിദ്യാഭ്യാസം, സാമൂഹ്യം, രാഷ്ട്രീയം എന്നീ പ്രവർത്തനമണ്ഡലങ്ങളിലും മുൻകൈയ് എടുത്തു യത്നിക്കുന്ന ഒരു പൊതുക്കാര്യപ്രസക്തക്രുടിയാണെന്നു് അനുഭവങ്ങളിൽനിന്നു് എനിക്കു നിസ്സന്ദേഹം അഭിപ്രായപ്പെടാൻ കഴിയുന്നതാണു്. അവരുടെ അചഞ്ചലമായ ദൈവഭക്തിയിൽ എനിക്കു തോന്നിയിട്ടുള്ള മതിപ്പും വിശ്വാസവും എത്രയെന്നു പറഞ്ഞറിയിക്കാവുന്നതല്ല. ജീവിതയാത്രയിൽ പലപ്പോഴും അഭിമുഖീകരിക്കേണ്ടിവരുന്ന ഭീമമായ പ്രതിബന്ധങ്ങളെ സധൈര്യം തരണംചെയ്യാൻ അവരെ സഹായിക്കുന്നതു് ദൈവത്തിന്റെ അളവററ കരുണ മാത്രമാണെന്നു് നിറഞ്ഞ കണ്ണുകളോടെ അവർ പലപ്പോഴും പ്രസ്താവിക്കാറുണ്ടു്. കൃഷ്ണനും ക്രിസ്തുവും നബിയും അവരുടെ ദൃഷ്ടിയിൽ ഒരേ ദൈവം തന്നെയാണു്. ശ്രീനാരായണന്റെ ശിഷ്യയായ അവർ ജാതി ചിന്തയ്ക്കും മതചിന്തയ്ക്കും അതീതയാണെന്നു് എനിക്കു ബോദ്ധ്യമായിട്ടുണ്ടു്. ലൗകിക കോലാഹലങ്ങളിലോ മോടിപ്പകിട്ടിലോ ആഡംബരത്തിലോ ശ്രീമതിക്കു ലേശം പോലും ഭ്രമമില്ല. 'ലഘുജീവിതവും ഉയന്ന ചിന്തയു'മാണു് അവരുടെ ജീവിതലക്ഷ്യം. അനീതിയുടെയും അധർമ്മത്തിന്റെയും മുൻപിൽ അവർ ഒരിക്കലും തലകുനിക്കാറില്ല. അഹിതമായി ആരെങ്കിലും സംസാരിച്ചാൽ പെട്ടെന്നു മുൻകോപം വരുമെങ്കിലും വലിയ ഹൃദയാലുവായിട്ടാണു് ശ്രീമതിയെ എനിക്കു കാണുവാൻ കഴിഞ്ഞിട്ടുള്ളതു്.

ഒരു കുടുംബജീവിതം നയിക്കാൻ ശ്രീമതിക്കു് ഇടയായിട്ടില്ലെങ്കിലും വാത്സല്യനിധികളായ അനേകായിരം പ്രിയപ്പെട്ട ശിഷ്യജനങ്ങളുടെ സ്നേഹസമ്പന്നയായ ഒരമ്മയായിട്ടാണു് അവരെ സ്കൂളിൽ കണ്ടിട്ടുള്ളതെന്നു് പല ശിഷ്യകളും എന്നോടു പറഞ്ഞിട്ടുണ്ടു്.

ശ്രീമതി പാർവ്വതി അമ്മ സ്നേഹിതകളുടെ ഒരു ആത്മസുഹൃത്തായി—കേരളത്തിലെ ഒരു പ്രശസ്ത കവയിത്രിയായി—ചിരകാലം ജീവിക്കാൻ ജഗദീശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ എന്നു് ഈ അവസരത്തിൽ ഞാൻ അകൈതവം പ്രാർത്ഥിച്ചുകൊള്ളുന്നു.

# എൻെറ ഗുരുനാഥ.

പാവുമ്പാ പത്മനാഭൻ.

മുതുകുളം പാർവ്വതിഅമ്മസാറിൻെറ ഷഷ്ടിപൂർത്തി സ്മാരകമായി സമർപ്പിക്കുന്ന ഉപഹാരഗ്രന്ഥത്തിലേക്കു് ഒരു ലേഖനമെഴുതാൻ എനിക്കും അതിരുകവിഞ്ഞ ആഗ്രഹംതോന്നി. പക്ഷേ എന്തെഴുതാനാണു്? സാഹിത്യത്തറവാട്ടിലെ ആ കാരണവത്തിയെപ്പററി എഴുതാനുള്ള പിടിപ്പുകേടു് വളരെയുണ്ടു്. എന്നല്ല ഒട്ടും ഇല്ലെന്നുതന്നെവേണം പറയാൻ. അതുകൊണ്ടു് പാർവ്വതിഅമ്മസാറിൻെറ സാഹിത്യ പ്രവർത്തനത്തെപ്പററി വിലയിരുത്തുവാൻ ഞാൻ ശ്രമിക്കുന്നില്ല. അതിനർഹതയുള്ളവർ അതു ചെയ്യട്ടെ!

തങ്ങളുടെ ഗുരുനാഥന്മാരെപ്പററി ഓരോരുത്തർക്കും പലതും എഴുതാനുണ്ടാവും. ആ നിലയിൽ എൻെറ പ്രിയപ്പെട്ട ഗുരുനാഥയെപ്പററിയുള്ള സ്മരണകളുടെ ഒരേടാണിതു്.

ഞാൻ, പാവുമ്പായിലെ പ്രൈമറിസ്ക്കൂളിൽനിന്നും ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി കായംകുളം ഇംഗ്ലീഷു് ഹൈസ്ക്കൂളിൽ ചേർന്നു. അന്നു രണ്ടാംഫാറത്തിൽ പാർവ്വതി അമ്മസാറിൻെറ 'കർമ്മഫലം' പഠിക്കാനുണ്ടു്. സാർ അന്നു് ഹൈസ്ക്കൂളിലെ ഒരു അദ്ധ്യാപികയായിരുന്നു. സാഹിത്യകാരന്മാരോടു് മററാരോടുംതോന്നാത്ത ബഹുമാനമായിരുന്നു അന്നു്, ഇന്നും. അതുകൊണ്ടു് സാറിനെ ഒന്നു കാണുന്നതിനുവേണ്ടി ഒരുച്ചസമയത്തു് ലേഡീടീച്ചേഴ്സ്റൂമിൻെറ വാതില്ക്കലെത്തി. മുപ്പതോളം അദ്ധ്യാപികമാരവിടെയിരിക്കുന്നു. അവരിലാരാണു് പാർവ്വതിഅമ്മസാർ? ആരും കാണിച്ചുതരാതെതന്നെ സാറിനെ മനസ്സിലാക്കാൻ കഴിഞ്ഞു.

വെള്ളഖദർവസ്ത്രം ധരിച്ചു് ചന്ദനക്കുറിയുമണിഞ്ഞു് ഒരിക്കലും ഒളിച്ചുപോകാത്ത പുഞ്ചിരിയുമായി അടുത്തിരിക്കുന്നവരോടു് ആമോദത്തോടെ വാഗ്വാദം നടത്തുന്നതു് മററാരുമാ

യിരിക്കുകയില്ല; മനസ്സിൽ വിചാരിച്ചു. അതു ശരിയുമായിരുന്നു. അന്ന് അകലെനിന്നുകാണ്ട സാറിനെ പിന്നീടു വളരെ അടുത്തുകാണുന്നതിനും മനസ്സിലാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

1950 അന്ന് പന്തളം കാളേജിൽ ചില വിദ്യാത്ഥികളെ പിരിച്ചുവിട്ടതിനു് സമരം നടക്കുകയാണ്. അതിനോടനുബന്ധിച്ച് കായംകുളം ഗവ: ഹൈസ്ക്കൂളിലും സമരം തുടങ്ങി. ആ സമരത്തിന്റെ മുൻപന്തിയിൽ നിന്നു നേതൃത്വം കൊടുത്തുകൊണ്ടിരുന്ന വിദ്യാത്ഥികളെ ഒരു പാഠം പഠിപ്പിക്കുന്നതിനു് കായംകുളത്തെ ചില പ്രമാണിമാരും ഹൈസ്ക്കൂൾ ഹെഡ്മാസ്ററരും ചില ഉയന്ന പോലീസുദ്യോഗസ്ഥന്മാരും കൂടി പ്ലാനിട്ടു. അന്നു കായംകുളം സബ്ബ് ഇൻസ്പെക്ടർ ആയിരുന്ന കുപ്രസിദ്ധനായ ശ്രീ. ഒ. എം. ഖാദറിന്റെ നേതൃത്വത്തിൽ ഒരുവാൻ റിസർവ്വ്പോലീസ് സ്ക്കൂളിനുള്ളിൽ ചാടിക്കയറി സ്ക്കൂൾഗേററിൽ മുദ്രാവാക്യം വിളിച്ചുകൊണ്ടുനിന്ന പല വിദ്യാത്ഥികളേയും അവർ പിടിച്ചു വാനിലേക്കെറിഞ്ഞു. അവിടെനിന്ന് അവർ ക്ലാസ്സുകളിലേക്ക് ഓടിക്കയറാൻ തുടങ്ങി. ചിറകിനടിയിൽ കുഞ്ഞുങ്ങളെ ഒളിച്ചുവച്ചുകൊണ്ടിരിക്കുന്ന പിടക്കോഴിയെപ്പോലെ പാവ്തിയമ്മസാർ ഒരു ക്ലാസ്സിൽ കുറേ കുട്ടികളുമൊത്തിരിക്കുകയായിരുന്നു. അവരിരുന്ന ക്ലാസ്സിന്റെ വാതുക്കൽ പോലീസെത്തി. അവർ കസേരയിൽ നിന്നും എഴുന്നേററു് വാതിൽ തടഞ്ഞുകൊണ്ടു് അകത്തേക്കു കയറാൻ തുടങ്ങിയ പോലീസുകാരോടു് അലറി—"എന്റെ ക്ലാസ്സിൽ കയറരുതു്." പരുന്തു കുഞ്ഞുങ്ങളെ റാഞ്ചിക്കൊണ്ടു പോകാൻ വരുമ്പോൾ തള്ളക്കോഴിയുടെ മുഖത്തുണ്ടാകുന്ന ഭാവമായിരുന്നു അപ്പോൾ സാറിന്റെ മുഖത്തു്. ക്ലാസ്സിലേക്കു കയറാൻ തുടങ്ങിയ പോലീസുകാർ സ്തംഭിച്ചു നിന്നുപോയി. അവരാക്ലാസ്സിലേക്കു കയറിയില്ല.

കുറേവിദ്യാത്ഥികളെ പിടിച്ചിട്ടുകൊണ്ടു പോലീസുവാൻ ചിറിപ്പാഞ്ഞുപോകുന്ന ശബ്ദംകേട്ടു. അപ്പോൾ ആ ക്ലാസ്സിലുണ്ടായിരുന്ന ഞാൻ സാറിന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. ആ കണ്ണുകൾ നിറഞ്ഞുതുളുമ്പുകയായിരുന്നു. ആരുമാരുമൊന്നും

ശബ്ദിക്കാതെ നിമിഷങ്ങളിഴഞ്ഞുനീങ്ങി. ശ്മശാനനിശ്ശബ്ദത അവിടെ തങ്ങിനിന്നു.

അടുത്തദിവസം രാവിലെ ആസ്പത്രിയിൽവച്ചാണ് വാനിൽ കയററിക്കൊണ്ടുപോയ ചില വിദ്യാൎത്ഥികളെക ണ്ടതു്. സംസാരിക്കാൻപോലും കഴിവില്ലാത്തവിധത്തിൽ പോലീസിൻെറ മർദ്ദനമേററു ചതഞ്ഞു കിടക്കുന്ന തൻെറ കുഞ്ഞുങ്ങളെക്കാണാൻ ആ അദ്ധ്യാപിക അവിടെയും എത്തി. ആ രംഗം കണ്ടു് ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അവർ പൊട്ടി ക്കരഞ്ഞുപോയി.

അവരൊരു ഗവ: ഉദ്യോഗസ്ഥയാണ്. ഗവമ്മെൻറിനെ തിരായുള്ള പ്രവൎത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെന്നു് മുദ്രയ ടിക്കപ്പെട്ട ആളുകളെ മർദ്ദിച്ചതിനാണവർ കരഞ്ഞതു്.

അതു പാടില്ലാത്തതാണ്.

അക്കാരണംകൊണ്ടുതന്നെ അവരുടെ ജോലിതെറിച്ചേ ക്കാനും മതി.

അതൊന്നും അവർ അപ്പോഠം ചിന്തിച്ചില്ല. മക്കളുടെ വേദനയിൽ അമ്മ വേദനിക്കുന്നതുപോലെ ആ അദ്ധ്യാപിക അന്നു ഖേദിച്ചു; കണ്ണീരൊഴുക്കി.

ആ കണ്ണീരിൻെറ ഉറവ ഏതാണ്? അതിനെക്കുറിച്ചു ചിന്തിച്ചാലേ ആ അദ്ധ്യാപികയെ പൂൎണ്ണമായി മനസ്സിലാ ക്കാൻ സാധിക്കൂ.

സാറു് ക്ലാസ്സിൽ കയറിയാൽ പിന്നെ അവിടെ സ്നേഹശീ തളമായ ഒരു അന്തരീക്ഷം ഉടലെടുക്കുകയായി. ഓരോ വിദ്യാ ൎത്ഥിയുടെയും മുഖത്തു സാറിൻെറ കണ്ണുകഠം മാറിമാറി വീഴും. ക്ലാസ്സിലിരിക്കുന്ന എല്ലാവിദ്യാൎത്ഥികളുടേയും കഴിവും കഴിവ കേടും വാസനയും മനസ്സിലാക്കാൻ ആ കണ്ണുകഠംക്കു കഴിഞ്ഞി രുന്നു. പ്രത്യേകിച്ചും സാഹിത്യാഭിരുചിയുള്ള ഇളം കുരുന്നുകളെ ആ കണ്ണുകഠം പ്രത്യേകം കണ്ടെത്തിയിരുന്നു.

അന്നു് ഹൈസ്ക്കൂളിൽ എല്ലാക്ലാസ്സുകളിൽനിന്നും കൈ എഴുത്തുമാസികകഠം പ്രസിദ്ധീകരിച്ചിരുന്നു. രണ്ടു കൈ എഴുത്തു

ദിനപ്പത്രവും മുടങ്ങാതെ പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്റെ യെല്ലാം സത്ത കടഞ്ഞെടുത്തു് വർഷാവസാനം വാർഷിക പ്രസിദ്ധീകരണം അച്ചടിച്ചിറക്കിയുമിരുന്നു. ഈ സംരംഭങ്ങളുടെ യെല്ലാം പിന്നിൽ നിന്നു പ്രചോദനം നൽകിയതു് പാർവ്വതി യമ്മസാർ ആയിരുന്നു.

ലളിതമായ വസ്ത്രധാരണം; വിനയമസൃണമായ പെരു മാററം ഇതെല്ലാം സാറിന്റെ പ്രത്യേകതകളാണു്. മററുള്ളവർക്കും അനുകരിക്കാൻ സാധിക്കാത്തരീതിയിൽ ആ ജീവിതം അത്ര അനാർഭാടവുമാണു്.

ലഘുവായ സംഗതികൾമതി ആ ഹൃദയത്തെ ക്ഷോഭിപ്പി ക്കുവാനും വേദനിപ്പിക്കുവാനും ആനന്ദിപ്പിക്കുവാനും. ഒരു കൊച്ചുകുഞ്ഞിന്റെ ഹൃദയനൈർമ്മല്യമുൾക്കൊള്ളുന്ന പാർവ്വതി അമ്മസാർ ഒരു കവയിത്രി ആയതിലത്ഭുതമുണ്ടോ?

പാർവ്വതിഅമ്മസാറിനു് അറുപതു തികയുന്നു എന്നറിഞ്ഞ പ്പോൾ അതു വിശ്വസിക്കാൻ തോന്നിയില്ല. അറുപതിന്റെ അനാരോഗ്യം ബാധിക്കാത്ത ആ ശരീരവും ഹൃദയവും എന്നും ആരോഗ്യപൂർണ്ണമായിത്തന്നെ വിലസാനിടവരട്ടെ. എന്നുമാ ത്രമേ ഈ എളിയ ശിഷ്യന്നു പ്രാർത്ഥിക്കാനുള്ളു!

# അനുഗൃഹീതകവയിത്രി

ഡാക്ടർ കുമാരൻ, മുട്ടം.

ഷഷ്ട്യബ്ദപൂർത്തിയാണ്. കലാസേവനത്തിൻെറയും ദേശാഭിമാനത്തിൻെറയും പ്രതീകമായ ഒരു മാന്യസഹോദരിയുടെ ഷഷ്ട്യബ്ദപൂർത്തിയാണ്. മലയാളസാഹിത്യത്തിൻെറ അനുസ്യൂതമായ പുരോഗതിക്കു നിർണ്ണായകമായ പങ്കുവഹിച്ച ഒരു അനുഗൃഹീതകവയിത്രിയുടെ ഷഷ്ട്യബ്ദപൂർത്തിയാണ്. സാഹിത്യമണ്ഡലത്തിൽ മാത്രമല്ല ജീവിതത്തിലെ അഭികാമ്യങ്ങളായ വിവിധ സാംസ്കാരികമണ്ഡലങ്ങളിലും പ്രശസ്തമായ സ്ഥാനമാർജ്ജിച്ച ഒരു പുണ്യശാലിനിയുടെ ഷഷ്ട്യബ്ദപൂർത്തിയാണ്. ജീവിതായോധനത്തിൽ അക്ഷീണവും അവ്യാഹതവുമായ പ്രയത്നത്താൽ താൻ വിഹരിച്ച ഭൗതികവും അധ്യാത്മികവുമായ സ്ഥാനങ്ങളിലെല്ലാം മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ശ്രീമതി മുതുകുളം പാർവ്വതിഅമ്മയുടെ ഷഷ്ട്യബ്ദപൂർത്തിയാണ്.

സന്തോഷമുണ്ട് അതിൽ ഭാഗഭാക്കാകുവാൻ; സംതൃപ്തിയുണ്ട് അതിന് ഭാവുകമാശംസിക്കുവാൻ.

എത്ര എത്ര ഷഷ്ട്യബ്ദപൂർത്തികളാണ് പ്രതിദിനം ഉത്ഭവിക്കുന്നത് ! അവയെല്ലാം 'ലോകമറിയാതുണ്ടായതോരാതെ' സാധാരണ സംഭവമായി നിർജ്ജീവമായി നിരർത്ഥകമായി തിരോധാനം ചെയ്യുന്നു. എന്നാൽ പ്രതിബന്ധങ്ങളുടെ ശക്തിയേറിയ പ്രതിരോധങ്ങളെ നിസ്തന്ദ്രയത്നത്താൽ തകർത്ത് ശ്രേയസ്സിൻെറ ഗിരിശൃംഗങ്ങളിലെത്തുന്ന അതീവ വിരളമായ മഹത്‌വ്യക്തികളുടെ ഷഷ്ട്യബ്ദപൂർത്തി ഒരു അസാധാരണ സംഭവമാണ്. അതിനുണ്ട് അത്ഭുതപൂർവ്വമായ ഒരു നവീനത്വം; അതിനുണ്ട് വർണ്ണോജ്ജ്വലമായ ഒരു പ്രഭാപ്രസരം; അതിനുണ്ട് അപ്രമേയമായ ഒരു അർത്ഥഗാംഭീര്യം.

അതെ. അങ്ങിനെയുള്ള മംഗളവും മാഹാത്മ്യവും നിറഞ്ഞ ഒരു പുണ്യദിനമാണ് ശ്രീ. മുതുകുളം പാർവ്വതി അമ്മയുടെ ഷഷ്ട്യ

ബ്ദപൂർത്തി. ഇന്നാട്ടുകാർ ആ ഷഷ്ട്യബ്ദപൂർത്തി ആഡംബരപൂർവ്വം ആഘോഷിക്കുവാനുള്ള കാരണം അതാണ്. ഇവിടെ മാത്രമല്ല കേരളത്തിന്റെ പല ഭാഗങ്ങളിലും ശ്രീ. പാർവ്വതിഅമ്മയുടെ ഷഷ്ട്യബ്ദപൂർത്തി കൊണ്ടാടുവാനുള്ള കാരണവും അതുതന്നെയാണ്. അമ്മമഹാറാണി മുതലായ മഹനീയവ്യക്തികളുടെ വിലയേറിയ പാരിതോഷികങ്ങൾ ശ്രീമതി പാർവ്വതിഅമ്മയ്ക്ക് ഇപ്പോൾ ലഭിക്കുവാനുള്ള കാരണവും മറ്റൊന്നല്ല.

ശ്രീ. പാർവ്വതി അമ്മയുടെ ബാല്യകാലജീവിതം ക്ലേശത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും കരിനിഴൽ വീശിയതായിരുന്നു എങ്കിലും അതു് സമാധാനത്തിന്റെയും, സമൃദ്ധിയുടെയും, സൗഭാഗ്യത്തിന്റെയും, ശാന്തിയുടെയും, ശ്രേയസ്സിന്റെയും,കേദാരമായി മാററുവാനും "അന്യജീവനുതകി സ്വജീവിതം ധന്യമാക്കു"വാനും ആ മഹതി ബോധപൂർവ്വം അനുഷ്ഠിച്ച സ്ഥിരയത്നത്തിന്റെ സംഭവബഹുലമാണ്; സ്തുത്യർഹവുമാണ്.

"ആരോത്തീഗതമായ കൊള്ളിയതിവർത്തിക്കും
വിളക്കാകുമെന്നു്."

വിജയശ്രീപരിലാളിതമായ വിദ്യാഭ്യാസത്തിനുശേഷം ഒരു അദ്ധ്യാപികയായി ജീവിതവൃത്തിയാരംഭിച്ച ശ്രീ. പാർവ്വതിഅമ്മയിൽ പിൽക്കാലത്തു് ശിഷ്യഗണങ്ങളുടെയും, സഹപ്രവർത്തകരുടെയും, ബഹുജനങ്ങളുടെയും നിർവ്യാജമായ സ്നേഹാദരങ്ങൾ സമാർജ്ജിച്ച പക്വമതിയും വാത്സല്യനിധിയുമായ ഒരു മാതൃകാദ്ധ്യാപികയെയും, വിപുലമായ പാണ്ഡിത്യവും സ്വച്ഛവും സരളവുമായ ആഖ്യാനരീതിയും രചനാകുശലതയും തികഞ്ഞ ഒരു കഥാകൃത്തിനെയും, പരിണതപ്രജ്ഞയും പ്രതിഭാശാലിനിയും വശ്യവചസ്സുമായ പ്രസംഗകയെയും, വിവേകിയും കർമ്മകുശലയുമായ ഒരു കേരളസാഹിത്യ അക്കാഡമി അംഗത്തേയും, ഭാവനാസമ്പന്നയും ധിഷണാശാലിനിയും പ്രകൃതിനിരീക്ഷണപടുവുമായ ഒരു കവയിത്രിയേയും, ദേശാഭിമാനിയും മനുഷ്യസ്നേഹിയും അപ്രമേയ പ്രഭാവയുമായ ഒരു സാംസ്കാരിക നായികയേയുമാണ് ലോകം സഹർഷം ദർശിച്ചതു്.

അദ്ധ്യാപനത്തിൽ ശ്രീ. പാർവ്വതി അമ്മയ്ക്കുള്ള കഴിവു് അസൂയാർഹമാണു്. മലയാളഭാഷാസാഹിത്യങ്ങളുടെ പോഷണത്തിൽ ശ്രീ. പാർവ്വതി അമ്മയ്ക്കുള്ള സ്ഥാനം ശ്ലാഘനീയമാണു്. പ്രസംഗകലയിൽ ശ്രീ. പാർവ്വതി അമ്മയ്ക്കുള്ള പാടവം പ്രശംസനീയമാണു്. വിവർത്തനവിഷയത്തിൽ ശ്രീ. പാർവ്വതി അമ്മയ്ക്കുള്ള പ്രാഗത്ഭ്യം വിസ്മയനീയമാണു്. കവിതാരചനയിൽ ശ്രീ. പാർവ്വതിഅമ്മയ്ക്കുള്ള കെല്പു് അന്യാദൃശവുമാണു്.

ഭാസുരമായ പ്രതിഭാവിലാസം, ഓജസ്സും സ്നിഗ്ദ്ധതയുമുള്ള ഭാഷാശൈലി, ഔചിത്യമേറിയ ഘടനാസംവിധാനം, അനവദ്യമായ രസാവിഷ്കരണം, മർമ്മസ്പർശിയായ വിമർശനം, ഹൃദയസ്പൃക്കായ വിവരണങ്ങൾ, സരളമധുരമായ ആഖ്യാനം, നിതാന്തനിർമ്മലമായ ദീർഘവീക്ഷണം ഇവയെല്ലാം ശ്രീ. പാർവ്വതിഅമ്മയ്ക്കുള്ള നൈസർഗ്ഗികനിപുണതകളാണു്.

സ്വകപോലകല്പിതങ്ങൾകൊണ്ടു മാത്രം ശ്രീ. പാർവ്വതിഅമ്മയുടെ ബൃഹത്തായ ജ്ഞാനം അലംഭാവമാന്നില്ല. അനുഗൃഹീതമഹാകവി കുമാരനാശാനെ തുടർന്നുള്ള 'ശ്രീബുദ്ധചരിതം' ഉത്തരാർദ്ധത്തിന്റെ വിവർത്തനം ശൈലിയിലും, അഴകിലും, ആശയത്തിലും അഭേദ്യമായി അയത്നലളിതമായ ഭാഷയിൽ സമർത്ഥമായി നിർവ്വഹിച്ച വിദുഷി പാർവ്വതിയമ്മ അഭിജ്ഞലോകത്തെ അത്ഭുതാനന്ദരസങ്ങൾക്കു വിധേയരാക്കി.

ഏററം പ്രഗത്ഭനായ വിശ്വസാഹിത്യസമ്രാട്ടു് മഹാകവി ടാഗോറിന്റെ വിശിഷ്ട കലാശില്പമായ ഗീതാഞ്ജലിയുടെ വിവർത്തനം പണ്ഡിതവരേണ്യന്മാരെപ്പോലും വിസ്മയാധീനരാക്കി.

വിശേഷോത്തരമാഹാത്മ്യം കലർന്ന ശ്രീമത് ഭഗവത് ഗീതയുടെ അക്ലിഷ്ടസുന്ദരമായ വിവർത്തനം ശ്രീ. പാർവ്വതി അമ്മയുടെ അഗാധമായ പാണ്ഡിത്യത്തിന്റെയും 'ക്ഷീണിക്കാത്ത മനീഷ'യുടെയും മധുരോജ്ജ്വലമായ കവനകലാചാതുര്യത്തിന്റെയും ക്രമാനുഗതമായ വികാസത്തിന്റെയും അചഞ്ചലമായ ചിന്താധീരതയുടെയും നിസ്സീമമായ ഭക്തിപ്രചുരിമയുടെയും മകുടോദാഹരണമാണു്. ഗീതാവിവർത്തനം കേരളത്തിന്റേതായ വൃത്തത്തിലും സുന്ദരശൈലിയിലും ഇദംപ്രഥമസൃഷ്ടിയാണു്. മൂലകൃതിയുടെ

അർത്ഥത്തിനോ ആശയത്തിനോ ഗ്ലാനിസംഭവിക്കാതുള്ള അ വിവർത്തനം മലയാളത്തിനു ലഭിച്ച വിലയാന്നതും വിശിഷ്ടവും അവിസ്മരണീയവുമായ ഒരു സാഹിത്യസമ്പത്താണ്; മലയാള ഭാഷയുടെ വിലപ്പെട്ട നേട്ടവുമാണ്.

അന്യാദൃശമായ ജീവകാരുണ്യത്തിൻെറ മൂർത്തീഭാവം—അപ്ര തിരോദ്ധ്യമായ ഉൽക്കർഷേച്ഛയുടെ നിരങ്കുശപ്രവാഹം—അച ഞ്ചലമായ ചിന്തയുടെ ഉറവിടം—അക്ഷീണമായ കർമ്മകുശലത യുടെ കേളീരംഗം—അപ്രതിഹതമായ ധർമ്മതല്പരതയുടെ ആവാ സകേന്ദ്രം—അനിതരസാധാരണമായ ആത്മസംയമനത്തിൻെറ ഗരിമാവ്—സുപരീക്ഷിതമായ സദാചാരനിഷ്ഠയുടെ ആശ്രയ കേന്ദ്രം. ഇവയെല്ലാമാണ് ശ്രീ. പാർവ്വതി അമ്മയുടെ അനർഘ ജീവിതം.

അനാഡംബരവും വിനീതവുമായ ജീവിതത്തിൽ അത്യുന്ന തവും ശ്രേഷ്ഠവുമായ ചിന്ത! ഹ്രസ്വവും പരിമിതവുമായ ശിക്ഷ ണത്തിൽ അതിവിസ്തൃതവും അഭിലഷണീയവുമായ വിജ്ഞാനം! ഇവയാണ് ശ്രീ. പാർവ്വതി അമ്മയുടെ അത്ഭുതാവഹമായ മഹ ത്വങ്ങൾ.

ശ്രീ. പാർവ്വതി അമ്മയുടെ എല്ലാം എല്ലാമായിരുന്ന പ്രിയ സഹോദരൻെറ അകാലദേഹവിയോഗത്തിനുശേഷം വാസഗേ ഹം പുരുഷസംരക്ഷണമില്ലാത്തതെങ്കിലും ഒരു പുണ്യാശ്രമതുല്യം ശാന്തവും സംതൃപ്തവും പരിശുദ്ധവുമാണ്; അനപത്യയെങ്കിലും ഔരസസന്താനങ്ങളെപ്പോലെ സ്നേഹിച്ചും ലാളിച്ചും സസുഖം സംരക്ഷിക്കപ്പെടുന്ന വളർത്തുമക്കളുടെ കേളീരംഗമാണ്. അവ രെല്ലാം ശ്രീ. പാർവ്വതി അമ്മയെപ്പോലെ ഉൽക്കർഷേച്ഛുക്കളും ശോഭനശീലരുമാണ്.

ഏവം വിധം വിവിധ ജീവിത മണ്ഡലങ്ങളിൽ ഔന്നത്യവും സൗഭാഗ്യവുമിയലുന്ന ശ്രീ. മുതുകുളം പാർവ്വതിഅമ്മ ഭാവിതലമു റയ്ക്കും കേരളത്തിനും പ്രകാശവും പ്രചോദനവും പ്രബുദ്ധതയും വർഷിച്ച് ആരോഗ്യസമ്പൽസമൃദ്ധിയോടും "ശോകാശങ്കയെ ഴാത്ത ശുദ്ധസുഖാ"നുഭവങ്ങളോടുംകൂടി സുചിരം ശോഭിക്കുവാൻ നിത്യനായകൻ കടാക്ഷിക്കുമാറാകട്ടെ.

# ആശാന്റെ ശിഷ്യ

എം. ഒ. ജോസഫ്, നെടുങ്കുന്നം

കഴിഞ്ഞ തലമുറയിൽ ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ മഹാകവിത്രയങ്ങൾ ഇരുന്നിരുന്ന പീഠങ്ങൾ സാഹിതീ ക്ഷേത്രത്തിൽ ഇന്നും ഒഴിഞ്ഞുകിടക്കുകയാണ്. അവയിൽ ചാടി ക്കയറി ഇരിക്കുവാൻ കണ്ണും നട്ട കാവൽകിടക്കുന്ന ചിലരുണ്ടെ ന്നുള്ളതു് വിസ്മരിച്ചുകൊണ്ടല്ലാ ഇങ്ങനെ പറയുന്നതു്. തങ്ങൾ മഹാകവികളാണെന്നു് അവരും, നിങ്ങൾ കവികളേ അല്ലെന്നു വേറെ ചിലരും വാദകോലാഹലം മുഴക്കിക്കൊണ്ടിരിക്കുന്നതി നിടയിൽ, ആർക്കെങ്കിലും അവിടെ കയറി ഇരിക്കാനോ, ആരെ യെങ്കിലും കയററി ഇരുത്താനോ ഇതേവരെ സാധിച്ചിട്ടി ല്ലെന്നേയുള്ളു. സ്ത്രീപുരുഷ സമത്വത്തിൻെറ ഇക്കാലത്തു് ചുററുമൊന്നു നോക്കാതെ കയറിയിരിക്കുന്നതും ബുദ്ധിപൂർവ്വകമാ യിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, തങ്ങൾക്കുമിണങ്ങും ആ കസേരകളെന്നു കരുതി ചില കവയിത്രികൾ, സ്വന്തകഴി വിനെമാത്രം ആശ്രയിച്ചുകൊണ്ടു് മുന്നോട്ടു വന്നിട്ടുണ്ടു്.

അവരിൽ ശ്രീമതിമാരായ മേരിജോൺ തോട്ടം (സിസ്റ്റർ മേരീ ബനീഞ്ജാ), മുതുകുളം പാർവ്വതിഅമ്മ, ബാലാമണിഅമ്മ എന്നിവർ മുൻപന്തിയിൽതന്നെ നില്ക്കുന്നു. (ഇവരെ ത്രിമൂർത്തിനി കൾ എന്നു പറയാമോ?) ഇവരിൽ പ്രായംകൊണ്ടു ജ്യേഷ്ഠത്തി യായ സിസ്റ്റർ ബനീഞ്ജാ രണ്ടുവർഷംമുൻപു ഷഷ്ട്യബ്ദപൂ ർത്തി ആഘോഷിച്ചു എന്നതു മിക്കവരും അറിഞ്ഞുകാണുകയില്ല. ശ്രീമതി ബാലാമണിയമ്മയ്ക്കു് ആ ഭാഗ്യം കൈവരണമെങ്കിൽ ഇനി അഞ്ചാറുകൊല്ലങ്ങൾക്കൂടി കഴിയണം. ശ്രീമതി പാർവ്വതി അമ്മയാകട്ടെ, ഇതാ ഒരു മദ്ധ്യവർത്തിനിയായി ആ അറുപതാം പിറന്നാൾ ആഘോഷിക്കുന്നു. മേരി ജോൺ വളരെ മുൻപു തന്നെ "ലോകമേ യാത്ര"യും പാടി "സ്വർഗ്ഗീയസ്വയംവര" വും കഴിച്ചു് ഒരു കന്യകാലയമതിൽക്കെട്ടിനുള്ളിൽ മറഞ്ഞു. ബാലാമണിയമ്മ ഒരു "കുടുംബിനി"യും "അമ്മ"യുമായി ഗൃഹ

ത്തിനുള്ളിൽ കഴിഞ്ഞുകൂട്ടുന്നു. പാർവ്വതിഅമ്മയാകട്ടെ, വീണ്ടും മദ്ധ്യവർത്തിനിയായി, ഗൃഹത്തിൽതന്നെ താമസിച്ചുകൊണ്ട് ഒരു സന്ന്യാസിനിയെപ്പോലെ വർത്തിക്കുന്നു.

വളർച്ചയെ സഹായിക്കുന്ന പ്രധാനഘടകങ്ങളിലൊന്നു് പരിതഃസ്ഥിതിയാണ്. മലയാളസാഹിത്യത്തെസംബന്ധിച്ചിടത്തോളം അതിനൊരു പ്രത്യേക പ്രാധാന്യമുണ്ടുതാനും. പിന്നിൽ ഒരു സ്തുതിപാഠകസംഘമോ, പ്രചരണത്തിനു സ്വന്തമായി പത്രങ്ങളോ ഇല്ലാത്തവൎക്ക്, അവരെത്രതന്നെ ഉൽകൃഷ്ടമതികളായിരുന്നാലും, മലയാളസാഹിത്യത്തിൽ അംഗീകാരവും പ്രശസ്തിയും ലഭിക്കുക വളരെ പ്രയാസമാണ്. ഇവയൊക്കെ സ്വാധീനത്തിലുള്ള ഭാഗ്യവാന്മാരുടെ ദോഷങ്ങൾ മൂടി ഗുണങ്ങൾ പർവ്വതീകരിക്കപ്പെട്ടുമ്പോൾ, ഈ ഭാഗ്യങ്ങളില്ലാത്തവരുടെ ഗുണങ്ങൾ ശ്രദ്ധിക്കപ്പെടാതെ അണുമാത്രദോഷങ്ങൾപോലും പർവ്വതീകരിക്കപ്പെട്ടുന്ന ഒരു ദൂഷിച്ച പ്രവണത നമ്മുടെ നാട്ടിലുണ്ട്. മലയാളത്തിലെ പല സാഹിത്യചരിത്രഗ്രന്ഥങ്ങളും ഇതിനു് ഉത്തമസാക്ഷികളായി ഇന്നു നിലകൊള്ളുന്നു.

ഈ വസ്തുതകളാലോചിക്കുമ്പോൾ, ഇന്നു ഷഷ്ട്യബ്ദപൂർത്തി കൊണ്ടാടുന്ന ശ്രീമതി പാർവ്വതിഅമ്മയെ അകമഴിഞ്ഞു അഭിനന്ദിക്കാതെ തരമില്ല. പ്രചരണകല്ലോലങ്ങളിൽപ്പെട്ടല്ലാ, സ്വന്തമായ വാസനയേയും മേധാശക്തിയേയും പരിശ്രമശീലത്തേയും ഹസ്താവലംബമാക്കിക്കൊണ്ടാണ്, അവർ സാഹിതീക്ഷേത്രത്തിലേക്കു കടന്നുവന്നതും മുൻപന്തിയിലെത്തിയതും. നേരത്തേ കയറി മുൻപിൽ നിന്നവർ, സംതൃപ്തിയോടെയല്ലെങ്കിലും, വഴിയൊഴിഞ്ഞുകൊടുക്കുവാൻ പ്രേരിതരായെന്നുമാത്രം. സ്ത്രീകളെഴുതുന്ന ഉത്തമകൃതിക്കുള്ള സമ്മാനം തലേക്കൊല്ലം കൊടുത്ത സാഹിത്യഅക്കാദമി, പിറേറക്കൊല്ലം തരേണ്ടതു തനിക്കാണെന്നു വന്നപ്പോൾ, കൊടുക്കേണ്ടെന്നു തീരുമാനിച്ചതിൽ, അവരുടെ മുഖത്തുനോക്കി വെട്ടിത്തുറന്നു കുറേ കാൎയ്യങ്ങൾ പറഞ്ഞ ശ്രീമതി പാർവ്വതിയമ്മയുടെ ആത്മധൈൎയ്യവും അഭിപ്രായധീരതയും മററു പലരിലും കണ്ടെന്നു വരികയില്ല.

ശ്രീമതി പാർവ്വതിയമ്മ കുമാരനാശാന്റെ ഒരു വിനീതശിഷ്യയാണെന്നു രണ്ടു പന്തീരാണ്ടിനപ്പുറം മഹാകവി ഉള്ളൂർ ശ്ലാഘിക്കുകയുണ്ടായി. അവർ ആശാന്റെ ഒരു പ്രൗഢശിഷ്യയാണെന്നു പന്ത്രണ്ടുകൊല്ലംമുമ്പ് 'മീര'യുടെ അവതാരികയിൽ ശ്രീ കെ. ആർ. കൃഷ്ണപിള്ളയും സമർത്ഥിച്ചു. താൻ വെട്ടിത്തുറന്ന പാതയിലൂടെ മുന്നേറിയ തന്റെ ശിഷ്യരിൽ (അല്ലാത്തവരിലും) പ്രമുഖയാണ് പാർവ്വതിയമ്മയെന്ന് ആശാൻ ഇന്ന് അഭിമാനിക്കുന്നുണ്ടായിരിക്കണം. ആശാനെ പിൻതുടരുവാനുള്ള ആവേശമല്ലേ ആശാൻ തർജ്ജമചെയ്ത "ശ്രീബുദ്ധചരിത" ത്തിന്റെ ഉത്തരാർദ്ധം തർജ്ജമചെയ്യാൻ ശ്രീമതി പാർവ്വതിയമ്മയെ പ്രേരിപ്പിച്ചതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ശ്രീ. എൻ. ഗോപാലപിള്ള പറയുന്നതുപോലെ "ആശാന്റെ ആസ്വാദ്യമായ ശൈലീഭംഗി അവൾക്ക് ആവോളം അധീനമായിട്ടുണ്ടെന്നുള്ളതിനു് ഈ ബുദ്ധചരിതം ഉത്തരാർദ്ധം ഉത്തമ ദൃഷ്ടാന്തമാണ്."

ശ്രീമതി പാർവ്വതിയമ്മ മലയാളസാഹിത്യത്തിൽ മാഞ്ഞുപോകാത്ത പദമുദ്ര പതിച്ചുകഴിഞ്ഞിരിക്കുന്നു. ഗദ്യത്തിലും പദ്യത്തിലും മാത്രമല്ല, നാടകത്തിലും വിജയപൂർവ്വം അവർ തൂലികാചലനം നടത്തിയിട്ടുണ്ട്. എന്നാൽ അവരുടെ ഏററവും പ്രശസ്തകൃതി, ഒരു തർജ്ജമയാണെങ്കിൽതന്നെ ശ്രീമദ് ഭഗവത് ഗീതയാണെന്ന് എനിക്കു തോന്നുന്നു. (അഭിപ്രായവ്യത്യാസമുള്ളവർ ക്ഷമിക്കട്ടെ.) ഗീതയ്ക്കു മനോഹരങ്ങളായ പല വ്യാഖ്യാനങ്ങളും മലയാളത്തിലുണ്ടായിട്ടുണ്ടെങ്കിലും, നല്ല ഒരു പദ്യപരിഭാഷ ഇതേവരെ ഉണ്ടായിട്ടുണ്ടോയെന്നു സംശയമാണ്. നിരണത്തു മാധവപ്പണിക്കരുടെയോ, കുഞ്ഞിക്കുട്ടൻതമ്പുരാന്റെയോ തർജ്ജമയെ വിസ്മരിച്ചുകൊണ്ടല്ലാ ഇങ്ങനെ പറയുന്നതു്.

മഹാഭാരതത്തിന്റെ മനോഹരമായ ഒരു പരിവർത്തനം മലയാളികൾക്കു സംഭാവനചെയ്ത തുഞ്ചത്താചാര്യർ എന്തുകൊണ്ടു് ഗീത പരിഭാഷപ്പെടുത്തിയില്ലായെന്നതു് അത്ഭുതകരമായിരിക്കുന്നു. പ്രദാനപദംതന്നെ പരിഭാഷപ്പെടുത്തേണ്ട ഗീത

തന്റെ ഭാരതസംഗ്രഹത്തിൽ മുഴച്ചുനില്ക്കുമെന്നു കരുതിയായിരിക്കാം അദ്ധ്യാത്മചിന്താധുരന്ധരനും ഭക്തശിരോമണിയുമായ ആചാര്യർ ഈ ഉൽകൃഷ്ടസൂക്തത്തിൽ കൈവെക്കാതിരുന്നതു്. എന്നാലും എഴുത്തച്ഛന്റെ തൂലികയിൽനിന്നു് ഒരു ഗീതാപരിഭാഷ ലഭിച്ചിരുന്നെങ്കിൽ എന്നു പലരും ആശിച്ചുകാണും. അവരെ ഏതാണ്ടു് സംതൃപ്തിപ്പെടുത്തുവാൻ തനിക്കു സാധിച്ചിരിക്കുന്നുവെന്നു് പാർവ്വതിഅമ്മയ്ക്കു ന്യായമായി അഭിമാനിക്കാം.

നിരണത്തു മാധവപ്പണിക്കരാണു് ആദ്യമായി ഭഗവത് ഗീത കേരളീയഭാഷയിലേയ്ക്കു വിവൎത്തനം ചെയ്തതെന്നു തോന്നുന്നു. 18 അദ്ധ്യായങ്ങളിലായി 700 ശ്ലോകങ്ങളടങ്ങിയ ഗീത 328 ശീലുകളായി പണിക്കർ പരിഭാഷപ്പെടുത്തി. തമിഴും സംസ്കൃതവും മലയാളവും ഇടകലൎന്ന സാക്ഷാൽ നിരണം ശൈലിയിലുള്ള ആ പരിഭാഷയ്ക്കു സാഹിത്യവിഷയകമായി പ്രാധാന്യമുണ്ടെങ്കിലും മലയാളികളുടെ ഇടയിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല, ലഭിക്കുമെന്നു തോന്നുന്നുമില്ല. മഹാഭാരതം പദാനുപദം പരിഭാഷപ്പെടുത്തിയ കുഞ്ഞിക്കുട്ടൻതമ്പുരാൻ ഗീതാഭാഗവും തൎജ്ജമചെയ്തിട്ടുണ്ടെങ്കിലും, തനിച്ചു് അച്ചടിച്ചിട്ടില്ലാത്തതുകൊണ്ടായിരിക്കാം അതിനും വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല.

ശ്രീ: ജി. ശങ്കരപ്പിള്ള പറയുന്നതുപോലെ, "കേരളീയന്റേതായ വൃത്തത്തിലും ശൈലിയിലും ഒരു ഗീതാതൎജ്ജമ ഇന്നുവരെ ഉണ്ടായിട്ടില്ലായെന്ന കുറവു നികത്താൻ ശ്രീമതി പാർവ്വതി അമ്മ പ്രയത്നിച്ചു; അതു ഫലിക്കുകയുംചെയ്തു. മൂലകൃതിയിലെ ആശയങ്ങൾക്കു യാതൊരു മാററവും വരുത്താതെ അയത്നലളിതമായ ഭാഷയിൽ തൎജ്ജമചെയ്യുവാൻ സാധിച്ചതു ഗ്രന്ഥകൎത്ത്രിയുടെ അതിരുകവിഞ്ഞ ഭഗവത്ഭക്തിയും ജന്മസിദ്ധമായ കലാവാസനയുംകൊണ്ടുമാത്രമാണു്" ഭഗവത്ഗീതപോലെയുള്ള ഒരു പ്രാമാണികഗ്രന്ഥം ആശയത്തിനു് അല്പവും ഏററക്കുറച്ചിൽവരാതെ തൎജ്ജമചെയ്യേണ്ടതാണു്. മിക്കവാറും പദാനുപദമായിത്തന്നെ അതു തൎജ്ജമചെയ്ത ഗ്രന്ഥകൎത്ത്രിയെ അഭിനന്ദിച്ചേ മതിയാവൂ. ഗീതയുടെ അൎത്ഥമഹിമയ്ക്കും ഭംഗിയ്ക്കും

ലോപംതട്ടാത്തവിധം ശ്ലോകത്തിനു ശ്ലോകമായി വിവത്തനം ചെയ്യുവാനും അവക്കു കഴിഞ്ഞിട്ടുണ്ട്.

ശ്രീമതി പാർവ്വതിയമ്മയുടെ പരിഭാഷ ഇതരതജ്ജിമകളുമായി ഒന്നുതട്ടിച്ചു നോക്കുന്നതു രസകരമായിരിക്കും.

"ധമ്മക്ഷേത്രേ കുരുക്ഷേത്രേ
സമവേതാ യുയുത്സവഃ
മാമകാഃ പാണ്ഡവാശ്ചൈവ
കിമ കുവ്ത സഞ്ജയ! (മൂലം)

"വരമൊരു പുണ്യക്ഷേത്രമനത്തിനു
വരമാകിന്ന കുരുക്ഷേത്രത്തിൽ
പരികരിതേർകാലാളൊടു നാമും
പാണ്ഡവരും ചെയ്തവയെന്റെന്റതു
അരചൻ ധൃതരാഷ്ട്രൻ ചോദിച്ചള-
വമ്പേറിയ സഞ്ജയനുരചെയ്താൻ".
(നിരണം തജ്ജമ)

ധമ്മക്ഷേത്രം കുരുക്ഷേത്രം
പുക്കുപോരിന്നൊരുങ്ങിയോർ
എൻക്കൂട്ടരും പാണ്ഡവരു-
മെന്തേ ചെയ്തതു സഞ്ജയ."
(കുഞ്ഞിക്കുട്ടൻ തമ്പുരാൻ)

"ധമ്മക്ഷേത്രമാം കുരുക്ഷേത്രസംഗരഭൂവി-
ലമ്മഹാരണമാശിച്ചൊരുപോൽ സമ്മേളിച്ചു
നമ്മുടെ സുതർ; പാണ്ഡുപുത്രരുമെന്തുചെയ്തെ-
ന്നുണ്മയിലുരചെയ്ക സഞ്ജയ! സവിസ്തരം".

ശ്രീ. പാർവ്വതിയമ്മയുടെ തജ്ജമ അത്ഥപുഷ്കലവും മനോഹരവുമാണെന്നു സഹൃദയക്കു ബോദ്ധ്യമാകുന്നതാണ്. മൂലകൃതിയുടെ ആശയത്തിന് അല്പവും കോട്ടംതട്ടാത്തവിധം തജ്ജമ ചെയ്യുവാൻ സാധിച്ചതിൽ അവർ അഭിനന്ദനമർഹിക്കുന്നു.

ഭഗവത്ഗീതയും ബുദ്ധചരിതവും വായിച്ചപ്പോഠം, എന്തുകൊണ്ടു ശ്രീമതി പാൎവ്വതിയമ്മ ശ്രീനാരായണഗുരുസ്വാമികളെപ്പററി ഒരു മഹാകാവ്യം രചിച്ചില്ലായെന്നു ഞാൻ ആലോചിക്കുകയായിരുന്നു. എഡ്വിൻ അർന്നോഠഡിൻെറ പൗരസ്ത്യദീപമാണല്ലോ യഥാൎത്ഥത്തിൽ ശ്രീബുദ്ധനെ ലോകത്തിനു പരിചയപ്പെടുത്തിക്കൊടുത്തതു്. ശ്രീനാരായണഗുരുസ്വാമികളെപ്പററി അത്തരമൊരു ഐതിഹാസികകാവ്യം രചിക്കുന്നതിനു, സ്വാമികളെ അടുത്തറിയുകയും അവിടുത്തെ ശിഷ്യാത്വം വരിക്കുകയും ചെയ്തിട്ടുള്ള പാർവ്വതിയമ്മയോളം മററാൎക്കും ഇന്നു സാധിക്കുമെന്നു തോന്നുന്നില്ല. ഈ വസ്തുത ശ്രീമതി പാൎവ്വതിഅമ്മയുടെ ശ്രദ്ധയിൽ പെടുത്തുവാൻ ഈ അവസരം ഞാൻ വിനിയോഗിച്ചുകൊള്ളട്ടെ.

ഈ അരുപതാം പുറന്നാളിൽ ശ്രീമതി പാൎവ്വതിയമ്മയ്ക്കു ഞാൻ സകലഭാവുകങ്ങളും ആശംസിക്കുന്നു. അവരുടെ വാക്കുകളിൽതന്നെ നമുക്കു പ്രാൎത്ഥിക്കാം.

> "പ്രസന്നഭാവം, പരിതുഷ്ടി, യാത്മ-
> വിശുദ്ധിയെന്നീ ഗുണരശ്മിവീശി
> ലസിക്ക നീ മഞ്ജുലതേ, ജഗത്തിൻ
> പ്രശസ്തമാം മാതൃകയായി നീണാഠം."

# മതചിന്തകം

ഇടമറുക്

ശ്രീ കുഞ്ഞിരാമൻനായരെപ്പററി സാധാരണ 'ഭക്തകവി' എന്നു പറയാറുണ്ട്. വാസ്തവമാണുതാനും. നമ്മുടെ ചുററുപാടിലെ സ്വാത്ഥതല്പരതയും അഴിമതിയും കണ്ടു കണ്ടു് മടുത്തു് അനല്പ മനുഷ്യൻ കാല്പനികമായ ഒരു അദ്ധ്യാത്മലോകത്തിൽ അഭയംതേടി. എസ്കേപ്പിസമെന്നോ, പരാജയപ്രസ്ഥാനമെന്നോ എന്തെങ്കിലും നാം പറയുക. അതിൽ അദ്ദേഹത്തിനശേഷം പരാതിയില്ലെന്നു പരക്കെ അറിയപ്പെട്ടുന്നുണ്ട്. ശ്രീ. മുതുകുളം പാവ്വതിഅമ്മയെ സംബന്ധിച്ചും ഇതൊക്കെ ശരിയാണു്. അവർ അജ്ഞേയററം മതത്തിന്റെ പ്രേരകശക്തിയിൽ വിശ്വസിക്കുകയും ആ ശക്തി കവിതയിൽക്കൂടി പ്രകാശിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. മഹാകവി കുമാരനാശാനെപ്പോലെ ശ്രീനാരായണ സന്ദേശത്തിൽ ആകൃഷ്ടയായാണു് ശ്രീമതി മുതുകുളം പാവ്വതി അമ്മയും രംഗത്തുവന്നതു്. ജാതിവിദ്വേഷമോ, മതവിദ്വേഷമോ ഏതുമില്ലാത്ത ആ തത്ത്വശാസ്ത്രം അവരുടെ ഹൃദയാന്തരാളത്തോളം ചുഴിഞ്ഞിറങ്ങുകയും, കവിതയുടെ എല്ലാവശത്തും അതിന്റെ നിഴൽ വിരിക്കുകയും ചെയ്യു. അമ്പലവും പള്ളിയും അവിടങ്ങളിലെ ചടങ്ങുകളും ആ മതചിന്തകയെ അത്ര അധികം ആകർഷിക്കുന്നു. അവിടെയെല്ലാം സത്യവും സൗന്ദര്യവും ദർശിച്ചതുകൊണ്ടാവാം, കവിതകളിലങ്ങോളമിങ്ങോളം മരണത്തിന്റെ രഹസ്യവും ജീവിതത്തിലെ കരച്ചിലും കാണുന്നതു്.

'അശ്രുകുടീരം' അവ്യാജമനോജ്ഞവും, ദുഃഖപര്യവസായിയുമായ ഒരു ഖണ്ഡകാവ്യമാണു്.

കവയിത്രിയുടെ ഉന്നതമായ പദപ്രയോഗസാമത്ഥ്യവും, ഭാവനകളും ഇതിൽ വ്യക്തമായിക്കാണാം. ഭക്തയായ മീരയുടെ സ്തോത്രഗീതത്തെപ്പററി അവർ എഴുതിയിരിക്കുകയാണു്:—

"ഒട്ടുകഴിഞ്ഞതപ്പോളാമലർക്കാവൊരു
പാട്ടിൻ മണിവീണയായി മാറി

വിഷ്ടപമാകവേ മൂകമായ് ശ്രദ്ധിച്ചാ-
മട്ടോലും ഗാനത്തിൻമഞ്ജുരാഗം

വൃന്ദാവനവാസി നീലക്കാർവർണ്ണനെ
സുന്ദരിമീരയപ്പൂവനത്തിൽ
അന്യൂനഭക്തിയാലാവിഷ്കരിച്ചതായ്
തോന്നിപ്പോയ് നിന്ന ജനത്തിനാകെ."

ഇതുപോലെ നിസർഗ്ഗസുന്ദരങ്ങളായ എത്രയെത്ര ഭാഗങ്ങൾ 'അശ്രുകുടീര'ത്തിൽനിന്നും, 'ശ്രീബുദ്ധചരിത'ത്തിൽനിന്നും,'മാതൃവിലാപ'ത്തിൽനിന്നുമെല്ലാം എടുത്തു പറയാനുണ്ട്. പലപ്പോഴും ഒരു ചിത്രകാരൻെറ സാമത്ഥ്യവും, ഈരടികളിൽ പ്രകടിപ്പിക്കുവാൻ അവക്ക് അത്യധികമായ വാസനയുണ്ട്. മാതൃവിലാപത്തിൽ ഒരു പെൺകുട്ടിയെ വർണ്ണിച്ചിരിക്കുന്നതു് എത്ര ഭംഗിയായെന്നു നോക്കുക:—

"കെട്ടുപാവാടയുടുത്തൊരു നീലപ്പൂ-
മ്പട്ടുജാക്കററു ധരിച്ചു ഭംഗ്യാ
ചട്ടററമാലയും സ്വർണ്ണവളകളും
തുഷ്ടിയിൽ ചെമ്മേയണിഞ്ഞൊരുങ്ങി

പിന്നിയ കാർകൂന്തൽ തീരെയലക്ഷ്യമായ്
പിന്നിലേക്കിട്ടു നിവന്നിരുന്നു
തന്നോമൽപങ്കജദക്ഷിണഹസ്തത്തെ-
യന്യമാം ഹസ്തത്തിൻമീതെചേത്തു"

ഒരു വിലാപകാവ്യമാണെങ്കിലും ഇതിൽ പാർവ്വതിഅമ്മയുടെ ഹൃദയപരിശുദ്ധിയും സ്വഭാവനൈമ്മല്യവും വ്യക്തമായിക്കാണാം.

മതപരങ്ങളായ അവരുടെ വീക്ഷണഗതികൾ ഒട്ടുമുക്കാലും കൃതികളിൽ പ്രകാശിപ്പിച്ചിട്ടുണ്ടെങ്കിലും ഒരിക്കലും അതു വിരസമായിത്തീന്നിട്ടില്ല. ഉപദേശരൂപത്തിലുള്ള ഒരു ബുദ്ധമത കഥയുടെ വിവത്തനമാണു കമ്മഫലം. വളരെക്കാലം സെക്കൻഡുഫോറത്തിൽ നോൺഡിട്ടയിലായിരുന്ന ആ പുസ്തകം അതിനു മറെറാരുദാഹരണമാണ്. ഒരു വിവത്തക എന്ന നിലയിൽ ശ്രീമതി പാർവ്വതിഅമ്മയുടെ കഴിവുകൾ തെളിഞ്ഞു കാണുന്നതു്

എഡ്വിൻആർനോൾഡിൻെറ 'ഏഷ്യാദീപത്തി'ൻെറ തർജ്ജമയിലാണ്. കുമാരനാശാൻ പകുതിയാക്കിവച്ച ആ വിവർത്തനം മുഴുമിപ്പിച്ചതിന്നു നാം തീർച്ചയായും ആ അനുഗൃഹീതകവയിത്രിയോടു കടമപ്പെട്ടിരിക്കുന്നു. ഒന്നാംതരം കവിതകളിലൂടെ എക്കാലവും ജീവിക്കുന്ന ഒരു സാഹിത്യകാരിയായിക്കഴിഞ്ഞുവെന്ന് ശ്രീമതി പാർവ്വതിഅമ്മയ്ക്കു് അഭിമാനിക്കാം.

കായംകുളത്തിന്നടുത്ത മുതുകുളം എന്ന സ്ഥലത്തെ പുരാതനമായ ഒരു ഈഴവതറവാട്ടിൽ ശ്രീ. രാമപ്പണിക്കരുടേയും വെളുമ്പി അമ്മയുടേയും മകളായി 1079 മകരം 15-ാനു ശ്രീമതി പാർവ്വതി അമ്മ ജനിച്ചു. ഒന്നരവയസ്സിൽ പിതാവു മരിച്ചുപോയി. പിന്നീടു സ്വസഹോദരൻെറ ലാളനയിലാണ് വളൎന്നു വന്നതു്.

സഹോദരനായ നാരായണപ്പണിക്കർതന്നെയാണ് അവരെ എഴുത്തിനിരുത്തിയതും ആദ്യപാഠങ്ങൾ പഠിപ്പിച്ചതും. കഷ്ടിച്ചു കൂട്ടിവായിക്കാൻ പഠിച്ചശേഷം ശ്രീമതി മുതുകുളം പ്രൈമറി സ്കൂളിലും തുടൎന്ന് കീരിക്കാട്ടു വി. എം. ജി. സ്കൂളിലും ചേൎന്നു പഠിച്ചു. ഏഴാംക്ലാസ്സു പാസ്സായതിനുശേഷം പാർവ്വതിഅമ്മ ഹയറിനു പഠിക്കാനായി നേരേ കൊല്ലത്തിനുപോയി. അവിടെ ശ്രീമതി മേരീജോൺ തോട്ടം അവരുടെ സഹപാഠിയായിരുന്നു. കൊല്ലത്തുനിന്ന് ഹയറും തിരുവനന്തപുരം ട്രെയിനിംഗ്കോളേജിൽനിന്ന് ട്രെയിനിംഗും മദ്രാസ് യൂണിവേഴ്സിററിയിൽനിന്നു വിദ്വാൻ പരീക്ഷയും പാസ്സായ അവർ 1107-ൽ ഗവൺമെൻറു മിഡിൽസ്കൂളിൽ ഒരു അദ്ധ്യാപികയായി ചേൎന്നു. ദക്ഷിണതിരുവിതാംകൂറിലെ മിക്ക വിദ്യാലയങ്ങളിലും സമർത്ഥമായി അദ്ധ്യാപനം നൽകിയിട്ടുള്ള പാർവ്വതിഅമ്മസാർ കുട്ടികളുടെ ആരാധനാപാത്രമാണ്. നാട്ടിലെ മിക്ക ചെറുപ്പക്കാരും അവരുടെ കുട്ടികളാണ്. എന്തു ഭക്തിയോടെയാണോ അവർ വന്ദ്യയായ ആ അദ്ധ്യാപികയെ സ്മരിക്കുന്നതു്.

ശ്രീനാരായണഗുരുസ്വാമികളുടെ ഉപദേശങ്ങളിൽ അങ്ങേയററം ലീനയായിക്കഴിയുന്ന പാർവ്വതിഅമ്മ ഇന്നും അവിവാഹിതയാണ്. ഇതു നിങ്ങൾക്കൊരു പുതിയ വാർത്തയാണില്ലേ? വാസ്തവം, അവരെ നേരിൽ കാണുന്നതിനുമുമ്പ് ഞാനുമൊരു വിവാഹിതയായി എങ്ങനെയോ സങ്കല്പിച്ചിരുന്നു.

"വണ്ടിൻനിറത്തിലിരുണ്ടു ചുരുണ്ടേററം
നീണ്ടു പനംകുലപോലുലയും
കണ്ടിവാർകേശം പുറകിലഴിഞ്ഞാടി"

കിടക്കുന്ന സുവൎണ്ണത്തിനൊക്കുന്ന പട്ടുപൂമേനിയുള്ള ഒരു പ്രൗഢയായ മാതാവിനെ പ്രതീക്ഷിച്ചുകൊണ്ടാണ് ഞാൻ പഞ്ചാരവിരിച്ച മുററത്തുകൂടി ആ വീട്ടിലേക്കു കടന്നുചെന്നതു്. എന്നാൽ ആനന്ദമതാദ്ധ്യക്ഷയായ യോഗിനിദേവിയുടെരൂപത്തിലുള്ള ഒരു സ്ത്രീ വന്ന് എന്നെ സ്വീകരിക്കുമ്പോൾ അതു് അനുഗൃഹീതകവയിത്രിയായ മുതുകുളം പാൎവ്വതിയമ്മയാണെന്ന് എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. പക്ഷേ അവിടെക്കഴിച്ചുകൂട്ടിയ ഒന്നൊന്നര ദിവസങ്ങൾക്കുള്ളിൽ അവർ എൻെറ മുമ്പിൽ ഒരു അത്ഭുതമായി മാറി. അവ്യവാഹിതത്വം തീൎത്തുവച്ച ക്രൗര്യമോ,ലോകവിദ്വേഷമോ ലേശവും ഇല്ലാത്ത സുചരിതയും ഭക്തയുമാണു് ആ സ്ത്രീ. ഒരു വ്യക്തിയുടെ ഹൃദയാന്തരാളത്തിലുള്ള ആഹ്ലാദാനുഭൂതികളെ പുറത്തെടുത്തു അതിനെയാണ് സൗന്ദൎയ്യമെന്നു വിളിക്കേണ്ടതെന്നു "കസിൻസു" പറഞ്ഞിട്ടുള്ളതു ശരിയാണെങ്കിൽ അവർ സുന്ദരിയാണ്. ക്ഷണികമായ ശബളിമയിൽ അല്ലെങ്കിലെന്തു കാൎയ്യം?

പന്ത്രണ്ടാമത്തെവയസ്സുമുതൽ ശ്രീമതി പാൎവ്വതിഅമ്മ കവിതയെഴുതാനാരംഭിച്ചിരുന്നു. എങ്കിലും കൊല്ലത്തു താമസിച്ചിരുന്നപ്പോഴാണ് അതിനു വികസിക്കാൻ സൗകൎയ്യം കിട്ടിയതു്. അന്നു് അവരുടെ സഹപാഠികളായിരുന്ന മുണ്ടയ്ക്കൽ ശ്രീ. ലക്ഷ്മി അമ്മ, മേരിജ്ജോൺതോട്ടം എന്ന വിദ്യാൎത്ഥിനികൾ അസാമാന്യമായ കവിതാവാസന പ്രകടിപ്പിച്ചിരുന്നു. ആ കുട്ടികൾ അന്നു പരസ്പരം കത്തുകൾ മാറിയിരുന്നതും കവിതയിലായിരുന്നത്രേ! ഒരിക്കൽ പാൎവ്വതിഅമ്മയോടു് ഏതോ ഒരു കൂട്ടുകാരി ധിക്കാരം പറഞ്ഞതുകൊണ്ടുള്ള സങ്കടംകൊണ്ടു് വിദ്യാലയത്തിൻെറ ഒരു മൂലയിൽ കുത്തിയിരുന്നു് അവർ കരയുകയായിരുന്നു. പെട്ടെന്നു കടന്നുവന്ന മേരി ചോദിച്ചു:—

"കൂട്ടം മൃദുത്വമിയലുന്നൊരു പൂവിലോ ഹാ
ചൂടുള്ള വെള്ളമൊഴുകേണ്ടതു പണ്ഡിതേ ചൊൽ"

അതിനു പാൎവ്വതിഅമ്മ മറുപടിപറഞ്ഞു:—

ക്രുട്ടുന്നതാപമകതാരിലലച്ചിട്ടമ്പോൾ
ചൂട്ടുള്ള ബാഷ്പമൊഴുകില്ലി? കഥിക്ക തോഴി!

നോക്കൂ, മുളയിലേതന്നെ ആ കുരുന്നുകൾ എത്ര സജീവങ്ങളായിരുന്നുവെന്നു്. കാലചക്രഭ്രമത്തിൽ ഈ പൂങ്കുയിലുകൾ വേർപിരിഞ്ഞു. എങ്കിലും അവരുതിക്കുന്ന ഗാനമാധുരി ആരെയാണു പുളകച്ചാർത്തണിയിക്കാത്തതു്? വളരെ നേരത്തെ എഴുതിത്തുടങ്ങിയെങ്കിലും അവരുടെ പതിനെട്ടാമത്തെ വയസ്സിലാണു് അവരുടെ ആദ്യത്തെക്കവിത പ്രസിദ്ധീകരിച്ചതു്. 'ശാരദാ' മാസികയിൽ യഥാർത്ഥജീവിതം എന്നു് ആദ്യത്തെ കവിത പ്രസിദ്ധീകൃതമായപ്പോൾതന്നെ അനുഗൃഹീതയായ ഈ കവയിത്രി മഹാകവി കുമാരനാശാൻെറ ദൃഷ്ടിയിൽപ്പെട്ടു. അദ്ദേഹത്തിൻെറ നിർലോഭമായ പ്രോത്സാഹനവും സഹായവും പാർവ്വതിഅമ്മയെ ഉത്തേജിപ്പിച്ചു. അവർ ധാരാളമായി എഴുതുകയും ചെയ്തു. ഉള്ളൂരും, പി. കെയും അവരെ അനുഗ്രഹിച്ചു. പാഠപുസ്തകങ്ങളായി പല പുസ്തകങ്ങളും അംഗീകരിക്കപ്പെട്ടു. അങ്ങനെ സാവധാനത്തിൽ വളൎന്നുവന്നു് അവർ ഇന്നു പടൎന്നു പന്തലിച്ച ഒരു പൂമരമായി സാഹിത്യാരാമത്തിൽ വിരാജിക്കുന്നു. കുറെക്കൊല്ലങ്ങൾക്കുമുമ്പു് സാഹിത്യഅക്കാദമി അംഗമായും അവരെ അംഗീകരിച്ചു് ഗവണ്മെൻറു ബഹുമാനിച്ചു.

ശ്രീ ചിത്തിരമഹാരാജവിജയം, ധൎമ്മബലി, കൎമ്മഫലം, ശ്രീനാരായണമാർഗ്ഗം, ബുദ്ധചരിതം, ഉദയപ്രഭ, അശ്രുകുടീരം, മാതൃവിലാപം, ഭുവനദീപിക, അഹല്യ, ഭാരതീയവനിതകൾ, ഗീതാവിവൎത്തനം, രണ്ടു ദേവതകൾ തുടങ്ങി പതിനാറിലധികം ഗ്രന്ഥങ്ങൾ ശ്രീ പാർവ്വതിഅമ്മയുടേതായി നമുക്കു ലഭിക്കാനുണ്ടു്. വാരികാപത്രങ്ങളിൽനിന്നും തെരഞ്ഞെടുത്താൽ രണ്ടുമൂന്നു കവിതാസമാഹാരങ്ങൾക്കുള്ള മാററർ വേറെയും കാണും. ഇപ്പോൾ കുട്ടികൾക്കുവേണ്ടിയുള്ള ഒരു പുസ്തകം എഴുതിക്കൊണ്ടിരിക്കുകയാണു്. ശ്രീ പാർവ്വതിഅമ്മയിൽ നിന്നു കൈരളിക്കു പലതും പ്രതീക്ഷിക്കാം. ഈ ഷഷ്ടിപൂൎത്തിവേളയിൽ അവൎക്കു സകല മംഗളങ്ങളും ഞാൻ ആശംസിച്ചുകൊള്ളുന്നു.

## ആശംസകൾ

കൃതികളഖിലരും ചേണ്ണെന്നകകണ്ടേപ്രനവാത്ത്രം
മുത്തുകുളമമരും സൽക്കാവ്യകല്യാണ മൂത്തേ!
കുതുകമൊടവിട്ടത്തെ ഷഷ്ടിപൂത്ത്യുത്സവത്തി-
ന്നതുലവിജയമാശംസിപ്പു ഞാൻ; അസ്തുഭവ്യം!

നല്ലമുട്ടം പത്മനാഭപിള്ള.

★

അതുലവാസന, മാധുരി, വാണിതൻ
പുതുമ, സദ്രസ, മത്ഥമൊഴുക്കി,ദം
കുതുകമാക്കുമണച്ചു ജയിയ്ക്കണേ!
"മുത്തുകുളംവര സാഹിതി" മേൽക്കുമേൽ!!

അവികലം കളഗാനസുധാരസാൽ-
ക്കവിതതൻ സുമവാടിയനാരതം
ഭവികമാണ്ണൊരു നന്ദനമാക്കുമാ-
റിവിടെ വാഴ്ക! ചിരം സുരശാരികെ!

ഏറ്റുമാന്നൂർ എം. എസ്സ്. കുമാരൻനായർ

---

# നല്ലപ്പച്ചി.

ഡി. എസ്സ്. പൊന്നമ്മ.

"മൂകംകരോതി വാചാലം
പംഗുംലംഘയതേഗിരിം.
യത്കൃപാതമഹം വന്ദേ
പരമാനന്ദമാധവം".

പുതപ്പിനുള്ളിൽ ചുരുണ്ടുകൂടി സുഖനിദ്രയുടെ അവസാന തുള്ളി മധുവാസ്വാദിച്ചുകഴിയുന്ന ഞാൻ നല്ലപ്പച്ചിയുടെ ഈ വരികൾ കേട്ടുകൊണ്ടാണ് സാധാരണ ഉണരുന്നതു്. രാത്രിയുടെ അന്ത്യയാമം ആരംഭിക്കുകയായിരിക്കും. പ്രകൃതിയിലെ'അലാറ' ങ്ങളായ പൂങ്കോഴികൾ അവയുടെ കാഹളധ്വനികൾ അങ്ങിങ്ങു മുഴക്കുവാനാരംഭിക്കുകയായിരിക്കും. ഉറക്കത്തിലാണ്ടു കഴിയുന്ന നാദപ്രപഞ്ചം 'പൂങ്കോഴിച്ചാത്തൻെറ' കൂവൽകേട്ടുണരുമ്പോൾ തന്നെ നല്ലപ്പച്ചി, വടക്കൻപാട്ടുകളിൽ പറയുമ്പോലെ"നിലവിളക്കുംകൊളുത്തിവച്ച്" പ്രാൎത്ഥന ആരംഭിക്കുകയായി. ആലസ്യത്തിൻെറ കൂടെപ്പിറവിയായ ഞാൻ ഈ പ്രാൎത്ഥനാഗാനത്തോടൊപ്പം വീണ്ടും നിദ്രാദേവിയുടെ മടിത്തട്ടിലേക്കു ചായുകയായിരിക്കും. കാരണം അന്നൊക്കെ ഈ പദ്യത്തിൻെറ ആന്തരാൎത്ഥം ഗ്രഹിക്കുന്നതിനുള്ള ധിഷണാശക്തിഎനിക്കില്ലെന്നുള്ളതായിരുന്നു. ഒടുവിലെനിക്കു പത്തുപന്ത്രണ്ടു വയസ്സായി. അന്നാണ് "കൎമ്മഫലം"രണ്ടാമതുതവണ സെക്കൻഡുഫോമിലെ ടെസ്റ്റായി അംഗീകരിച്ചതു്. അന്നു് തേഡ്ഫാറം വിദ്യാൎത്ഥിനിയായിരുന്ന എനിക്കു് അതു് ഒരു വലിയ സംഭവമായിരുന്നു. ഞാൻ ആനന്ദംകൊണ്ടു മതിമറന്നു. ഓടിക്കിതച്ചു വീട്ടിലെത്തി, അച്ഛനോടു സംഗതികൾ വിവരിച്ചുപറഞ്ഞു. എൻെറ സാറന്മാർ (അവരാണ് അന്നും ഇന്നും എനിക്കു മററാരെയുംകാൾ വലിയവർ) നല്ലപ്പച്ചിയുടെ പുസ്തകം പഠിപ്പിക്കുന്നു. അച്ഛാ! എൻെറ പുസ്തകം പഠിപ്പിക്കുന്നതെന്നായിരിക്കും?

അച്ഛൻ—അതിനു മോളു പുസ്തകമെഴുതിയോ?

ഞാൻ—എനിക്കുമൊരു പുസ്തകമെഴുതണം.

അച്ഛൻ—എഴുതണമെന്നു പറഞ്ഞാൽമതിയോ? അതിനു വലിയ പാടാണു്.

ഞാൻ—എന്തു പാടായാലും ശരി ഞാൻ സഹിച്ചുകൊള്ളാം. അച്ഛനൊന്നു പറഞ്ഞാൽ മതി (എൻെറ കുരുന്നു മനസ്സിൻെറ വിശ്വാസമതായിരുന്നു).

അച്ഛൻ—ശരി! ഇന്നുമുതൽ മോളൊരു കാര്യംചെയ്തോളൂ. നല്ലപ്പച്ചി ഉണരുമ്പോൾ ഉണരണം. ആ സമയത്തുതന്നെ കുളിക്കണം. എന്നിട്ടു് സരസ്വതിയെ ഭജിക്കണം.

ഞാൻ (തിടുക്കത്തിൽ) ഉടനെനിക്കു പുസ്തകമെഴുതാനൊക്കുമോ?

അച്ഛൻ—സാധിക്കും. പക്ഷേ പിന്നെയും കുറച്ചുകൂടി പഠിക്കണം.

ഞാൻ—എന്തുപഠിക്കണം?

അച്ഛൻ—സംസ്കൃതം (സംസ്കൃതത്തിൽ സാമാന്യ ജ്ഞാനമുണ്ടായിരുന്ന അച്ഛൻ വിദ്യാഭ്യാസം പൂർത്തിയാകണമെങ്കിൽ സംസ്കൃതം പഠിക്കണമെന്നു തികച്ചും വിശ്വസിച്ചിരുന്നു).

ഞാൻ--അയ്യോ അതിനിപ്പഴെന്താണു വഴി?

ആരോ കടന്നുവന്നതിനാൽ ഞാനവിടെനിന്നു നിഷ്ക്രമിച്ചു.

അക്കാലത്തു നല്ലപ്പച്ചി, ചെങ്ങന്നൂർ ഗേൾസ്ഹൈസ്കൂളിൽ ജോലിയായിട്ടിരിക്കയാണു്. അവധിക്കാലത്തു മാത്രമേ വീട്ടിലെത്തുകയുള്ളൂ. അപ്പോഴൊക്കെ ഞാൻ അന്ധമായി പ്രാർത്ഥനയും പാരായണവും നടത്തും. മൗനവും ഉപവാസവും നടത്തുന്ന നല്ലപ്പച്ചിക്കു ഞാൻ ചെയ്യുന്ന പൂജകളും പ്രാർത്ഥനകളും വളരെ പ്രിയപ്പെട്ടു. പക്ഷേ പുസ്തകമെഴുതാനുള്ള ലക്ഷ്യത്തിലാണു ഞാനിതൊക്കെ ചെയ്തതെന്നുള്ള വിവരം അച്ഛൻ പോലും പിന്നീടു മറന്നുപോയിരുന്നു. അതുപോകട്ടെ.

പ്രാർത്ഥനാപദ്യത്തിന്റെ അർത്ഥം നല്ലപ്പച്ചിയുടെ ജീവിതത്തിൽ ഊടും പാവുംപോലെ ഒത്തിണങ്ങിയിരിക്കുകയാണ്. "നരനു നരനശുദ്ധവസ്തുവായിക്കരുതി--തീണ്ടൽപ്പാട കലത്തുകൂടി നടക്കാൻ വിധികല്പിച്ചിരുന്ന ഒരു നാരകീയകാലഘട്ടത്തിൽ; അപരിഷ്കൃതമായ ഒരു കുഗ്രാമത്തിൽ—ഒരു അവർണ്ണസമുദായത്തിൽ നല്ലപ്പച്ചി ജനിച്ചു. പറയത്തക്ക പിൻബലമൊന്നുമില്ലാതെതന്നെ കലാക്ഷേത്രത്തിലേക്ക് അറച്ചും വിറച്ചും അടിവച്ചടിവച്ചു കടന്നുചെന്നു. വാനോളം പാടിപ്പുകഴ്ത്തിയ സഹൃദയവേഷധാരികൾ തന്നെ 'ജാതി' രാക്ഷസന്റെ കരാളദംഷ്ട്രകൾക്കുള്ളിൽ മയങ്ങിപ്പോകുന്നതിനാൽ പലപ്പോഴും കണ്ടാലും കാണാത്തഭാവം നടിച്ചു (പലരും ഹസ്താവലംബം നൾകിയെന്നുള്ളതും സത്യമാണ്.) പക്ഷേ ഒരു യഥാർത്ഥവിഷ്ണുഭക്തയായ നല്ലപ്പച്ചി ആപദ്ബാന്ധവനായ ഗോപികാനാഥനെ തന്റെ ഹൃദയക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് സാമുദായിക സാംസ്കാരികരംഗങ്ങളിലേക്ക് നിർഭയം നിസ്സന്ദേഹം കടന്നുചെന്നു. മൗനി വാചാലനാകുന്നപോലെയും മുടന്തൻ പർവ്വതം കടക്കുന്നപോലെയും സാഹിത്യക്ഷേത്രത്തിൽ അനശ്വരമായ വ്യക്തിമുദ്ര സ്വപരിശ്രമത്താൽ നല്ലപ്പച്ചി നേടിക്കഴിഞ്ഞിരിക്കയാണ്.

ഒരു പക്ഷേ സങ്കുചിതമതികൾ, സാഹിത്യാരാമത്തിലെ വാടാമലരെന്നു സമ്മതിക്കാൻ ഇഷ്ടപ്പെട്ടില്ലെന്നുവരാം. അവരോടു ഞാൻ പറയുകയാണ്, നല്ലപ്പച്ചിയുടെ ആയിരക്കണക്കിനുള്ള ശിഷ്യസഞ്ചയത്തിന്റെ ഹൃദയക്ഷേത്രത്തിൽനിന്ന് "ആ നല്ല ഗുരുനാഥയെ"—എന്റെ നല്ലപ്പച്ചിയെ ആർക്കും തുത്തുമായ്ച്ചുകളയുവാൻ സാദ്ധ്യമല്ലതന്നെ. ഈ അടുത്തകാലത്തുമാത്രം അദ്ധ്യാപകവൃത്തിയിൽനിന്ന് പിന്തിരിഞ്ഞ നല്ലപ്പച്ചിയുടെ ശിഷ്യകളില്ലാത്ത ഗൃഹങ്ങൾ തിരുവിതാംകൂറിൽ വിരളമാണ്. യാതൊരാഭരണങ്ങളും ധരിക്കാത്ത മോടിയുള്ള ഒററ വസ്ത്രംപോലും ധരിക്കാത്ത ഒരു ഭാഷാദ്ധ്യാപിക വിദ്യാർത്ഥികളുടെ ഇടയിൽ ചെലുത്തിയ വ്യക്തിപ്രഭാവം എത്രയെന്നു പറഞ്ഞറിയിക്കാവുന്നതല്ല.

ഗുരുശിഷ്യബന്ധം അനുനിമിഷം ശിഥിലമായിക്കൊണ്ടിരിക്കുന്ന ഈ നവീനയുഗത്തിലും, പുരാതന ഭാരതത്തിലെ ആചാര്യപാരമ്പര്യം പുലർത്തിപ്പോരാൻ സർവ്വാത്മനാ യത്നിക്കുന്ന ഒരു ഉത്തമഗുരുവും ഗുരുഭക്തയുമാണ് നല്ലപ്പച്ചി.

സ്ത്രീകൾ—സ്വർഗ്ഗനരകങ്ങൾ സൃഷ്ടിക്കുന്നതവരാണെന്ന് നല്ലപ്പച്ചി വിശ്വസിക്കുന്നു. സ്ത്രീയെന്തിലും മീതേ അവളുടെ ചാരിത്ര്യത്തെ മാനിക്കണമെന്നും ആയതു സംരക്ഷിക്കാൻ ജീവൻപോലും ഉപേക്ഷിക്കണമെന്നും സമയവും സന്ദർഭവും നോക്കാതെ ആരോടും വെട്ടിത്തുറന്നു പറയും. എന്തിനാണിങ്ങനെ കൂടെക്കൂടെ ആവർത്തിക്കുന്നതെന്ന് ആരാനും ചോദിച്ചാൽ മതി—പറയുകയായി—പത്തുപേരോട് പറഞ്ഞാൽ ഒരാൾ ശ്രദ്ധിച്ചെങ്കിലോ?

ആയിരം ഉപാദ്ധ്യായന്മാരെക്കാൾ ഒരു ആചാര്യനും;
ആയിരം ആചാര്യന്മാരെക്കാൾ ഒരു പിതാവും;
ആയിരം പിതാക്കന്മാരെക്കാൾ ഒരു മാതാവും;

ശിശുക്കളുടെ സ്വഭാവസംസ്കരണത്തിൽ ഉത്തരവാദിത്വം വഹിക്കേണ്ടതാണെന്ന് നല്ലപ്പച്ചി പറയുമ്പോൾ ശ്രോതാക്കളായ അമ്മമാർ സസന്തോഷം ആ അഭിപ്രായത്തോടു യോജിക്കുന്നതു് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്.

ശുചിത്വത്തിൽ ഇത്രയധികം നിഷ്കർഷയുള്ള ഒരു സ്ത്രീ വേറേ കാണുമോ എന്നു സംശയമാണ്. അറുപതിലെത്തിയിട്ടും അരോഗദൃഢഗാത്രയായിരിക്കുന്നതിന്റെ ഒരു രഹസ്യമതാണെന്നു തോന്നുന്നു.

12-ാമത്തെ വയസ്സുമുതൽ കേരളത്തിന്റെ നാനാഭാഗങ്ങളിലും തുടർച്ചയായി സഞ്ചരിക്കുന്ന നല്ലപ്പച്ചി ഒരിക്കലും ഒററയ്ക്കു പോയിട്ടില്ല. ആരെങ്കിലും ഒരു പെൺകുട്ടിയോടൊരുമിച്ചേ എത്ര ഹ്രസ്വയാത്രയും ചെയ്യുകയുള്ളൂ. രാജപ്രമുഖന്റെ 'അററ്ഹോമി'ലും സാഹിത്യ അക്കാദമിയുടെ യോഗങ്ങളിലും വനിതാസമാജവാർഷികങ്ങളിലും എന്നു വേണ്ടാ തൊട്ടയൽവക്കത്തേക്കു പോകണമെങ്കിലും ആരെങ്കിലും കൂട്ടുണ്ടായിരി

ക്കണം. അതാണെൻെറ ജീവിതത്തിലെ ഏററവും മഹത്താ യനേട്ടം. കേരളത്തിലെ എല്ലാ സാഹിത്യകാരന്മാരെയും സാഹിത്യകാരികളെയും മാത്രമല്ല മന്ത്രിമാരെയും ഉദ്യോഗപ്രമു ഖരെയും അടുത്തു കാണുന്നതിനും പരിചയപ്പെടുന്നതിനും ഇട യാക്കിയതു് നല്ലപ്പച്ചിയാണു് എന്നു പറയുമ്പോൾ എന്തു കൊണ്ടാണു് 'ഈ വിളി' എന്നു് വായനക്കാൎക്ക മനസ്സിലാകും.

ഞങ്ങളുടെ കുടുംബത്തിൻെറ അക്ഷയപാത്രമെന്ന നില യിലും എൻെറ സാഹിത്യാചാൎയ്യയെന്ന നിലയിലും നല്ലപ്പച്ചി നെടുനാൾ ജീവിച്ചിരിക്കാൻ ഭഗവാൻ ശ്രീനാരായണൻ അനു ഗ്രഹിക്കുമാറാകട്ടെ.

ഇങ്ങനെ ഒരു ഉപഹാരഗ്രന്ഥം അച്ചടിപ്പിക്കാനും നല്ല പ്പച്ചിക്കു സമർപ്പിക്കുവാനും തയ്യാറായ ഇന്നാട്ടിലെ പ്രബുദ്ധ രായ—സ്വരാജ്യപ്രേമികളായ കമ്മിററിക്കാൎക്കു്—വിശിഷ്യാ മുതുകുളം ഗംഗാധരൻപിള്ളയ്ക്കു് (അദ്ദേഹത്തിൻെറ ആവശ്യ പ്രകാരമാണു് ഞാനീലേഖനം കുത്തിക്കുറിച്ചിട്ടുള്ളതു്.) എ ൻെറയും ഞങ്ങളുടെ എല്ലാവരുടേയും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

---

# നിറവേററട്ടെ ശതാഭിഷേകയജ്ഞം

അയിരൂർ സി. മാധവൻപിള്ള

കവയിത്രിജയിപ്പു കൈരളി-
ക്കഭിമാനന്തികവേകിടും വിധം
അവിനാശയശോമതല്ലികാ
ഛവിതൂകും കൃതിതല്ലജങ്ങളാൽ.

പരിശുദ്ധി പുലന്നകന്യകാ
പദമന്യാദൃശമന്യ ദുർല്ലഭം
വരവാണിയെ വാണിദേവിതൻ
പരിചര്യ്യയ്ക്കു സമർഘയാക്കയായ്.

നിജ ജീവിതമാവിലേതരം
പരമദ്ധ്യാപിക വൃത്തിയായ് മുദാ
വിനയിച്ചു വിശിഷ്ടമാതൃക-
യ്ക്കുതകും ശിക്ഷണദക്ഷലക്ഷ്യമായ്.

വനിതാനിവഹത്തിനദ്ര്യവിദ്രപത്
വിരുദാലംകൃതയാദ്യയായ് ഭവിച്ചു
സുനിഷേവിതഷഷ്ടി പൂർത്തിയെപ്പോൽ
നിറവേററട്ടെ ശതാഭിഷേകയജ്ഞം.

ശ്രീമതി മുതുകുളം പാർവ്വതിഅമ്മയുടെ

# ജീവചരിത്രം

എൻ. രാഘവൻ, മഹോപാദ്ധ്യായ.

ജനനം:—പൊന്നിൻചിങ്ങമാസംപോലെതന്നെ കേരളീയരുടെ മറെറാരു പ്രധാന കൊയ്ത്തുകാലമായ മകരമാസത്തിലെ പ്രകാശപൂർണ്ണമായ ഒരു സുദിനത്തിലാണ് പാർവ്വതി അമ്മ ഭൂജാതയായത്. ശുക്ലപക്ഷത്തിലെ ഏകാദശിയുടെ ആദ്ധ്യാത്മികപരിമളം ലോകമെങ്ങും അലയടിച്ചുയർന്ന 1079 മകരം 15-ാംനു- വ്യാഴാഴ്ച ഏഴരനാഴിക വെളുപ്പുള്ളപ്പോൾ,

'ബ്രാഹ്മിമുഹൂർത്തമക്കുക്കുടസഞ്ചയം
ചെമ്മേയറിയിച്ച'പ്രശാന്തവേളയിൽ

സിംഹക്കരണവും ബ്രാഹ്മനാമനിത്യയോഗവും ചേർന്ന മകയിരം നക്ഷത്രമാണ് പാർവ്വതിയമ്മയ്ക്കു ജന്മമരുളിയത്. സരസ്വതീ ദേവിയുടെ നൃത്തംസമയത്തു ജനിച്ച മകൾക്ക് അത്യന്തം ശോഭനമായ ഒരു ഭാവിയുണ്ടായിരിക്കുമെന്ന് ജ്യോതിഷവിദ്യയിൽ സാമാന്യപരിചയം സിദ്ധിച്ചിരുന്ന പിതാവ് അന്നേ ദീർഘദർശനം ചെയ്തിരുന്നതായി പറയപ്പെടുന്നു.

ജനനസ്ഥലം:—തിരുവിതാംകൂറിന്റെ മദ്ധ്യസ്ഥിതമായ ആലപ്പുഴ ഡിസ്ട്രിക്ടിലെ കാർത്തികപ്പള്ളിത്താലൂക്കിൽ മുതുകുളം ഗ്രാമത്തിൽ പാണ്ഡവർകാവ് എന്ന പുരാതനപുണ്യക്ഷേത്രത്തിന് അരമൈൽ തെക്കുപടിഞ്ഞാറുള്ള പ്രശസ്ത കുടുംബമായ തട്ടക്കാട്ടുശേരിലാണ് പാർവ്വതിഅമ്മ ജനിച്ചത്. സ്വന്തമായി ക്ഷേത്രവും കളരിയുമുണ്ടായിരുന്ന പ്രസ്തുത ഭവനം ആഭിജാത്യവും ഉയർന്ന പാരമ്പര്യവും സമ്പദ്സമൃദ്ധിയുമുള്ള ഒരു പഴയ തറവാടാണ്.

മാതാവ്:—ഗുണവതിയും ദൈവഭക്തയും പുത്രവത്സലയുമായ വെളുമ്പിഅമ്മയാണ്. കാർത്തികപ്പള്ളിത്താലൂക്കിൽ ആറാട്ടുപുഴപ്പകുതിയിൽ നല്ലാണിക്കൽക്കണ്ടത്തിൽ എന്ന

കുബേരകുടുംബത്തിലെ ഒരംഗമാണ് വെളുമ്പിഅമ്മ. അറബിക്കടലിൻെറ തീരത്തു സ്ഥിതിചെയ്തിരുന്ന ആ പ്രശസ്ത കുടുംബത്തിൽ സുപ്രസിദ്ധരായ മാന്ത്രികന്മാരും വിദഗ്ദ്ധരായ ഭിഷഗ്വരന്മാരും പേരുകേട്ട കലാകാരന്മാരും ഉണ്ടായിരുന്നു. തുറയിലരചന്മാർപോലും ഈ കുടുംബത്തിലെ കാരണവന്മാരെ ബഹുമാനിച്ചിരുന്നെന്നു മാത്രമല്ല; കടലിൽനിന്നു ലഭിക്കുന്ന പ്രകൃതിയുടെ പ്രധാന ദാനമായ മത്സ്യസമ്പത്തിൽ ഗണ്യമായ ഒരു ഭാഗം അവക്കു കാഴ്ചവയ്ക്കുയും ചെയ്തിരുന്നത്രേ. ഈ അടുത്ത കാലംവരെയും ആ രീതി തുടൻ പോന്നിരുന്നതായും അറിയുന്നു. പക്ഷേ കവയിത്രിയുടെ ജനനകാലത്തു് പ്രഖ്യാതമായ കണ്ടത്തിൽകുടുംബം തകച്ച്യുടെ വക്കിലെത്തിച്ചേന്നിരുന്നു. കടലാക്രമണം ഇന്നത്തേതിനേക്കാഠം ഭീകരമായ രീതിയിൽ അന്നും തുടർച്ചയായി നടന്നുകൊണ്ടിരുന്നു. അതിൻെറ ഫലമായി നടപ്പാതകളും ക്ഷേത്രങ്ങളും പടിപ്പുരകളും മാത്രമല്ല, ലക്ഷക്കണക്കിനു പണം ചെലവാക്കി പണിയിച്ചിരുന്ന ഗംഭീര ഹമ്മ്യങ്ങഠംപോലും തകൻ നിലംപതിച്ചു. അങ്ങനെ കവയിത്രിയുടെ മാതൃകുടുംബത്തിലെ നൂറിലധികം ഏക്കർസ്ഥലവും ഉന്നതമായ അനവധി മാളികകളും അലയാഴിയുടെ അഗാധമായ ആഴത്തിൽ ചുരുങ്ങിയ കാലത്തിനുള്ളിൽ അലിഞ്ഞുകലൻ.

പിതാവു്:—ധീരനും പണ്ഡിതനും ആത്മാഭിമാനിയും പൊതുക്കാര്യപ്രസക്തനും നാട്ടിലെ പൌരപ്രമാണികളിൽ പ്രമുഖനുമായ തട്ടക്കാട്ടുശേരിൽ രാമപ്പണിക്കർ ആയിരുന്നു. ആശ്രിതവത്സലനായ ഇദ്ദേഹം സ്വന്തം പറമ്പുകളിൽ കുടിപാത്തിരുന്ന പാവങ്ങളോടും ജോലിക്കുവരുന്ന അയിത്തജാതിക്കാരോടും അത്യന്തം അലിവുകാണിച്ചിരുന്നു. തീണ്ടലും തൊടീലും ശക്തിയായി നിലനിന്നിരുന്ന അക്കാലത്തുപോലും പുലയസഹോദരങ്ങഠംക്കു് തിണ്ണയിലിരുത്തി ഭക്ഷണം കൊടുക്കാൻ അദ്ദേഹം മടികാണിച്ചിരുന്നില്ല. പഴയ മാമൂലുകളെയും അനാചാരങ്ങളേയും തകത്തു തരിപ്പണമാക്കാൻ അദ്ദേഹം അശ്രാന്തപരിശ്രമം നടത്തിയിരുന്നു. സ്വന്തം ആവശ്യങ്ങളെ ബലികഴിച്ചും കഷ്ടപ്പെടുന്ന സഹജീവികളെ സഹായിക്കാൻ അദ്ദേഹം സവ്ദാ സന്നദ്ധത കാണിച്ചിരുന്നു. അനീതിയുടെ മുമ്പിൽ ഒരിക്കലും

അദ്ദേഹം തലകുനിച്ചിരുന്നില്ല. ആരെയും കൂസ്സാത്ത തന്റേടം അദ്ദേഹത്തിന്റെ സഹജഗുണമായിരുന്നു. രാമായണം, ഭാരതം മുതലായ ഉൽകൃഷ്ടകൃതികൾ ഒരു തികഞ്ഞ പണ്ഡിതനായ അദ്ദേഹം പകൎത്തി ചിലൎക്ക സംഭാവനയായി നൽകിയിരുന്നു. പലരും അവ വിലയ്ക്കു കൊടുത്തിരുന്നതായും പറയപ്പെടുന്നു. പിതാവിന്റെ ഗുണങ്ങളും ശീലങ്ങളുമാണ് പാൎവ്വതിഅമ്മയിൽ തെളിഞ്ഞുകാണുന്നതെന്നു് അനുഭവസ്ഥർ പ്രസ്താവിക്കുന്നു.

സഹോദരീസഹോദരന്മാർ:—പാൎവ്വതിഅമ്മയ്ക്കു് ഒരു സഹോദരനും രണ്ടു സഹോദരിമാരും ഉണ്ടു്. സഹോദരൻ എല്ലാവരിലും മൂത്തയാളും സഹോദരിമാർ ജ്യേഷ്ഠത്തിമാരുമാണു്. രാമപ്പണിക്കരുടെ നാലു സന്താനങ്ങളിൽ കനിഷ്ഠസന്തതിയാണു് പാൎവ്വതിയമ്മ. സഹോദരങ്ങളെല്ലാം വിവാഹിതരാണു്. സഹോദരൻ അടുത്തകാലത്തു മരിച്ചുപോയി. മററുള്ളവർ സസുഖം വൎത്തിക്കുന്നു.

ബാല്യം:—ശ്രീമതി പാൎവ്വതിഅമ്മയുടെ ഒന്നരവയസ്സിൽ അപ്രതീക്ഷിതമായി നേരിട്ട ഒരു ഭീകരരോഗബാധയാൽ സ്നേഹസമ്പന്നനായ പിതാവു് അകാലചരമമടഞ്ഞു. അതിനാൽ പിതൃലാളന അനുഭവിക്കാൻ പാൎവ്വതിഅമ്മയ്ക്കു യോഗമുണ്ടായില്ല. എന്നു മാത്രവുമല്ല, സമ്പന്നനായ പിതാവിന്റെ ഓഹരിക്കപ്പെടാതിരുന്ന കുടുംബസ്വത്തുക്കൾ പാൎവതിയമ്മയ്ക്കോ സഹോദരങ്ങൾക്കോ അന്നത്തെ ദായക്രമമനുസരിച്ചു് ലഭിക്കാൻ സാദ്ധ്യതയുമില്ലായിരുന്നു. അങ്ങനെ പിതാവിന്റെ ചരമശേഷം സമൃദ്ധിയുടെ ശീതളച്ഛായയിൽനിന്നു് കഷ്ടതയുടെ എരിവെയിലിലേക്കു താമസം മാററാൻ വിധവയായ മാതാവും സഹോദരങ്ങളും നിർബ്ബന്ധിതരായി. വിധിഗതിമൂലം പിതാവിനാൽ നേരത്തേ ദത്തമായിരുന്ന ഒരു പെരുഭവനത്തിൽ അല്പസ്വല്പം ഭൂസ്വത്തുണ്ടായിരുന്നതിനെ ആശ്രയിച്ചു് അവർ അനന്തരജീവിതം നയിച്ചു. അന്നുമുതൽ മാതാവിന്റെയും പിതൃതുല്യനായ സഹോദരന്റെയും സംരക്ഷണയിലാണു് പാൎവതിഅമ്മ വളൎന്നതു്. ബാല്യകാലജീവിതം അത്യന്തക്ലേശജടിലമായിരുന്നുവെന്നു് പറയപ്പെടുന്നു.

വിദ്യാഭ്യാസം:-

മലയാളത്തിലും സംസ്കൃതത്തിലും പാണ്ഡിത്യമുണ്ടായിരുന്ന സ്വന്തം സഹോദരൻതന്നെയാണ് പാർവ്വതിയമ്മയെ എഴുത്തുതുടങ്ങിച്ചത്. ആദ്യകാലങ്ങളിൽ പഠിത്തത്തിൽ വലിയ വിമുഖത കാട്ടിയ കവയിത്രി ക്രമേണ വളരെവേഗം പാഠങ്ങൾ ഉരുവിടാനും എഴുത്താശാൻെറ പ്രീതി സമ്പാദിക്കാനും ഇടയായി. 'അക്ഷരം വിപ്രഹസ്തേന' എന്ന പ്രമാണം അന്വർത്ഥമാകുമാറ് പാഠശാലയിലെ ഒന്നാമത്തെ അദ്ധ്യാപകനായി ലഭിച്ച ശ്രീ. സുബ്ബയ്യർ ഒരു ഉത്തമനായ ഗുരുവായിരുന്നു. ഭാഷയ്ക്കു കൂടുതൽ മാർക്കുവാങ്ങുന്ന ആ കുട്ടിയോട് ഗുരുവിന് അളവററ വാത്സല്യമായിരുന്നു. അതിന് ആസ്പദമായ സംഭവം ഇതായിരുന്നു. മിന്നൽ—എന്ന പദം ചേർത്തൊരു വാചകം നിർമ്മിക്കാൻ ഗുരു കുട്ടികളോട് ആവശ്യപ്പെട്ടു. ആരും തൃപ്തികരമായ ഉത്തരം നൽകിയില്ല. എന്നാൽ കവയിത്രി അർത്ഥവ്യാപ്തിയോടെ വാചകം രചിച്ചു. അദ്ദേഹം ഒരു ജ്യോത്സ്യൻ കൂടി ആയിരുന്നു. സഹോദരനോടു കുട്ടിയുടെ നാളും പക്കവും ചോദിച്ചറിഞ്ഞിട്ട്—ഭാവി വളരെ ശോഭനമായിരിക്കുമെന്ന് അദ്ദേഹം പറയുകയുണ്ടായി.

മുതുകുളം വാരണപ്പള്ളി പ്രൈമറിസ്കൂളിൽ നിന്ന് പ്രശസ്തമായരീതിയിൽ വിജയം വരിച്ച് കീരിക്കാട്ട് വി. എം. സ്കൂളിൽ ചേർന്നു. അന്നത്തെ ഒരു സംഭവം പ്രത്യേകം സ്മരണാർഹമാണ്. ജാതിയുടേയും അയിത്തത്തിൻെറയും കാലമായിരുന്നല്ലോ അത്. കറുത്തുമെലിഞ്ഞ ഒരു കുട്ടിയായിരുന്നു കവയിത്രി. സവർണ്ണവിദ്യാർത്ഥിനികൾക്ക് അടുത്തിരുത്തുവാൻ ഇഷ്ടമില്ലെന്ന് അവർ തീർത്തുപറഞ്ഞു. പക്ഷേ നിയമം അവർക്കു പ്രതികൂലമായിരുന്നതിനാൽ പഠനം ആരംഭിച്ചു. ക്രമേണ കുട്ടിയുടെ മിടുക്കും ചുറുചുറുക്കുംകൊണ്ട് ആദ്യം വെറുപ്പു കാണിച്ചകൂട്ടർ തന്നെ ഉററചങ്ങാതികളായിത്തീർന്നു.

കീരിക്കാട്ടു സ്കൂളിലെ അന്നത്തെ ഹെഡ്മാസ്ററർ ഏവൂർ ശങ്കരപ്പിള്ള അവർകൾ ആദർശസമ്പന്നനായ ഒരു അദ്ധ്യാപകനായിരുന്നു. വിദ്യാർത്ഥിനികളുടെ കലാവാസനയെ

പോഷിപ്പിക്കുന്നതിനായി ബാലസമാജങ്ങൾ അദ്ദേഹം സംഘടിപ്പിച്ചിരുന്നു. അങ്ങനെ പത്താമത്തെ വയസ്സു മുതൽ കവയിത്രിക്കു പ്രസംഗിക്കാനുള്ള അവസരം ലഭിച്ചു. അന്നൊരിക്കൽ ഒരു വാർഷികസമ്മേളനത്തിൽ ഇംഗ്ലണ്ടിലെ പാർലമെൻററിൽ വാറൻഹേസ്റ്ററിംഗ്സിൻെറ എതിരായി പ്രസംഗിച്ച ബക്കിൻെറ ഭാഗം കവയിത്രി അഭിനയിക്കയുണ്ടായി. ഇംഗ്ലീഷ് അക്ഷരംപോലും പഠിക്കുന്നതിനുമുമ്പ് കാണാപ്പാഠം ഇത്ര ഭംഗിയായി ആരും പ്രസംഗിക്കുകയില്ലെന്ന് സഹപാഠികളും അദ്ധ്യാപകന്മാരും ഇന്നും അനുസ്മരിക്കാറുണ്ട്. 5–ാം ക്ലാസ്സിലെത്തിയതോടെ വർണ്ണനകളും വിവരണങ്ങളും സ്വന്തമായി സ്വാഭാവികമായി എഴുതാനാരംഭിച്ചു. പക്ഷേ കണക്കിൻെറ കാര്യത്തിൽ എന്നും പുറകിലായിരുന്നു. 7-ാം ക്ലാസ്സു പാസ്സായതോടെ ഒരു മാതൃകാ വിദ്യാൎത്ഥിനി എന്ന സ്ഥാനം കരസ്ഥമാക്കി.

14–ാമത്തെ വയസ്സിൽ 7-ാം ക്ലാസ്സ് ജയിച്ചെങ്കിലും സാമ്പത്തികപരാധീനതയാലും അടുത്തെങ്ങും സ്കൂളുകളില്ലാതിരുന്നതിനാലും പഠനം തുടരാൻ കഴിയാതെ ഒരു വർഷം വീട്ടിൽ കഴിഞ്ഞുകൂടാനിടയായി. അക്കാലം വെറുതേ കളഞ്ഞില്ലെന്ന് ഇന്നു സന്തോഷപൂർവ്വം സ്മരിക്കാൻ അവക്കിടനൽകി. സംസ്കൃത പഠനം ആരംഭിച്ചു. സംസ്കൃതത്തിൽ അഗാധപണ്ഡിതന്മാരായിരുന്ന ചേപ്പാട്ടു് അച്യുതവാരിയർ, ചാലിൽ വേലുആശാൻ, പത്മനാഭപ്പണിക്കർ എന്നിവരിൽനിന്നു ശ്രീരാമോദന്തം മുതൽ കുമാരസംഭവം, രഘുവംശം, മാഘം എന്നിവവരെയുള്ള സംസ്കൃതകാവ്യങ്ങൾ അഭ്യസിച്ചു. ഒരുദിവസം തന്നെ 50–ം 60–ം പദ്യങ്ങൾ കാണാതെ പഠിച്ചിരുന്നു. ശിഷ്യയുടെ ധിഷണാശക്തിയിൽ ഗുരുക്കന്മാർ എപ്പോഴും അത്ഭുതം കൂറിയിരുന്നു.

കൊല്ലം വി. എച്ച്. സ്കൂളിൽ ചേൎന്ന് വീണ്ടും പഠനം ആരംഭിച്ചു. അക്കാലത്താണ് മേരിജോൺ തോട്ടവുമായി പരിചയപ്പെട്ടതു്. മുണ്ടയ്ക്കൽ ലക്ഷ്മി, മയ്യനാട്ടു ലക്ഷ്മി എന്നീ സുഹൃത്തുക്കളുമൊത്തു് വളരെ ഉല്ലാസകരമായ ഒരു ജീവിതം നയിച്ചിരുന്നു. ഈ സുഹൃത്തുക്കൾ പരസ്പരം കത്തുകൾ എഴുതിയിരുന്നതു് പദ്യത്തിലായിരുന്നു. ഇന്നും സി: മേരീബെനീഞ്ജയു

മായി (മേരീജോൺതോട്ടം) എഴുത്തുകുത്തുകൾ നടത്തുന്നതു് പഴയരീതിയിലാണു്.

9-ാം ക്ലാസ്സ് പാസ്സായതോടെ അദ്ധ്യാപകവൃത്തി സ്വീകരിച്ചു. ആ ജോലിയിലിരിക്കുമ്പോൾത്തന്നെ മദ്രാസ് യൂണിവേഴ്സിററിയുടെ വിദ്വാൻ പരീക്ഷക്കെഴുതി പ്രശസ്തമായ രീതിയിൽ വിജയം വരിച്ചു. അതിനുപുറമേ ഹിന്ദി രാഷ്ട്രഭാഷാ, പോസ്ററു സാഹിത്യവിശാരദ് ബി. ഏ. എന്നീ പരീക്ഷകളും പാസ്സായിട്ടുണ്ടു്. തമിഴ്, ബംഗാളി എന്നീ ഭാരതീയ ഭാഷകളിലും സാമാന്യജ്ഞാനം സമ്പാദിച്ചിട്ടുണ്ടു്.

കാവ്യജീവിതാരംഭം:—വാസനാ കവിയായിരുന്ന മൂത്ത സഹോദരൻ നാരായണപ്പണിക്കരിൽ നിന്നാണു് കവിതയെഴുതാൻ കവയിത്രിക്കു പ്രേരണ ലഭിച്ചതു്. ഒരു സുബ്രഹ്മണ്യോപാസകനായിരുന്ന സഹോദരൻ ഭക്തിപരമായ ഗാനങ്ങൾ എഴുതി സഹോദരിയെക്കൊണ്ടു കാണാതെ പഠിപ്പിക്കുക പതിവായിരുന്നു. എസ്സ്. എൻ. ഡി. പി യുടെ ഒരു സജീവ പ്രവത്തകനായിരുന്ന സഹോദരൻ മീററിംഗുകൾക്കും മററുമായി അവസരകവിതകൾ നിർമ്മിക്കുന്നതു് കവയിത്രി അത്ഭുതത്തോടെ വീക്ഷിച്ചിരുന്നു. അതുപോലെ തനിക്കും ഒന്നെഴുതാൻ കഴിയുന്നതെന്നാണെന്നു് ആ കുട്ടി അന്നൊക്കെ ചിന്തിച്ചിരുന്നു. 12-ാമത്തെ വയസ്സിൽ കവിതയെഴുതാനവർ ആരംഭിച്ചതോടെ സഹോദരൻ കവിതാകാമിനിയോടു വിടചോദിച്ചു. കാരണം തൻെറ കവിത സഹോദരിയുടെ രചനയോടു കിടനില്ക്കുന്നില്ലെന്നു തോന്നിയതായിരുന്നെന്നു് അദ്ദേഹംതന്നെ ഈ ലേഖകനോടു പറഞ്ഞിട്ടുണ്ടു്. ദൈവീകമായ വിഷയങ്ങളെക്കുറിച്ചാണു് ആദ്യമൊക്കെ ഇവർ കവിതയെഴുതിയതു്. സരസ്വതീദേവിയായിരുന്നു അക്കാലത്തെ ഇഷ്ടദേവത. ഏഴരനാഴിക വെളുപ്പുള്ളപ്പോൾ കുളിച്ചു് സരസ്വതിയെ ധ്യാനിക്കണമെന്നു് ഭക്തനായ സഹോദരൻ ഉപദേശിച്ചിരുന്നു. ചില മന്ത്രങ്ങളും അദ്ദേഹംതന്നെ പഠിപ്പിച്ചിരുന്നു.

ആദ്യമായി പ്രസിദ്ധീകരിച്ച കവിത 'യഥാത്ഥ ജീവിതം' നോക്കുക:—

കാലമാം പെരിയ പാതതന്നിലീ
ലോകചക്രമുരുളുന്ന സത്വരം
ലോകരാംപഥികസഞ്ചയം വൃഥാ
മോഹമാർന്നതിലുഴന്നിടുന്നഹോ!
"എന്തുലോകഗതി, യെന്തിതിന്നെഴ–
ന്നന്തമെന്തുഗതി, യെന്തിതെന്നുമേ
ചിന്തിയാത ഭവസാഗരത്തിലായ്
നീന്തിടുന്ന മനുജാനപായം സദാ."

കാവ്യാദ്ധ്യാവിൽ:—മഹാകവി കുമാരനാശാനും ഉള്ളൂരും വള്ളത്തോളും ജീവിച്ചിരിക്കുന്ന കാലം. കവിതാലോകത്തേക്ക് എത്തിനോക്കാൻ ആരും മടിക്കുന്ന ആ സന്ദർഭത്തിൽ തൻെറ കാവ്യകലികയുമായി കവയിത്രി ആ രംഗത്തേക്കു കടന്നുചെന്നു. വിവേകോദയത്തിലെ 'സ്വപ്നദർശനം' എന്ന കവിത വായിക്കാനിടയായ മഹാകവി കുമാരനാശാൻ സാഹിത്യലോകത്തു് അനശ്വരമായ കീർത്തി സമ്പാദിക്കാൻ ഈ ഒററക്കവിത മതിയാകും എന്നു പ്രസ്താവിച്ചതു് സ്മരണീയമാണു്.

ഒരു വിലാപം— ആദ്യമായി പ്രസിദ്ധീകരിച്ച കൃതിയാണു്. മഹാകവി കുമാരനാശാൻെറ അകാലചരമത്തെ ആസ്പദമാക്കി രചിച്ച ഒരു ഖണ്ഡകാവ്യമാണു്.

ഉദയപ്രഭ—മഹാകവി ഉള്ളൂരിൻെറ ആസ്വാദ്യമായ അവതാരികയോടുകൂടി പ്രസിദ്ധീകരിച്ച ഒരു കവിതാ സമാഹാരമാണു്. സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ളി അപ്പൻ തമ്പുരാൻ എന്നിവരുടെ അഭിപ്രായങ്ങളോടുകൂട, യ ആ പുസ്തകം ഫോർത്തു്, ഫിഫ്ത്തു് എന്നീ ക്ലാസ്സുകളിലേക്കു് ഗവണ്മെൻറു് അംഗീകരിച്ചതുമായിരുന്നു.

കർമ്മഫലം—പാൾക്കാറസ്സ് എന്ന ഇംഗ്ലീഷു് സാഹിത്യകാരൻ എഴുതിയിട്ടുള്ള Karma എന്ന കൃതിയുടെ തർജ്ജമയാണു്. ഇതു് ബുദ്ധമതസംബന്ധമായ ഒരു കൃതിയാണു്. ഈ പുസ്തകം 112, 124 ഈ വർഷങ്ങളിൽ സെക്കൻെറ ഫോമിലെ ടെക്സ്ററായിരുന്നു.

ശ്രീ ചിത്തിരമഹാരാജവിജയം—ഖണ്ഡകാവ്യം. ക്ഷേത്രപ്രവേശനവിളംബരത്തെ ആസ്പദമാക്കി രചിച്ച ഒരു ഉൽകൃഷ്ടകൃതിയാണു്. അവൎണ്ണസമുദായത്തിൽ ജനിച്ച കവയിത്രി അതിൻെറ ത്ക്കതക ഫലങ്ങൾ പലപ്പോഴും അനുഭവിച്ചിട്ടുണ്ടു്. അങ്ങനെ അനുഭവത്തിൻെറ വെളിച്ചത്തിലെഴുതിയതിനാൽ ആ കൃതിക്കു് ആസ്വാദ്യത കൂട്ടുതലുണ്ടു്.

ഭുവനദീപിക—ദ്വിജേന്ദ്രലാൽ റായി ബംഗാളിയിലെഴുതിയിട്ടുള്ള 'നൂർജഹാം' എന്ന കൃതിയുടെ തൎജ്ജമയാണു്. ആ നാടകം ഇൻറർ മീഡിയററിനു ടെക്സ്ററായിരുന്നു.

ശ്രീബുദ്ധചരിതം—ഉത്തരാൎദ്ധം മഹാകവി കുമാരനാശാനവർകൾ രചിച്ച കൃതിയുടെ ബാക്കിഭാഗമാണു്. സംസ്കൃതകാളേജു പ്രിൻസിപ്പാൾ അവർകൾതന്നെ ആ വിവൎത്തനത്തിൻെറ അവതാരിക എഴുതി പ്രസ്തുത പരിശ്രമത്തിൻെറ വിജയം പ്രഖ്യാപിച്ചിട്ടുണ്ടു്. ശാസ്ത്രി, സാഹിത്യവിശാരദ് എന്നീ ക്ലാസ്സുകളിലേക്കു് ടെക്സ്ററായി അംഗീകരിച്ചിരുന്നു.

അഹല്യ—ദ്വിജേന്ദ്രലാൽ റായിയുടെ 'പാഷാണി' എന്ന നാടകത്തിൻെറ തൎജ്ജമയാണു്.

ധൎമ്മബലി—മാർത്തോമ്മാ ശ്ലീഹായുടെ ദുരന്തജീവിതത്തെ ആസ്പദമാക്കി എഴുതിയിട്ടുള്ള ഒരു നാടകമാണു്.

ശ്രീനാരായണമാൎഗ്ഗം—ശ്രീനാരായണപരമഹംസൻെറ ജീവിതത്തെ ആസ്പദമാക്കി ഡാക്ടർ നടരാജൻ എഴുതിയിട്ടുള്ള. 'Way of the Guru' എന്ന കൃതിയുടെ തൎജ്ജമയാണു്

ഗാനാഞ്ജലി—ഖണ്ഡകവിതകളുടെ സമാഹാരം.

കഥാമഞ്ജരി—കഥാസമാഹാരം.

അശ്രുകുടീരം-ഭക്തമീരയുടെ ദിവ്യസമാധിയെ ആസ്പദമാക്കി കവയിത്രി രചിച്ചിട്ടുള്ള ഏററവും മനോഹരമായ ഒരു ഖണ്ഡകാവ്യമാണു്. അതു് വിദ്വാൻ പ്രിലിമിനറിയുടെ

ടെക്സ്ററായി അംഗീകരിച്ചിരിക്കയാണ്. വാസ്തവത്തിൽ അതു കവയിത്രിയുടെ ജീവിതചിത്രീകരണമാണെന്നുതന്നെ പറയാം.

ഭഗവദ്ഗീത—ഗീതയ്ക്കു് പല വിവൎത്തനങ്ങളുണ്ടായിട്ടും സാമാന്യജനങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ലെന്നും അതിനാൽ ലളിതമായ ഭാഷയിൽ, സഹജമായ ശൈലിയിൽ അതിനൊരു വിവൎത്തനം പാൎവ്വതിഅമ്മ എഴുതിയേ മതിയാവൂ എന്നും സന്തതസഹചാരികളായ സുഹൃത്തുക്കളിൽനിന്നും ആരാധകന്മാരായ സഹൃദയരിൽനിന്നും നിരന്തരമായി ലഭിച്ച പ്രേരണയുടെ ഫലമായി എഴുതിയ കൃതിയാണ്. എഴുത്തച്ഛൻെറ കിളിപ്പാട്ടുരീതിയിൽത്തന്നെ രചിച്ചിരിക്കുന്ന ആ കൃതി പണ്ഡിതന്മാരുടേയും സാഹിത്യകാരന്മാരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചതിനു പുറമേ ഇക്കൊല്ലം വിദ്വാൻ ഫൈനലിനു ടെക്സ്റ്റായി അംഗീകരിച്ചിരിക്കുകയുമാണ്.

മാതൃവിലാപം—ഇതു് സ്വന്തം അദ്ധ്യാപികയായ ശ്രീമതി മേരീകോശിയുടെ ഏകപുത്രിയുടെ ദേഹവിയോഗത്തെ ആസ്പദമാക്കി രചിച്ച ഹൃദ്യമായ ഒരു വിലാപകാവ്യമാണ്. വാസ്തവത്തിൽ പുത്രദുഃഖമനുഭവിച്ചിട്ടുള്ള ഏതൊരാൾക്കും കണ്ണുനനയാതെ ആ കാവ്യം വായിച്ചുതീൎക്കാൻ സാദ്ധ്യമല്ലതന്നെ.

പൂക്കാരി:—സമ്മാനാർഹങ്ങളായ പല കവിതകളുടെയും മററു ചില കവിതകളുടെയും ഒരു സമാഹാരമാണ്.

ഗാനദേവത—കവിതാസമാഹാരം.

സേവ് ഇന്ത്യ—രാഷ്ട്രീയനാടകം.

രണ്ടു ദേവതകൾ—സരോജിനീനായിഡു; മാഡം ക്യൂറി എന്നീ മഹതികളുടെ ജീവചരിത്രത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഒരു കൃതിയാണ്. അതു് ഈ വർഷം സിക്സ്ത്തിലെ ടെക്സ്ററുബുക്കാണ്.

കൈവല്യനവനീതം, ഗീതാഞ്ജലി എന്നീ കൃതികളുടെ വിവൎത്തനങ്ങളും ശ്രീമതി പൂൎത്തിയാക്കിയിട്ടുണ്ടു്. ബാലവിക

തകളും മററു കവിതകളും പ്രസിദ്ധീകരിക്കാതെ ഇനിയും ധാരാളം ശേഷിക്കുന്നുണ്ട്.

പ്രോത്സാഹനസമ്മാനങ്ങൾ:—പല സംഘടനകളിൽനിന്നും ദ്രുതകവനമത്സരങ്ങളിലും പ്രസംഗമത്സരങ്ങളിലും വിജയം വരിക്കുകയും സമ്മാനം നേടുകയും ചെയ്തിട്ടുണ്ട്. എസ്. എൻ. ഡി. പി., സാഹിത്യപരിഷത്ത്, സഹോദരസമാജം എന്നീ സംഘടനകളിൽനിന്ന് സ്വർണ്ണമെഡലുകളും പ്രശംസാപത്രങ്ങളും പലപ്പോഴും ലഭിച്ചിട്ടുണ്ട്. അഞ്ചരക്കണ്ടിയിലെ ജനങ്ങൾ പണക്കിഴി സമ്മാനിച്ചതും, പ്രഗത്ഭ ഗദ്യകാരനും സാഹിത്യകാരനുമായ ശ്രീ. മൂർക്കോത്തു കുമാരൻ മംഗളപത്രം സമർപ്പിച്ചതും പ്രത്യേകം സ്മരണാർഹമാണ്.

ജീവിതരീതി:—ശ്രീമതി പാർവ്വതിഅമ്മ അവിവാഹിതയാണ്. 20-ാമത്തെ വയസ്സിൽ ശ്രീനാരായണഗുരുദേവനിൽനിന്ന് ഭക്തകളായ ഹിന്ദുസ്ത്രീകൾക്കുവേണ്ടിയുള്ള ഒരു ആശ്രമം സ്ഥാപിക്കുന്നതിനുള്ള കല്പന അവൾക്കു സിദ്ധിച്ചിരുന്നു. എന്നാൽ മാതാവിൻെറയും മററും കർശനമായ പ്രാതികൂല്യം നിമിത്തം പോകാൻ തരപ്പെട്ടില്ല. സ്വസഹോദരസന്താനങ്ങളോടൊത്തു പാർക്കുന്നെങ്കിലും വ്രതോപവാസങ്ങൾകൊണ്ട് പരിപൂതമാക്കിയതാണ് ആ ധന്യജീവിതം. കാഷായം ധരിക്കാത്ത സന്ന്യാസിനിയാണ് എന്നു പറയുന്നതിൽ തെററില്ല. ശ്രീനാരായണപരമഹംസൻെറ ശിഷ്യയാണെങ്കിലും ഒരു കൃഷ്ണഭക്തയാണ് പാർവ്വതിയമ്മ.

ശ്രീമതി ഖദർവസ്ത്രധാരിണിയാണ്. ഗാന്ധിജിയെ നേരിട്ടുകണ്ടതുമുതൽ ഇന്നോളം വസ്ത്രധാരണത്തിൽ യാതൊരു മാററവും വരുത്തിയിട്ടില്ലാത്ത-ആ ആദർശങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരു ഗാന്ധിഭക്തയാണ്.

സിനിമ, നാടകം, ഡാൻസ് തുടങ്ങിയ യാതൊന്നും കാണാറില്ല. വളരെ അപൂർവ്വമായി മററുള്ളവരുടെ നിർബ്ബന്ധത്താൽ അവരുടെ പ്രീതിക്കുവേണ്ടിക്കാണാറുണ്ട്. മതപ്രസംഗങ്ങൾക്കായി ആണ്ടുതോറും നിരവധി ക്ഷേത്രങ്ങൾ സന്ദർശിക്കുന്ന പാർവ്വതിയമ്മ ഒരു ക്ഷേത്രവിശ്വാസിയല്ലെന്നുള്ളതാണ്

സത്യം. അവർ ആഭരണം ധരിക്കാറില്ല. സ്വർണ്ണവും മണ്ണാണെന്നു കണക്കാക്കുന്ന ആ ധന്യ സാധാരണ സ്ത്രീകളോട് ആഡംബരത്തിൻെറ അനാവശ്യകതയെക്കുറിച്ചു പലപ്പോഴും പറയാറുണ്ട്. പക്ഷേ ശുചിത്വവും, വെടിപ്പും എപ്പോഴും ഉണ്ടായിരിക്കണമെന്നും പറയുക പതിവാണ്. അവരുടെ ശിഷ്യകളിൽ പലരും (പ്രഭുകുടുംബജാതർപോലും) അവരെ അനുകരിച്ച് ആഭരണങ്ങൾ ത്യജിച്ചിട്ടുണ്ട്.

തിരുവനന്തപുരം, ചെങ്ങന്നൂർ,മാവേലിക്കര, കീരിക്കാട്ട്, കായംകുളം തുടങ്ങിയ സ്ഥലങ്ങളിലായി 30-ൽപരം വർഷങ്ങളിൽ അദ്ധ്യാപികവൃത്തിയനുഷ്ഠിച്ച ശ്രീമതിയുടെ ശിഷ്യകളില്ലാത്ത സ്ഥലം ചുരുക്കമാണ്. ചെറുപ്പകാലത്തു് സാമ്പത്തിക ക്ലേശം നന്നേ അനുഭവിച്ചിട്ടുള്ള ശ്രീമതി പാവപ്പെട്ട വിദ്യാർത്ഥികളോട് അങ്ങേയററം സഹതാപം പ്രദർശിപ്പിച്ചിരുന്നു. പലപ്പോഴും പലക്കും ഫീസ്സും പുസ്തകവും സൗജന്യമായി നല്കിയിരുന്നതിനു പുറമേ പലരേയും സ്വഗൃഹത്തിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വിവാഹജീവിതം കുട്ടിക്കാലത്തുതന്നെ അവർ വെറുത്തിരുന്നു. പിന്നീട് ശ്രീനാരായണപരമഹംസൻെറ സമ്പക്കം കൊണ്ട് ആ ചിന്താഗതി ദൃഢമൂലമായിത്തീർന്നു. 11-ാമത്തു വയസ്സുമുതൽ 50-ാമത്തു വയസ്സുവരെ അവക്കു വന്നിട്ടുള്ള വിവാഹാലോചനകൾക്കു കണക്കില്ല. ഒരു മഹാകവിപോലും ആ പദവി ആഗ്രഹിച്ചിരുന്നു. പക്ഷേ 'ചിത്തമാം വലിയവൈരി' കീഴമന്ന് അത്തൽതീർന്ന യമിതന്നെയാണ് ഭാഗ്യവാനെന്ന് ആ ശ്രീമതി ദൃഢമായി വിശ്വസിച്ചു; ആ ധാരണയ്ക്കനുസരിച്ചു ജീവിതം നയിക്കുകയും ചെയ്തു. സാമ്പത്തികമായി മററുള്ളവരെ സഹായിക്കണമെന്നുള്ളതുകൊണ്ടോ വൈരൂപ്യംകൊണ്ടോ വിവാഹംകഴിക്കാതിരുന്നതാണെന്ന ചിലരുടെയെങ്കിലും ധാരണ അടിസ്ഥാനരഹിതമാണെന്നു പറയാൻ എനിക്കു് അതിയായ സന്തോഷമുണ്ട്. ജന്മാന്തരസുകൃതംകൊണ്ട് ഭക്തിമാഗ്ഗത്തിൽ ചരിക്കുന്ന കവയിത്രി പുരുഷലോകത്തെ വെറുക്കുന്നില്ലെന്നു മാത്രമല്ല, അവരെ യഥാർഹം ബഹുമാനിക്കുകയും

സ്നേഹിക്കുകയും ചെയ്യുന്നുമുണ്ട്. സാധാരണ അവിവാഹിതകളിൽ കാണാത്ത പ്രസന്നതയ്ക്കുള്ള കാരണം അവരുടെ ആത്മശുദ്ധിയും തത്വചിന്തയുമാണെന്നുള്ളതിൽ യാതൊരു തക്കവുമില്ല.

സാഹിത്യ അക്കാദമിയുടെ ആരംഭം മുതൽ ഇന്നുവരെയും അതിലെ അംഗമാണ്. പരിഷന്നിർവാഹക സമിതി, ബ്ലോക്ക് ഡവലപ്പുമെൻറു കമ്മിററി എന്നിവയിലേയും അംഗമാണ്.

സ്വപരിശ്രമത്താൽ ഇത്രയും ഉയന്ന ഒരു മഹതി കേരളത്തിലോ ഭാരതത്തിലോ വേറെയുണ്ടെന്നു തോന്നുന്നില്ല. അക്കാരണത്താൽത്തന്നെ പലരുടേയും ശക്തിയായ എതിപ്പുകൾക്കും വിമർശനത്തിനും ശ്രീമതി പലപ്പോഴും പാത്രമായിട്ടുണ്ട് വലിയ ദുഃഖം വരുമ്പോൾ കുട്ടികളെപ്പോലെ പൊട്ടിക്കരയുന്ന ഒരു ശുദ്ധഹൃദയയാണ് ശ്രീമതി. അടുത്ത നിമിഷത്തിൽത്തന്നെ ആ ശത്രുക്കൾക്കുവേണ്ടി എന്തു സഹായവും ചെയ്യാൻ അവർ തയ്യാറാകുമെന്നുള്ളതും പരമാത്ഥമാണ്.

ശിഷ്യവത്സല, സുഹൃദ്ബന്ധു, കുടുംബസ്നേഹി, സമുദായസ്നേഹി, രാജ്യസ്നേഹി, കലാകാരി എന്നീ നിലകളിൽ പ്രശോഭിക്കുന്ന ശ്രീമതി പാർവ്വതിയമ്മ സാമ്പത്തികമായും ഉയന്ന നിലയിൽ എത്തിച്ചേന്നിട്ടുണ്ട്. കുടുംബത്തിലെ എല്ലാ വ്യക്തികളുടേയും അഭിവൃദ്ധിക്കുവേണ്ടി തൻെറ കഴിവുകൾ പരമാവധി വിനിയോഗിച്ചുകൊണ്ടിരിക്കുകയുമാണ്.

മുതുകുളം ദേശത്തിനും കേരളത്തിനും അഭിമാനം വളത്തിയ—വളത്തിക്കൊണ്ടിരിക്കുന്ന ശ്രീമതി പാർവ്വതിയമ്മ ആയുരാരോഗ്യസമ്പദ് സമൃദ്ധിയോടെ ചിരകാലം വാണരുളുവാൻ ജഗന്നിയന്താവു് അനുഗ്രഹിക്കുമാറാകട്ടെ!!

# അനുമോദനാശംസ

ശ്രീമതി മുതുകുളം പാർവ്വതിഅമ്മയ്ക്ക്—

ശ്രീമതി!

ഈ ജനുവരി 26-ാംതീയതി നിങ്ങളുടെ ഷഷ്ടിപൂർത്തി ആഘോഷിക്കുന്നതാണെന്നറിയുന്നു. ഈ ശുഭസന്ദർഭത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം അനുമോദിക്കയും നിങ്ങളുടെ ദീർഘായുരാരോഗ്യൈശ്വര്യാദിസിദ്ധിക്കു ജഗന്നിയന്താവായ ഭഗവാനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു. യഥാകാലം മംഗലമായി ശതാഭിഷേകാദികൾ ആഘോഷിക്കുന്നതിനും നിങ്ങൾക്കു സാധിക്കുമെന്നാണ് എന്റെ ദൃഢവിശ്വാസം.

നാല്പതു സംവത്സരത്തോളംകാലം അകളങ്കമായ ഭക്തിയോടുകൂടി നിർവ്വഹിച്ച നിങ്ങളുടെ കൈരളീസേവനം, ഭാഷയ്ക്ക് അനേകം അനർഘകൃതിരത്നങ്ങളെ സംഭാവന ചെയ്തിട്ടുണ്ട്. പരിശ്രമം, പാണ്ഡിത്യം, വാസന, വിനയാദിഗുണപുഷ്ടി, കവനകലാവൈദഗ്ദ്ധ്യം, ഗദ്യരചനാപാടവം, മുതലായ ഗുണങ്ങൾ നിങ്ങൾക്കു ജന്മസിദ്ധങ്ങളാണ്. അവ നിങ്ങളെ സാഹിത്യത്തിൽ ഉന്നതസ്ഥാനത്തിന് അർഹയാക്കിയിരിക്കുന്നു. കേരളസ്ത്രീലോകത്തിന് നിങ്ങളുടെ നാമം അഭിമാനജനകമാണ്.

വൈക്കം, വടക്കുംകൂർ
6—6—39. രാജരാജവർമ്മരാജാ

---

ഭദ്രാലയം, എറണാകുളം-1
24—1—'64

മാന്യരെ,

അന്യാദൃശമായ കവിത്വവും അസൂയാവഹമായ വാഗ്മിത്വവുംകൊണ്ട് ആധുനികകേരളത്തിന്റെ അഭിനന്ദനത്തിനും ആരാധനത്തിനും പാത്രമായ സൽക്കവയിത്രി ശ്രീമതി മുതുകുളം പാർവ്വതിഅമ്മയ്ക്കു ഞാൻ ആയുസ്സും ആരോഗ്യവും സൗഭാഗ്യവും നേരുന്നു. സതതോന്മേഷശാലിനിയായിരിക്കട്ടെ ആ മനസ്വിനിയുടെ സർഗോന്മുഖഭാവന!

എന്ന്, നിങ്ങളുടെ
ജീ. ശങ്കരക്കുറുപ്പ് (ഒപ്പ്)

കോഴിക്കോട്-6
25—1—1964.
ഫോൺ: 3103

"സരോജ് നിവാസ്"
ബിലാത്തികുളം,

മാന്യസഹോദരി,

ഈ ഷഷ്ടിപൂർത്ത്യവസരത്തിൽ സഹോദരിക്കു ഞാൻ സർവ്വഭാവുകങ്ങളേയും ആശംസിച്ചുകൊള്ളുന്നു. മേലിലും വളരെ ക്കാലം ആ കവനകല ഭാഷാസാഹിത്യത്തിൽ വാടാമല്ലികകളെ വിരിയിച്ചുകൊണ്ടരുളുമാറാകട്ടെ.

എന്നു്, ശുഭാശംസകളോടെ
എൻ. ബാലാമണിഅമ്മ

---

# മംഗളാശംസ

മൂക്കോത്തു കുമാരൻ

പാർവ്വതിയെക്കൂവിടുന്നു
ഗംഗതൻ പ്രവാഹംപോൽ
വാഗ്ഝാടിലഭിച്ചതു
ശിവസാന്നിദ്ധ്യത്താലോ?
അർദ്ധനാരീശ്വരന്റെ
കാരുണ്യമില്ലാതുണ്ടോ
വിദ്വാനും വിദുഷിയും
ഏകയിൽ ലയിക്കുന്നു?
വർണ്ണവിഗ്രഹയായ
വാണിയെസ്സേവിപ്പാനും
വർണ്ണവ്യത്യാസമേററം
ഗണിച്ചീടേണമെന്നു
ഭൂസുരഭൂപാലന്മാർ
കല്പിച്ചുപോന്ന വഞ്ചി
ഭൂമിയിൽ ജനിച്ചല്ലോ—
-രീഴവ വനിതയെ

ശ്രീഗുരുനാരായണ
സ്വാമികൾ പ്രതിഷ്ഠിച്ച
ശാരദാശിവഗിരി
വാസിനി വാഗ്രൂപിണി
അത്ഭുതം ലാളിച്ചുതാൻ
പാലിച്ചുപോരുന്നുണ്ടു്
നിശ്ചയമല്ലെന്നാകി-
ലീവിധം വാഗ്ധോരണി
സാദ്ധ്യമല്ലാക്കുമെന്നു
ചൊല്ലിടാം വിശേഷിച്ചു
സാദ്ധ്യമോ വനിതയ്ക്കു
വിദുഷിയെന്നാകിലും
വന്ദിച്ചേൻ മുതുകുളം
പാർവ്വതിയമ്മേ നിങ്ങൾ
വന്നതും നന്നായ്, നിങ്ങൾ
ചൊന്നതും നന്നായിതേ.
ഇന്നിയുമിതുപോലെ
സദാചാരോചിസ്സാലി
മന്നിലെത്തിമിരത്തെ-
-യകററാൻ പ്രാപ്തയായി
ഏറിയകാലം ജീവി-
ച്ചീടുവാൻ, നാരായണ-
ശ്രീഗുരുകടാക്ഷിക്കാ-
നായപോൽ പ്രാർത്ഥിച്ചീടാം.

---

114 മീനത്തിൽ തലശ്ശേരി ജഗന്നാഥക്ഷേത്രത്തിലെ ഉത്സവവേളയിൽ നടന്ന സമ്മേളനത്തിൽവച്ചു നൽകപ്പെട്ടതു.

# മഹാത്മാക്കൾ
# ഇങ്ങനെ പറയുന്നു—

(1) മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ:—

വിദൂഷി ശ്രീമതി മുതുകുളം പാർവ്വതിയമ്മ സാഹിതീരസജ്ഞതയുള്ള കേരളീയരുടെ സ്നേഹബഹുമാനങ്ങളെ ആവജ്ജിക്കുവാൻ ആരംഭിച്ചിട്ട് കാലം കുറെ ആയി. ഹൃദയസ്പൃക്കായ രീതിയിൽ കവനം ചെയ്യുവാനും പുളകോൽഗമം വായ്പിക്കത്തക്കവിധത്തിൽ പ്രസംഗിക്കുവാനും വാണീദേവിയുടെ അനുഗ്രഹത്തിനു പാത്രീഭവിച്ച ഈ യുവതിക്കു പ്രത്യേക പാടവമുണ്ട്. അറിവിലധികം സാഹിത്യമത്സരപ്പരീക്ഷകളിൽ വിജയം പ്രാപിച്ച് തൻെറ വശ്യവചസ്ത്വത്തെ വിളംബരപ്പെടുത്തിയിട്ടുള്ള ഒരു ഭാഷാഭക്തയാണ് ഈ വിനയശാലിനി. കാവ്യഗുണത്താലും സ്വഭാവവിശേഷത്താലും സന്തുഷ്ടനായി ഒരു പുരസ്കർത്താവെന്ന നിലയിൽ ഞാൻ ഒരു വ്യാഴവട്ടക്കാലമായി എൻെറ ഈ സഹോദരിയുടെ അഭ്യുദയത്തിൽ കാംക്ഷിക്കുകയും അതിന് എന്നാൽ കഴിയുന്ന വിധത്തിലുള്ള സാഹചര്യം ചെയ്യുകയും ചെയ്യുന്നുണ്ട്. എനിക്ക് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറുമായി എന്തെങ്കിലും ബന്ധമുണ്ടായിരുന്നുവെങ്കിൽ പാർവ്വതിഅമ്മ ഇന്ന് അവക്ക് ആ ഡിപ്പാർട്ടുമെൻറിൽ കല്പിച്ചിട്ടുള്ള സ്ഥാനത്തെ അല്ലായിരുന്നിരിക്കും അധിരോഹണം ചെയ്യുക. പക്ഷേ എന്തുചെയ്യാം. സരസ്വതിയും ലക്ഷ്മിയും തമ്മിലുള്ള 'സഹാസനാസഹത' പ്രസിദ്ധമാകയാൽ അതിനപ്പുറം ഒന്നു പറയേണ്ടതില്ല. അതുപോകട്ടെ ആ പ്രകൃതത്തെക്കുറിച്ച് എന്തിനു ചിന്തിക്കുന്നു?

പാർവ്വതിഅമ്മ അപ്പോഴപ്പോഴായി രചിച്ചിട്ടുള്ളതും അങ്ങിങ്ങു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ ഏതാനും ലഘുകൃതികളുടെ സമാഹാരമാണ് ഈ പുസ്തകം. ഈ കവയിത്രിക്കു കവനവിഷയത്തിൽ എത്ര അഭിനന്ദനീയമായ കൃതഹസ്തതയാണു സിദ്ധിച്ചിട്ടുള്ളതെന്നുള്ളതിന് ഈ മദനാഹരമായ ഉദയപ്രഭയിലെ ഒരോ കിരണവും ദൃഷ്ടാന്തമാണ്.

"ഒരു മഹാൻെറ അന്ത്യനിവേദനത്തി"ലെ അന്യൻെറ ബഹുമാനപ്പൂച്ചിനേക്കാൾ ഞാനേററം വന്ദിപ്പതെനിക്കേഴും ഹൃദയസംതൃപ്തിതാൻ" എന്നും

'അപവാദ'ത്തിലെ

"ആരുനിൻ നിശിതദംഷ്ട്രകൾക്കെഴും
ക്രൂരശല്യമറിയാതെയൂഴിയിൽ
ആരുനിൻ കൊടിയതാപമേററഹോ-
ത്താരുവാടിവലയാതെ സത്തുകൾ" എന്നും എൻെറ

പിച്ചിയിലെ,

ഇളം കുളിർകാററിലലഞ്ഞുലഞ്ഞു
ദളങ്ങൾതൻ മഞ്ജുളമർമ്മരത്താൽ
മിളൽപ്രമോദം ഭുവനാധിനാഥ-
വിലാസഗാനങ്ങൾ പൊഴിച്ചിട്ടും നീ;

നിതാന്തസൗരഭ്യമണച്ചെവക്ക-
മതുല്യമാം മോദമുയത്തിനിന്നും
പ്രകാമ്യമാം സേവനവൃത്തിയാൻറും
സ്വകീയജന്മം സഫലീകരിപ്പൂ".

എന്നും മററുമുള്ള ഭാഗങ്ങൾ ഏവക്കും രമണീയമായേ തോന്നുകയുള്ളു. ഏററവും പഴകിയതോ അത്യന്തം പുതിയതോ ആയ സമ്പ്രദായത്തിലല്ല പാവ്തിയമ്മയുടെ കവനം. പ്രകൃതി നിരീക്ഷണമുണ്ടു്; ഭൂതാനുകമ്പയുണ്ടു്; തത്വചിന്തയുണ്ടു്; ഭാവഗഹനതയുണ്ടു് എന്നാൽ അസ്പഷ്ടതയില്ല. ആശയത്തിനു് അസമ്പൂണ്ണതയും ആവിഷ്കരണത്തിനു് അപ്രസന്നതയുമില്ല. മഹാകവി കുമാരനാശാൻെറ ഒരു വിനീതയായ ശിഷ്യയെന്നു് പാവ്വതിഅമ്മയെ രണ്ടുപേരുടേയും കാവ്യശൈലികൾ പരിശോധിക്കുന്നവക്ക് പ്രശംസിക്കുവാൻ കഴിയും. ഇതിലധികമായ ഒരു ഖ്യാതി കേവലം യുവതിയായ ഒരു കവയിത്രി ഒരിക്കലും അഗ്രഹിക്കുമെന്നു് ഞാൻ വിചാരിക്കുന്നില്ല.

നാലപ്പാട്ടു ബാലാമണിയമ്മ, കടത്തനാട്ടു മാധവിയമ്മ, മേരീ ജോൺ തോട്ടം, തെക്കേക്കുന്നത്തു കല്യാണിയമ്മ തുടങ്ങിയ ആധുനികഭാഷാകവയിത്രികളുടെ ഇടയിൽ പാവ്വതിയമ്മയ്ക്കു് പ്രശംസനീയമായ ഒരു സ്ഥാനത്തിനവകാശമുണ്ടെന്നു് നിസ്സന്ദേഹം അഭിപ്രായപ്പെടാവുന്നതാണു്.

എൻെറ ചിരകാലത്തെ വാത്സല്യത്തിനു പാത്രീഭവിച്ചിട്ടുള്ള ശ്രീമതി പാവ്വതിഅമ്മയ്ക്കു് കാവ്യപഥത്തിലുള്ള സഞ്ചാരം സകല സൗഭാഗ്യങ്ങളേയും പ്രദാനംചെയ്യുന്നതിനു് പര്യാപ്തമായി പരിണമിക്കട്ടെ എന്നു വാഗ്ദേവതയെ ഹൃദയപൂവ്വം പ്രാത്ഥിച്ചുകൊണ്ടു് തല്ക്കാലം വിരമിച്ചുകൊള്ളുന്നു.

## (II)

കൈരളീവിധേയൻ രാമവമ്മഅപ്പൻതമ്പുരാൻ:—

ലേഡീവിദ്വാൻ മുതുകുളം പാൎവ്വതിഅമ്മയുടെ 'ഉദയപ്രഭ' യെപ്പററി അല്പാക്ഷരത്തിൽ അഭിപ്രായം പറയുന്നതായാൽ—

"പരിഷ്കൃതഭ്രാന്തിലകൃത്രിമത്വ-
മെരിച്ചീടാതക്ഷയനിത്യകാന്തി"

കലന്നൊരു ഖണ്ഡകൃതിയാണ് അതെന്നു് കവയിത്രിയുടെ ആശയം അങ്ങനെതന്നെ പകരുന്നതായിരിക്കും നല്ലതു്. അല്ലെങ്കിൽ ഉള്ളൂർ പറയുന്നതുപോലെ 'പ്രകൃതിനിരീക്ഷണമുണ്ടു്, ഭൂതാനുകമ്പയുണ്ടു്; തത്വചിന്തയുണ്ടു്' എന്നും വിശേഷിപ്പിക്കാം. പ്രസാദഗുണവും ശാന്തകരുണങ്ങളും ഗീതമാധുൎയ്യവും പാൎവ്വതിഅമ്മയുടെ കൃതിയിൽ അനുഗതമായി, കവിതയുടെ പരമഫലമായ ആത്മനിർവൃതിയിൽ പരിണമിക്കുന്നതുമുണ്ടു്.

## (III)

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള:—

ശ്രീമതി പാൎവ്വതിഅമ്മയുടെ പദ്യകൃതി സമുച്ചയമായ ഈ ഗ്രന്ഥം ഞാൻ വായിച്ചുനോക്കി. ഭാഷാകവിതയുടെ അഭിനവാഭിവൃദ്ധിപദ്ധതി അനുസരിച്ചു നിൎമ്മിതങ്ങളായ ഈ ഖണ്ഡകൃതികൾ വാസനാസുരഭിലങ്ങളാണെന്നു പറയുന്നതിനു് ഞാൻ സന്ദേഹിക്കുന്നില്ല. ആസ്വാദ്യങ്ങളായ ആശയങ്ങളും അനുരൂപവും ലളിതവുമായ ഭാഷാപ്രയോഗങ്ങളും ബിംബനത്തിനുള്ള സ്ഫുടിമയും ഇതിൽ സമൃദ്ധമായി കാണുന്നതുകൊണ്ടു് ഞാൻ വളരെ സന്തോഷിക്കുന്നു. സാഹിത്യസമാജങ്ങളിൽ ഗ്രന്ഥകൎത്രിയെ സാധാരണ സന്നിധാത്രിയായി പലടത്തും കണ്ടിട്ടുണ്ടു്. അതു വെറുതെ അല്ലെന്നു് ഈ പ്രബന്ധം വിശദീകരിക്കുന്നു. കാവ്യാധ്യയനത്തിൽ കൗതുകമുള്ളവൎക്കു് ഈ ഗ്രന്ഥം മാൎഗ്ഗദൎശകമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ഇതിനു ഞാൻ സകല സിദ്ധികളും ആശംസിക്കുന്നു.

## (IV)

കൈനിക്കര കുമാരപിള്ള:—

ശ്രീമതി മുതുകുളം പാൎവ്വതിഅമ്മ ഇന്നത്തെ മലയാളികളായ സഹൃദയലോകത്തിനു് അപരിചിതയല്ല. ഒരു നല്ല കവയിത്രി എന്ന നിലയിലും ഒരു നല്ല വാഗ്മി എന്ന നിലയിലും ഈ മഹ

തി അഭിജ്ഞന്മാരുടെ അഭിനന്ദനങ്ങൾക്കു പാത്രമായിത്തീൎന്നിട്ടുണ്ടു്. ഈ ഗ്രന്ഥത്തിൽ (കൎമ്മഫലം) ഒരു നല്ല ഗദ്യകൎത്രിയായിട്ടത്രേ ശ്രീമതി പാൎവ്വതിഅമ്മ പ്രത്യക്ഷപ്പെടുന്നതു്.

'കൎമ്മഫലം' ഒരു ചെറുകഥയാണു്. ഇതിന്റെ മൂലം പാൾ കാറസ്സ് ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള 'Karma' എന്ന കഥയാണു്. കലാപരമായ മാഹാത്മ്യമല്ല ഈ കഥയ്ക്കുള്ളതു്. പിന്നെയോ ബുദ്ധമതതത്വങ്ങളെ ഏററവും ലളിതവും ഹൃദ്യവുമായ രീതിയിൽ അതു് വിശദീകരിക്കുകയും ഉദാഹരിക്കുകയും ചെയ്യുന്നു എന്നുള്ളതാണു് അതിന്റെ മാഹാത്മ്യം.

'കൎമ്മ'ത്തെ സാമാന്യജനങ്ങൾ വിധിയുടെ ഒരു പൎയ്യായമായിട്ടാണു് സ്വീകരിക്കാറുള്ളതു്. വിധിയാകട്ടെ മനുഷ്യരിൽനിന്നു അന്യവും അവനാൽ അനിയന്ത്രിതവുമായ ഒരു ഭയങ്കരശക്തിയാണെന്നും അവർ വിചാരിക്കുന്നു.

വാസ്തവത്തിൽ 'കൎമ്മ'വും വിധിയും ഒന്നുതന്നെയെന്നു വിചാരിക്കുന്നതിൽ അശേഷം തെററില്ല. എന്നാൽ ആ ശക്തി മനുഷ്യനിൽനിന്നു് അന്യമോ അവനാൽ അനിയന്ത്രിതമോ അല്ല. നേരേമറിച്ചു് ആ ശക്തിയുടെ ഉല്പത്തിതന്നെ അവനാണു്. അതുകൊണ്ടു് അതിനെ മാററാനും നിയന്ത്രിക്കുവാനുമുള്ള കെല്പ് അവനിൽതന്നെയുണ്ടു്; അവനിൽ മാത്രമേയുള്ളുതാനും.

അല്പം ആലോചിച്ചാൽ എല്ലാ സദാചാരനിയമങ്ങളുടേയും അസ്ഥിവാരം ഈ തത്വമാണെന്നു് ഏവക്കും ബോദ്ധ്യമാകും. ബുദ്ധമതം ഈ തത്വത്തെ ഏററവും ശക്തമായും സ്പഷ്ടമായും വിളംബരംചെയ്യുന്നു.

ഈ മഹത്തായ തത്വത്തേയും അതിനോടനുബന്ധിച്ചുള്ള അഹിംസ, പ്രേമം, സ്വാൎത്ഥത്യാഗം ആദിയായ ഇതര വിശിഷ്ടതത്വങ്ങളെയും ഈ കഥ വളരെ വിശദമായി വ്യാഖ്യാനിക്കുന്നു.

പാൾ കാറസ്സിന്റെ 'Karma' എന്ന കഥ ഇന്നു വിശ്വവിഖ്യാതമായിത്തീൎന്നിട്ടുണ്ടു്. മഹാചിന്തകനും സാഹിത്യകാരനും കൎമ്മയോഗിയും ആയിരുന്ന ടോൾസ്റ്റായ് ആ കഥയെ റഷ്യൻഭാഷയിലേക്കു വിവൎത്തനം ചെയ്യുകയും അതിന്റെ മാഹാത്മ്യത്തെ അസന്ദിഗ്ദ്ധമായ ഭാഷയിൽ കീൎത്തിക്കുകയും ചെയ്തു. അദ്ദേഹം ഒടുവിൽ... അവസാനമായി പറയുന്നതു് ഇങ്ങനെയാണു്:—

ഞാൻ ഈ കഥ കുട്ടികളെ വായിച്ചു കേൾപ്പിച്ചിട്ടുണ്ട്. അവർ അതിഷ്ടപ്പെട്ടു. പ്രായംചെന്നവരുടെ ഇടയിൽ അതിൻെറ പാരായണം ഏററവും ഗൗരവാവഹങ്ങളായ ജീവിതപ്രശ്നങ്ങളെപ്പററിയുള്ള സംഭാഷണങ്ങൾക്കു അവസരമുണ്ടാക്കുന്നു. എൻെറ അഭിപ്രായത്തിൽ ഇതിലും ശക്തിയുള്ള ഒരു ശുപാശ് അതിനെസ്സംബന്ധിച്ചുണ്ടാവാനില്ല.

പാൾകാറസ്സിൻെറ 'Karma' പലഭാഷകളിലേയ്ക്കും വിവർത്തനംചെയ്തിട്ടുണ്ട്. മലയാളഭാഷയിലേയ്ക്കുള്ള ആദ്യത്തെ വിവർത്തനമാണെന്നു തോന്നുന്നു. അതുകൊണ്ടു വിശ്വവിശ്രുതമായ ഈ കഥയുമായി പരിചയപ്പെടുന്നതിനുള്ള ഭാഗ്യം മലയാളികൾക്കും പ്രദാനംചെയ്തിരിക്കുന്ന ശ്രീമതി പാർവ്വതിഅമ്മയോടു നാം കൃതജ്ഞരായിരിക്കുന്നു.

'കർമ്മഫലം' ഇംഗ്ലീഷുകൃതിയുടെ ഒരു സ്വതന്ത്രതർജ്ജമയാണെന്നു് ഗ്രന്ഥകർത്രി പറയുന്നു. വാസ്തവവും അതാണ്. മൂലകൃതിയിലെ ഇതിവൃത്തത്തിനും ആശയങ്ങൾക്കും തർജ്ജമയിൽ യാതൊരു ഹാനിയും സംഭവിച്ചിട്ടില്ലെന്നു പറയുവാൻ എനിക്കും സന്തോഷമുണ്ട്. വിവർത്തനകർത്രി ഇടയ്ക്കിടയ്ക്കു പ്രയോഗിച്ചിട്ടുള്ള ചില മനോധർമ്മങ്ങളെ അവയുടെ ഔചിത്യംതന്നെ സാധൂകരിക്കുന്നുമുണ്ട്.

'കർമ്മഫല'ത്തിലെ ഭാഷാരീതി പ്രായേണ നിർദ്ദുഷ്ടവും ലളിതവും കോമളവുമാണ്. ആശയത്തിനൊത്ത ഗാംഭീര്യവും അതു് യഥാവസരം കൈക്കൊള്ളുന്നുമുണ്ട്.

ഗദ്യഗ്രന്ഥനിർമ്മാണത്തിൽ പാർവ്വതിഅമ്മയുടെ ഈ ആദ്യപരിശ്രമംതന്നെ വിജയത്തിൽ കലാശിച്ചിരിക്കുന്നുവെന്നു് നിസ്സംശയം പറയാം. ഇതിനെത്തുടർന്ന് ഇനിയും അനേകം സൽഗ്രന്ഥങ്ങൾകൊണ്ടു് ആ മഹതി സ്വഭാഷയെ പോഷിപ്പിക്കുമാറാകട്ടെ.

ശ്രീമതി പാർവ്വതിഅമ്മയുടെ ഈ സൽ'കർമ്മഫല'ത്തെ സഹൃദയജനസമക്ഷം ഞാൻ സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു.

## (V)

എൻ. ഗോപാലപിള്ള:—

മഹാകവി കുമാരനാശാൻെറ അപ്രാപ്തകാലമായ ദേഹവിയോഗംകൊണ്ടു് അസമാപ്തമായി അവശേഷിച്ച മധുരമനോഹരമായ ശ്രീബുദ്ധചരിതമെന്ന ഭാഷാമഹാകാവ്യം ആസ്വദിച്ചാ

ഹ്ളാദിക്കാത്ത കേരളീയസഹൃദയർ ഉണ്ടെന്നു തോന്നുന്നില്ല. ആ ആനന്ദാതിശയത്തിൽ ഗ്രന്ഥത്തിന്റെ അപൂൎണ്ണതമൂലം അനിവാൎയ്യമായ ഒരു ശോകരേഖ തെല്ലൊരു കളങ്കച്ഛായ വീശിയിരുന്നു. ആ നിഴലാട്ടം നീക്കി സമ്പൂൎണ്ണതയുടെ നവരുചി തെളിയിക്കാൻ ശക്തിയും നിപുണതയും അഭ്യാസവുമുള്ള ആരിനിയുണ്ടാകുമെന്നു നാം അന്തരാത്മനാ ആരാഞ്ഞുമിരുന്നു. അത്ഭുതമായ പ്രതിഭാവിലാസവും അസാമാന്യമായ ശ്രുതസമ്പത്തും അമന്ദമായ അഭിയോഗവുംകൊണ്ട് മഹനീയനായ ഒരു മഹാകവിയുടെ അപൂൎണ്ണമായ കാവ്യശില്പത്തിന് സാമഗ്ര്യസുഷമ കൈയ്‌വളൎത്താൻ കരുത്തുള്ളവരാരുണ്ടെന്ന് നാം ആലോചിച്ച് ഉത്സുകരായിട്ടുണ്ട്. ആ ഔത്സുക്യത്തിന് ഇനി അവകാശമില്ല.

> "അസ്മാത്പരം ബത, യഥാശ്രുതി സംഭൃതാനി
> കോനഃകുലേനിവ, പനാനിനിയചരീതി."

എന്ന മട്ടിൽ നിൎവ്വാണോന്മുഖമായ ആശാന്റെ ആത്മാവിനു വല്ല ആശങ്കയും അവശേഷിച്ചെങ്കിൽ അതും ഇന്ന് അവസിതകല്പമാകണം. ഇതേ തികഞ്ഞ കവിതാവാസനയും വൈദൂഷ്യവും വ്യവസായവും തെളിഞ്ഞ ശ്രീമതി മുതുകുളം പാൎവ്വതിഅമ്മ ശ്രീ ബുദ്ധചരിതം പരിപൂൎണ്ണമാക്കുന്നു. ഈ സംരംഭത്തിന് ഈ വിദുഷിക്കുള്ള അർഹത പ്രത്യക്ഷമാണ്. മഹാകവിയുടെ എല്ലാ കൃതികളോടും സാമാന്യമായും, ശ്രീബുദ്ധചരിതത്തോടു വിശേഷിച്ചും അവർ സമാൎജ്ജിച്ചിട്ടുള്ള സന്തതസംവാദവും തന്മയീഭാവവും പ്രസ്പഷ്ടമാണ്. അങ്ങനെ ആശാന്റെ ആസ്വാദ്യമായ ശൈലീഭംഗി അവൎക്ക് ആവോളം അധീനമായിട്ടുണ്ട് എന്നുള്ളതിന് ഈ ശ്രീബുദ്ധചരിതം ഉത്തരാൎദ്ധം ഉത്തമദൃഷ്ടാന്തമാണ്. സർ എഡ്വിൻ അർനോൽഡിന്റെ വിശ്വവിശ്രുതമായ ലൈററ് ഓഫ് ഏഷ്യയുടെ അകൃത്രിമസൌന്ദൎയ്യം മധുരകോമളമായി മലയാളഭാഷയിൽ പകൎത്തുവാനുള്ള ഈ ശ്രമം സൎവ്വഥാ ശ്ലാഘാൎഹമായിട്ടുണ്ട്. ഭാഷാഭിമാനികളുടെ ഉദാരമായ കൃതജ്ഞതയ്ക്കും സചാരുതാൎത്ഥതയ്ക്കും പാത്രമാണ് ശ്രീമതി പാൎവ്വതിയമ്മയെന്ന് നിസ്സന്ദേഹം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ദ്രാക്ഷാപാകരുചിരമായ ഈ കൃതിയുടെ രചനാസൗകുമാൎയ്യം വിശദമാക്കാനും സ്വാരസ്യം തെളിയിക്കാനും ഏതാനും ചില വരികളുദ്ധരിക്കയെന്നതു് മററുള്ളവയോടു അഹേതുകമായ അനാദരത്തെ സൂചിപ്പിച്ചേക്കാമെന്നുവച്ച് ആ സാഹസത്തിനു ഞാൻ ഒരുങ്ങുന്നില്ല,

ഈ കാവ്യത്തിനും കവയിത്രിക്കും ഉത്തരോത്തരം ഭാവുകം ആശംസിച്ചുകൊള്ളുന്നു.

(VI)

കെ. ആർ. കൃഷ്ണപിള്ള ബി. എ., ബി. എൽ:—

കേരളകവിലോകത്തിൽ ലബ്ധപ്രതിഷ്ഠയായ ലേഡിവിദ്വാൻ മുതുകുളം പാർവ്വതിയമ്മയുടെ കൃതിയായ ഈ 'മീര'യ്ക്കു് ഒരവതാരിക എഴുതിക്കൊടുക്കണമെന്നു് ആ വിദുഷി ആവശ്യപ്പെട്ടപ്പോൾ ഞാൻ കൈയ്യെഴുത്തുപുസ്തകംവാങ്ങി താല്പര്യപൂർവ്വം വായിച്ചുനോക്കി. 'ദോഷപ്രഖ്യാപനവൈമുഖ്യം' മൂലം ആത്മവഞ്ചനയൊന്നുംചെയ്യാതെ അക്കാര്യം സാധിക്കാമെന്നു കണ്ടതിനാൽ ഏററവും സന്തോഷത്തോടുകൂടിയാണു് ഞാനിതെഴുതുന്നതു്. ഈ ഖണ്ഡകാവ്യത്തിൻെറ ഇതിവൃത്തം ഭഗവത്ഭക്തയായ മീരയുടെ ജീവചരിത്രമാണു്.

ഈ കഥയെ അവ്യാജമനോജ്ഞമായ ഒരു കാവ്യമാക്കി ശ്രീമതി പാർവ്വതിഅമ്മ മലയാളികൾക്കു് ഓണക്കാഴ്ചയായി സമർപ്പിച്ചിരിക്കുന്നു. കവയിത്രിയുടെ ഭാവനാസമ്പത്തും ഭാഷാസ്വാധീനതയും സഹൃദയന്മാർക്കു് ഇതിൽ സ്പഷ്ടമായി കാണാൻ കഴിയുന്നതാണു്. ആദ്യമായി ബാഹ്യോദ്യാനത്തിൽ സ്ഥിതിചെയ്യുന്ന മീരയെ വർണ്ണിച്ചിരിക്കുന്ന ഭാഗം അകൃത്രിമരമണീയമെന്നുതന്നെ പറയാവുന്നതാണു്. അതിനെത്തുടർന്നുള്ള,

"ഒട്ടുകഴിഞ്ഞപ്പോളാമലർക്കാവൊരു
പാട്ടിൻ മണിവീണയായിമാറി
വിഷ്ടപമാകവേമൂകമായ്ശ്രദ്ധിച്ചാ
മട്ടോലും ഗാനത്തിൻ മഞ്ജുരാഗം."

"വൃന്ദാവനവാസിനീലക്കാർവർണ്ണനെ
സുന്ദരിമീരയപ്പൂവനത്തിൽ
അന്യൂനഭക്തിയാലാവിഷ്കരിച്ചതായ്
തോന്നിപ്പോയ് നിന്നജനത്തിനാകെ"

എന്നീ ഭാഗങ്ങൾ മീരയുടെ ഗാനമാധുര്യഭക്തിപാരവശ്യം ഇവയ്ക്കു ശരിയായ തെളിവുകളാണു്. അപ്രകാരംതന്നെ,

പെരിയലോകാപവാദത്തേക്കാളുമീ
ധരയിൽ മാനിനിക്കുത്തമം മൃത്യുതാൻ
അരുതു ചാരിത്ര്യനിർമ്മലഭിത്തിയിൽ
കരിയടിപ്പതുകണ്ടു പൊറുക്കുവാൻ"

ഹരഹരഘോരവിഷമെന്നി-
ക്കരുളിയങ്ങതുപീയൂഷമായ് മാററി
ഒരുയമികണ്ണനർപ്പിച്ചമാല്യമെൻ
നരകയാത്രയ്ക്കു ഹേതുവുമായിപോൽ"

ഇങ്ങനെയാണു് ഭർത്താവിനാൽ നിഷ്കാസിതയായ മീരയുടെ വിലാപം. ഈ സന്ദർഭത്തിലുള്ള പദ്യങ്ങൾ വായിക്കുമ്പോൾ രാമായണം ഇരുപത്തിനാലുവൃത്തത്തിൽ നിർവാസിതയായ സീതാദേവിയുടെ വിലാപശ്ലോകങ്ങൾ നമ്മുടെ കർണ്ണങ്ങളിൽ പ്രതിധ്വനിക്കുന്നതായി തോന്നുന്നു.

"മൃദുലനീലമുകിലൊളിവർണ്ണനെ
ഹൃദയമദ്ധ്യത്തിൽ ചേർത്തുസംതൃപ്തയായ്

യമുനയുടെ "വിദിതതീർത്ഥത്തിൽ ആത്മൈക്യ"മേലുവാൻ കുതിച്ചുചാടിയ പതിവ്രതയായ മീരയുടെ ദുഃസ്ഥിതിയിൽ പ്രകൃതിക്കുണ്ടാകുന്ന ഭാവപ്പകർച്ച എത്ര ഹൃദ്യമായിരിക്കുന്നു.

"തരളതാരകാജാലം മിഴിയട-
ച്ചിരുളിലഭ്യോമറച്ചുമുഖംശശി
തരുനികരങ്ങൾ കണ്ണുനീർതൂകിയാ-
ചരമദൃശ്യത്തിൽ വീർപ്പിട്ടതെന്നലും"

'പരൻപുമാൻ രാധാപതി' നിരർഗ്ഗളമാലപിച്ച 'നിരുപമഗീതമുള്ളിൽ തുളുമ്പിനില്ക്കുന്ന' പുണ്യഭൂമിയായ വൃന്ദാവനത്തിലെ വിവിധങ്ങളായ സുന്ദരദൃശ്യങ്ങൾ അവിടുത്തെ ഗോപാലബാലന്മാർ സാക്ഷാൽ ഗോപാലകൃഷ്ണൻെറയും കൂട്ടുകാരുടേയും വേഷം ധരിച്ചു കളിക്കുന്ന കളികൾ ഇവയുടെയെല്ലാംവർണ്ണന തന്മയത്വം കൊണ്ടു് തുലോം രമണീയമത്രേ! ഗോപികമാരുടേയും ശ്രീകൃഷ്ണൻെറയും രാസലീല ഒരു മായാദീപത്തിലെന്നപോലെ മീര കാണുന്നതായുള്ള ചിത്രീകരണം കവയിത്രിയുടെ ഭാവനാനൈപുണിയെ ഉദാഹരിക്കുന്നു. പ്രിയതമയോടു പ്രവർത്തിച്ചുപോയ ക്രൗര്യം വിചാരിച്ചു് പശ്ചാത്താപമൂഢനായ കുംഭസിംഹൻ രോദനംചെയ്യുന്നഭാഗം എത്രയോ ഹൃദയസ്പൃക്കായിരിക്കുന്നു.

"മദമത്തനായ ഞാനന്ധതയാൽ
സുധയെഗ്ഗരളമെന്നോർത്തുപോയി
ഹൃദയത്തിൽ ചാർത്തേണ്ട രത്നമീഞാ-
നുദധിയിൽ കഷ്ടമെറിഞ്ഞുപോയി.

മധുരസംഗീതം സമാസ്വദിക്കാൻ
ബധിരന്നസാദ്ധ്യമോ തെല്ലപോലും
ഉദയാക്ക്സൌവണ്ണകാന്തികാണാൻ
ബത! ശക്യമെന്നോ കുരുടനോത്താൽ.”

അവസാനരംഗത്തിൽ ആശ്രിതവത്സലനായ ഭഗവാനോട് പരമഭക്തയായ മീര അന്ത്യയാത്ര ചോദിക്കുന്നതും അതുപോലെ തന്നെ ഹൃദയസ്പൃശ്കമായി വണ്ണിച്ചിരിക്കുന്നു.

വേണുഗോപാലൻ മുരളിവായിച്ചുകൊ-
ണ്ടാനന്ദമന്ദസ്മിതംതൂകിനിന്നിട്ടും
മാനസമോഹനക്ഷേത്രത്തിനുള്ളിലേ-
ക്കുനമെഴാതെ കടന്നുതപസ്വിനി.

അൻപുനിറയും വിശാലനേത്രങ്ങളാൽ
സംപ്രീതനായഹോ തന്നെക്കടാക്ഷിച്ച
തമ്പുരാൻ തൻതിരുമാറിലപ്പൂമാല
സമ്പൂണ്ണഭംഗിയിൽ ചാത്തി യഥാവിധി.

കണ്ണൻ മുകിലൊളിവണ്ണൻ കൃപാലയ-
നണ്ണോജനേത്രൻെറ പൊൽപദാബ്ജങ്ങളിൽ
ധന്യയാം മീര പതിച്ചു സാഷ്ടാംഗമായ്
കണ്ണുനീർ വഷിച്ചു യാത്രചോദിച്ചു ഹാ!.

നൈസർഗ്ഗികമായ മനോധമ്മത്തിൽനിന്ന് അക്ലേശം പ്രവഹിക്കുന്ന ഈ പദ്യങ്ങൾ അവയിലെ സുലളിതപദവിന്യാസങ്ങൾ കൊണ്ടു മാത്രമല്ല അത്ഥസാരള്യംകൊണ്ടും വായനക്കാരുടെ സാഹിത്യകൗതുകത്തെ സന്തപ്പ്ണംചെയ്യുന്നു.

ശ്രീമതി മുതുകുളം പാവ്വതിഅമ്മ കുമാരനാശാൻെറ ഒരു വിനീതശിഷ്യയാണെന്നു പതിനാറുവഷംമുമ്പ് മഹാകവി ഉള്ളൂർ ഇവരെ പ്രശംസിച്ചതായി ഞാൻ കേട്ടിട്ടുണ്ട്. ഇന്നാകട്ടെ ഇവർ ആശാൻെറ ഒരു പ്രൗഢശിഷ്യയാണെന്ന് അഭിപ്രായപ്പെടാൻ ഈ കാവ്യം എന്നെ ധൈയ്യപ്പെടുത്തുന്നു. ഉദയപ്രഭ, ഗാനാഞ്ജലി, ശ്രീചിത്തിരമഹാരാജവിജയം, ശ്രീബുദ്ധചരിതം മഹാകാവ്യം, ഭുവനദീപിക, അഹല്യ, ധമ്മബലി, ശ്രീനാരായണമാർഗ്ഗം എന്നിങ്ങനെ ഗദ്യപദ്യാത്മകങ്ങളായ പല കാവ്യകുസുമാഞ്ജലികളാൽ കൈരളിയെ നിത്യവും ആരാധിച്ചുപോരുന്ന ഈ വിദുഷീമണിയുടെ സാഹിത്യപരിശ്രമങ്ങൾക്ക് പരിപൂണ്ണവിജയം ആശംസിച്ചുകൊള്ളുന്നു.

(VII)

ജി. ശങ്കരപ്പിള്ള:—

കരകലിതനിദശിതാത്മമുദ്രഃ
പരികലിതോന്നതബർഹിബർഹചൂഡഃ
ഇതരകരഗൃഹീതവേത്രതോത്രോ-
മമഹൃദിസന്നിധിമാനതോത്തുശൗരിഃ

ഉപനിഷത്സാരസർവ്വസ്വമായ ശ്രീമത് ഭഗവദ്ഗീത, ലോകശാന്തിക്ക ഭഗവാൻ കൃഷ്ണൻ, പാൎത്ഥനെ നിമിത്തമാത്രമാക്കി ഉപദേശിക്കുന്നതാണ്. ഐഹികപാരത്ര്യസൗഖ്യം എങ്ങനെ അനുഭവിക്കാമെന്ന് പ്രപഞ്ചരഹസ്യം അപഗ്രഥിച്ച് വിദഗ്ദ്ധനായ ഒരാചാര്യൻെറ പ്രഗത്ഭതയോടുകൂടിയാണ് ആ ദ്വാരകാചക്രവൎത്തി അൎജ്ജുനകുമാരനോട് ആവൎത്തിച്ചാവൎത്തിച്ച് പ്രവചനം നടത്തുന്നത്. രാഷ്ട്രമീമാംസയും തത്വശാസ്ത്രവും സമ്മേളിക്കുന്ന സൗന്ദൎയ്യമഹിമകൾ ആ പ്രയാഗയ്ക്കുണ്ട്. വ്യാസമഹൎഷി ഗംഗാധരിപോലുള്ള വൈഖരീവിലാസത്താൽ ഒരു മഹാകാവ്യമാക്കിത്തീൎത്തിട്ടുള്ളതുമാണ്.

---

# ആശംസ

Dr. P. K. Narayana Pillai,
Principal, Sanskrit College, Trivandrum.

സുഹൃത്തേ! കലാസുന്ദരവും സേവന സമുജ്ജ്വലവുമായ താങ്കളുടെ ജീവിതത്തിൻെറ 60-ാം നാഴികക്കല്ലിനു സ്നേഹമസൃണമായ സ്വാഗതം. ആരോഗ്യത്തോടും ഐശ്വര്യത്തോടുംകൂടി ദീൎഘകാലം ജീവിച്ച് കാവ്യദേവതയേയും മാനവസമൂഹത്തെയും സേവിക്കുവാൻ ഭവതിക്ക് ഈശ്വരാനുഗ്രഹമുണ്ടാകട്ടെ എന്ന് ഈ ശുഭാവസരത്തിൽ ഞാൻ ഹൃദയപൂൎവ്വം പ്രാൎത്ഥിക്കുന്നു.

സസൗഹൃദം,

പി. കെ. നാരായണപിള്ള

# കാഷായം ധരിക്കാത്ത സന്യാസിനി

ടി. കെ. സി. വടുതല

"ഭാരതത്തിന്റെ ഇന്നത്തെ എല്ലാവിധ അധഃപതനങ്ങൾക്കും കാരണക്കാർ നമ്മുടെ സാഹിത്യകാരന്മാരാണ്. ഭരണക്രൂടത്തിനു നിയമപരിഷ്ക്കരണങ്ങളിലൂടെയുള്ള മാററങ്ങൾ വരുത്തിത്തീർക്കുകയല്ലാതെ മനുഷ്യമനസ്സുകളെ നവീകരിക്കാൻ സാദ്ധ്യമല്ല. മനുഷ്യൻ എങ്ങനെ ജീവിക്കണമെന്നു പറയാൻ ചുമതലയുള്ള സാഹിത്യകാരൻ അതു ശരിയാംവണ്ണം നിർവ്വഹിക്കുന്നില്ല. മനുഷ്യൻ ജീവിക്കുന്നതെങ്ങനെയെന്നു പകർത്തിക്കാണിച്ചതുകൊണ്ടെന്തു പ്രയോജനം? സാംസ്കാരികമായ തകർച്ച തന്നെ ഫലം!"

ഷഷ്ടിപൂർത്തി ആഘോഷിക്കുന്ന മുതുകുളം പാർവ്വതിഅമ്മ, ദീർഘകാലത്തെ അദ്ധ്യാപകവൃത്തിയിൽനിന്നും, സാമൂഹ്യസേവനപ്രവർത്തനങ്ങളിൽനിന്നും തനിക്കു കൈവന്ന അനുഭവപാഠങ്ങളുടെ വെളിച്ചത്തിൽ ഇന്നത്തെ സ്ഥിതിഗതികളെ നോക്കിക്കാണാൻ ശ്രമിച്ചതിൽനിന്നുളവായതാണ് മുകളിൽപ്പറഞ്ഞ അഭിപ്രായം. "ഹൃദയസ്പൃക്കായ രീതിയിൽ കവനം ചെയ്യുവാനും പുളകോദ്ഗമം വായ്പിക്കത്തക്കവിധത്തിൽ പ്രസംഗിക്കുവാനും വാണീദേവിയുടെ അനുഗ്രഹത്തിനു പാത്രീഭവിച്ച......" ഒരു യുവതിയെന്നു ഏതാണ്ടു മുപ്പതുവർഷങ്ങൾക്കു മുമ്പു മഹാകവി ഉള്ളൂരിനെക്കൊണ്ടു പറയിക്കത്തക്കവിധം സാഹിത്യനഭസ്സിൽ പ്രകാശപ്പൊലിമപരത്തി വിലസിനിന്നിരുന്ന ആ മഹതിക്കു് അർദ്ധായുസ്സ തികഞ്ഞിരിക്കുകയാണ്.

## സേവനത്തിനുവേണ്ടിയുള്ള ജിവിതം.

"അന്യജീവനുതകീ സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"

എന്ന കവിവാക്യത്തെ അനുസ്മരിപ്പിക്കുമാറുള്ള ഒന്നാണ് പാർവ്വതിഅമ്മയുടെ ജീവിതം. സ്ത്രീകൾ ഗൃഹാങ്കണംവിട്ടു പുറ

ത്തിറങ്ങാൻ മടിച്ചിരുന്ന ഒരു കാലത്താണ് ശ്രീമതി പാർവ്വതി അമ്മ സാമൂഹ്യസേവനതല്പരയായി രംഗത്തിറങ്ങിയത്. വെറും കവിതയെഴുത്തുകൊണ്ടു മാത്രമല്ല, ഉജ്ജ്വലങ്ങളായ പ്രസംഗങ്ങൾകൊണ്ടും മലയാളികളെ പുളകംകൊള്ളിച്ച ഒരു വനിതയാണവർ. പണ്ടൊരിക്കൽ തലശ്ശേരിയിൽവച്ച് ശ്രീ മൂർക്കോത്തു കുമാരൻെറ ഉത്സാഹത്തിൽ ടിക്കററുവച്ചുള്ള പ്രസംഗംവരെ ശ്രീമതി പാർവ്വതിഅമ്മ നടത്തിയതായി കേട്ടിട്ടുണ്ട്.

ശ്രീനാരായണ ഗുരുസ്വാമികളുടെ 68-ാം പിറന്നാളിനു ഇരുപത്തുകാരിയായ പാർവ്വതിഅമ്മ ശിവഗിരിയിൽ ചെന്ന് ഒരു മംഗളപത്രം എഴുതി സ്വാമികൾക്കു സമർപ്പിക്കുകയുണ്ടായി. ആ കവിതയുടെ രചനാസൗകമാര്യത്തിൽ പ്രസാദിച്ച ഗുരു "എഴുത്തച്ഛനുശേഷം ഇത്ര അനർഗ്ഗളമായി നിർഗ്ഗളിക്കുന്ന കിളിപ്പാട്ടു വളരെ അപൂർവ്വമായേ കണ്ടിട്ടുള്ളു" എന്നു പ്രസ്താവിച്ചുകൊണ്ടു് ആ കവിത രചിച്ച കൈകൾക്ക് ഒരു പട്ടു സമ്മാനിക്കുകയുണ്ടായി. മഹിളകൾക്കുവേണ്ടിയുള്ള ഒരാശ്രമം സ്ഥാപിക്കുന്നതിനുള്ള അനുമതി സ്വാമിയിൽനിന്നും പാർവ്വതി അമ്മയ്ക്കു ലഭിക്കുകയുണ്ടായി. അതിൻെറ സെക്രട്ടറിയായി അവരെ നിയമിക്കുകയും ചെയ്തതാണ്. ഒടുവിൽ വീടുവിട്ടു നില്ക്കുന്നതു് മാതാവിനും മററും സമ്മതമില്ലാതിരുന്നതുകൊണ്ടു് വേണ്ടെന്നുവച്ചു. എങ്കിലും "ചിരകാലമഷ്ടമാർഗ്ഗചാരിയാമബ്ഭഗവാൻെറ പരിശുദ്ധ പാദപത്മം" സ്പർശിക്കാൻ കഴിഞ്ഞ ഭാഗ്യവതിയായ പാർവ്വതിഅമ്മ ഇന്നും കാഷായംധരിക്കാത്ത സന്ന്യാസിനിയായി ജീവിതം നയിക്കുന്നു.

ഓർമ്മയായ കാലംമുതൽ അവർ ഒരു ഗാന്ധിഭക്തയാണ്. ഗാന്ധിജിയെ നേരിട്ടു കണ്ടതിനുശേഷം ഖദറല്ലാതൊന്നും ധരിക്കാറുമില്ല. ആഡംബരങ്ങളിലും ആധുനികസുഖഭോഗസാധനങ്ങളിലും അവർക്കശേഷം താല്പര്യമില്ല. ഗുരുനാഥയെ അനുകരിച്ച് ആഭരണങ്ങളുപേക്ഷിച്ച ഉന്നതകുലജാതകളായ ധാരാളം ശിഷ്യകൾ ഇന്നവർക്കുണ്ട്.

തിരുവനന്തപുരം, കായംകുളം, ചെങ്ങന്നൂർ, മാവേലിക്കര കീരിക്കാട്ട്, ചെന്നിത്തല തുടങ്ങിയ സ്ഥലങ്ങളിൽ അദ്ധ്യാപികയായിരുന്ന് വൻപിച്ച ശിഷ്യസമ്പത്താർജ്ജിക്കാൻ അവർക്കു ഭാഗ്യമുണ്ടായിട്ടുണ്ട്. ചെറുപ്പകാലത്തു ജീവിതക്ലേശം നല്ലതു

പോലെ അനുഭവിച്ചിട്ടുണ്ട്. അതുകൊണ്ടു് ദാരിദ്ര്യം അനുഭവിക്കുന്ന വിദ്യാൎത്ഥിനികളോടു് എന്നും സഹതാപം തോന്നിയിട്ടുള്ള ഒരു അദ്ധ്യാപികയാണവർ. അനേകംപേരെ ഫീസ്സും പുസ്തകവും കൊടുത്തു സഹായിച്ചിട്ടുള്ളതിനു പുറമേ പലരേയും കൂടെ താമസിപ്പിച്ചു പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

## ബാല്യവും വിദ്യാഭ്യാസവും.

കാൎത്തികപ്പള്ളിത്താലൂക്കിൽ മുതുകുളം പകുതിയിൽ തട്ടയ്ക്കാട്ടുശ്ശേരിൽ ശ്രീ രാമപ്പണിക്കരുടേയും വെളുമ്പിഅമ്മയുടേയും മകളായി 1079—മകരം 15-ാനു- ആണു് പാൎവ്വതിഅമ്മ ഭൂജാതയായതു്. സംസ്കൃതത്തിലും മലയാളത്തിലും പണ്ഡിതനായിരുന്ന സഹോദരൻ നാരായണപ്പണിക്കരിൽ നിന്നാണു് ആദ്യപാഠങ്ങൾ പഠിച്ചതു്. തുടൎന്നു് മുതുകുളം പ്രൈമറിസ്കൂൾ, കീരിക്കാട്ടു് വി. എം. ജി. സ്കൂൾ, കൊല്ലം വി. എച്ച്. സ്കൂൾ എന്നിവിടങ്ങളിൽ പഠിച്ചു വെർണാകുലർ ഹയർ പാസ്സായി. പ്രസിദ്ധ കവയിത്രിയായ മേരിജോൺതോട്ടം (സിസ്റ്റർമേരി ബനീഞ്ഞാ സി. ഡി.) കൊല്ലത്തു് പാൎവ്വതിഅമ്മയുടെ സതീൎത്ഥ്യയായിരുന്നു. അദ്ധ്യാപികയായതിനുശേഷം സ്വന്തം പരിശ്രമത്താൽ വിദ്വാൻ, ഹിന്ദിരാഷ്ട്രഭാഷാവിശാരദ് തുടങ്ങിയ പരീക്ഷകൾപാസ്സായി പോസ്ററു് സാഹിത്യവിശാരദ് ബി. എ-യ്ക്കു് എഴുതിയെങ്കിലും ഇംഗ്ലീഷിനു പാസ്സായില്ല.

## പൂൎവ്വസൂരികളോടു ബഹുമാനം.

പോയ തലമുറയിലെ കവികളോടും പണ്ഡിതന്മാരോടും പാൎവ്വതിഅമ്മയ്ക്കുള്ള ബഹുമാനം സീമാതീതമായിരുന്നു. പഴമയോടുള്ള ഈ പക്ഷപാതം പുതിയ സാഹിത്യപ്രവണതകളെ മാനിക്കാതിരിക്കാൻകൂടി അവരെ പ്രേരിപ്പിച്ചിട്ടില്ലേ എന്നു ഞാൻ സംശയിക്കുന്നു. ചെറുകഥ, നോവൽ, നാടകം മുതലായ സാഹിത്യശാഖകൾക്കു മനുഷ്യനെ നന്നാക്കാനുള്ള കഴിവു് അപാരംതന്നെയെന്നു് അവർ സമ്മതിക്കുന്നു. പക്ഷെ, അതൊന്നു സൂക്ഷിച്ചു കൈകാര്യം ചെയ്യണമെന്നു പാൎവ്വതിഅമ്മ ശഠിക്കുന്നു.

ഉള്ളൂരാണു് സാഹിത്യവേദിയിലേക്കു് പാൎവ്വതിഅമ്മയെ കൈപിടിച്ചു കയററിയതു്. ഈ വസ്തുത അവർ കൃതജ്ഞതാപൂൎവ്വം സ്മരിക്കാറുണ്ടു്.

## സാഹിത്യവും സാമൂഹ്യസേവനവും.

സാഹിത്യോപാസനയോടൊപ്പം സാമൂഹ്യസേവനവും അവർ നിരന്തരമായി നടത്തിപ്പോരുന്നു. അതുകൊണ്ട് തത്വചിന്തയേയും ഭക്തിരസത്തേയും പാവങ്ങളുടെ പങ്കപ്പാടുകളേയും ഒരുപോലെ ചിത്രീകരിക്കാൻ പാൎവ്വതിഅമ്മയ്ക്കു കഴിയുന്നു. നോക്കുക:—

"എന്തുലോകഗതി,യെന്തിതിന്നെഴ—
ന്നന്തമെന്തു ഫലമെന്തിതൊന്നുമേ
ചിന്തിയാതെ ഭവസാഗരത്തിലായ്
നീന്തിടുന്നു മനുജാന്വയം സദാ."

"മുകിൽവൎണ്ണൻ മധ്യേമുരളിയൂതിനി—
ന്നകന്നു വൃത്തമായ്ചുറവും
പികരവമഞ്ജുമൊഴിമാർ ഗോപിമാ—
രകം കുളിൎത്തു കൈ കോൎത്തു.

പരമാത്മജ്ഞാനരസം തുളുമ്പുമാ—
മുരളീനാദത്തിനൊത്തു
തരിവളതാളം മുഴക്കവേയോമൽ
ച്ചെറുചിലങ്ക കിലുങ്ങെ.

അടിമുടിയുലഞ്ഞിടയിടത്തള—
ൎന്നടലിൽ മുത്തുപൊടിഞ്ഞും
കുടിലകുന്തളമഴിഞ്ഞു ചിന്തിയും
നടനം മോടിയിലാടി."

"ഉടഞ്ഞ മൺചട്ടിയിലൊന്നിൽവച്ചതാ കഞ്ഞി—
കുടിപ്പൂ മൂന്നുവെറുമസ്ഥിമാത്രരാം ബാലർ
കടുത്തവിശപ്പുണ്ടെന്നാകിലും പാത്രംകിട്ടാൻ
അടുത്തുനോക്കിനോക്കിയിരിപ്പൂ ഗൃഹനാഥൻ
വിളക്കില്ലാഞ്ഞിട്ടഗ്നിയടുപ്പിൽ തെളിയിച്ചും
തിളയ്ക്കും കഞ്ഞിമെല്ലെയിളക്കി ചൂടാററിയും
മരുവും കൃശശുഷ്കഗാത്രിയഗ്ഗൃഹേശ്വരി;
ചൊരിയും ബാഷ്പമാണന്നുപ്പിനുപകരമായ്

പരന്നുരുചി കഞ്ഞിക്കേകിയതെന്ന തത്വം
പെരുകുമത്യാർത്തിയാലറിഞ്ഞീലാരുമപ്പോൾ."

പാർവ്വതിഅമ്മയുടെ കവിതയ്ക്കുള്ള വിവിധ മുഖങ്ങളെ വ്യക്തമാക്കാൻമാത്രം ഏതാനും വരികൾ ഇവിടെ ഉദ്ധരിച്ചെന്നേയുള്ളു. ഇരുപതിലേറെ ഗദ്യപദ്യകൃതികൾ അവർ ഇന്നോളം കൈരളിക്കു കാഴ്ചവച്ചുകഴിഞ്ഞു. ഇപ്പോൾ 'കൈവല്യ നവനീതം' എന്ന തമിഴ്കൃതിയുടെ വിവർത്തനത്തിൽ മുഴുകിയിരിക്കയാണ്. മഹാകവി കുമാരനാശാൻ മുഴുമിക്കാതിരുന്ന ശ്രീബുദ്ധചരിതം കിളിപ്പാട്ട് അതേ ശൈലിയിൽതന്നെ മുഴുമിക്കാൻ കഴിഞ്ഞ പാർവ്വതിഅമ്മയുടെ കവനകലാകുശലത പണ്ടു മുതൽക്കേ പ്രശംസിക്കപ്പെട്ടുകഴിഞ്ഞിട്ടുള്ളതാണ്. സ്ത്രീകളെ ആരെങ്കിലും അകാരണമായി ആക്ഷേപിക്കുന്നതു കേട്ടു സഹിച്ചിരിക്കാൻ അവർക്കു സാദ്ധ്യമല്ല. സ്ത്രീകളുടെ നേർക്കു വേണ്ടത്ര ബഹുമാനം പ്രദർശിപ്പിക്കാത്തതുമൂലമല്ലേ ആധുനികരായ എഴുത്തുകാരോടു വേണ്ടത്ര മതിപ്പുകാണിക്കാൻ അവർക്കു കഴിയാത്തതെന്നു ഞാൻ സംശയിക്കുന്നു.

ഭഗവത്ഗീതയുടെ ഒരു പദ്യവിവർത്തനം പാർവ്വതിഅമ്മയുടേതായിട്ടുണ്ട്. മററു പല ഗീതാതർജ്ജമകളേയും അപേക്ഷിച്ച് മനോഹരവും അർത്ഥപുഷ്കലവുമെന്നു പ്രസ്തുത പരിഭാഷയെക്കുറിച്ചു പണ്ഡിതലോകം അഭിപ്രായപ്പെട്ടു കാണുന്നു.

ഇൻറർമീഡിയേററിനും, എസ്സ്. എസ്സ്. എൽ. സി–ക്കും, വിദ്വാനും, സാഹിത്യവിശാരദിനും ഒക്കെ പാഠപുസ്തകങ്ങളായി അവരുടെ മിക്ക കൃതികളും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കേരള സാഹിത്യ അക്കാദമിയിൽ ദീർഘകാലമായി അവർ അംഗമാണ്.

സ്ത്രീകൾക്കു സകലതും വിലക്കപ്പെട്ടിരുന്ന ഒരു കാലത്തു പുരോഗമനത്തിൻെറ തീപ്പന്തവുമേന്തി പുറത്തുവന്ന അവരെ അറുപതുവയസ്സു തികയുന്ന ഈ അവസരത്തിൽ എത്ര അഭിനന്ദിച്ചാലും അധികമാവില്ല.



ഇരിക്കുന്നവർ:—ഇടത്തുനിന്നു് വലത്തോട്ടു്.

സർവ്വശ്രീ, വി. ഗംഗാധരൻ, ജി. ശങ്കരപ്പിള്ള, എം. പി. അപ്പൻ, എൻ. ഗോപാലപിള്ള, മുതുകുളം പാർവ്വതിഅമ്മ, ശങ്കരമംഗലത്തു് ചെല്ലമ്മ, ശൂരനാട്ടു കുഞ്ഞൻപിള്ള, മഹാകവി വെണ്ണിക്കുളം, പ്രൊഫ: കെ. ചന്ദ്രശേഖരൻ.

നിൽക്കുന്നവർ—ഇടത്തുനിന്നു് വലത്തോട്ടു്.

സർവ്വശ്രീ, പ്രൊഫ: എൻ. ഐ. നാരായണൻ, സി. കൃഷ്ണൻനായർ (മാതൃഭൂമി) കിളിമാനൂർ രമാകാന്തൻ, പുതുശ്ശേരി രാമചന്ദ്രൻ, വട്ടപ്പറമ്പ്ബാട്ടു് ഗോപാലക്കുറുപ്പു്, ജവഹരക്കുറുപ്പു്, മുതുകുളം ഗംഗാധരൻപിള്ള, കെ. വി. ദേവു്.



ശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ള പ്രസംഗിക്കുന്നു



മന്ത്രി ശ്രീ കെ. ടി അച്ചുതൻ പ്രസംഗിക്കുന്നു



മഹാകവി വെണ്ണിക്കുളം പ്രസംഗിക്കുന്നു



ശ്രീമതി മുതുകുളം പാർവ്വതിഅമ്മ പ്രസംഗിക്കുന്നു



പുതുശ്ശേരി, മുതുകുളം പാർവ്വതിഅമ്മ



മുതുകുളം പാർവ്വതിഅമ്മ, ശൂരനാട്ടു കുഞ്ഞൻപിള്ള

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. 404 Acc. No. 20500

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M04 20500

ISHA.M

ക്രിസ്ത്യൻ ചരിത്രാവലോകസമിതി

മുതുകുളം പാർവ്വതി അമ്മ

ക്രിസ്തു ചരിത്ര പഠനം.